V ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഈ നന്ദിപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്. ഗവർണറെക്കൊണ്ട് ഭരണകക്ഷിക്കാർ വായിപ്പിച്ച രേഖകൾ ശ്രദ്ധാപൂർവ്വം വായിച്ചപ്പോൾ അതിൽ രാഷ്ട്രപതിയുടെ നിർദ്ദേശവും അതിന്റെകൂടെ ചേർത്ത ആറ് നിർദ്ദേശങ്ങളുമടക്കം ഒരു പതിനാറ് ഇന വിഷൻ 2010 വരെയുള്ള ഒരു രേഖയാണ് ഗവർണറുടേതായി ഇവിടെ സഭയുടെ മുമ്പിൽ കൊണ്ടുവന്നത്. ഇത് 2010 വരെയാണ് ഉദ്ദേശിക്കുന്നത് എന്നുവരുമ്പോൾ രണ്ടു-മൂന്ന് മാസം മാത്രമേയുള്ളൂ ഈ ഗവൺമെന്റിന്റെ കാലാവധി. അപ്പോൾ അതിനുള്ളിൽ ചെയ്യാവുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്നുള്ളത് പറയുന്നതിനുപകരം അടുത്ത ഗവൺമെന്റ് ചെയ്യേണ്ട കാര്യത്തിലേക്ക് കടന്നു കയറി ഇങ്ങനെയുള്ള ഒരു അഭ്യാസം നടത്തിയത് വളരെ കഷ്ടമായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. 13,495 കോടി രൂപയിൽ 10,000-ൽ പരം കോടി രൂപ സ്വകാര്യ മേഖലയിൽനിന്നാണ് എന്നുപറഞ്ഞാൽ 77 ശതമാനം. 2,183 കോടി രൂപ സംസ്ഥാന സർക്കാർ വായ്പയും 810 കോടി രൂപ കേന്ദ്ര സർക്കാർ വായ്പയുമാണ്. ഈ തുക എങ്ങനെ കണ്ടെത്തുമെന്ന് സർക്കാരോ ഈ സ്കീം തയ്യാറാക്കിയ ടാസ്ക് ഫോഴ്സോ പറയുന്നില്ല. സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ ഫണ്ടിൽനിന്ന് ഏതാണ്ട് 110 കോടി രൂപ ഇതിനു വേണ്ടി കോൺട്രിബ്യൂട്ട് ചെയ്യണമെന്ന് പറയുന്നുണ്ട്. അവരും എങ്ങനെയാണെന്ന് പറയുന്നില്ല. ചുരുക്കത്തിൽ പുത്തൻ സാമ്പത്തികനയം കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ രംഗത്തെയും ജനവിഭാഗങ്ങളുടെ യഥാർത്ഥ സ്ഥിതിഗതി എന്താണെന്ന് ഇവിടെ വിശദീകരിക്കുന്നില്ല. അതുസംബന്ധിച്ച് യാതൊരു പരാമർശവുമില്ല. നന്ദിപ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട കടവൂർ ശിവദാസൻ ഇന്നലെ ഇവിടെ ഉദ്ഗ്രഥനമായിമാറിയത് സംബന്ധിച്ച് പറയുന്നുണ്ട്. കൃഷിക്കാരാണ് കേരളത്തിലെ ഏറ്റവും വലിയ ജനവിഭാഗം. ഏതാണ്ട് മുക്കാൽ കോടിയോളം കൃഷിക്കാരും 21 ലക്ഷം കർഷകത്തൊഴിലാളികളുമടക്കം ഒരു കോടിയോളം വരുന്ന ജനതയാണ് കാർഷിക വിഭാഗത്തിലുള്ളത്. എന്നാൽ കേരളത്തിലെ മൂന്നിലൊന്ന് ഭാഗം ജനത. ഈ ജന വിഭാഗങ്ങൾ കഴിഞ്ഞ നാളുകളിൽ ഈ ഗവൺമെന്റിന്റെ നാലേമുക്കാൽ കൊല്ലത്തെ ഭരണത്തിൽ എന്തായിരുന്നു അവരുടെ സ്ഥിതി എന്ന് പ്രതിപക്ഷം പല പ്രാവശ്യം ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. 1500-ൽപ്പരം കൃഷിക്കാരാണ് ആത്മഹത്യ ചെയ്തത്. സർക്കാരിന്റെ കണക്കനുസരിച്ച് 220, 230 ഒക്കെയേ ഉള്ളൂ. കേന്ദ്ര ഗവൺമെന്റ് ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം സഹായധനം നൽകും എന്ന് പ്രഖ്യാപിച്ചതുപോലും യഥാർത്ഥ അവകാശികൾക്ക് ലഭിക്കാൻ സാധിക്കാത്ത വിധത്തിലുള്ള കണക്കാണ് സർക്കാരിന്റെ കൈയിലുള്ളത്. ആ നിലയിൽ അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം അഭിമുഖീകരിക്കുന്ന ആ കർഷക ജനതയെ ആത്മഹത്യാ പ്രവണതയിൽനിന്ന് വിമുക്തിപ്പിക്കുന്നതിന് ഈ ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഇപ്പോൾ പുറത്തുവന്ന കണക്കനുസരിച്ച് ഈ ഗവൺമെന്റ് അധികാരം ഏൽക്കുമ്പോൾ 23,000 കോടി രൂപയാണ് പൊതു കടം. 23,000 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറയുന്നത് ശ്രീ. ആന്റണി ഗവൺമെന്റിൽനിന്ന് ശ്രീ. നായനാർ ഗവൺമെന്റ് അധികാരം ഏറ്റെടുക്കുമ്പോൾ അന്നത്തെ കടം 10,000 കോടി രൂപ. അതിന്റെ കൂടെ അഞ്ചുവർഷം ഭരിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കടവും കൂടിച്ചേർന്നാണ് 23,000 കോടി രൂപ. അപ്പോൾ അഞ്ചു കൊല്ലത്തെ ഭരണത്തിനിടയിൽ 13,000 കോടി രൂപ കടപ്പെടുത്തി എങ്കിലും അതുപയോഗിച്ച് 16,000-ൽപ്പരം കോടി രൂപയുടെ അഭിവൃദ്ധിയാണ്, പദ്ധതികളാണ് ഇടതുപക്ഷ മുന്നണി ഗവൺമെന്റ് അഞ്ച് കൊല്ലം ഭരിക്കുമ്പോൾ കേരളത്തിന് ഉണ്ടാക്കാൻ കഴിഞ്ഞത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 23,000 കോടിയുടെ സ്ഥാനത്ത് 52,000 കോടി രൂപയായി കടം ഉയർന്നു എന്നുപറഞ്ഞാൽ 29,000 കോടി രൂപകൂടി കേരളത്തെ ജാമ്യം നിർത്തി ഈ ഗവൺമെന്റ് കടം വാങ്ങി. ആ 29,000 കോടി രൂപ കേരളത്തിന്റെ ഏത് അഭിവൃദ്ധിക്കാണ്, ഏത് അവശ ജനവിഭാഗങ്ങളുടെ സംരക്ഷണത്തിനു വേണ്ടിയാണ് ചെലവ് ചെയ്തത് എന്ന് ഗവർണറുടെ പ്രസംഗമൊക്കെ വായിച്ച് നോക്കിയിട്ടും കാണുന്നില്ല. ആ 29,000 കോടി രൂപയുടെ കടത്തിൽനിന്ന് കേരളത്തിലെ കൃഷിക്കാരായ നമ്മുടെ സഹോദരൻമാർ 1500 പേർ ആത്മഹത്യ ചെയ്തപ്പോൾ അതിൽനിന്ന് അവരെ പിൻതിരിപ്പിക്കാൻ 29,000 കോടി രൂപയിൽനിന്ന് 1000 കോടി രൂപ ഇവരുടെ പുനരുദ്ധാരണത്തിന് നീക്കിവയ്ക്കാൻ നിങ്ങളുടെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. ആത്മഹത്യാപ്രവണത ഇങ്ങനെ ശക്തമായ നിലയിൽ നിങ്ങിക്കൊണ്ടിരുന്നപ്പോൾ കേരളത്തിന്റെ അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി ഏറ്റവും കൂടുതൽ ആത്മഹത്യ നടന്ന വയനാട്ടിൽ എത്തുകയുണ്ടായി. എന്നിട്ട് ആത്മഹത്യാപ്രവണതയിൽ കഴിയുന്ന കൃഷിക്കാരുടെ വേദനയും ദുരിതവുമെല്ലാം മനസ്സിലാക്കിയശേഷം അദ്ദേഹം വയനാടിന് ഒരു പാക്കേജ് പ്രഖ്യാപിച്ചു. എന്തായിരുന്നു ആ പാക്കേജിൽ ഉണ്ടായിരുന്നത്? വാങ്ങിയ കടത്തിന്റെ പലിശ ഗവണ്മെന്റ് കൊടുക്കുമെന്നായിരുന്നു പ്രഖ്യാപനം. ഒരു വിഭാഗം സഹകരണമേഖലയിൽ ആശ്വാസം പ്രഖ്യാപിച്ചശേഷം ബാക്കി കടം ഗവണ്മെന്റ് കൊടുത്തുതീർക്കുമെന്ന് അവർക്ക് ഉറപ്പ് നൽകിയപ്പോൾ കൃഷിക്കാർക്ക് ആശ്വാസമായി. ആത്മഹത്യാപ്രവണതയിൽനിന്നും കൃഷിക്കാർ പുറകോട്ടുപോയി. പ്രഖ്യാപിച്ചതിനുശേഷം തുക അനുവദിച്ചോ? ഇല്ല. 90 കോടി രൂപയാണ് വയനാട്ടിലെ കൃഷിക്കാരെ കടത്തിന്റെ പലിശയിൽനിന്നും രക്ഷിക്കാൻ ഗവണ്മെന്റ് നീക്കിവയ്ക്കാൻ ഉദ്ദേശിച്ചത്. കൊടുത്തത് എത്രയാണ്? വെറും 15 കോടി രൂപ. അപ്പോൾ ഗവണ്മെന്റ് പ്രഖ്യാപിച്ച വെറും 90 കോടി രൂപയുടെ പാക്കേജ് പദ്ധതിപോലും നിറവേറ്റാൻ ഈ ഗവണ്മെന്റ് തയ്യാറായിട്ടില്ല. പ്രഖ്യാപിച്ചതിൽ നിന്നും പുറകോട്ടുപോകുകയാണുണ്ടായത്. ആത്മഹത്യാപ്രവണതയിൽനിന്നും പുറകോട്ടു പോയ കൃഷിക്കാരെ വീണ്ടും അതിലേക്ക് ഉയർത്തുകയും ചെയ്തു. വയനാട്ടിൽ മാത്രം 500-ൽപ്പരം കൃഷിക്കാരാണ് ആത്മഹത്യ ചെയ്തിരിക്കുന്നത്. നമ്മുടെ കേരളത്തിൽ 1500 പേർ ആത്മഹത്യ ചെയ്തു എന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രിക്ക് അത്ഭുതമാണ്. കാരണം ഈ ആത്മഹത്യയുടെ കണക്ക് ഇവിടെ പ്രതിപക്ഷാംഗങ്ങൾ ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്, ഔദ്യോഗികമായി ഞങ്ങൾക്ക് യാതൊരു വിവരവും കിട്ടിയിട്ടില്ല. അതുകൊണ്ട് ഒരു മരണവും കേരളത്തിൽ നടന്നിട്ടില്ല എന്നാണ് കേന്ദ്ര കൃഷി

LIBRARY ARCHIVES Kerala Legislative Assembly

കാര്യമന്ത്രി ശരദ്പവാർ കേരളത്തിലെ ആത്മഹത്യയുടെ കണക്ക് ചോദിച്ചപ്പോൾ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി കേന്ദ്രമന്ത്രിക്കയച്ച ഉത്തരം. ഒഫിഷ്യലായ കണക്കുകളില്ല. അദ്ദേഹത്തെ സന്ദർശിച്ച കേരളത്തിലെ പാർലമെന്റംഗങ്ങൾ അദ്ദേഹത്തോട് പറഞ്ഞു, ഞങ്ങൾ തെരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോൾ ഞങ്ങളുടെ മണ്ഡലങ്ങളിൽ നിരവധിയാളുകൾ ആത്മഹത്യ ചെയ്തതായി ഞങ്ങൾക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് നേരിട്ട് കേരളത്തിൽ ഒരു അന്വേഷണം നടത്തിയാൽ യഥാർത്ഥത്തിലുള്ള ആത്മഹത്യയുടെ വിവരം അറിയാൻ കഴിയുമെന്ന് നമ്മുടെ പാർലമെന്റംഗങ്ങൾ അദ്ദേഹത്തെ അറിയിക്കുകയും അതനുസരിച്ച് അദ്ദേഹം പിന്നീടൊരു അന്വേഷണ സംഘത്തെ നിയമിക്കുകയും ചെയ്തതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ഏറ്റവും പ്രമുഖമായ ഒരു ജനവിഭാഗത്തിന്റെ വളരെ ദയനീയമായ സ്ഥിതിക്കുപോലും ഈ ഗവണ്മെന്റിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത നിലനിൽക്കെ ഗവർണറെ കൊണ്ട് ഈ ഗവണ്മെന്റ് നിർലജ്ജം പറയിച്ചിരിക്കുകയാണ്, എല്ലാം ഞങ്ങൾ മംഗളമായി പര്യവസാനിപ്പിച്ചിരിക്കുയാണെന്ന്. ഇനി രാഷ്ട്രപതിയുടെ നിർദ്ദേശത്തോടുകൂടി ഞങ്ങൾ ചേർത്തിരിക്കുന്ന അഞ്ചാറ് പരിപാടികൾകൂടി വിജയിപ്പിക്കാൻ കഴിഞ്ഞാൽ പൂർണ്ണപുരോഗതിയിലേക്ക് കേരളത്തെ എത്തിക്കാൻ കഴിയുമെന്നാണ് ഗവണ്മെന്റിനുവേണ്ടി ഗവർണറെക്കൊണ്ട് പ്രസംഗിപ്പിച്ചിരിക്കുന്നത്. ഗവർണറെ കൊണ്ട് പ്രസംഗിപ്പിച്ചിരിക്കുന്ന അയഥാർത്ഥമായ ഒട്ടേറെ കാര്യങ്ങൾ ഉള്ളത് ഇനി പൂർണ്ണമായും കേൾക്കാനിരിക്കുന്നു; ഈ സഭ. ഇപ്പോൾത്തന്നെ കേട്ടു കൊണ്ടിരിക്കുയാണ്. അതുകൊണ്ട് അതിന്റെ കൂടുതൽ വിശദാംശങ്ങളിലേക്കൊന്നും ഞാൻ പോകുന്നില്ല. കൃഷിക്കാർ, പരമ്പരാഗത വ്യവസായ തൊഴിലാളികൾ, സർക്കാർ ഷെയറുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, അതുപോലെ വിദ്യാഭ്യാസ മേഖല, ആരോഗ്യ മേഖലകളിലെല്ലാംതന്നെ ഈ ഗവണ്മെന്റിന്റെ ദുർഭരണംമൂലം ജനങ്ങൾ സഹികെട്ടതിന്റെ ഫലമായിട്ടാണ് ഇതിനകം നടന്നിട്ടുള്ള ഒറ്റതെരഞ്ഞെടുപ്പിലും ഗവൺമെന്റിന് പിടിച്ചു നിൽക്കാൻ കഴിയാത്ത സ്ഥിതി വന്നിട്ടുള്ളത്. എന്നിട്ടും വികസനം, വികസനം എന്ന് എന്റെ സ്നേഹിതൻ പറഞ്ഞുവന്നിട്ട്, വികസനത്തിന്റെ വിസ്ഫോടനമാണ് നടക്കുന്നതെന്നാണ് അടിയന്തമപ്രമേയത്തിന്റെ അവതാരകനായ ശ്രീ. കടവൂർ ശിവദാസൻ പറഞ്ഞത്. ഈ വിസ്ഫോടനം എന്നുപറയുന്നത് നടന്നിട്ടുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. എങ്കിൽ അത് അഴിമതിയുടെ മേഖലയിലെ വിസ്ഫോടനമായിരിക്കും. യഥാർത്ഥത്തിലുള്ള വിസ്ഫോടനമെന്ന് പറയുന്നത് അതാണ്. അത് ശ്രീ. കടവൂർ ശിവദാസൻ എത്രതന്നെ സരസമായി പറയാൻ തുടങ്ങിയാലും മറച്ചുവയ്ക്കാൻ കഴിയുന്നതല്ല. അടുത്ത കാലത്തായി നമ്മുടെ മന്ത്രിമാർ ഓരോരുത്തരായി നിഷ്ക്രമിക്കുകയാണ്. കാരണം ഞാൻ ഇവിടെ വിവരിക്കേണ്ടതില്ല. നാലാമതോ അഞ്ചാമതോ ഒരാളിന്റെ വീട്ടിൽ ഇന്നലെ പോലീസുകാർ ചെന്ന് സർപ്രൈസ് വിസിറ്റ് നടത്തി എന്നും അദ്ദേഹം അവിടെനിന്നും ഓടി എന്നുമെല്ലാം കേൾക്കുന്നു. അത് മന്ത്രിമാരുടെ മേഖലയിലേയ്ക്ക് വരുമ്പോൾ നടക്കുന്ന വിസ്ഫോടനമെന്ന് ഞാൻ പ്രത്യേകിച്ച് പറയേണ്ടതായിട്ടില്ലല്ലോ? കേരളത്തിലെ ദയനീയമായ ഈ സ്ഥിതിമാത്രം നാം ചിന്തിച്ചാൽ പോര. നാം കുറച്ചുകൂടി ദേശീയ(.....ബഹളം.....)

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, അങ്ങ് പറഞ്ഞു, എന്തോ മന്ത്രിയുടെ വീട്ടിൽ പോലീസ് ചെന്നപ്പോൾ ഓടി എന്ന് പറഞ്ഞു. ആ പേരുകൂടി പറഞ്ഞുകൂടേ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഇവിടെ ഇപ്പോൾ ഇരിക്കുന്ന മന്ത്രിമാരുടെ വീട്ടിലൊന്നും പോയതായി ഞാൻ ഉദ്ദേശിച്ചില്ല. ഇവിടെ ഇപ്പോൾ കാണാത്ത ഒരു മന്ത്രിയുടെ വീട്ടിൽ ഇന്നലെ പോലീസ് ചെന്നു എന്നും മറ്റുമൊക്കെ പത്രങ്ങളിൽ കണ്ടു. ഞാൻ പറഞ്ഞുവന്നത്, നമ്മുടെ സംസ്ഥാനത്ത് (.....ബഹളം.....)

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ആ സത്യസ്ഥിതി ഈ സഭയെ അറിയിക്കുമല്ലോ? അതിനെക്കുറിച്ച് അന്വേഷിച്ച് സത്യസ്ഥിതി ഈ സഭയെ അറിയിക്കുമല്ലോ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെപ്പോലെയൊരാൾ പുകമറ സൃഷ്ടിക്കുന്നത്, അങ്ങ് പറയുന്നത് ഇഗ്നോർ ചെയ്യുന്നത് ശരിയല്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, അത് സംബന്ധിച്ചെല്ലാം പ്രഥമിക റിപ്പോർട്ട് വന്നു കഴിഞ്ഞു. പൂർണ്ണ റിപ്പോർട്ട് നാളെയോ നാളെ കഴിഞ്ഞോ വരുമെന്നാണ് എനിക്ക് തോന്നുന്നത്. ആ പത്രറിപ്പോർട്ടിൽ കാണുന്നത് അതാണ്. ഞാൻ പറഞ്ഞു വന്നത്, വിസ്ഫോടനത്തിന്റെ മേഖല, മന്ത്രിമാരുടെ മേഖലയിലും കടന്നു എന്ന വസ്തുത നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. ഇതുസംബന്ധിച്ച് ഹൈക്കോടതിയും ലോകായുക്തയും നിങ്ങളെ സംബന്ധിച്ച് പുറപ്പെടുവിച്ച ഗുഡ് സർട്ടിഫിക്കറ്റ്, അതിന്റെ സവിശേഷതകളെപ്പറ്റിയൊന്നും ഞാൻ പറയേണ്ടതില്ലല്ലോ? അത് ഗവർണറുടെ പ്രസംഗത്തിന്റെ പരാമർശത്തിൽക്കൂടിയെങ്കിലും പരാമർശിച്ചിട്ടുണ്ടോ? ഇല്ല. ഞാൻ പറഞ്ഞുവന്നത്, കേരള ഗവൺമെന്റിന്റെ കഴിഞ്ഞ നാലേമുക്കാൽ കൊല്ലക്കാലത്തെ ദുർഭരണത്തിന്റെ അത്യന്തം ഹീനമായ വശങ്ങളെപ്പറ്റി മാത്രമാണ്. ഇതിന് സഹായകരമായ നിലപാട് തന്നെയാണ് ഞങ്ങളുടെ പിന്തുണയോടുകൂടി കേന്ദ്രം ഭരിക്കുന്ന ഡോ. മൻമോഹൻ സിംഗിന്റെ ഈ അടുത്തകാലത്തെ ചില നടപടികൾ. നമ്മുടെ രാഷ്ട്രത്തിന്റെ ഏറ്റവും പ്രശസ്തമായ വിദേശനയം, ചേരിചേരാ നയത്തിൽ അധിഷ്ഠിതമായ സാമ്രാജ്യവിരുദ്ധമായ ചേരിചേരാ നയം, നെഹ്റുവിന്റെ കാലത്ത് ഇൻഡ്യയിലെ എല്ലാ ഇടതുപക്ഷങ്ങളുടെയും പിന്തുണയോടുകൂടി അദ്ദേഹം പടുത്തുയർത്തിയ ചേരിചേരാ നയം, അതിനെ നിങ്ങളുടെ ഗവൺമെന്റ് അപമാനിക്കുകയും വികൃതപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. ഉദാഹരണത്തിന് ഇറാൻ പ്രശ്നത്തിൽ; ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രമായ ഇറാന് ആണവോൽപ്പാദനം ആ രാജ്യത്തിന്റെ വികസനത്തിനുവേണ്ടി വിനിയോഗിക്കാൻ അർഹതയുണ്ട് എന്നിരിക്കെ അമേരിക്ക ഇറാക്കിനുശേഷം ഉന്നം വച്ചിരുന്ന ഇറാനെ ഉദ്ദേശിച്ച് ആ സ്വതന്ത്ര പരമാധികാര രാഷ്ട്രത്തിന്റെ വികസനത്തെ തടയാൻ ആണവായുധം ഉൽപ്പാദിപ്പിക്കാനാണ് ഉപയോഗിക്കാൻ പോകുന്നത് എന്ന് ദുർവ്യാഖ്യാനം നടത്തി ആ രാജ്യത്തെ അപമാനിക്കാൻ ശ്രമിച്ചപ്പോൾ അതിനെ ശക്തമായി എതിർക്കേണ്ട ഇൻഡ്യ അമേരിക്കയ്ക്ക് കൂട്ടുനിൽക്കുകയാണ് ചെയ്തത്. അങ്ങനെ ഇൻഡ്യയിലെ ഇടതുപക്ഷ ശക്തികളുടെ, ദേശാഭിമാനികളുടെ ആകെ വികാരത്തെ

LIBRARY ARCHIVES Kerala Legislative Assembly

വ്രണപ്പെടുത്തുന്ന തരത്തിലുള്ള നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അതുപോലെ ഇടതുപക്ഷവുമായി യു.പി.എ. ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള മാനിഫെസ്റ്റോയിൽ കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. വിദേശ നയത്തിന്റെ അന്തഃസത്ത ഞങ്ങൾ ഉയർത്തിപിടിക്കുക തന്നെ ചെയ്യുമെന്നാണ്. അതുപോലെ തന്നെ ആഭ്യന്തര രംഗത്ത് സ്വകാര്യ മേഖല പൊതുമേഖലയെ കടത്തിവെട്ടുന്ന സ്ഥിതിയുണ്ടാകില്ല. പൊതുമേഖലയെ പരമാവധി സംരക്ഷിക്കുമെന്ന ഉറപ്പാണ് പറഞ്ഞിരുന്നതെങ്കിൽ ഓരോ രംഗത്തും സ്വകാര്യ മേഖല കടന്നുവരികയാണ്. പൊതുമേഖലയെ നശിപ്പിക്കാനുള്ള നീക്കമാണ് നടക്കുന്നത്. ആ പൊതുമേഖലയുടെ മേൽ കൈവച്ചിട്ടുള്ള അവസാനത്തെ സംഭവമാണ് ഡൽഹി, ബോംബെ അന്താരാഷ്ട്ര വിമാനത്താവളങ്ങൾ അതിന്റെ പരിഷ്ക്കരണ പരിപാടി എന്നുള്ള നിലയിൽ പൊതുമേഖലയ്ക്ക് വഴി നടത്താതെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കം. അതിനെതിരായി അതിശക്തമായ പ്രതിഷേധമാണ് അവിടത്തെ തൊഴിലാളികളും മറ്റ് ജനവിഭാഗങ്ങളും ഇതിനകം നടത്തിയിട്ടുള്ളതെന്ന് നാം കണ്ടുകഴിഞ്ഞു. അതുപോലെതന്നെ കേരളത്തിലെയും ഇൻഡ്യയിലെയും നാല് കോടിയിൽപ്പരം വരുന്ന ചെറുകിട ഇടത്തരം കച്ചവടക്കാരുടെ മേഖലയിലേക്ക് കുത്തകകൾക്ക് കടന്നുവരാനും അവരെ പാപ്പരാക്കാനും നശിപ്പിക്കാനും സഹായകരമായ നയമാണ് കേന്ദ്ര ഗവൺമെന്റ് രണ്ടാമത് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. ദശലക്ഷക്കണക്കായ കേരളത്തിലെ കച്ചവടക്കാരെയും ഈ നയംമൂലം നശിപ്പിക്കുകയാണ്. അതുപോലെ കേരളത്തിലെ കൃഷിക്കാരെ ഇൻഡ്യയിലെ കൃഷിക്കാരെപോലെ അവരുടെ താൽപ്പര്യങ്ങൾ നിഷേധിക്കുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അവസാനത്തെ ലോക വ്യാപാര സംഘടനയുടെ ഹോംങ്കോങ് സമ്മേളനത്തിൽ ലോകത്തിന്റെ നാനാഭാഗത്തുനിന്നും വന്ന രാജ്യങ്ങളിലെ കൃഷിക്കാരുടെ പ്രതിനിധികളെല്ലാം തന്നെ വികസിത രാജ്യങ്ങളിലെ സബ്സിഡി നിർത്തലാക്കണമെന്നും അവിടത്തെ കൃഷിക്കാർക്ക് സബ്സിഡി നൽകി ഉൽപ്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് ഇൻഡ്യയെപ്പോലെയുള്ള രാജ്യങ്ങളിലേക്ക് ഇറക്കുമതി ചെയ്യാനുള്ള അവസരം നൽകുന്നതിന്റെ ഫലമായി ഇൻഡ്യൻ കർഷകരുടെ കാർഷികോൽപ്പന്നങ്ങൾക്ക് അനുദിനം വില ഇടിഞ്ഞു കൊണ്ടിരിക്കുകയാണെന്നും അത് തടയാൻ സബ്സിഡി അവസാനിപ്പിക്കണമെന്ന ആവശ്യവുമായി കൃഷിക്കാരുടെ താൽപ്പര്യങ്ങൾക്കുവേണ്ടി വാദിച്ചപ്പോൾ ഇൻഡ്യയുടെ പ്രതിനിധിയായ ഇൻഡ്യൻ വ്യാപാര മന്ത്രിയുടെ നേതൃത്വത്തിലുള്ള ഡെലിഗേഷൻ 2012 വരെ ആ സബ്സിഡി തുടരണമെന്ന നിർദ്ദേശത്തിന് കൂട്ടു നിൽക്കുകയാണ് ചെയ്തത്. കൃഷിക്കാരുടെ താൽപ്പര്യങ്ങൾക്കല്ല വികസിത രാജ്യങ്ങളുടെ താൽപ്പര്യങ്ങൾക്ക് അനുയോജ്യമായ നിലയിൽ കൈ പൊക്കുകയാണ് കേന്ദ്ര ഗവൺമെന്റിന്റെ വ്യാപാരമന്ത്രി ചെയ്തത് എന്നും നാം കാണണം. ശ്രീ. എ. ബി. വാജ്പേയ് ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ പഞ്ചാബ് മുതൽ കേരളം വരെ ഇരുപതിനായിരത്തിൽപ്പരം കൃഷിക്കാരാണ് ആത്മഹത്യ ചെയ്തത്. കേന്ദ്ര ഗവൺമെന്റിന്റെ തുച്ഛമായ ചാർജിലോ നികുതിരഹിതമായോ ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യാൻ ശ്രീ. വാജ്പേയ് ഗവൺമെന്റ് അന്ന് സ്വീകരിച്ച നയസമീപനത്തിന്റെ ഫലമായിട്ടാണ് ഇരുപതിനായിരത്തിൽപ്പരം കൃഷിക്കാർ ആത്മഹത്യ ചെയ്തത്. അതേ സ്വഭാവം തന്നെ 2012 വരെ തുടരാൻ

LIBRARY ARCHIVES Kerala Legislative Assembly

അവസരമുണ്ടാക്കുകയാണ് കേന്ദ്ര ഗവൺമെന്റിലെ വ്യാപാരമന്ത്രി ചെയ്തിരിക്കുന്നത് എന്നുള്ളത് അത്യന്തം പ്രതിഷേധാർഹമാണ്. ഇടതുപക്ഷങ്ങൾ പ്രകടിപ്പിക്കുന്ന വ്യത്യസ്ത അഭിപ്രായങ്ങളൊന്നും തീരെ ഇഷ്ടമാകാത്ത മനോഭാവമാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്ന് അനുദിനം പത്രങ്ങൾ വായിച്ചുകൊണ്ടിരിക്കുന്ന ഏതൊരാൾക്കും നല്ലപോലെ മനസ്സിലാക്കാൻ കഴിയും. ദേശീയാടിസ്ഥാനത്തിലുള്ള പ്രശ്നങ്ങൾ പറയുമ്പോൾ ഇത്ര അസംതൃപ്തി എന്റെ സുഹൃത്തുക്കൾ കാണിക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. ഇതെല്ലാം ഭാരതത്തിന്റെ, കേരളത്തിന്റെ അവിഭാജ്യഘടകമാണ്. കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളും താൽപ്പര്യങ്ങളുമാണ്. ഈ നിലയിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുപോരുന്ന തെറ്റായ നയസമീപനങ്ങൾ എന്തൊക്കെയാണെന്ന് പറയുമ്പോൾ വിദേശനയത്തിലെ നയസമീപനത്തിൽ തെറ്റ്, ആഭ്യന്തര രംഗത്ത് ചെയ്തുകൊണ്ടിരിക്കുന്ന നയസമീപനങ്ങളിൽ തെറ്റ് എന്നിവയെല്ലാം ഇടതുപക്ഷം പറയുമ്പോൾ അത് കേൾക്കാനുള്ള സാവകാശമോ സഹിഷ്ണുതയോ കേന്ദ്ര ഭരണാധികാരികൾ കാണിക്കുന്നില്ല. അവർ ഭംഗ്യന്തരേണ ഇൻഡ്യാ രാജ്യത്തെ ജനങ്ങൾ കടപുഴകിയെറിഞ്ഞ ബി.ജെ.പി-യുടെ മനോഭാവത്തിന്റെ ഭാഗത്തേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത് എന്നത് വളരെ ലജ്ജാകരവും അത്ഭുതകരവുമാണെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കട്ടെ. അതുകൊണ്ട് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ തെറ്റായ നയസമീപനങ്ങൾ അടിയന്തരമായി തിരുത്തിക്കൊണ്ട് ഇൻഡ്യയുടെ ഭാഗമായ കേരളത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടി അവശേഷിക്കുന്ന മൂന്ന് മാസം എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ പോകുന്നുവെന്നാണ് അറിയേണ്ടത്. നിങ്ങൾ കുറെ പൊട്ടാസ്സുകൾ പൊട്ടിക്കുന്നുണ്ട്. എന്താണത് ? 'അതിവേഗം ബഹുദൂരം' എന്നുള്ള മുഖ്യമന്ത്രിയുടേയും മന്ത്രിമാരായ അനുയായികളുടെയെല്ലാം ഈ മുദ്രാവാക്യം കേട്ടുകൊണ്ടിരിക്കുന്നതിനിടയിലാണ് ഗുപ്തൻ നായർ ഇന്നലെ അന്തരിച്ചത്. അദ്ദേഹത്തിന്റെ വീട്ടിൽ ഞാനും സന്ദർശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രിയപ്പെട്ട മകനോട് ഞാൻ ചോദിച്ചു മൂന്നു നാല് മാസം ആയല്ലോ എഴുത്തച്ഛൻ പുരസ്ക്കാരം പ്രഖ്യാപിച്ചിട്ട്. ഒരുമാസമായി അദ്ദേഹം ആശുപത്രിയിൽ ആയിരുന്നല്ലോ; അതിനിടയിൽ പ്രഖ്യാപിച്ച പുരസ്ക്കാരം ആ ശ്വാസം വിടുന്നതിനുമുമ്പ്, ഓർമ്മശക്തി നിൽക്കുന്നതിനുമുമ്പെങ്കിലും ആ പുരസ്ക്കാരം അദ്ദേഹത്തിന് കൊടുക്കാൻ 'ബഹുദൂരം അതിവേഗത്തിന്' കഴിഞ്ഞില്ല. അത് വളരെ അപമാനകരമായിപ്പോയിയെന്നു ഞാൻ ഈ അവസരത്തിൽ നിങ്ങളെ ഓർമ്മപ്പെടുത്തട്ടെ. അതുപോലെ നിങ്ങൾ ഇപ്പോൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് തട്ടിപ്പടച്ചുണ്ടാക്കി എല്ലാവരുംകൂടി യോജിച്ച് പ്രതിപക്ഷത്തിന് നേരെ കയർത്തിരിക്കുകയാണ്. പ്രതിപക്ഷം ഒന്നും പറയുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യം മുൻ ഗവൺമെന്റ് നിയോഗിച്ച നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് കൈയിൽ കിട്ടി; അത് കിട്ടിക്കഴിഞ്ഞാൽ അസംബ്ലിയിൽ അവതരിപ്പിക്കുമ്പോൾ ആക്ഷൻ ടേക്കൺ എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ എന്ത് ചെയ്യാൻ പോകുന്നുവെന്ന് പറയണം. 57 മാസം പിന്നിട്ട് ഇനി മൂന്നു മാസമേയുള്ളൂ 60 മാസം തികയാൻ. ഈ 57 മാസം പിന്നിട്ടപ്പോൾ ഒരെണ്ണം തട്ടിക്കൂട്ടിക്കൊണ്ടുവന്ന് ഇപ്പോൾ അവതരിപ്പിച്ചിരിക്കുകയാണ്. ഞങ്ങളെല്ലാം യോജിച്ചു..... ഞങ്ങളെല്ലാം യോജിച്ചു. സമുദായ നേതാക്കന്മാരെല്ലാം യോജിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

കാരണം ഇനി തമ്മിൽ വഴക്കുകൂടി നിന്നാൽ കുഴപ്പത്തിലാകുമെന്ന് വന്നപ്പോൾ അഭിപ്രായവ്യത്യാസം ഉണ്ടെങ്കിലും ഞങ്ങൾ എല്ലാം..... ഞങ്ങളെല്ലാം എന്നു പറയുന്നു. അനുകൂലിച്ചിരിക്കുകയാണെന്ന് മനസ്സിലായി. ഈ റിപ്പോർട്ടിൽ ചില സമുദായങ്ങൾക്ക് സാമുദായിക റിസർവേഷന്റെ ആനുകൂല്യം നഷ്ടപ്പെടുന്നുണ്ട് എന്ന സത്യം നരേന്ദ്രൻ കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ട്. അതിന് പരിഹാരം എന്നുള്ള നിലയിൽ ഒരു നിർദ്ദേശവും അദ്ദേഹം വച്ചിട്ടില്ല പക്ഷേ റിക്രൂട്ട്മെന്റ് അദ്ദേഹം നിർദ്ദേശിച്ചിരിക്കുന്നു എന്ന് ചില കക്ഷികൾ പ്രചരണം നടത്തി. നരേന്ദ്രൻ കമ്മീഷന്റെ കൂടെ one of the member ആയി, മെമ്പർസായി തുടർന്നത് ലീഗിന്റെ ജനറൽ സെക്രട്ടറിയും പി.എസ്.സി. ചെയർമാനും ആയിരുന്ന ശ്രീ. സാവാൻകുട്ടി. അദ്ദേഹം അടക്കമുള്ള നരേന്ദ്രൻ കമ്മീഷൻ ഈ കുറവുകൾ പരിഹരിക്കാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണം എന്ന് നിർദ്ദേശിച്ചിരുന്നില്ല. അത് വായിച്ചിട്ടുള്ള എല്ലാവർക്കും അറിയാം എങ്കിലും അദ്ദേഹത്തിന്റെ പാർട്ടിക്കാർ പറഞ്ഞുകൊണ്ട് നടന്നത് സ്പെഷ്യൽ റിക്രൂട്ട്മെന്റ് എന്നായിരുന്നു. ഏതായാലും ഞങ്ങൾ ഞങ്ങളുടെ അഭിപ്രായം പറഞ്ഞിട്ടുണ്ട്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്, നിങ്ങൾ ഒച്ചവച്ചിട്ട് കാര്യമില്ല..... (ബഹളം) .....ഞങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായി അംഗീകരിക്കുന്നവരാണ്. അതിലെ കുറവുകൾ പരിഹരിക്കണമെന്നുതന്നെയാണ് അഭിപ്രായം; അതിൽ സംശയമില്ല. ഇന്ന് നിങ്ങൾ തട്ടിക്കൂട്ടിക്കൊണ്ടുവന്നിട്ടുള്ള നിർദ്ദേശങ്ങൾ അതിന് പരിഹാരമല്ല. എന്തുകൊണ്ടെന്നാൽ പിന്നാക്ക സമുദായത്തിന് റിസർവേഷന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുമ്പോൾ അതേ സമുദായത്തിൽ തന്നെയുള്ള സമുദായത്തിന് ചിലപ്പോൾ കൊടുക്കേണ്ടി വരുന്ന കാട്ട ഇന്നത്തെ നിയമനത്തിന്റെ രീതി അനുസരിച്ച് കൊടുത്തുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് അങ്ങനെ കാട്ട കടം ഇടുന്ന സമ്പ്രദായം വേണ്ട. അത് നിർത്തലാക്കണം. എന്നിട്ട് പുതിയ നിയമനം നടത്തണം. അതിന് പറയുന്ന പേര് ഡയറക്ട് റിക്രൂട്ട്മെന്റ് എന്നാണ്. അപ്പോൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് ആവശ്യപ്പെട്ടിട്ടുള്ളവർക്ക് തൃപ്തിയായി. മുമ്പുണ്ടായപോലെ ഇപ്പോഴത്തെ ഈ ഗവൺമെന്റിന്റെ നിർദ്ദേശം നിങ്ങൾ അംഗീകരിച്ചാൽ നിങ്ങളുടെ സമുദായത്തിനു തന്നെയാണ് അതുകൊണ്ടുള്ള നഷ്ടമെന്നു ഞാൻ അനുസ്മരിപ്പിക്കട്ടെ. അറബി ടീച്ചേഴ്സിന് മറ്റ് സമുദായങ്ങളിൽനിന്ന് ഒന്നുംതന്നെ വരാൻ പോകുന്നില്ല. മുസ്ലീം സമുദായത്തിൽ പെട്ടവരാണ്. അവരുടെ നിയമനത്തിൽ ബാക്കിനിന്നാൽ പിന്നീട് നിയമനം ലഭിക്കുന്നില്ല. അങ്ങനെയുള്ള ആനുകൂല്യം പോലും ആ സമുദായത്തിന് നഷ്ടപ്പെടാൻ ഇടയാകുന്ന ഒരു പ്രൊപ്പോസലാണ് ഇതെന്ന് ഞാൻ പറഞ്ഞുവയ്ക്കട്ടെ. അതുപോലെ താൽക്കാലികമായിട്ടുള്ളതിന്റെ നമ്പർ അഞ്ച് ഇരട്ടിയാക്കാൻ സപ്ലിമെന്ററി ലിസ്റ്റിനെ സംബന്ധിച്ചും ഗവൺമെന്റ് തീരുമാനം എടുത്തിരിക്കുന്നു എന്നാണ്. അഞ്ച് ഇരട്ടി കണ്ടിപ്പിക്കപ്പെടും എന്നല്ലാതെ യഥാർത്ഥത്തിലുള്ള സപ്ലിമെന്ററി ലിസ്റ്റിലുള്ളവരല്ലാതെ വർദ്ധിപ്പിക്കുന്നതുകൊണ്ട് ഒരു ഗുണവും ഉണ്ടാവുകയില്ല. മറ്റൊരു നിർദ്ദേശം വിദ്യാഭ്യാസപരമായി ഇതുപോലുള്ള സെലക്ഷൻ നടത്തുമ്പോൾ മുന്നോക്ക കമ്മ്യൂണിറ്റിയിലെ പാവപ്പെട്ടവർക്ക് 10 ശതമാനം കൊടുക്കാൻ ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്നു. സുഹൃത്തുക്കളെ മുന്നോക്ക കമ്മ്യൂണിറ്റിയിലെ പാവപ്പെട്ടവരെ സംബന്ധിച്ചുള്ള ഞങ്ങളുടെ അഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

സുവ്യക്തമായി നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. അത് വിദ്യാഭ്യാസ വകുപ്പിൽ മാത്രമല്ല ജനങ്ങളായിട്ടുള്ള എല്ലാ വിഭാഗത്തിനുമുള്ള നിയമനം നടത്തുമ്പോൾ മുന്നോക്ക കമ്മ്യൂണിറ്റിയിലെ ഈ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ഇതുപോലെയുള്ള ചെറിയ ഒരു ശതമാനം നൽകേണ്ടത് ആവശ്യമാണെന്നു പറഞ്ഞപ്പോൾ അന്നെല്ലാം ഞങ്ങളെ പരിഹസിച്ച ആളുകൾ ഇപ്പോൾ വിദ്യാഭ്യാസ വകുപ്പ് കൊടുക്കുമെന്ന് പറഞ്ഞപ്പോൾ വലിയ പുരോഗമനം എന്നു പറഞ്ഞ് നടക്കുന്നത് അൽഭുതകരമാണെന്നു പറയട്ടെ. ഏതായാലും ഈ പൊടിയിട്ട് വിളക്കലിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാമെന്നു നോക്കണ്ട.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഗവൺമെന്റ് പ്രഖ്യാപിച്ച ഈ തീരുമാനത്തിലെ പോരായ്മകളെപ്പറ്റി അങ്ങ് പറഞ്ഞു. ഇതിൽ ഏതാണ് തെറ്റ്. ഇതിൽ എന്താണ് പിശക് എന്ന് അങ്ങ് പറഞ്ഞിട്ട് ഇന്ന രീതിയിൽ വേണം എന്ന് അങ്ങേക്ക് നിർദ്ദേശിക്കാമോ, ഇന്ന രീതിയിൽ വേണം, വളരെ കാര്യമായി ഗവൺമെന്റ് പരിഗണിക്കാം. ഇന്ന രീതിയിൽ വേണമെന്ന് അങ്ങേക്ക് നിർദ്ദേശിക്കാമോ ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഇതുസംബന്ധിച്ച് നിങ്ങൾ പലതുമായി ചർച്ച ചെയ്ത് അഭിപ്രായം രൂപവൽക്കരിക്കുന്നതിന് മുമ്പ് മുഖ്യമന്ത്രിയുടെ നാമധേയത്തിൽ ഇപ്പോൾ ആക്ട് ചെയ്യുന്ന ബഹുമാനപ്പെട്ട വക്കം പുരുഷോത്തമനോട് ഞാൻ ചോദിക്കുകയാണ് ഇതുസംബന്ധിച്ച് ഞങ്ങൾ ഒരു അഭിപ്രായ സമന്വയത്തിന് ശ്രമിക്കുകയാണ്. സി.പി.ഐ.(എം)-ന്റെ, ഇടതുപക്ഷത്തിന്റെ അഭിപ്രായം എന്താണ് എന്നറിയാൻ ഞങ്ങൾ ആഗ്രഹിക്കുന്നുവെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ നിങ്ങൾക്ക് ചോദിക്കാൻ എന്താണ് അർഹത?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ഈ ഹൗസിൽ ചർച്ച ചെയ്തില്ലേ, അങ്ങ് അഭിപ്രായം പറഞ്ഞില്ല ഈ ഹൗസിൽ ചർച്ച ചെയ്തു കക്ഷിനേതാക്കളുമായി ചർച്ച ചെയ്തു. അവിടെയൊന്നും അഭിപ്രായം പറഞ്ഞില്ല; ഇപ്പോഴും പറയുന്നില്ല. ഈ ഹൗസിൽ പറയുന്നില്ല. ഞാൻ അങ്ങയെ വെല്ലുവിളിക്കുന്നു, ഇപ്പോൾ പറയണം, ഗവൺമെന്റ് പരിഗണിക്കാം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ആക്ഷൻ ടേക്കണിന്റെ ഭാഗമായി ഗവൺമെന്റിന്റെ നിർദ്ദേശം വച്ചിട്ട് എന്താണ് പ്രതിപക്ഷത്തിന്റെ അഭിപ്രായമെന്ന് ആരായാനുള്ള ശ്രമമാണ് നിങ്ങൾ നടത്തേണ്ടത്. നിങ്ങളുടെ തട്ടിപ്പ് ഇതുവഴി പ്രകടമാണ്. നിങ്ങൾക്ക് ഇത് നടപ്പിലാക്കണമെന്ന ആഗ്രഹമുണ്ടായിരുന്നെങ്കിൽ പ്രൊപ്പോസായിവഴി സ്വീകരിക്കുമായിരുന്നു. നിങ്ങൾ അധികാരത്തിൽ വരുന്നതിനു മുമ്പ് 2001 മേയ് മാസത്തിൽ തെരഞ്ഞെടുപ്പ് നടന്ന സന്ദർഭത്തിൽ കേരളത്തിൽ 42 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ ജീവിച്ചിരിപ്പുണ്ട് എന്ന് മനസ്സിലാക്കി അവരുടെ കുടുംബാംഗങ്ങളുടെയടക്കം വോട്ടുകിട്ടാൻവേണ്ടി ഞങ്ങൾ അധികാരത്തിൽ വന്നാൽ പതിനഞ്ച് ലക്ഷം ആളുകൾക്ക് തൊഴിൽ നല്കും എന്ന് മാനിഫെസ്റ്റോയിൽ എഴുതിവച്ചു. അധികാരത്തിൽ വന്ന നിങ്ങൾ ആദ്യം ചെയ്തത് നിയമന നിരോധനം എന്ന പ്രഖ്യാപനം നടത്തുകയാണ്. ഒരാളിനെപ്പോലും നിയമിക്കാതിരിക്കാനുള്ള നടപടിയാണ് ആന്റണി ഗവൺമെന്റ് അന്ന് സ്വീകരിച്ചത്. അതിനെതിരായി വാഗ്ദാനം പാലിക്കൂ; പതിനഞ്ച് ലക്ഷം ആളുകൾക്ക് തൊഴിൽ നല്കാമെന്നുള്ള വാഗ്ദാനം പാലിക്കൂ; നിയമനനിരോധനം പിൻവലിക്കൂ എന്ന് അവകാശപ്പെട്ടു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് കേരളത്തിൽ ശബ്ദിച്ച ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ യുവജനങ്ങൾക്കെതിരായി ചവിട്ടും തൊഴിയും കുറേ മർദ്ദനവുമല്ലേ നിങ്ങളുടെ പോലീസ് നടത്തിയത്. വാഗ്ദാനം പാലിച്ചോ? വാഗ്ദാനം പാലിച്ചില്ല. മുസ്ലീംലീഗ് അടക്കമുള്ള ഘടകകക്ഷികളെല്ലാം ആ നിയമന നിരോധനത്തെ പിന്തുണച്ചു. രണ്ടു കൊല്ലം കഴിഞ്ഞ് കണക്ക് നോക്കിയപ്പോൾ 77000 നിയമനം നടന്നിട്ടില്ല. അതിൽ മുപ്പത്തിയായിരത്തിയഞ്ഞൂറോളം നിയമനം റിസർവ് കമ്മ്യൂണിറ്റിയുടേതാണ്. ഹരിജനങ്ങൾ, ഗിരിജനങ്ങൾ, പിന്നാക്കവിഭാഗക്കാർ, മുസ്ലീങ്ങൾ, ലാറ്റിൻ ക്രിസ്ത്യൻസ് ഇങ്ങനെയുള്ളവരുടേതാണ്. അതിൽനേരെ പകുതി ഉദ്യോഗങ്ങളും, ഏതാണ്ട് മുസ്ലീം കമ്മ്യൂണിറ്റിയുടെ തന്നെ പതിനായിരത്തിൽപ്പരം ഉദ്യോഗങ്ങൾ ഈ നിയമന നിരോധനത്തിന്റെ ഫലമായി ഉണ്ടായി. നിയമന നിരോധനത്തിന്റെ ദ്രോഹവശങ്ങളെ സംബന്ധിച്ച് ചോദ്യം ചെയ്യാൻ മുസ്ലീം ലീഗ് അടക്കമുള്ള സംഘടനകൾ തയ്യാറാകാതിരുന്നതിന്റെ ഫലമായി സ്വന്തം സമുദായത്തിനുതന്നെ അതും നഷ്ടമുണ്ടാക്കുകയാണ് ചെയ്തത്. നമ്മുടെ യുവാക്കൾ, കേരളത്തിലെ യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തകർ കേരളത്തിൽ വിളിച്ച മുദ്രാവാക്യം എന്താണെന്ന് ഞാനിവിടെ ഓർമ്മിപ്പിക്കുകയാണ്. ഞങ്ങളിലില്ലാ ഹൈന്ദവരക്തം; ഞങ്ങളിലില്ലാ മുസ്ലീം രക്തം; ഞങ്ങളിലില്ലാ ക്രൈസ്തവ രക്തം; ഞങ്ങളിലുള്ളത് മാനവരക്തം..... മാനവരക്തം..... മാനവ രക്തം, എന്നാണ് അവർ വിളിച്ചത്. അങ്ങനെ എല്ലാ സമുദായത്തിലേയും താല്പര്യങ്ങൾക്ക് വേണ്ടിയുള്ള മുദ്രാവാക്യം ഉയർത്തിക്കൊണ്ട് നടത്തിയ സമരത്തിന്റെ നേരെ അതിക്രൂരമായ മർദ്ദനം അഴിച്ചുവിട്ടവർക്കുതന്നെ തങ്ങളുടെ സമുദായത്തിന് ഇതെല്ലാം നഷ്ടമായി എന്നു ബോധ്യപ്പെട്ടു. മഞ്ചേരികൂടി കഴിഞ്ഞപ്പോൾ ഗോവണിക്ക് അല്ല, അതിവാൾ ചൂണ്ടിക നക്ഷത്രത്തിനാണ് വോട്ട് തന്നതെന്ന് വന്നപ്പോഴാണ് നരേന്ദ്രൻ കമ്മീഷൻ.....നരേന്ദ്രൻ കമ്മീഷൻ.....എന്ന മുദ്രാവാക്യവുമായി രംഗത്ത് വന്നതെന്ന് നാം കണ്ടതാണ്. അതുകൊണ്ട് സുഹൃത്തുക്കളെ നമുക്കെല്ലാംതന്നെ പുറകോട്ട് ചിന്തിക്കാനും പഠിക്കാനുമുള്ള നല്ല ഒരു സന്ദർഭമാണ് ഈ അവസരം. അത് പ്രതിപക്ഷത്തെ അവഹേളിക്കുവാൻ മാത്രമായി ഉപയോഗിച്ച് സംതൃപ്തിപ്പെടാൻ തുനിയരുത്. അത് നല്ലതല്ല. ഞങ്ങൾ കേന്ദ്ര ഗവൺമെന്റിന് പിന്തുണ നല്കുന്നത് ആ പഹയന്മാരായ ബി.ജെ.പി.-ക്കാർ, ആർ.എസ്.എസ്സുകാർ, വീണ്ടും അധികാരത്തിൽ വരരുതെന്ന ഉദ്ദേശത്തോടുകൂടിയാണ്. ഒരു മതനിരപേക്ഷ ഗവൺമെന്റ് കേന്ദ്രത്തിൽ ഉണ്ടാകണമെന്ന ഉദ്ദേശത്തോടുകൂടിയാണ്. ഞങ്ങൾ പിന്തുണച്ചതും. വഷളത്തരങ്ങളെല്ലാം കാണിച്ചുകൊണ്ടിരിക്കുമ്പോൾ ഇടയ്ക്കിടയ്ക്ക് ചില താക്കീത് കൊടുക്കുന്നുണ്ട് എന്നത് സത്യം. എങ്കിലും പിന്തുണയ്ക്കുകയാണ്. പക്ഷേ ഡോ. മൻമോഹൻ സിംഗും ശ്രീമതി സോണിയാ ഗാന്ധിയും അങ്ങനെ പത്ത് 62 പ്രതിപക്ഷ അംഗങ്ങളുടെ പിന്തുണയോടുകൂടിയാണ് തങ്ങൾ അധികാരത്തിലിരിക്കുന്നതെന്നും ഇവരുടെ പിന്തുണയില്ലെങ്കിൽ മൂക്കുംകുത്തി താഴെ വീഴുമെന്നും ചിന്തിക്കാതെ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഒറ്റയ്ക്ക് ഭരിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഉണ്ടായ അതേ മനോഭാവത്തോടുകൂടിയാണ് ഇപ്പോഴും തങ്ങൾ ഒറ്റയ്ക്ക് ഭൂരിപക്ഷമാണെന്ന നിലയിൽ പോകുന്നത്. അതുകൊണ്ട് നിങ്ങൾ നന്നായാൽ മാത്രം പോര, നിങ്ങൾ, കേന്ദ്ര ഗവൺമെന്റ് ഇടതുപക്ഷത്തെ അപഹസിക്കുന്ന രൂപത്തിൽ എടുത്തുകൊണ്ടിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

നയ സമീപനവും നല്ലതല്ല എന്നുകൂടി പറഞ്ഞ് ഈ രാജ്യത്തിന്റെയാകെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഉതകുംവിധത്തിലുള്ള ഒരു ചിന്തയിലേക്ക് നിങ്ങൾ വരികയാണ് വേണ്ടതെന്ന് അനുസ്മരിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ഇന്നലെ നമ്മൾ വളരെ നേരം വൈകി. ഇന്ന് കൃത്യമായി സമയം പാലിക്കണം. പല ബുദ്ധിമുട്ടുകളും വരുന്നുണ്ട്. പ്രസംഗിക്കാത്ത എല്ലാവർക്കും വേഗം കഴിയണമെന്നാണ്. പത്ര പ്രവർത്തകർക്ക് റിപ്പോർട്ടിംഗ് ചെയ്യുന്നതിൽ ബുദ്ധിമുട്ടുണ്ടാകുന്നു. അതുകൊണ്ട് നിശ്ചയിച്ച സമയത്തിനുള്ളിൽ കാര്യം പറയണം.

ശ്രീ. കെ. ബാബു: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ ശക്തമായി പിന്തുണയ്ക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗം, പല പ്രധാനപ്പെട്ട കാലിക പ്രശ്നങ്ങൾക്കും അദ്ദേഹം മറുപടി പറയുമെന്നുള്ള ഒരു ധാരണയോടുകൂടിയാണ് ഈ സഭ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ ശ്രമിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ പ്രസംഗം കാലികമായ പ്രശ്നങ്ങളിൽനിന്ന് ഒളിച്ചോട്ടം നടത്തുന്ന വിധത്തിലായിരുന്നുവെന്ന് പറയേണ്ടി വന്നതിൽ ഖേദമുണ്ട്. മാർക്സിസ്റ്റ് പാർട്ടിയും അതുപോലെ കേരളത്തിലെ ജനങ്ങളും എല്ലാവരും അറിയാൻ താല്പര്യമുള്ള, ചർച്ച ചെയ്തുകൊണ്ടിരുന്ന പല വിഷയങ്ങൾക്കും അദ്ദേഹം മറുപടി പറഞ്ഞില്ല. ഒരു പ്രധാനപ്പെട്ട വിഷയം എ.ഡി.ബി.-യെ സംബന്ധിച്ചാണ്. അത് മാർക്സിസ്റ്റ് പാർട്ടിയുടെ നയം പിണറായി വിജയന്റെ ലേഖനത്തിലുണ്ടെന്ന് ശ്രീ. മത്തായി ചാക്കോ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുകയുണ്ടായി. ഇതിനെക്കുറിച്ച് കുറച്ചുകൂടി വ്യക്തത പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തിൽ ഉണ്ടാകുമെന്ന് കരുതിയിരുന്നു. നിർഭാഗ്യവശാൽ പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തിൽ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യത്തിൽ ആയാലും എ.ഡി.ബി. വായ്പ സംബന്ധിച്ച കാര്യത്തിൽ ആയാലും ഡി.ഐ.സി., ഇടതുപക്ഷമുന്നണി പ്രഹസനത്തെ സംബന്ധിച്ചായാലും ഒരു മറുപടി കേൾക്കാൻ ഈ സഭയ്ക്ക് ഭാഗ്യമുണ്ടായില്ല എന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹം ഇവിടെ ഇപ്പോൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചുള്ള മറുപടി പറയുകയുണ്ടായി. പ്രതിപക്ഷ നേതാവിനോട് വളരെ ആദരവുള്ള വ്യക്തിയാണ് ഞാൻ. പക്ഷേ അദ്ദേഹത്തിന് ഇതിനെക്കുറിച്ചൊന്നും പറയാൻ സാധിച്ചില്ല. ഒരുപക്ഷേ അദ്ദേഹത്തിന് ഈ കാര്യത്തിൽ ആധികാരികമായി പറയാൻ കഴിയുമെന്ന് തോന്നുന്നില്ല. കാരണം അദ്ദേഹത്തിന്റെ സ്വന്തം ലേഖനംപോലും ചിന്ത വാരികയിൽ അതേ മുഖത്തിൽ പ്രസിദ്ധീകരിക്കാൻ സാധിക്കാതെ പോയ സാഹചര്യമാണ് അദ്ദേഹത്തിന് പാർട്ടിക്കകത്തുള്ളത്. അദ്ദേഹം അവസാനം പത്രക്കുറിപ്പിറക്കി നിഷേധിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രത്തിലെ ആദ്യത്തെ സംഭവം ഈ കാലഘട്ടത്തിലുണ്ടായി. അതുകൊണ്ട് പ്രതിപക്ഷ നേതാവിന് ഇപ്പോൾ കേരളത്തിൽ അറിയേണ്ട കാര്യങ്ങളെക്കുറിച്ച് ആധികാരികമായി മറുപടി പറയാനുള്ള അധികാരമുണ്ട് എന്നെനിക്ക് തോന്നുന്നില്ല. അതുകൊണ്ടുതന്നെ അദ്ദേഹത്തിൽനിന്ന് ആ മറുപടി ഉണ്ടായില്ല എന്നുമാത്രമല്ല അദ്ദേഹത്തിന്റെ പ്രസംഗം ഒരുതരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

മുതലായി. ഒരു മിമിക്സ് പരേഡ് കാണുന്ന ലാഘവത്തോടുകൂടി അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ കേരളത്തിലെ ജനങ്ങൾക്ക് അവസരം ഉണ്ടാക്കിക്കൊടുത്ത സ്പീക്കറോട് ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ഒരു പ്രതിപക്ഷ നേതാവിന്റെ ഉത്തരവാദിത്വത്തോടുകൂടിയുള്ള പ്രസംഗം എന്നുള്ള നിലയിൽ അതിനെ വിലയിരുത്താൻ സാധിക്കുകയില്ലെങ്കിലും അത് ഒരു മിമിക്സ് പരേഡ് എന്നുള്ള നിലയിൽ കേരളത്തിലെ ജനങ്ങൾക്ക് കാണാൻ ഭാഗ്യമുണ്ടായി എന്നുള്ളതിൽ എനിക്കും സന്തോഷമുണ്ട്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു തുടങ്ങിയതിൽ ഒരു കാര്യം; കേരളത്തിൽ ഇപ്പോൾ 50,000 കോടി രൂപയുടെ കടം വർദ്ധിച്ചു എന്നുള്ള നിലയിലാണ് അദ്ദേഹം സംസാരിച്ചത്. അദ്ദേഹം ഒരു സത്യം ആ കൂട്ടത്തിൽ പറഞ്ഞു. ശ്രീ. എ. കെ. ആന്റണി ഗവൺമെന്റിൽനിന്നും 1996-ൽ ഇടതുപക്ഷ മുന്നണി ഭരണം ഏറ്റെടുക്കുമ്പോൾ പതിനായിരം കോടി രൂപ 23,000 കോടി രൂപയായി വർദ്ധിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. അത് ശരിയാണ്. നിങ്ങൾ ഭരണം വിട്ടു പോകുമ്പോൾ കേരളത്തിന്റെ പൊതുകടം 23,919 കോടി രൂപയായിരുന്നു. ഇപ്പോൾ അങ്ങ് സൂചിപ്പിച്ചതുപോലെ 50,000 കോടി രൂപയല്ല. 31-12-2005-ൽ 44,350 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. അപ്പോൾ വർദ്ധനവ് 20,431 കോടി രൂപയാണ്. മുപ്പതിനായിരം കോടി രൂപയല്ല. സംസ്ഥാനത്ത് സ്ഥിരമായി റവന്യൂ കമ്മി നിലനില്ക്കുകയാണ്. പദ്ധതി വികസനം അതുപോലെ പദ്ധതി പ്രവർത്തനങ്ങൾ, വികസന പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾക്കു വേണ്ടി കടം വാങ്ങേണ്ടി വരും. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴും ഇതുവരെയും കടം വാങ്ങിയില്ലേ എന്നു ചോദിച്ചാൽ കടം വാങ്ങി പക്ഷേ അത് കേരളത്തിന്റെ പൊതുവികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്തും എന്നാണ് പറഞ്ഞിട്ടുള്ളത്. പദ്ധതി അടങ്കലിന്റെ വലിപ്പത്തിനനുസരിച്ച് കേരളത്തിൽ ഉണ്ടായിട്ടുള്ള ഏറ്റവും വലിയ പദ്ധതിയാണ് കഴിഞ്ഞ വർഷങ്ങളിൽ ഇവിടെ ഉണ്ടായിട്ടുള്ളത്. ഇതിന്റെ വലിപ്പത്തിനനുസരിച്ച് കടത്തിന്റെ തോതും വർദ്ധിക്കും. 1-4-2001 മുതൽ 31-12-2005 വരെ പദ്ധതിയിനത്തിൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ചിലവഴിക്കിയ തുക 15,965 കോടി രൂപയാണ്. ഇത് യഥാർത്ഥത്തിലുള്ള എക്സ്പെന്റീച്ചറാണ്. അല്ലാതെ നിങ്ങളുടെ കാലത്തുള്ള ഫിക്സേഷനല്ല. ഇത് മുൻസർക്കാരിന്റെ കാലത്ത് ചെയ്തതുപോലെ പേപ്പറിൽ വന്ന എക്സ്പെന്റീച്ചറല്ല. മറിച്ച് 16,965 കോടി രൂപ എന്നുപറയുന്നത് ആക്ചലായ എക്സ്പെന്റീച്ചറാണ്. പദ്ധതിയിനത്തിൽ നിങ്ങളുടെ സർക്കാരിന്റെ കാലത്ത് മാറ്റിവച്ച ചെലവുകൾ അതായത് deferred payment, അത് 4,020 കോടി രൂപ ഉണ്ടായിരുന്നു. അത് പൂർണ്ണമായി ഈ ഗവൺമെന്റ് കൊടുത്തു തീർത്തു. അതുപോലെ കെ.എസ്.ഇ.ബി. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുക്കാൻ ഉണ്ടായിരുന്ന 1158 കോടി രൂപ ഈ ഗവൺമെന്റ് കൊടുത്തു തീർത്തു. ഇവിടെ 556 കോടി രൂപ റെഗുലേറ്ററി കമ്മീഷൻ ശിപാർശ ചെയ്തപ്രകാരം വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാതിരിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടിയുടെ ഭാഗമായി 556 കോടി രൂപ കൊടുക്കേണ്ടി വന്നു. അങ്ങനെ 21699 കോടി രൂപ ഈ ഇനത്തിൽ കേരള ഗവൺമെന്റ് ചെലവഴിച്ചിട്ടുള്ളതാണ്. ഇടതുമുന്നണി ഭരണകാലത്ത് ഉണ്ടായിരുന്നതു പോലെ, ഇവിടെ ഇപ്പോൾ ഒരുകാര്യം പറഞ്ഞു ഞങ്ങൾ കടം വാങ്ങി ധൂർത്തടിച്ചുവെന്ന്. ഞാൻ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ചെറിയ കാര്യം പറയട്ടെ നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഉയർന്ന പലിശയ്ക്ക് അടിസ്ഥാന വികസനത്തിനുവേണ്ടി കടം വാങ്ങിയ 500 കോടി രൂപയിൽ ഒരു രൂപപോലും നിങ്ങളുടെ ഗവൺമെന്റ് ചെലവഴിച്ചിട്ടില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് കടം വർദ്ധിച്ചിട്ടുണ്ടെങ്കിലും പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിനും നിങ്ങൾ വരുത്തിവച്ച കടങ്ങൾ തീർക്കുന്നതിനുംവേണ്ടി മാത്രമാണ് ഈ തുക ചെലവഴിച്ചിട്ടുള്ളത്. കേരളത്തിലെ ഇന്നത്തെ ഒരു പ്രത്യേകത നിങ്ങൾ മനസ്സിലാക്കേണ്ടത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി തകർച്ചയിൽ ആയിരുന്നു. ഇന്നത്തെ സ്ഥിതി എന്താണ്? ഈ കേരളത്തിന് സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് മോചനം ഉണ്ടായിരിക്കുകയാണ്. ഇടതുമുന്നണി ഭരണം അവസാനിപ്പിക്കുന്ന ഘട്ടത്തിൽ കേരളത്തിൽ ജനകീയാസൂത്രണ പദ്ധതിയുടെ കൺവീനർമാർക്ക് കൊടുത്ത ആയിരക്കണക്കിന് രൂപ ചെക്ക് പോലും മാറിക്കിട്ടിയിരുന്നില്ല. ലോട്ടറി അടിച്ചവർക്ക് ലോട്ടറിയുടെ പണം കൊടുത്തിരുന്നില്ല. സർക്കാർ ജീവനക്കാർക്ക് ശമ്പളം കൊടുത്തിരുന്നില്ല. നിങ്ങൾ എട്ട് ഇൻസ്റ്റാൾമെന്റാക്കി. ഉച്ചക്കഞ്ഞിയുടെ പണം കൊടുത്തിരുന്നില്ല. ഇപ്പോൾ അങ്ങനെ ഒരു പ്രതിസന്ധി ഈ സംസ്ഥാനത്ത് ഉണ്ടോ? ഈ സംസ്ഥാനത്ത് ഗവൺമെന്റിന് സാമ്പത്തിക ബാധ്യതയുണ്ടെങ്കിലും സാമ്പത്തിക പ്രതിസന്ധിയില്ല. ട്രഷറി അടച്ചിട്ടില്ല. ശമ്പളം മുടങ്ങാതെ കൊടുക്കുന്നുണ്ട്. എല്ലാ കാര്യങ്ങളും ഭംഗിയായി കൊണ്ടുപോകാൻ കഴിഞ്ഞിട്ടുണ്ട് എന്നു മാത്രമല്ല ഈ ഗവൺമെന്റിന് വളരെയേറെ പ്രതിസന്ധിയിൽ നിന്നും നമ്മുടെ സംസ്ഥാനത്തെ മുന്നോട്ട് നയിച്ച് ഇപ്പോൾ അന്തർദ്ദേശീയ-ദേശീയതലത്തിലുള്ള നിക്ഷേപങ്ങളും കേരളത്തിൽ കൊണ്ടുവരാനുള്ള ഒരു രാഷ്ട്രീയ-സാമൂഹ്യ അന്തരീക്ഷം സൃഷ്ടിക്കാൻ സാധിച്ചു. ഇതിൽ ഞങ്ങൾ വിജയിച്ചു എന്നുതന്നെയാണ് ഞങ്ങളുടെ അവകാശം. ഇവിടെ നമ്മുടെ മുഖ്യമന്ത്രിക്ക് അപകടം ഉണ്ടായത് വിദേശത്തുവച്ചാണ്. അദ്ദേഹം അവിടെ പോയത് വേൾഡ് ഇക്കണോമിക് ഫോറത്തിൽ പങ്കെടുക്കാനാണ്. ഇൻഡ്യയിലെ ആകെ 5 സംസ്ഥാനങ്ങൾക്കാണ് വേൾഡ് ഇക്കണോമിക് ഫോറത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്. കേരള ചരിത്രത്തിൽ ആദ്യമായി വേൾഡ് ഇക്കണോമിക് ഫോറത്തിൽ പങ്കെടുക്കാൻ കേരള മുഖ്യമന്ത്രിക്ക് ക്ഷണം ലഭിച്ചു എന്നുപറഞ്ഞാൽ കേരളം ആ നിലയിൽ അംഗീകരിക്കപ്പെട്ടുവെന്നു തന്നെയാണ് അർത്ഥം. ഇവിടെ പ്രതിപക്ഷനേതാവ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞു. നരേന്ദ്രൻ കമ്മീഷനെ വച്ചത് ഇടതു മുന്നണിയാണ്. നരേന്ദ്രൻ കമ്മീഷനെ വയ്ക്കുമ്പോൾ നിങ്ങൾക്ക് എന്തുചെയ്യണമെന്നുള്ളതിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് ഉണ്ടായിരുന്നോ? ഉണ്ടായിരുന്നെങ്കിൽ ടേംസ് ഓഫ് റഫറൻസിൽ ആ ഭാഗം ചേർക്കുമായിരുന്നല്ലോ? നിങ്ങൾ ചേർത്തില്ലെന്നുമാത്രമല്ല നരേന്ദ്രൻ കമ്മീഷൻ തന്നെ പറഞ്ഞിട്ടുണ്ട് അദ്ദേഹത്തിന്റെ കമ്മീഷന് നിങ്ങളുടെ ഗവൺമെന്റ് ഒരു സഹായവും ചെയ്തുകൊടുത്തിട്ടില്ലെന്ന്. ഇപ്പോൾ ബാക്ക്‌ലോഗ് സംബന്ധിച്ച് പറഞ്ഞു; ബാക്ക്‌ലോഗ് എങ്ങനെ നികത്തും? ഇവിടെ ഗവൺമെന്റിന്റെ അഭിപ്രായം ഉണ്ടോ? ഇവിടെ അദ്ദേഹം പറഞ്ഞത് കേരളത്തിലെ ഗവൺമെന്റ് ഒരു തീരുമാനം എടുക്കുന്നതിനുമുൻപ് പ്രതിപക്ഷത്തോട് ചോദിച്ചിരുന്നെങ്കിൽ ഞങ്ങൾ പറയുമായിരുന്നു എന്നാണ്. ഈ സഭ ചർച്ച ചെയ്തതല്ലേ? 2005 മാർച്ച് 10-ാം തീയതി ഈ സഭ ചർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. നിങ്ങളുടെ പാർട്ടി ഈ ബാക്ക്‌ലോഗ് നികത്തുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും അഭിപ്രായം പറഞ്ഞോ? നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് ആ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞപ്പോൾ നിങ്ങൾ പറഞ്ഞത് "ഞങ്ങൾ സ്വാഗതം ചെയ്യുന്നു," ഞങ്ങൾ സ്വാഗതം ചെയ്യുന്നു. എന്നാണ് അത് വിട്ടിട്ട് ബാക്ക്‌ലോഗ് നികത്തുന്നതിനെ സംബന്ധിച്ച് നിങ്ങൾക്ക് അന്നും അഭിപ്രായം ഉണ്ടായില്ല. കക്ഷിനേതാക്കൻമാരുടെ യോഗം വിളിച്ചുകൂട്ടി. ആ യോഗത്തിലും മാർക്സിസ്റ്റ് പാർട്ടി അഭിപ്രായം പറഞ്ഞില്ല. ഇന്ന് പ്രതിപക്ഷ നേതാവ് പ്രസംഗിച്ചപ്പോൾ, ഇനിയിപ്പോൾ ഈ സഭ അധിക ദിവസം ഇല്ല, നമ്മൾ ഒരു തെരഞ്ഞെടുപ്പിലേക്ക് പോകുകയാണ്. സ്വാഭാവികമായി കേരളത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്ന വിഷയമാണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്. പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ മാർക്സിസ്റ്റ് പാർട്ടിയുടെ വ്യക്തമായ നയം ഇവിടെ പറയുമെന്ന് ഞങ്ങൾ വിചാരിച്ചു. അദ്ദേഹം പറഞ്ഞോ? നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ഇടതുമുന്നണിയുടെ നയം ഈ സഭയ്ക്ക് വ്യക്തമായോ? നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ബാക്ക്‌ലോഗ് നികത്തുന്നതിനെ സംബന്ധിച്ച് മാർക്സിസ്റ്റ് പാർട്ടിയുടെ നിലപാട് എന്താണ്? ഈ സഭയ്ക്ക് വ്യക്തത ഉണ്ടായോ? ഇത് എങ്ങനെ നികത്തും എന്നതിനെക്കുറിച്ച് പറഞ്ഞില്ല. നിങ്ങൾ ഒളിച്ചോട്ടം നടത്തുകയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുകയെന്നുള്ളത് മേനോലടനാപരമായ ബാധ്യതയാണ്. അത് നിലനിൽക്കുമ്പോൾ മുൻകാല റിക്രൂട്ട്മെന്റും കോടതി വിധികളുടെ ആർട്ടിക്കിൾ 20-ന്റെയും അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ കഴിയും. നരേന്ദ്രൻ കമ്മീഷൻ ഇതുവരെ പറഞ്ഞില്ല.

ശ്രീ. കെ. ബാബു: സർ, അദ്ദേഹം പറഞ്ഞത് ശരിയാണ്. ഇവിടെ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് മാർക്സിസ്റ്റ് പാർട്ടിയുടെ ആധികാരികമായ അഭിപ്രായം; ഈ സഭയ്ക്ക് അവ്യക്തത മാറിയോ? പ്രതിപക്ഷ നേതാവിനേക്കാൾ വലിയ ആരെങ്കിലും അപ്പുറത്ത് ഇനി പ്രസംഗിക്കാനുണ്ടോ? ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ പ്രോസ്പെക്ടീവായി പിന്നാക്ക സമുദായങ്ങൾക്ക് നിയമനം ലഭിക്കുന്നതിനെ സംബന്ധിച്ച് വ്യക്തമായ തീരുമാനം എടുത്തുവെന്ന് മാത്രമല്ല ബാക്ക്‌ലോഗ് നികത്തുന്നതിനെ സംബന്ധിച്ച് മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു കമ്മിറ്റി ഇത് പരിശോധിക്കുമെന്ന് വ്യക്തമാക്കിയിരിക്കുകയാണ്. ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയത് ഓടരുത് അമ്മാവാ ആളറിയും എന്നാണ്. അദ്ദേഹം ഒളിച്ചോട്ടമാണ് നടത്തിയത്. ശ്രീ. കെ. പി. രാജേന്ദ്രൻ പറയുമ്പോൾ വ്യക്തതയുണ്ടാകുമെന്നാണ് തോന്നുന്നത്. അദ്ദേഹം മറ്റൊരു കാര്യം പറഞ്ഞു. ഡബ്ല്യു.ടി.ഒ. ഹോങ്കോങ് സമ്മേളനത്തിൽ ഞങ്ങളെല്ലാം വായിച്ചത്, അമേരിക്ക ഉൾപ്പെടെയുള്ള സാമ്രാജ്യശക്തികളുടെ അധിനിവേശം ഒഴിവാക്കാൻ കേന്ദ്രമന്ത്രി ശ്രീ. കമൽനാഥിന്റെ നേതൃത്വത്തിൽ ഇന്ത്യ വികസ്വര രാജ്യങ്ങളെ കൂടി പങ്കെടുപ്പിച്ചു കൊണ്ട് ശക്തമായ ഒരു ചെറുത്തുനിൽപ്പ് നടത്തിയെന്നാണ് വായിച്ചത്. അദ്ദേഹം പറയുന്നത് ഡബ്ല്യു.ടി.ഒ. കരാറിലൂടെ ഇന്ത്യ കീഴടങ്ങിക്കൊടുത്തുവെന്നാണ്. ഞങ്ങളാരും ആ രൂപത്തിൽ വായിച്ചില്ല എന്ന് മാത്രമല്ല, ഹോങ്കോങ്ങിൽ ഉണ്ടായ സംഘർഷത്തെക്കുറിച്ച് അദ്ദേഹം വളരെ വളച്ചൊടിച്ചാണ് പറയുന്നത്. മറ്റൊരുകാര്യം പറഞ്ഞു, എ.ഡി.ബി. വായ്പ സംബന്ധിച്ച് മാർക്സിസ്റ്റ് പാർട്ടിയുടെ നയം എന്താണ്? ഇന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ സെക്രട്ടറി ശ്രീ. പിണറായി വിജയൻ.....

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : ഹോങ്കോങ് സമ്മേളനത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞു. ഹോങ്കോങ് ചൈനയിലാണ്. അവിടെ നൂറ് വികസ്വര രാജ്യങ്ങളെ സംഘടിപ്പിച്ച് ലോകത്തെ വികസ്വര രാജ്യങ്ങളിലെ കർഷകർക്കുവേണ്ടി ശബ്ദം വച്ചത് ഇൻഡ്യയും ബ്രസീലുമാണ്. ചൈനയിലായിട്ടു പോലും, കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിക്കുന്ന രാജ്യമായിട്ടുപോലും ഒരക്ഷരം ഉരിയാടിയില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ബാബു : സർ, എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്ന് മാത്രമല്ല ഇപ്പോൾ എ.ഡി.ബി. വായ്പ.....

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഹോങ്കോങ് ചൈനയിലല്ല എന്നല്ല ഞാൻ പറഞ്ഞത്. അവിടെ ചൈനീസ് ഗവൺമെന്റോ ചൈനയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയോ അവിടത്തെ കൃഷിക്കാർക്കുവേണ്ടി ഒരക്ഷരം ഉരിയാടിയില്ല ഹോങ്കോങ്ങിൽ അതാണ് പറഞ്ഞ്. അത് പറഞ്ഞത് ഇൻഡ്യയുടെ മന്ത്രി ശ്രീ. കമൽനാഥാണ്.

ശ്രീ. കെ. ബാബു : സർ, ഞാൻ അതുമായി ബന്ധപ്പെട്ട ഒരു പത്ര വാർത്ത വായിക്കാം. സോഷ്യലിസ്റ്റ് മുഖംമൂടി സൂക്ഷിക്കുമ്പോൾത്തന്നെ ലോക വ്യാപാര സംഘടനയുടെ എല്ലാ തിട്ടൂരങ്ങളും ശിരസ്സാ വഹിച്ചുകൊണ്ട് അതിൽ അംഗമാവുകയാണ്. ഇന്നൊരു വലതുപക്ഷ സ്വേച്ഛാധിപത്യമായി അധഃപതിച്ചു കഴിഞ്ഞ ചൈനയെ സമ്മേളന വിജയത്തിനുള്ള ഏറ്റവും അനുകൂലമായ സ്ഥലമായിട്ടാണ് സാമ്രാജ്യത്വ കേന്ദ്രങ്ങൾ വിലയിരുത്തുന്നത്. ഞാൻ പറഞ്ഞുവന്നത് എ.ഡി.ബി. വായ്പ സംബന്ധിച്ചാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അതുപോലെ ഇറാന്റെ കാര്യം പറഞ്ഞു. സെക്യൂരിറ്റി കൗൺസിൽ തീരുമാനിച്ചാലേ അമേരിക്കയാണെങ്കിലും ഏത് രാജ്യമാണെങ്കിലും വല്ലതും ചെയ്യാൻ കഴിയുകയുള്ളൂ. സെക്യൂരിറ്റി കൗൺസിലിലെ സ്ഥിരാംഗമാണ് ചൈന. ചൈന അവിടെ വീറ്റോ പ്രയോഗിച്ചാൽ അത് അവിടെ നടപ്പില്ല. അത് ഇവിടത്തെ സി.പി.എം. വിചാരിച്ചാൽ നടക്കുമോ? സെക്യൂരിറ്റി കൗൺസിൽ സ്ഥിരാംഗങ്ങൾക്ക് വീറ്റോ പവർ ഉണ്ട്. അവിടെ ഒരാൾ വീറ്റോ പ്രയോഗിച്ചാൽ, ചൈന വീറ്റോ പ്രയോഗിച്ചാൽ സെക്യൂരിറ്റി കൗൺസിൽ പാസ്സാകില്ല. ചൈനയും റഷ്യയും അതിനെ അനുകൂലിക്കുന്നത് ശ്രീ. നാണു വിചാരിച്ചാൽ നടക്കുകയില്ലല്ലോ?

ശ്രീ. കെ. ബാബു: സർ, ശ്രീ. ആര്യാടൻ മുഹമ്മദ് സൂചിപ്പിച്ചതു പോലെ സെക്യൂരിറ്റി കൗൺസിൽ അംഗങ്ങളായിട്ടുള്ള ചൈനയ്ക്കും റഷ്യയ്ക്കും വീറ്റോ ചെയ്യാമായിരുന്നു. ചെയ്തില്ല. ഇനിയും ചെയ്യാം. മാർക്സിസ്റ്റ് പാർട്ടി എന്നുപറയുന്നത് ഒരു പ്രാദേശിക പാർട്ടിയല്ലല്ലോ? നിങ്ങൾ അന്തർദേശീയ ബന്ധങ്ങളുള്ള പാർട്ടിയാണല്ലോ. നിങ്ങൾക്ക് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയോട് പറഞ്ഞാൽ പോരേ? സി.പി.എം. പ്രാദേശിക പാർട്ടിയല്ല. നിങ്ങൾ അന്തർദേശീയ ബന്ധങ്ങളുള്ള പാർട്ടിയാണ്. നിങ്ങൾക്ക് ചൈനയോട് ഇത് വീറ്റോ ചെയ്യാൻ ആവശ്യപ്പെടാമല്ലോ? ഞാൻ പറഞ്ഞുവരുന്നത് എ.ഡി.ബി. വായ്പയെ സംബന്ധിച്ചാണ്. ഇന്ന് ശ്രീ. പിണറായി വിജയന്റെ ഒരു ലേഖനത്തിൽ മുകളിൽ പറഞ്ഞ പ്രശ്നങ്ങളെ ആസ്പദമാക്കി കേരളത്തിൽ ശക്തമായ പ്രക്ഷോഭണ സമരങ്ങൾ പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയുണ്ടായി. പാർട്ടി മേയർമാർ എ.ഡി.ബി. പ്രതിനിധികളുമായും സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരുമായി നടത്തിയ പലവട്ടം ചർച്ചയിൽ മുകളിൽപ്പറഞ്ഞ വിമർശനങ്ങളുണ്ടാവുകയും മുകളിൽപ്പറഞ്ഞ നിബന്ധനകളോടെയുള്ള വായ്പ സ്വീകരിക്കാൻ ആവുകയില്ലെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. കേരള ഗവൺമെന്റ് കൊടുത്ത ഉറപ്പുകൾ, ഞാൻ മുഴുവൻ വായിക്കുന്നില്ല. ഈ ഉറപ്പുകളിൽ പ്രധാനമായും തർക്കമുണ്ടായത് കുടിവെള്ള പൈപ്പ്ലൈനുമായി ബന്ധപ്പെട്ടാണ്. ഈ വ്യവസ്ഥകൾ, ഞങ്ങൾ അന്നും വിശദീകരിച്ചു, ഇന്നും വിശദീകരിക്കുന്നു, കേരളത്തിലെ ജനങ്ങൾക്ക് ദ്രോഹമായ ഒരു വ്യവസ്ഥയും കേരള ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. പക്ഷേ അന്നത്തെ വ്യവസ്ഥയിൽനിന്ന് ഒരു മാറ്റവും ഉണ്ടായിട്ടില്ല. ഇപ്പോൾ പറയുന്നത് നിങ്ങൾ പ്രക്ഷോഭം നടത്തി വ്യവസ്ഥകളിൽ മാറ്റമുണ്ടായി എന്നാണ്. ഒരു മാറ്റവും വന്നിട്ടില്ല. ശ്രീ. പിണറായി വിജയൻ വായ്പ എടുക്കാൻ ഒരു പുതിയ സൂത്രം പ്രയോഗിച്ചിരിക്കുകയാണ്. പ്രക്ഷോഭം നടത്തി മാറ്റമുണ്ടാക്കി എന്നാണ്. എന്ത് മാറ്റമാണ് ഉണ്ടായത് എ.ഡി.ബി. വ്യവസ്ഥയിൽ ? ശ്രീ. രാജേന്ദ്രന് ഒന്നു പറയാമോ? മാറ്റമുണ്ടായി എന്ന് ശ്രീ. രാജേന്ദ്രൻ സമ്മതിക്കാമോ? എനിക്ക് അറിയേണ്ടത് ശ്രീ. പിണറായി വിജയൻ പറയുന്നത് എ.ഡി.ബി. വായ്പ - പാർട്ടി നയം സുവ്യക്തം. വ്യവസ്ഥകളിൽ മാറ്റമുണ്ടായി എന്നാണ്. രാജേന്ദ്രന്റെ പാർട്ടി സമ്മതിക്കുമോ? ശ്രീ. വെളിയം ഭാർഗ്ഗവൻ സമ്മതിക്കുമോ? സി.പി.ഐ. സമ്മതിക്കുമോ? ശ്രീ. രാജേന്ദ്രന്റെ പാർട്ടി എഡിബി വായ്പയ്ക്കെതിരായി പ്രക്ഷോഭം നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ കോർപ്പറേഷനിലുള്ള അവരുടെ അംഗങ്ങൾ എ.ഡി.ബിക്ക് അനുകൂലമായി വോട്ട് ചെയ്തു എന്നാണ് ഞങ്ങൾ വാർത്ത വായിച്ചത്. എന്ന് മാത്രമല്ല എ.ഡി.ബി. സഹായത്തോടെയുള്ള എം.ജി.പി. ശ്രീ. രാജേന്ദ്രൻ ചെർപ്പിൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

ശ്രീ. പി. ടി. തോമസ് : സർ, എ.ഡി.ബി.-യുടെ സഹായത്തോടെയുള്ള ഒരു പദ്ധതി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കാഞ്ഞിരപ്പള്ളിയിൽ ഉദ്ഘാടനം ചെയ്ത വിവരം അങ്ങേക്ക് അറിയാമോ?

ശ്രീ. കെ. ബാബു : സർ, എനിക്കറിയാം.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഭിപ്രായം എ.ഡി.ബി. വായ്പയെ സംബന്ധിച്ച് ഞങ്ങളുടെ പാർട്ടി സെക്രട്ടറി ശ്രീ. വെളിയം ഭാർഗ്ഗവൻ വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ വളരെ പ്രസക്തമായ ഒരു കാര്യം, ഈ സഭ അറിയേണ്ട കാര്യം, കേരള ഗവൺമെന്റ് എ.ഡി.ബി.-യുമായി അങ്ങനെയൊരു വായ്പാ കരാറിൽ ഒപ്പുവയ്ക്കുമ്പോൾ നമ്മുടെ കോർപ്പറേഷനുകൾക്ക് വേണ്ടി സുസ്ഥിര നഗര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പണം വായ്പയായി വാങ്ങുന്ന ഒരു കരാറിൽ ഏർപ്പെടുമ്പോൾ കേരള ഗവൺമെന്റിനുവേണ്ടി ഒപ്പുവയ്ക്കുന്ന വ്യവസ്ഥകൾ അല്ലെങ്കിൽ അവർ വയ്ക്കുന്ന കരാറിലെ നിർദ്ദേശങ്ങൾ അല്ലെങ്കിൽ ആ ചർച്ചയുടെ വിശദാംശങ്ങൾ എന്താണെന്നറിയാൻ ഈ നിയമസഭയ്ക്ക് അവകാശമില്ലേ? ഈ സഭയിലെ അംഗങ്ങൾക്ക് ഒരു രേഖയോ അതിന്റെ വ്യക്തമായ വിശദാംശങ്ങളോ ഒന്നും ഇന്നിയും വ്യക്തമാക്കിയിട്ടില്ല. ഒരു വിവരവും ഈ സഭയിൽ വച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, ശ്രീ. രാജേന്ദ്രൻ ഞാൻ പറഞ്ഞതിന് മറുപടി പറഞ്ഞില്ല. എ.ഡി.ബി. വ്യവസ്ഥയിൽ മാറ്റമുണ്ടായി എന്ന് ശ്രീ. പിണറായി വിജയൻ പറയുന്നു. അതിന്റെ അടിസ്ഥാനത്തിൽ മാർക്സിസ്റ്റ് പാർട്ടി ഭരിക്കുന്ന കോർപ്പറേഷനുകൾ എ.ഡി.ബി. വായ്പയെടുക്കാൻ തീരുമാനിച്ചു. ശ്രീ. വി. എസ്. അച്ചുതാനന്ദനെ പിന്താങ്ങുന്ന കൊച്ചി കോർപ്പറേഷനിലെ ഭരണ സമിതി അതിന് അനുമതിച്ചിട്ടില്ല. പക്ഷേ ശ്രീ. പിണറായി വിജയനെ പിന്താങ്ങുന്ന കോർപ്പറേഷനുകൾ സമ്മതിക്കുകയും ചെയ്തു. ഇവിടത്തെ പ്രശ്നം എ.ഡി.ബി.-യുടെ വ്യവസ്ഥകളിൽ മാറ്റം ഉണ്ടായോ? ശ്രീ. രാജേന്ദ്രൻ പറയുന്നത് മാറ്റം ഉണ്ടായിട്ടില്ലെന്നാണ്. ഞങ്ങൾ പറയുന്നത് മാറ്റം ഉണ്ടായിട്ടില്ല. എ.ഡി.ബി. വായ്പ എടുക്കുന്നതിന് ശ്രീ. പിണറായി വിജയൻ ഒരു പുകമറ സൃഷ്ടിക്കുകയാണ് ഈ ലേഖനത്തിൽ. സി.പി.എം.-ന്റെ നിലപാടിൽ മാറ്റമുണ്ടായോ? ഉണ്ടെങ്കിൽ പറയണം. നമ്മുടെ ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റുകാരും കേരളത്തിലെ കമ്മ്യൂണിസ്റ്റുകാരും ഏറ്റവും കൂടുതൽ പഠിക്കുന്ന ഒരു പുസ്തകം, ഏറ്റവും കൂടുതൽ പഠിപ്പിക്കുന്ന ഒരു പുസ്തകം ലിയു ഷാവോജിയുടെ How to become a good Communist എന്നുള്ള പുസ്തകമായിരുന്നു. ഇപ്പോൾ ശ്രീ. പിണറായി വിജയന്റെ ജാഥ കഴിഞ്ഞപ്പോൾ ഒരു കാര്യം വ്യക്തമായി. മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാർ ശ്രമിക്കുന്നത് how to become a good Communist എന്ന് ആകാനല്ല, how to become a good Capitalist എന്നുള്ള ചിന്തയാണ് ഇന്ന് അവർക്കുള്ളത്. ശ്രീ. പിണറായി വിജയന്റെ ബ്രേക്ക്ഫാസ്റ്റിൽ പങ്കെടുത്തതിനെക്കുറിച്ചുള്ള ലിസ്റ്റ് ഇവിടെ വായിച്ചു. വന്നുവന്ന് ഇൻകം ടാക്സ് സർട്ടിഫിക്കറ്റ് പ്രൊഡ്യൂസ് ചെയ്യാത്തവർക്ക് ശ്രീ. പിണറായി വിജയന്റെ ബ്രേക്ക്ഫാസ്റ്റിൽ പങ്കെടുക്കാനാവില്ല. ഇത് എന്തൊരു പാർട്ടിയാണ്? ഇൻകംടാക്സ് കൊടുക്കാത്തവർക്ക് ബ്രേക്ക്ഫാസ്റ്റിൽ പങ്കെടുക്കാൻ നിവൃത്തിയില്ല. ശ്രീ. പിണറായി വിജയൻ ശ്രമിക്കുന്നത്, അദ്ദേഹം ഭരണത്തിൽ വന്നാൽ മുതലാളിമാരുടെ പ്രശ്നങ്ങൾക്കൊക്കെ ഉറപ്പ് കൊടുക്കുകയാണ്. അദ്ദേഹം മുതലാളിമാരെ സഹായിക്കുന്ന നയം സ്വീകരിക്കും എന്നുള്ള ഉറപ്പാണ് ബ്രേക്ക്ഫാസ്റ്റിലൂടെ നൽകിക്കൊണ്ടിരിക്കുന്നത്. ഇത് മാർക്സിസ്റ്റ് പാർട്ടിയുടെ നയമാണോ? ഒരു കാര്യം കൂടി. ഡി.ഐ.സി.-യുടെ കാര്യം നിങ്ങൾ ഒരുപാട് ചർച്ച ചെയ്തു. ഞങ്ങളുടെ ഒരു കാരണവരായിരുന്നു ഇപ്പോൾ അങ്ങോട്ട് വന്നിട്ടുള്ളത്. ഞങ്ങൾ അദ്ദേഹത്തിന്റെ പങ്ക് വച്ചിട്ടേ ബാക്കി കാര്യങ്ങൾ തീരുമാനിക്കാറുള്ളൂ. നല്ല നിലയിൽ കഴിഞ്ഞ കുടുംബമാണ്. അച്ഛനെ ഞങ്ങൾ ലോക്സഭാ മെമ്പറാക്കി. മകൾക്ക് ഞങ്ങൾ സ്ഥാനാർത്ഥിത്വം കൊടുത്തു ലോക്സഭയിൽ. മകനെ മന്ത്രിയാക്കി, നിയമസഭയിൽ മൽസരിപ്പിച്ചു. അങ്ങനെ നല്ല നിലയിൽ കഴിഞ്ഞ ഒരു കുടുംബമാണ്. ആ കുടുംബത്തെ ഇങ്ങനെയിട്ട് വട്ടുതട്ടുത് എന്താണ് എനിക്ക് പറയാനുള്ളത്. ഈ സംസ്ഥാനത്തിന്റെ ദിശാബോധം നൽകുന്ന ഈ നയം ഗവർണറിലൂടെ ഇവിടെ അവതരിപ്പിച്ച ഗവൺമെന്റിനെ ശക്തമായി പിന്താങ്ങുന്നു. ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. പി. മോഹനൻ : സർ, നന്ദി പ്രമേയത്തെ എതിർക്കുന്നു. നടപ്പിലാക്കാൻ കഴിയാത്ത നയപ്രഖ്യാപനങ്ങളും പഴയതിന്റെ ആവർത്തനവും അതിന് നന്ദി രേഖപ്പെടുത്താൻ വളരെ പാടുപെട്ടിട്ടും ഒന്നുംകിട്ടാതെ വന്നപ്പോൾ എൽ.ഡി.എഫ്.-നെ കുറ്റം പറയാൻ മാത്രം സമയം കണ്ട് രക്ഷപ്പെടുന്ന രീതിയാണ്

LIBRARY ARCHIVES Kerala Legislative Assembly

വളരെ ഊർജ്ജസ്വലനായി എല്ലാം അവതരിപ്പിക്കുന്ന ശ്രീ. കടവൂർ ശിവദാസനിൽ നിന്നും കണ്ടത്. ഒരുകാര്യം മറന്നുപോയി; നാലരവർഷമായി ഈ നാട്ടിലെ കർഷകരും വിദ്യാർത്ഥികളും പരമ്പരാഗത വ്യവസായികളും അദ്ധ്യാപകരും സർക്കാർ ജീവനക്കാരും ആദിവാസികളും നിരവധി ദുരന്തം അനുഭവിക്കുന്നതിനെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല. ആരോഗ്യമേഖല ആകെ താറുമാറായി. പാവപ്പെട്ട പെൻഷൻകാർക്കും വയോജനങ്ങൾക്കും എന്തെങ്കിലും നൽകുമെന്ന് പറയാൻ അങ്ങ് മുമ്പോട്ട് വന്നില്ല. ഇറങ്ങാൻ പോകുമ്പോൾ പഴയതിന്റെ ആവർത്തനമെന്ന നിലയിൽ പ്രഖ്യാപനങ്ങൾ മാത്രം. അത് നടപ്പിലാകാൻ പോകുന്നില്ല. ആവർത്തനമല്ലാതെ എന്താണ്? എനിക്ക് ഓർമ്മവരുന്നത് പഴയ കാലത്തെ ഗ്രാമഫോൺ പെട്ടിയിൽ റെക്കോർഡ് വച്ചുകഴിഞ്ഞാൽ പാട്ടുവരും. പക്ഷേ അത് മുഴുവനായി കേൾക്കാൻ കഴിയില്ല. ഉദാഹരണമായി രമണനിലെ പാട്ടാണെങ്കിൽ "കാനന ചോലയിൽ ആടുമേയ്ക്കാൻ ഞാനും വരട്ടയോ നിന്റെ കൂടെ, നിന്നെയൊരിക്കൽ...." എന്നുപറഞ്ഞിട്ട് പിന്നെ വരികയില്ല. നിന്നെയൊരിക്കൽ ഞാൻ കൊണ്ടുപോ കൊണ്ടുപോ എന്നുപറയുന്ന പോലെയാണിപ്പോഴും. അതിനോടാണെനിക്കുപമിക്കാൻ തോന്നുന്നത്. അതുപോലെ ഇനിയും പറഞ്ഞുകൊണ്ടേയിരിക്കും. അതുകൊണ്ട് നിങ്ങളെങ്ങനെയെങ്കിലും ഇറങ്ങിയാലേ ഈ നാട് നന്നാകൂ. ഈ ഗവൺമെന്റ് അധികാരം ഏറ്റപ്പോൾ ശമ്പള പരിഷ്കരണം നടത്തുമെന്ന് സർക്കാർ ജീവനക്കാരോടും അദ്ധ്യാപകരോടും വാഗ്ദാനം നൽകിയെങ്കിലും ഇതുവരെ നടപ്പാക്കിയില്ല. ഇപ്പോൾ പറയുന്നു, ഇപ്പോൾ നടപ്പിലാക്കുമെന്ന്. അത് ഞാൻ നേരത്തെ പറഞ്ഞപോലെയാണ്. നടപ്പിലാക്കാൻ പോകുന്നില്ല. ഇനി മാർച്ചുമാസത്തിൽ നടപ്പിലാക്കുമെന്നു പറയും, ഏപ്രിൽ മാസം വരുമ്പോൾ പറയും തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചുവെന്ന്. പിന്നാട്ട് പോകില്ല. ആദിവാസികളെ വെടിവെച്ചു കൊന്നു. ഭൂമി കൊടുക്കുമെന്ന് പറഞ്ഞിട്ട് കൊടുത്തുമില്ല. ആദിവാസികൾക്ക് ഭൂമി നൽകുമെന്ന വാഗ്ദാനം നടപ്പാക്കണമെന്ന് ഹൈക്കോടതി ഇപ്പോൾ പറഞ്ഞിട്ടുണ്ട്. അതിനൊരു രക്ഷയുണ്ട്. 6 മാസത്തിനുള്ളിലല്ലേ കൊടുക്കേണ്ടൂ. 3 മാസം അപ്പോഴത്തേക്കും കഴിയും. അപ്പോൾ നിങ്ങൾക്ക് കൊടുക്കേണ്ടതില്ല. അന്നത്തെ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ജനുവിനോടും അതുപോലെയുള്ളവരോടും പറഞ്ഞത് അത് നടപ്പിലാക്കാൻ ഹൈക്കോടതി പറഞ്ഞതാണ്. അതിൽപ്പരം വേറെയെന്ത് തെളിവുവേണം. നിങ്ങൾ പറയുന്നത് നടപ്പിലാക്കുന്നില്ലായെന്നാണ്. വിദ്യാഭ്യാസ രംഗത്ത് ആഗോളസംഗമം നടത്തിയപ്പോഴാണ് സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് നിയന്ത്രണം വേണമെന്ന് ഗവൺമെന്റിന് മനസ്സിലായത്. ഞങ്ങൾ അന്ന് പറഞ്ഞപ്പോൾ ആഗോളസംഗമത്തെപ്പറ്റി നിങ്ങൾ കേട്ടില്ല. ആരോഗ്യ വകുപ്പ് കുറച്ചുകാലം കൈകാര്യം ചെയ്ത ബഹുമാനപ്പെട്ട കടവൂരിന് ഒന്നും പറയാനില്ല. പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ ഡോക്ടർമാരില്ലാത്ത, ജീവനക്കാരില്ലാത്ത സ്ഥിതിയാണ്. ഇന്ന് കാലത്ത് ശ്രീ. പി. സി. ജോർജ് അതുസംബന്ധിച്ച ഒരു സബ്മിഷൻ അവതരിപ്പിച്ചതാണ്. ആരോഗ്യമേഖല നശിച്ചിരിക്കുകയാണ്. പുതുതായി ആയുർവ്വേദ-ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടില്ല. ഗതാഗതമേഖലയെക്കുറിച്ച് ശ്രീ. എ. എൻ. രാജൻ ബാബു ഘോരമായി പ്രസംഗിച്ചു. കണ്ണൂരിൽ ആകെയുള്ള 94 ഷെഡ്യൂളിൽ 48 ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ട് പുതിയ സ്വകാര്യ മേഖലകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

അനുമതി നൽകിയിരിക്കുകയാണ്. അങ്ങനെ ശ്രദ്ധാഹിച്ചുകൊണ്ടിരിക്കുമ്പോഴാണ് പറയുന്നത് ഈ സർക്കാർ ഇന്നതൊക്കെ ചെയ്യുമെന്ന്. "അതിവേഗം ബഹുദൂരം" എന്നാണ് കുറേക്കാലം കൊണ്ട് കേട്ടുകൊണ്ടിരിക്കുന്നത്. വിരല്പ്പ് വിപ്ലവം നടത്തുമെന്ന് വാഗ്ദാനം ചെയ്തിട്ട് അത് നടത്തിയില്ല. രണ്ട് പഞ്ചായത്തുകൾ കൂടിച്ചേരുന്ന വില്ലേജുകളെ വിഭജിച്ച് രണ്ട് വില്ലേജുകളാക്കും. രണ്ട് പഞ്ചായത്തുകൾക്ക് ഒരു വില്ലേജാണ് നമുക്കുള്ളത്. അങ്ങനെയുള്ള വാഗ്ദാനങ്ങളൊന്നും ഇവിടെ പാലിച്ചിട്ടില്ല. നടപ്പിലാക്കാൻ കഴിയാത്ത വാഗ്ദാനങ്ങളാണ് നാലര വർഷമായി ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ഈ നയപ്രഖ്യാപനത്തെ സാധാരണ ജനങ്ങൾ പുച്ഛിച്ച് തള്ളുമെന്നതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടാണ് ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നത്.

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, കേരളത്തിന്റെ സമസ്ത മേഖലകളിലേക്ക് വെളിച്ചംവിശുന്ന നമ്മുടെ ബഹുമാനപ്പെട്ട ഗവർണർ ശ്രീ. ആർ.എൽ. ഭാട്ടിയ നൽകിയ പ്രസംഗത്തിന് നന്ദിപ്രകാശിപ്പിക്കുന്ന ശ്രീ. കടവൂർ ശിവദാസന്റെ പ്രസംഗത്തിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ, പാവപ്പെട്ടവരുടെ മേഖലയിൽ, വ്യവസായ മേഖലയിൽ വളരെയധികം നേട്ടങ്ങളുണ്ടാക്കിയെന്ന് തെളിവുകൾ സഹിതം എനിക്കുദ്ധരിക്കാൻ സാധിക്കും. പക്ഷേ സമയക്കുറവുമൂലം അതിലേക്ക് കടക്കാൻ എനിക്ക് സാധിക്കുകയില്ല. ഒന്ന് ഞാനിവിടെ സൂചിപ്പിക്കട്ടെ. ഞാനിങ്ങോട്ട് വരുന്ന ദിവസങ്ങൾക്കുമുമ്പ് സമഗ്ര ഇൻഷ്വറൻസ് പദ്ധതി കുടുംബശ്രീ മുഖേന നമ്മുടെ തദ്ദേശ സ്വയംഭരണവകുപ്പ് നടപ്പാക്കിയ തുക പാവപ്പെട്ട ഒരു കുടുംബത്തിന് അപകടമരണത്തിൽ മരണപ്പെട്ടവർക്ക് ആ സംഖ്യ കൊടുത്തിട്ടാണ് ഇവിടെ വരുന്നതെന്ന് ബഹുമാനപ്പെട്ട കെ. പി. മോഹനനോട് ഞാൻ സൂചിപ്പിക്കട്ടെ. അങ്ങ് പറഞ്ഞു ഇവിടെ ഒന്നും നടക്കുന്നില്ലെന്ന്. വിദ്യാഭ്യാസ മേഖലയിൽ എഡ്യൂസാറ്റ് സംവിധാനം നടപ്പാക്കി. എഡ്യൂസാറ്റ് എന്തെന്ന് ശ്രീ. കെ. പി. മോഹനന് അറിയില്ല. ഇവിടെ രാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾകലാം പ്രസംഗിക്കുമ്പോൾ എന്റെ നാട്ടിലെ പാവപ്പെട്ട വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ അത് എഡ്യൂസാറ്റ് വഴി കാണുന്ന കാഴ്ച കണ്ട് എനിക്ക് സന്തോഷം തോന്നി.

ശ്രീ. കെ. പി. മോഹനൻ: സർ, എഡ്യൂസാറ്റ് പദ്ധതി ആദ്യമായി നടപ്പിലാക്കിയത് എന്റെ മണ്ഡലത്തിലാണ്.

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, 14 ലക്ഷം വിദ്യാർത്ഥികൾക്ക് ഐ.റ്റി. പഠനം സാധ്യമാക്കി. എസ്.എസ്.എൽ.സി.-യിൽ ആദ്യമായി ഐ.റ്റി. ഒരു പഠനവിഷയമാക്കി. എസ്.എസ്.എൽ.സി-ക്ക് ഗ്രേഡിംഗ് സമ്പ്രദായവും നടപ്പാക്കി. അങ്ങ് ഈ കാര്യങ്ങളിലേക്ക് തിരിഞ്ഞുനോക്കണം. എല്ലാ ഹൈസ്ക്കൂളുകളിലും കമ്പ്യൂട്ടർ ലാബുകൾ ഏർപ്പെടുത്തി. കമ്മ്യൂണിസത്തിൽ എവിടെയും കമ്പ്യൂട്ടറിനെക്കുറിച്ച് പറയുന്നില്ല. കമ്പ്യൂട്ടർ വിദ്യാഭ്യാസം എല്ലാ വിദ്യാലയങ്ങളിലും നടപ്പിലാക്കിയ അഭിമാനകരമായ ഒരു സർക്കാരാണ് ഇന്ന് ഇവിടെ ഭരിക്കുന്നതെന്ന് പറയാൻ എനിക്ക് കഴിയും. ഇന്നലെ നിങ്ങളുടെ ശ്രീമതി പി. കെ. ശ്രീമതി ടീച്ചറും ഇന്നിവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പറഞ്ഞു മലേഷി തഷ്ടപ്പെട്ടപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അതിൽ നിന്നാണ് മുസ്ലീം ലീഗിന് ആവേശം വന്നതെന്ന്. പക്ഷേ ഞങ്ങൾ പറയുന്നില്ല. നമ്പ്രന്ദൻ കമ്മിഷൻ റിപ്പോർട്ടിനെ സംബന്ധിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമീപനം വ്യക്തമാക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് പറഞ്ഞപ്പോൾ അദ്ദേഹം മാഷ്ട്രീയമായി ഒളിച്ചോടുകയായിരുന്നു. സമൂഹത്തിലെ പാവപ്പെട്ടവരെ വഞ്ചിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ഈ നയങ്ങൾ ഉപേക്ഷിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അന്ത്യോദയ, കുടുംബശ്രീ എന്നീ പദ്ധതികൾ ഞങ്ങളുടെ നാട്ടിൽ നടപ്പിലാക്കുകയാണ്. ഞാൻ അഭിമാനത്തോടെ പറയട്ടെ, ഉന്നത വിദ്യാഭ്യാസരംഗത്ത് വളരെ പിന്നാക്കം നിന്നിരുന്ന മലപ്പുറം ജില്ലയിൽനിന്ന് 2 വിദ്യാർത്ഥികൾക്ക് ചരിത്രത്തിലാദ്യമായി ഐ.എ.എസ് ലഭിച്ചു എന്ന് അഭിമാനത്തോടെ പറയാൻ സാധിക്കും. എന്റെ മണ്ഡലത്തിൽനിന്നുമാണ് അത് രണ്ടും ലഭിച്ചത്. ഒന്ന് ബാബു സിദ്ദിക്, അതുപോലെത്തന്നെ ഡോ. ആലിസിന്റെ മകനുമാണ് ഐ.എ.എസ്.കിട്ടിയത്. ഞാൻ കളവ് ഇന്നുവരെ നിയമസഭയിൽ പറഞ്ഞിട്ടില്ല, പറയുകയുമില്ല. സത്യവിരുദ്ധമായ വാർത്തകൾ ഞാനൊരിക്കലും ഇവിടെ പറയുകയില്ല. ഇന്ന് നമ്മുടെ ആർ.എസ്.പി-യുടെ മെമ്പർ സൂചിപ്പിച്ച കാര്യങ്ങൾ ശ്രദ്ധിച്ചോ? പതിനായിരം ആളുകൾക്ക് ജോലി നൽകുന്ന ടെക്നോപാർക്ക് അദ്ദേഹത്തിന്റെ മണ്ഡലത്തിൽ കൊണ്ടുവരുന്നു. സ്ഥലമെടുപ്പിനെക്കുറിച്ചാണ് അദ്ദേഹത്തിന്റെ ആക്ഷേപം. അല്ലാതെ ടെക്നോപാർക്ക് കൊണ്ടുവരുന്നതിനെക്കുറിച്ച് അദ്ദേഹം സംസാരിച്ചിട്ടില്ല. ശ്രീ. എം. എ. വാഹീദ് അതിനുവേണ്ടി പ്രവർത്തിച്ച ആളാണ്. അങ്ങയുടെ സബ്മിഷൻ ഞാൻ കേട്ടു. അങ്ങുപറഞ്ഞത് ആ സ്ഥലമെടുപ്പിൽ എന്തോ ഗൂഢാലോചന നടക്കുന്നു അത് ശ്രദ്ധിക്കണമെന്നാണ്. പക്ഷേ വ്യവസായം കൊണ്ടുവരുന്നതിനെക്കുറിച്ച് അങ്ങ് ഒരക്ഷരം പറഞ്ഞിട്ടില്ല. ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് സൗത്തോർജ്ജ ഗ്യാലറി നിലവിൽ വന്നു. അവിടെ ത്രീഡി തിയേറ്റർ പ്രവർത്തനമാരംഭിച്ചു. തിരുവനന്തപുരത്ത് കുട്ടികളുടെ ലൈബ്രറി തുടങ്ങി. വിദ്യാഭ്യാസരംഗത്ത് നമുക്ക് ഗ്രേഡിംഗ് സിസ്റ്റം കൊണ്ടുവരാൻ സാധിച്ചു. കേരളത്തിൽ പ്രവർത്തിക്കുന്ന ഏക മുസ്ലീം വനിതാ കോളേജ് എന്റെ നിയോജകമണ്ഡലത്തിലാണെന്നതിൽ അഭിമാനമുണ്ട്. ആ കോളേജിലെ ബീന്ദു, ആശ എന്നീ രണ്ട് പാവപ്പെട്ട കുട്ടികൾക്ക് കോഴിക്കോട് യൂണിവേഴ്സിറ്റിയിൽനിന്നും റാങ്ക് കിട്ടിയെന്ന് പറഞ്ഞപ്പോൾ എനിക്ക് അഭിമാനം തോന്നി. ആ കോളേജ് കൊണ്ടുവന്നപ്പോൾ അവിടെ അഡ്മിഷനുവന്നത് രണ്ട് കുട്ടികളായിരുന്നു. ഇന്ന് ആയിരത്തോളം കുട്ടികൾ അവിടെ പഠിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് നേട്ടങ്ങളുണ്ടാക്കിയ ഒരു മുന്നണിയാണ് ഇവിടെ പ്രവർത്തിക്കുന്നതെന്ന് എനിക്ക് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. പെരിന്തൽമണ്ണയിൽ ആദ്യമായി ഒരു മെഡിക്കൽ കോളേജും എഞ്ചിനീയറിംഗ് കോളേജും കൊണ്ടു വരാൻ സാധിച്ചു. അതുപോലെ കണ്ണൂരിൽ പരിയാരം മെഡിക്കൽ കോളേജ് കൊണ്ടുവരാൻ സാധിച്ചു. എക്സ്പ്രസ് ഹൈവേ വേണ്ടെന്ന് ഇവിടെ പലരും പറയും. പക്ഷേ നാടോടുമ്പോൾ നമുക്ക് അതിനോടൊപ്പം വളരണ്ടേ? കർണാടകയും തമിഴ്നാടും വളരുമ്പോൾ നമ്മുടെ സംസ്ഥാനം പുറകോട്ടുപോകാമോ? ഇവിടെവരുന്ന ടൂറിസ്റ്റുകൾ ഗതാഗതത്തിനുപറ്റിയ റോഡുകൾ അന്വേഷിച്ച് നടക്കുകയാണ്. ഇവിടെ ഒരു എക്സ്പ്രസ് ഹൈവേ വന്നപ്പോൾ അതിനെ

LIBRARY ARCHIVES Kerala Legislative Assembly

എതിർത്തു, എന്തുവന്നാലും എതിർക്കും. പക്ഷേ നമ്മുടെ എം.എൽ.എ.-മാരായ ശ്രീ. എം. വി. ജയരാജനും ശ്രീ. പി. ജയരാജനും അതിനെ അഭിനന്ദിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഇനിയെങ്കിലും കണ്ണുതുറക്കാനും സത്യം മനസ്സിലാക്കാനും ഇടതുപക്ഷത്തും ആളുകളുണ്ടെന്ന് കണ്ടതിൽ എനിക്ക് സന്തോഷമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സംവരണ കാര്യത്തിൽ മുസ്ലീം ലീഗിന്റെ നയമെന്താണെന്ന് ചോദിച്ചു. ഞങ്ങളുടെ നയം ഇവിടെ സംവരണം നടപ്പാക്കണമെന്നാണ്, നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കണമെന്നാണ്. പക്ഷേ അവരുടെ നയം അവർ പറഞ്ഞിട്ടില്ല. അതിനെക്കുറിച്ച് മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയമെന്താണെന്ന് വ്യക്തമാക്കണമെന്നു പറഞ്ഞപ്പോൾ ഒരക്ഷരം ഉരിയാടാതെയാണ് അദ്ദേഹം പുറകോട്ടുപോയത്. Right to information-ന്റെ കാര്യവും കൂടി ഞാൻ പറയുകയാണ്. ഇന്ത്യ സ്വതന്ത്രമായതിനുശേഷം വർഷങ്ങൾ കഴിഞ്ഞു. നമ്മൾ ഒരു ഓഫീസിൽ ചെന്നാൽ എന്താണ് വേണ്ടതെന്ന് ചോദിക്കും. എന്താണ് വേണ്ടതെന്ന് ചോദിച്ചാൽ അവൾ അത് പറഞ്ഞുതരില്ല. പാർലമെന്റ് അറിയാനുള്ള അവകാശം സംബന്ധിച്ച് നിയമം പാസ്സാക്കി ജനങ്ങൾക്ക് നൽകി. അതിന്റെ ചുവടുപിടിച്ചുകൊണ്ട് കേരളത്തിൽ ആ നിയമം നടപ്പാക്കാൻ ഇവിടെ മോഡൽ ഏജൻസിയെ നിയമിച്ചു. ബ്രിട്ടീഷ് ഭരണകാലത്ത് കൈകാര്യം ചെയ്തിരുന്ന രീതിയാണ് ഇന്നും നമ്മുടെ ഓഫീസുകളിൽ നടക്കുന്നത്. ആർക്കെങ്കിലും രഹസ്യങ്ങളും മറ്റും സ്വതന്ത്രമായി അറിയണമെങ്കിൽ അതിന് യാതൊരു വഴിയും ഇന്നില്ല. ഇന്ന് അതിനൊരു മോഡൽ ഏജൻസിയെ, പബ്ലിക് റിലേഷൻസ് വകുപ്പിനെ അധികാരപ്പെടുത്തിക്കൊണ്ട്, അഞ്ചംഗ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ആ നിയമം സത്യസന്ധമായി ഇവിടെ നടപ്പാക്കാൻ ഈ ഗവൺമെന്റ് മുന്നോട്ടുവന്നതാണ്. സമസ്ത മേഖലയിലും കാർഷികരംഗത്ത്, വ്യവസായികരംഗത്ത് വളരെയധികം നേട്ടങ്ങൾ നമുക്കുണ്ടാക്കാൻ സാധിച്ചു. എൽ.&ജി. ടെർമിനൽ, വല്ലാർപ്പാടം കണ്ടെയ്നർ, ഇന്റർനാഷണൽ ബാങ്കിംഗ് ടെർമിനൽ, കായംകുളം എൻ.ടി.പി.സി. വികസനം ഇങ്ങനെ നിരവധി വ്യവസായങ്ങൾ നമ്മുടെ രാജ്യത്തുണ്ടായി. വിദേശ വ്യവസായികളെ കേരളത്തിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചാൽ ഏത്ര ഏക്കറാണ് അവർക്ക് കൊടുക്കുന്നത് എന്നതിനെക്കുറിച്ചാണ് പ്രതിപക്ഷത്തുനിന്നും അതുപോലെ പ്രതിപക്ഷനേതാവിൽനിന്നുമൊക്കെയുള്ള ഭാഗങ്ങൾ. വ്യവസായങ്ങൾ കൊണ്ടുവന്ന് നാലാളുകൾക്ക് ജോലി കൊടുക്കുന്നത് ഈ രാജ്യത്ത് ദ്രോഹമാണോ? ഇവിടെ വ്യവസായികളെ കേരളത്തിലേക്ക് ആകർഷിച്ചിട്ടുണ്ടെങ്കിൽ അത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണെന്നുള്ളത് വളരെ അഭിമാനത്തോടുകൂടി സൂചിപ്പിക്കട്ടെ. കേരളത്തിന്റെ സമസ്ത മേഖലകളിലേക്കും വെളിച്ചം വീശുന്ന, ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച ഗവർണറുടെ നയപ്രഖ്യാപനത്തെ സർവ്വാത്മനാ അനുകൂലിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തട്ടെ.

ശ്രീ. ജോണി നെല്ലൂർ: സർ, ഇവിടെ ബഹുമാന്യനായ കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഈ നന്ദിപ്രമേയത്തെ എതിർക്കാൻ എന്നെ പ്രേരിപ്പിക്കുന്നത് കഴിഞ്ഞ കുറേ വർഷങ്ങളായി ഈ നിയമസഭയിൽ ഗവർണർമാരുടെ നയപ്രഖ്യാപന പ്രസംഗങ്ങളും അതിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയങ്ങളുമൊക്കെ കേട്ട് പരിചയമുള്ള ഒരംഗമെന്നുള്ള നിലയിലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാന്യനായ

LIBRARY ARCHIVES Kerala Legislative Assembly

ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി അധികാരമേറ്റെടുത്തതിനുശേഷം രണ്ടാമത്തെ നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ നടക്കുന്നത്. 2001-ലെ തെരഞ്ഞെടുപ്പുകഴിഞ്ഞ് അധികാരത്തിൽവന്ന ബഹുമാന്യനായ എ. കെ. ആന്റണി അധികാരമേറ്റെടുത്തതിനു ശേഷം നടക്കുന്ന ആറാമത്തെ നയപ്രഖ്യാപന പ്രസംഗമാണ്. ഈ നയപ്രഖ്യാപന പ്രസംഗം കേരളമാകെയല്ല, ലോകമാകെ വീക്ഷിക്കുന്ന സാഹചര്യമുണ്ട്. പറയുന്ന കാര്യങ്ങൾ ഒരു കാരണവശാലും നടപ്പാക്കുകയില്ലെന്ന് നിർബന്ധബുദ്ധിയുള്ള ഒരു ഗവൺമെന്റാണ് ഇപ്പോഴിവിടെ അധികാരത്തിലിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ മുദ്രാവാക്യം എന്താണ്? അതിവേഗം ബഹുദൂരം എന്നാണ്. ശരിയാണ്, വളരെ ആലോചിച്ചെടുത്ത ഒരു മുദ്രാവാക്യമാണ്. അതിവേഗം ബഹുദൂരം ജനങ്ങളിൽനിന്നും അകന്നുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. എല്ലാ മേഖലയിലും എല്ലാ വിഭാഗം ആളുകളും വെറുക്കുന്ന, എതിർക്കുന്ന ഒരു ഗവൺമെന്റ്. ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഈ നിയമസഭയിലില്ല. അദ്ദേഹം അനാരോഗ്യംമൂലം കിടക്കുന്നു, ദുഃഖമുണ്ട്. പക്ഷേ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഈ നിയമസഭയ്ക്കും കേരളത്തിനും അപമാനകരമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സഭയിൽ അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന എംഎൽഎ-മാർ, രണ്ടുതവണ എംഎൽഎ-മാരുണ്ടെന്നുള്ളത് ആദ്യമായി കേരള നിയമസഭയിൽ തെളിയിച്ച മുഖ്യമന്ത്രിയാണ് ശ്രീ. ഉമ്മൻ ചാണ്ടി. എത്രയോ മുഖ്യമന്ത്രിമാർ ഈ സഭയിലുണ്ടായിട്ടുണ്ട്. കാൻസർ രോഗികൾ, ഹൃദയസംബന്ധമായ രോഗം ബാധിച്ച ആളുകൾ അങ്ങനെയുള്ള നിർദ്ധനരായ പാവപ്പെട്ട ആളുകൾക്ക് രോഗം ബാധിക്കുമ്പോൾ ചികിത്സാഫണ്ട് പോരിച്ചുകൊണ്ട് ഒരു അപേക്ഷ കൊടുത്താൽ ഇവിടെ എല്ലാ മുഖ്യമന്ത്രിമാരും ആ തുക കക്ഷിഭേദമെന്യേ അനുവദിച്ചിരുന്നു. ഞാൻ പ്രതിപക്ഷത്തുള്ള ഒരു എം.എൽ.എ. ആണ്. എന്റെ മുന്നിൽ വരുന്നത് കോൺഗ്രസ്സുകാരാകാം, മുസ്ലീം ലീഗുകാരാകാം അവർ പാവപ്പെട്ട രോഗികളാണ്. ഞാൻ ഒരു അപേക്ഷ കൊടുത്താൽ അത് ജില്ലാകളക്ടർക്ക് റിപ്പോർട്ടിന് അയയ്ക്കുന്ന സമ്പ്രദായമാണ് മുഖ്യമന്ത്രി സ്വീകരിച്ചിരിക്കുന്നത്. അപ്പുറത്തുള്ള ആളുകൾ കൊടുത്താൽ അതിന്മേൽ തുക അനുവദിക്കും. .....(ബഹളം)..... ഞാൻ പ്രതിപക്ഷത്തായിപ്പോയി എങ്കിൽ എന്റെ നിയോജക മണ്ഡലത്തിലെ പാവപ്പെട്ട കോൺഗ്രസ്സുകാരൻ ഒരു രോഗിയാണെങ്കിൽ ആ രോഗി എന്റെയടുക്കൽ ഒരു അപേക്ഷ തന്നാൽ ആ കോൺഗ്രസ്സുകാരനായ രോഗിയോട് ഒരു വിവേചനം പാടുണ്ടോ? ഇതിന്മേൽ കേരള നിയമസഭയിൽ ആദ്യമായി വിവേചനപരമായി പെരുമാറുന്നതാണ് മുഖ്യമന്ത്രിയുടെ പ്രവർത്തനം. ഇവിടെ ശ്രീ. എം. എ. വാഹീദ് ബഹളം വച്ചല്ലോ, അദ്ദേഹത്തിനാണ് ഈ അനുഭവമുണ്ടായതെങ്കിൽ എന്തുചെയ്യും? എന്റെ കൈയിൽ പരാതി തന്നതു കാരണം ആ അപേക്ഷ ജില്ലാകളക്ടർക്ക് അയച്ചിരിക്കുന്നു. ശ്രീ. എം. എ. വാഹീദ് പുതിയ അംഗമാണ്.....(ബഹളം)..... ഇവിടെ അങ്ങ് മനസ്സിലാക്കണം, ഞാൻ കഴിഞ്ഞ 10-ാം നിയമസഭയിൽ അംഗമായിരിക്കുമ്പോൾ അന്നത്തെ മുഖ്യമന്ത്രി, അന്തരിച്ചുപോയ ഇ. കെ. നായനാർക്കെതിരെ ആരോപണം ഉന്നയിച്ചിട്ടുള്ള ആളാണ്. പക്ഷേ ഞാൻ മുഖ്യമന്ത്രിയുടെ ചികിത്സാ ഫണ്ടിന് അപേക്ഷ കൊടുത്തപ്പോൾ തുക അനുവദിച്ചിരുന്നു. ആ മര്യാദയെങ്കിലും ശ്രീ. ഉമ്മൻചാണ്ടി കാണിക്കണമായിരുന്നു. അതുകാണിക്കാതെ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

രണ്ടുതരം എം.എൽ.എ.-മാർ. അത് ശരിയാണോ? ഈ നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായി രണ്ടുതരം എം.എൽ.എ.-മാരെ ഉണ്ടാക്കിക്കൊണ്ട് വിവേചനം കാണിക്കുന്ന ഈ നയത്തെക്കുറിച്ച് എന്താണ് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ചുരുക്കത്തിലുള്ള മന്ത്രിക്ക് പറയാനുള്ളത്? അത് ഞങ്ങൾക്ക് അറിയണം. അതാണ് ആ രംഗത്തെ സ്ഥിതിയെങ്കിൽ മറ്റുള്ള മേഖലകളുടെ സ്ഥിതിയെന്താണ്? ഈ നയപ്രഖ്യാപന പ്രസംഗം എന്തിനാണ്? 2000-01-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗം കേട്ടപ്പോൾ എനിക്ക് സന്തോഷം തോന്നി. എന്റെ നിയോജകമണ്ഡലത്തിലെ കല്ലൂർക്കാട് പഞ്ചായത്തിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുമെന്നായിരുന്നു അന്നത്തെ നയപ്രഖ്യാപനം. നയപ്രഖ്യാപനം വന്നു, ജനങ്ങൾ സന്തോഷിച്ചു. പത്രങ്ങളിൽ വാർത്ത വന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന അന്നുമുതൽ എല്ലാ നയപ്രഖ്യാപന പ്രസംഗങ്ങളിലും ഇക്കാര്യം ആവർത്തിച്ചു പറയും. ഏറ്റവുമൊടുവിൽ ബഹുമാന്യനായ മുഖ്യമന്ത്രി ഉമ്മൻചാണ്ടി 10-3-2005-ന് ഈ നിയമസഭയിൽ എന്റെ സബ്മിഷന് മറുപടിയായി പറഞ്ഞു, കല്ലൂർക്കാട് ഫയർ സ്റ്റേഷന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുമെന്ന്. എം.എൽ.എ. ഫണ്ടും പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ച് മനോഹരമായ കെട്ടിടം തീർത്തു, ഉദ്യോഗസ്ഥർ വന്ന് പരിശോധന നടത്തി. ഉദ്ഘാടന തീയതിക്കുവേണ്ടി എട്ട് കത്തുകൾ ബഹുമാന്യനായ മുഖ്യമന്ത്രിക്ക് കൊടുത്തു. വന്നില്ല. ഒൻപതാമതും പത്താമതും ലിസ്റ്റിൽ പേരുണ്ടായിരുന്ന സ്ഥലങ്ങളിലെല്ലാം ഉദ്ഘാടനം കഴിഞ്ഞു. എനിക്ക് പരാതിയില്ല. ലിസ്റ്റിൽ രണ്ടാമത്തെ പേരായിരുന്ന കല്ലൂർക്കാട് ഫയർ സ്റ്റേഷൻ ഉദ്ഘാടനം ചെയ്തില്ല. എന്നോടുള്ള പ്രതികാരമായി ഉദ്ഘാടനം ചെയ്തില്ലെന്ന് മാത്രമല്ല വീണ്ടും ഗവർണറെക്കൊണ്ട് പറയിപ്പിച്ചിരിക്കുന്നു. നാണമില്ലേ? ആറ് വർഷമായി ഒന്നൂർ, കല്ലൂർക്കാട്, മണ്ണാർക്കാട്, പെരിങ്ങം, പുറവൂർ എന്നിവിടങ്ങളിൽ പുതിയ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനുകൾ തുറക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു; എന്തിനാണ് ഇങ്ങനെ ആക്ഷേപിക്കുന്നത്? ഇത് ആക്ഷേപമല്ലേ? എന്താണ് അപ്പുറത്തുള്ളവർക്ക് പറയാനുള്ളത്? ഞാൻ പ്രതിപക്ഷത്തേക്കു മാറിയിട്ട് കുറച്ചു കാലമല്ലേ ആയിട്ടുള്ളൂ. അപ്പുറത്തുണ്ടായിരുന്നപ്പോൾ പറഞ്ഞ കാര്യങ്ങൾ, പ്രതികാര നടപടിയെന്നോണം, കല്ലൂർക്കാട് പണി പൂർത്തീകരിച്ചു കിടക്കുന്ന ഫയർ സ്റ്റേഷന്റെ കെട്ടിടം ഇന്ന് എന്നെ നോക്കി, മുഖ്യമന്ത്രിയെ നോക്കി പല്ലിളിക്കുകയാണ്. അറിയാമോ? മറ്റൊന്ന് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ കേരളത്തിന്റെ അടിസ്ഥാന വർഗ്ഗമായ കൃഷിക്കാരെ മറന്നില്ലേ? എന്താണ് കൃഷിക്കാരെക്കുറിച്ച് പറഞ്ഞിട്ടുള്ളത്? കൃഷിക്കാർ കൂട്ടത്തോടെ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നു. ഇന്നും ജനാർദ്ദനൻ എന്നുപറയുന്ന ഒരാൾ ആത്മഹത്യ ചെയ്തു. കർഷകരുടെ ആത്മഹത്യയെക്കുറിച്ചുള്ള ഒരു കണക്കും ഈ ഗവൺമെന്റിന്റെ മുമ്പിലില്ല. റബ്ബറിന് ഇപ്പോൾ വിലയുണ്ടായതിന് കാരണമെന്താണ്? ഗവൺമെന്റിന്റെ വല്ല ചെയ്തിയും കൊണ്ടാണോ? ആഗോള രംഗത്ത് മാർക്കറ്റിൽ റബ്ബറിന്റെ വില കൂടിയപ്പോൾ അതിന്റെ ഭാഗമായി ഇവിടെയും റബ്ബറിന് വില കൂടി. അതിൽ ഞാൻ അഭിമാനിക്കുന്നു. ഇവിടെ റബ്ബറിന് വിലയുണ്ടായപ്പോൾ ഏലം, കുരുമുളക്, കാപ്പി, ഇഞ്ചി ഇവയ്ക്കൊന്നിനും വിലയില്ല. പൈനാപ്പിളിന്റെ പറുദീസ എന്നറിയപ്പെടുന്ന പ്രദേശമാണ് എന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശമായ വാഴക്കുളം-മഞ്ഞള്ളൂർ. അവിടെ ധാരാളം ചെറുപ്പക്കാർ പൈനാപ്പിൾ കൃഷി ചെയ്യുന്നുണ്ട്. അതിന്റെ വില അപ്രതീക്ഷിതമായി ഇടിഞ്ഞു പോകുന്നു. പൈനാപ്പിൾ കൃഷിക്കാരാകെ നിരാശയിലാണ്. താങ്ങുവില പ്രഖ്യാപിക്കാൻ, അവരെ രക്ഷിക്കാൻ എന്തെങ്കിലും ഒരു പദ്ധതി ഗവൺമെന്റിനുണ്ടോ? സ്വന്തമായി തുക കണ്ടെത്തുന്ന അനേകം ചെറുപ്പക്കാർക്ക് അല്പമൊരു ആശ്വാസം കൊടുക്കാൻ ഈ ഗവൺമെന്റ് എന്തെങ്കിലും പരിപാടി പ്രഖ്യാപിച്ചിട്ടുണ്ടോ? കൃഷിക്കാരെ ഇനിയും ആത്മഹത്യയിലേക്ക് തള്ളിവിടാതിരിക്കാൻ എന്തെങ്കിലും ഒരു പദ്ധതി ഈ ഗവൺമെന്റിന്റെ മുമ്പിലുണ്ടോ? ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഒന്നും കണ്ടില്ല. കൃഷിക്കാരെ പാടെ അവഗണിക്കുന്ന ഒരു നയപ്രഖ്യാപനപ്രസംഗമാണ് ഇവിടെ ഉണ്ടായിരിക്കുന്നത് എന്ന് പ്രത്യേകം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങൾ ഇവിടെ എന്തെങ്കിലും പറയുമ്പോൾ പറയുന്നത്, പ്രതിപക്ഷം എല്ലാത്തിനെയും എതിർക്കുന്നു എന്ന്. സ്മാർട്ട് സിറ്റിക്ക് ഞങ്ങളാരും എതിരല്ല. പക്ഷേ ഇൻഫോ പാർക്ക് വിൽക്കരുത്. അതാണ് അവസാനമായി പറയുന്നത്. വളരെ വലിയ ലക്ഷ്യത്തോടുകൂടി രൂപകല്പന ചെയ്തുണ്ടാക്കിയ ഒരു സ്ഥാപനമാണ് ഇൻഫോ പാർക്ക്. സ്മാർട്ട് സിറ്റി ഉണ്ടാകണം. ഇൻഫോപാർക്ക് വിറ്റുകൊണ്ട് സ്മാർട്ട് സിറ്റി ഉണ്ടാക്കുന്നതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. ഇങ്ങനെ കബളിപ്പിക്കുന്ന പ്രഖ്യാപനങ്ങളുമായി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റ്, ജനങ്ങളിൽനിന്നും ബഹുദൂരം അകന്നു എന്നതിനു നിരവധി തെളിവുകളുണ്ട്. "എന്നെ തല്ലുതുമ്മാവാ, ഞാൻ നന്നാകില്ല" എന്നു പറഞ്ഞതുപോലെ, എത്ര തല്ല് കിട്ടിയാലും, എത്ര നാണം കെട്ടാലും എത്ര ജനപിന്തുണ നഷ്ടപ്പെട്ടാലും ഇപ്പോഴും കബളിപ്പിക്കുന്ന പ്രഖ്യാപനങ്ങളുമായി നടക്കുകയാണ്. നാലേ മുക്കാൽ കൊല്ലം കഴിഞ്ഞു, ഇനി ഏറിയാൽ അരനാഴികനേരം മാത്രമാണ് ബാക്കിയുള്ളത്. പാവപ്പെട്ടവരെ ഓർക്കുന്ന ഒരു ഗവൺമെന്റ്, മൂന്ന് രൂപ വിലയ്ക്ക് ഒരു കിലോ അരി കൊടുക്കുന്നു. ഈ നാലേ മുക്കാൽ കൊല്ലക്കാലവും ഇവർ എവിടെയായിരുന്നു? ഈ പാവപ്പെട്ടവരെ കുറിച്ച് ഇവർ എന്ത് ചിന്തിച്ചു. ഇപ്പോൾ പ്രഖ്യാപിച്ചാൽ, കോടിക്കണക്കിന് രൂപയുടെ ചെലവ് വരുമ്പോൾ, "ആരാന്റെ പന്തലിൽ എന്റെ വിളമ്പ് കാണാൻ എന്തുചേല്" എന്ന് പറഞ്ഞതുപോലെ, ബാദ്ധ്യത വരുന്ന ഗവൺമെന്റിന്റെ തലയിലായിക്കൊള്ളുമല്ലോ എന്ന് കരുതി, തെരഞ്ഞെടുപ്പിൽ വോട്ട് നേടാൻ വേണ്ടിയാണ് ഇങ്ങനെ പ്രഖ്യാപിക്കുന്നത്. ഈ കപട പ്രഖ്യാപനങ്ങളുമായി മുന്നോട്ടുപോകുന്ന ആത്മാർത്ഥതയില്ലാത്ത, ജനവിശ്വാസം നഷ്ടപ്പെട്ട, ഒരു ഗവൺമെന്റിനുവേണ്ടി ഗവർണർ ഇവിടെ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തെ ഞാൻ ശക്തിയായി എതിർക്കുന്നു.

ഡോ. കെ. സി. ജോസഫ്: സർ, ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഇത്രമാത്രം വിരസമായ, സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യങ്ങൾ പരിഗണിക്കാത്ത ഒരു നയപ്രഖ്യാപനം നിയമസഭാ ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. കേരളത്തിന്റെ പൊതുനന്മയ്ക്കായി, ഐശ്വര്യപൂർണ്ണമായ ഒരു സംസ്ഥാനം കെട്ടിപ്പടുക്കുന്നതിനുവേണ്ടിയുള്ള ഒരു വിശാല വീക്ഷണമോ നയമോ ഇല്ലാത്ത ഒരു നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ നടന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കാലാവധി പൂർത്തിയാക്കുന്ന ഒരു ഗവൺമെന്റ്, നിയമസഭാ തെരഞ്ഞെടുപ്പിനെ നേരിടേണ്ട വേളയിൽ നൽകേണ്ട ഒരു വീക്ഷണം ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഉണ്ടായില്ല എന്നുള്ളത് ഏറ്റവും ഖേദകരമാണ്. കേരളത്തിന്റെ സ്ഥിതിയെ സംബന്ധിച്ച് എന്തെങ്കിലും ഒരു വെളിപ്പെടുത്തൽ ഉണ്ടാകണ്ടേ? ഇവിടെ ശ്രീ. കെ. ബാബു സംസാരിക്കുമ്പോഴും ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്തുണ്ടായ ചെക്ക് മടങ്ങലിനെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലെ ഏറ്റവും പ്രധാനപ്പെട്ട ചർച്ചാ വിഷയവും അതായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യം ചെയ്തത് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ചുള്ള ധവളപത്രം പുറപ്പെടുവിക്കലായിരുന്നു. ആ ധവളപത്രത്തിലൂടെ, ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് 13,000 കോടി രൂപയുടെ പൊതുകടം വർദ്ധനവാണ് ഈ രാജ്യത്തെ മുഴുവൻ പ്രശ്നങ്ങൾക്കും കാരണമെന്ന് പറഞ്ഞുകൊണ്ട്, ആ കണക്ക് കാണിച്ചുകൊണ്ട് സമസ്ത മേഖലകളിലേയും ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കി. പുതിയ ആനുകൂല്യങ്ങൾ നൽകാതെ, ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേല്പിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോയതിനുശേഷം കാലാവധി അവസാനിക്കാറാകുമ്പോൾ, സാമാന്യ മര്യാദയനുസരിച്ച് ഇന്നത്തെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ചുള്ള വെളിപ്പെടുത്തൽ നടത്താനുള്ള പ്രാഥമിക ഉത്തരവാദിത്വത്തിൽനിന്നും ഈ ഗവൺമെന്റ് പിൻതിരിഞ്ഞു നിൽക്കുന്നു എന്നുള്ളതാണ് നയപ്രഖ്യാപന പ്രസംഗത്തിലെ ഏറ്റവും പ്രധാനപ്പെട്ട കുറ്റമായി ഞാൻ കാണുന്നത്. ഇന്നത്തെ പൊതുകടത്തിന്റെ സ്ഥിതിയെന്താണ്? ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണത്തിൻകീഴിൽ 13,000 കോടി രൂപയുടെ പൊതുകടം ഉണ്ടായിരുന്നുവെങ്കിൽ, ഇന്ന് അത് 28,000 കോടി രൂപയായി. ഈ അഞ്ചുകൊല്ലം കൊണ്ട് പൊതുകടത്തിൽ ഇത്രയും വർദ്ധനവ് വരുത്തി കൊണ്ട്, ഈ രാജ്യത്തെ സാമ്പത്തിക അരാചകാവസ്ഥയിലേക്ക് നയിച്ചിരിക്കുന്നു. ഒരു ഗവൺമെന്റിന്റെ പ്രാഥമികമായ ചുമതല ജനങ്ങൾക്ക് സ്വസ്ഥമായി കഴിയുവാൻ കഴിയുന്ന അന്തരീക്ഷമുണ്ടാക്കുകയാണ്. ക്രമസമാധാനപാലനം തകർന്നില്ലേ? മാഫിയാ രാജ് ഈ രാജ്യത്ത് അഴിഞ്ഞാടുന്നു. ഗുണ്ടകൾക്കു പോലും ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്ന ഒരു കാലഘട്ടം. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള, പ്രാഥമിക നിയമത്തിന്റെ വാഴ്ച ഉറപ്പുവരുത്താൻ പരാജയപ്പെട്ട ഒരു ഗവൺമെന്റ്, അക്കാര്യത്തെ സംബന്ധിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? കേരള സംസ്ഥാനത്തിന്റെ അടിത്തറയായിട്ടുള്ള കാർഷിക മേഖലയുടെ പുരോഗതിയെ സംബന്ധിച്ച് എന്തെങ്കിലും ഒരു വീക്ഷണമുണ്ടോ? കേരളത്തിലെ മൂന്നിലൊന്ന് ഭാഗം ജനങ്ങളും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ബന്ധപ്പെട്ട കാർഷിക മേഖല ഇന്ന് നാശത്തിലേക്ക് പോകുന്നു. റബ്ബർ കൃഷിയെയാശ്രയിച്ചുള്ള മുഴുവൻ കൃഷിയിനങ്ങളിലും ഉല്പാദനം കുറഞ്ഞു. ഉല്പാദനക്ഷമത കുറഞ്ഞു. വിളകളുടെ വിലയും കുറഞ്ഞിരിക്കുന്നു. കാർഷികമേഖലയുടെ സമ്പദ്‌വ്യവസ്ഥയാകെ തകർന്നിരിക്കുന്നു. അത് ചലനാത്മകമാക്കുവാൻ എന്തെങ്കിലും പദ്ധതി ഇതിൽ ഉണ്ടോ? ഒരു പദ്ധതിയുമില്ല. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ കാർഷിക മേഖലയെ നിയന്ത്രിക്കുവാൻ പദ്ധതികൾ പ്രഖ്യാപിച്ചിട്ട് ഏതെങ്കിലും ഒരു

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ? കൃഷിനാശത്തിനുവേണ്ട ആനുകൂല്യങ്ങൾ, ബഹുമാനപ്പെട്ട ശ്രീമതി കെ. ആർ. ഗൗരിയമ്മ പറഞ്ഞു, ഈ ഗവൺമെന്റ് വന്നതിനുശേഷം നഷ്ടപരിഹാരം ഇരട്ടിയായി വർദ്ധിപ്പിച്ചു എന്ന്. ഞാൻ ചോദിക്കട്ടെ കഴിഞ്ഞ രണ്ട് വർഷം കൃഷിനാശമുണ്ടായിട്ട് അപേക്ഷ നൽകിയ കൃഷിക്കാരുടെ നഷ്ടപരിഹാരത്തിന് ഒരു രൂപയെങ്കിലും കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? രണ്ടുവർഷമായി കുടിശ്ശിക കെട്ടിക്കിടക്കുകയാണ്. കൃഷി നാശത്തിനുവേണ്ടിയുള്ള അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. കളക്ടർമാർ പണം നൽകാത്തതുകൊണ്ട് അതൊന്നും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കൃഷി മേഖലയിലെ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. ബഹുമാനപ്പെട്ട അടൂർ പ്രകാശ് നെല്ല് സംഭരണത്തെക്കുറിച്ച് പറഞ്ഞു. നെൽക്കൃഷി മേഖലയുടെ ഏറ്റവും പ്രധാനപ്പെട്ട വിളവെടുപ്പ് സീസൺ ആരംഭിച്ചിരിക്കുന്നു. ഈ സീസണിൽ ആലപ്പുഴ ജില്ലയിൽ മാത്രം ഒന്നരലക്ഷം ടൺ നെല്ല് ഉല്പാദിപ്പിക്കപ്പെടുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. തൃശ്ശൂർ, പാലക്കാട് മേഖലകളിലുള്ള വിളവെടുപ്പ് വേറെ. നെല്ല് മുഴുവൻ സംഭരിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഇപ്പോഴും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജില്ലയായ കുമരകത്ത് വെറും മൂന്ന് ലോഡ് നെല്ല് മാത്രമാണ് സംഭരിച്ചിട്ടുള്ളത്. ടൺ കണക്കിന് നെല്ല് അവിടെ കെട്ടിക്കിടക്കുന്നു സ്വകാര്യത്തിൽ ഉടമകൾ ചൂഷണത്തിനിരയാകുകയാണ്. കൃഷിക്കാരോട് നെല്ല് വീണ്ടും ഉണക്കാൻ പറയുന്നു. ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ.....

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട ഡോ. കെ. സി. ജോസഫ് കർഷകരുടെ താൽപ്പര്യങ്ങളെക്കുറിച്ച് വളരെക്കൂടുതൽ സംസാരിക്കുകയാണ്. ഈ ഗവൺമെന്റ് 18 കോടിയിൽപ്പരം രൂപയുടെ നെല്ല് സംഭരിച്ചു. കഴിഞ്ഞ ഒരു ഗവൺമെന്റുകളും ബജറ്റിലെ പണം മുടക്കി നെല്ല് സംഭരിച്ചില്ലെന്നിരിക്കെ നെല്ലിന്റെ കേന്ദ്രമായ കുട്ടനാട്ടിൽ നിന്ന് വരുന്ന അങ്ങ് സത്യസന്ധമായി ഈ ഗവൺമെന്റിനെ അംഗീകരിക്കാൻ ഒരു വാക്ക് പറയേണ്ടത് മര്യാദയല്ലേ?

ഡോ. കെ. സി. ജോസഫ് : സർ, ശ്രീ. പി. ടി. തോമസിന് നെല്ല് സംഭരണത്തെക്കുറിച്ചോ കുട്ടനാടിനെക്കുറിച്ചോ അറിയില്ല. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ കക്ഷിനേതാക്കളുടെ സത്യാഗ്രഹം ഇവിടെ നടന്നു. അപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഉറപ്പ് നൽകിയത് ഓരോ സ്ഥലത്തും നിശ്ചയിച്ചിട്ടുള്ള വിലയ്ക്ക് നെല്ല് മുഴുവൻ സംഭരിക്കും എന്നാണ്. ഗവൺമെന്റ് പ്രഖ്യാപിച്ചത് ഒരു കിലോയ്ക്ക് ഏഴര രൂപ. ഒരു ക്വിന്റലിന് 750 രൂപ വില നിശ്ചയിച്ച് നെല്ല് സംഭരിക്കാൻ ഏജൻസികളോട് പറഞ്ഞു. നിങ്ങൾ സംഭരിക്കുന്ന നെല്ല് വിലകൂട്ടി വിൽക്കാൻ സാധിക്കുന്നില്ലെങ്കിൽ നെല്ല് സംഭരിക്കുന്ന വിലയ്ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എടുക്കുമെന്നാണ് ഉറപ്പ് നൽകിയത്. എന്നാൽ പറ്റിയതെന്താണെന്നോ? 750 രൂപയ്ക്ക് നെല്ല് സംഭരിച്ചതിനുശേഷം പിന്നീട് ചർച്ചചെയ്ത് സഹകരണ സംഘങ്ങൾ പറഞ്ഞു ഞങ്ങൾ 700 രൂപയ്ക്ക് എടുക്കുമെന്ന് 750 രൂപയ്ക്ക് സംഘങ്ങളെക്കൊണ്ട് നെല്ല് എടുപ്പിച്ചതിനുശേഷം 700 രൂപയ്ക്ക് സഹകാര്യ മില്ലുകളിലെത്തിക്കാൻ പറഞ്ഞു. അവിടെ കൊണ്ടുചെല്ലുന്നതിനുള്ള ചെലവ്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ നൽകുമെന്ന് പറഞ്ഞു. ഈ സ്വകാര്യ മില്ലുകൾ 105 മുതൽ 110 കിലോവരെ നെല്ല് വാങ്ങി. അപ്പോൾ അതിന്റെ അർത്ഥമെന്താണ്? 700 രൂപയിൽ നിന്നും 35 മുതൽ 70 രൂപവരെ കുറച്ചാണ് നെല്ല് എടുത്തതെന്നാണ് അതിന്റെ അർത്ഥം. ഒരു ക്വിന്റൽ നൂറ് കിലോയാണെങ്കിൽ സ്വകാര്യ മില്ലുകൾ വാങ്ങിച്ചത് 105 മുതൽ 110 കിലോ വരെ. ഇപ്പോഴും കുമരകത്ത് എന്താണ് തർക്കം, അവർ 110 കിലോ വേണമെന്ന് പറയുന്നു. പുന്നപ്രയിൽ 112 കിലോ വേണമെന്ന് പറയുന്നു. ഇവിടെ സംഘങ്ങൾക്ക് കൊടുക്കണ്ട. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിദാനം നൽകിയതുപോലെ ഉൽപ്പാദിപ്പിക്കുന്ന നെല്ല് പൂർണ്ണമായും സംഭരിക്കാനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുറപ്പാക്കാനുള്ള പ്രതിബദ്ധത ഗവൺമെന്റ് കാണിക്കണം. ഇന്ന് ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞു എല്ലാപേരും ഇതിൽനിന്ന് പിൻതിരിയുന്നുവെന്ന്. അതിനുള്ള കാരണമെന്താണ്? ഈ നിലയിൽ കാർഷികമേഖലയെ തകർത്ത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ തകർത്ത് ഈ രാജ്യത്തെ നാശത്തിലേയ്ക്ക് നയിച്ചിട്ട്, ആ നാശത്തിൽ നിന്നും ഈ സംസ്ഥാനത്തെ മോചിപ്പിക്കാനുള്ള ക്രിയാത്മകമായ പദ്ധതികളോ നയങ്ങളോ ഇല്ലാത്ത വിരസമായ ഒരു പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ഈ പ്രമേയത്തെ ഞാൻ ശക്തിയായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഗവർണർ നിയമസഭയിൽ ചെയ്ത നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഇത്തവണത്തെ ഗവർണറുടെ പ്രസംഗം വളരെ പ്രത്യേകതയുള്ള ഒരു സമയത്തായിരുന്നു. കാരണം ഈ ഗവൺമെന്റിന് മേയ് മാസംവരെ മാത്രമേ കാലാവധിയുള്ളൂ. ഇപ്പോൾ പല മെമ്പർമാരും ഇത് നയപ്രഖ്യാപനമല്ലെന്ന് പറഞ്ഞത് നമ്മൾ ആലോചിച്ച് നോക്കിയാൽ അടുത്ത ഒരുവർഷത്തേക്ക്; അതായത് 2007 മാർച്ച് മാസം വരെ ഭരിക്കുന്ന നയം പ്രഖ്യാപിക്കുവാൻ ഈ ഗവൺമെന്റിന് ജനങ്ങൾ കൊടുത്ത മാൻഡേറ്റിന്റെ അടിസ്ഥാനത്തിൽ അവകാശമില്ല. അപ്പോൾ സ്വാഭാവികമായും ഗവർണറുടെ നയപ്രഖ്യാപനം ഒന്നോ രണ്ടോ മൂന്നോ മാസത്തേക്ക് മാത്രം ഒതുങ്ങിനിൽക്കുന്ന ഒരു നയപ്രഖ്യാപന പ്രസംഗമാക്കി മാറ്റണ്ടിവരും. അടുത്തതായി വരേണ്ട ഗവൺമെന്റ് ആരാണെന്നുള്ളത് ജനങ്ങൾ തീരുമാനിക്കും. ഇവിടെ പലരും അടുത്തത് അവരുടെ ഗവൺമെന്റ് വരുമെന്നൊക്കെ അഡ്വാൻസായി പറഞ്ഞുകഴിഞ്ഞു. കേരളത്തിലെ ജനങ്ങളാണ് അത് തീരുമാനിക്കേണ്ടത്. ഇപ്പോൾ നമുക്കൊന്നും പറയാൻ പറ്റില്ല. സ്വാഭാവികമായും ഗവർണർ നയപ്രഖ്യാപനപ്രസംഗം നടത്തുമ്പോൾ കഴിഞ്ഞ നയപ്രഖ്യാപനത്തിൽ പറഞ്ഞ കാര്യങ്ങളും ആ നയപ്രഖ്യാപനത്തിൽ നടപ്പാക്കാൻ കഴിഞ്ഞ കാര്യങ്ങളും പറയുകയല്ലാതെ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ മറ്റ് കാര്യങ്ങളില്ല. ധാരാളം നയപ്രഖ്യാപന പ്രസംഗങ്ങൾ ഇവിടെയിരുന്നു കേൾക്കാൻ ഭാഗ്യം സിദ്ധിച്ച ഒരാളെന്ന നിലയിൽ ഇങ്ങനെയൊരു പ്രസംഗം ഗവർണറെക്കൊണ്ട് ചെയ്യിക്കാനേ ഗവൺമെന്റിന് കഴിയൂ. ആ വസ്തുതകൾ നയപ്രഖ്യാപന പ്രസംഗത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകതകളായി ഈ സഭ കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പല

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. ഞങ്ങളുടെ ഗവൺമെന്റ് നൂറ് ശതമാനവും വിജയമായിരുന്നു. പറഞ്ഞ കാര്യങ്ങളെല്ലാം പൂർത്തിയാക്കാൻ കഴിഞ്ഞു. ബഡ്ജറ്റിൽ നീക്കിവച്ച മുഴുവൻ തുകകളും ചെലവഴിക്കാൻ കഴിഞ്ഞു എന്നൊന്നും ആരും അവകാശപ്പെടേണ്ട കാര്യമില്ല. അത് ഒരു ഗവൺമെന്റിനും ഒരു കാലഘട്ടത്തിലും അവകാശപ്പെടാൻ സാധിക്കില്ല. 1960 മുതലുള്ള ഒരു നിയമസഭയെയെടുത്തുള്ള എല്ലാ നിയമസഭകളിലേയും നയപ്രഖ്യാപന പ്രസംഗങ്ങൾ കേട്ട ഒരാളെന്ന നിലയിൽ ഒരു ഗവൺമെന്റിനും ബഡ്ജറ്റിൽ നീക്കിവച്ചിരുന്ന മുഴുവൻ തുകകളും ചെലവാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഒരിക്കൽപ്പോലും തെളിയിക്കാൻ കഴിഞ്ഞ ചരിത്രം കേരള നിയമസഭയ്ക്കില്ല. എങ്കിലും ഈ ഗവൺമെന്റ് പല രംഗങ്ങളിലും ശക്തമായി മുന്നേറിയെന്നാണ് എന്റെ അഭിപ്രായം. ചില രംഗങ്ങളിൽ മുന്നേറാൻ കഴിഞ്ഞിട്ടില്ല. വിവിധ രംഗങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായം. ഈ ഗവൺമെന്റ് ഭരിച്ചിരുന്ന കാലഘട്ടത്തിൽ കാര്യമായി നമ്മുടെ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. അത് നേടിയെടുക്കാൻ കഴിഞ്ഞ ഗവൺമെന്റ് എന്നുള്ള നിലയിൽ ശ്രീ. എ. കെ. ആന്റണി ഗവൺമെന്റിന്റെ പിൻതുടർച്ചയായിവന്ന മുഖ്യമന്ത്രിയുടെ ഗവൺമെന്റും ഉൾപ്പെടുന്ന ഗവൺമെന്റിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഈ ഗവൺമെന്റിന് കേന്ദ്രത്തിൽനിന്നും ധാരാളം കാര്യങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏത് കാലഘട്ടത്തേക്കാളും കേന്ദ്രത്തിന്റെ മുതൽമുടക്ക് കേരളത്തിലുണ്ടാക്കിയെടുക്കാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണെന്നുള്ള കാര്യം കണക്കുകളുടെ അടിസ്ഥാനത്തിൽ ഒരു സംശയവുമില്ലാതെ പറയാൻ കഴിയും. ഇവിടെ പല രംഗങ്ങളിലും അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. ഞാനൊരു കൃഷിക്കാരനാണ്. മാവിലെ ശ്രീമതി ഗൗരിയമ്മ പറഞ്ഞതുപോലെ രാഷ്ട്രീയ കൃഷിയല്ല ഗൗരിയമ്മ പറഞ്ഞു മന്ത്രികൃഷി മാത്രമേയുള്ളുവെന്ന്. അങ്ങനെയല്ല. ഞാൻ ജീവിക്കുന്നത് കൃഷികൊണ്ടാണെന്ന നിലയ്ക്ക് ഞാൻ കൃഷിക്കാരനാണ്. ഞാൻ ചോദിക്കട്ടെ കൃഷിക്കാർക്കും ചെറുകിട കൃഷിക്കാർക്കും കഴിഞ്ഞ നാലരക്കൊല്ലമായി നേട്ടമല്ലാതെ കോട്ടമുണ്ടായിട്ടുണ്ടോ? നമുക്ക് പ്രസംഗിക്കാനും വിമർശിക്കാനും അവകാശമുണ്ട്. ഈ രാജ്യത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഒരു കിലോ റബ്ബറിന് 18 രൂപയായിരുന്നു.

ശ്രീ. പി. സി. ജോർജ്ജ് : സർ, അല്ല 27 രൂപയുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : എവിടെ?

ശ്രീ. പി. സി. ജോർജ്ജ് : പൂഞ്ഞാറിൽ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ശരി എങ്കിൽ പൂഞ്ഞാറിൽ 27 രൂപ, കൊട്ടാരക്കരയിൽ 18 രൂപ പ്രശ്നം തീർന്നല്ലോ. അത് അങ്ങനെ നിൽക്കട്ടെ. ഇന്ന് റബ്ബറിന് എത്രാണ് വില? ഒരു കിലോ ഫസ്റ്റ് ഗ്രേഡ് റബ്ബറിന് 85 രൂപ.

ശ്രീ. ടി. എം. ജേക്കബ് : സർ, 82 രൂപ.

ശ്രീ. ആർ ബാലകൃഷ്ണപിള്ള : സർ, ശരി 82 രൂപ. വിലകൂടിയിരിക്കുകയാണ്. അതുപോലെ നാളികേരം, ഇഞ്ചി, കൊക്കോ, ഏലം ഇവയുടെ വില കൂടിയിരിക്കുകയാണ്. തേയിലയും കാപ്പിയുമൊഴിച്ചാൽ cash crop-ന് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലമായ ഒരു സ്ഥിതിവിശേഷമാണുള്ളത്. തേയിലകൃഷിയെന്നും ഇവിടത്തെ ചെറുകിടകൃഷിക്കാർ കൃഷി ചെയ്യുന്നതല്ല. തേയില, കാപ്പി രംഗങ്ങൾ കഴിഞ്ഞാൽ പൊതുവെ ചെറുകിട കൃഷിക്കാർക്ക് അനുകൂലമായ നിലപാടാണുള്ളത്. അത് കേന്ദ്ര ഗവൺമെന്റിന്റെ നയംമൂലവും സംസ്ഥാനത്ത് കമുതിക്കൂട്ടി ഇറക്കുമതി നിയന്ത്രിച്ചതുമൂലവുമാണ്. ഈ രംഗങ്ങളിൽ അനുകൂലമായ സ്ഥിതി കൃഷിക്കുണ്ടായത്. പക്ഷേ, പ്രതികൂലവുമുണ്ടായി. ഞാൻ പ്രതികൂലമായ കാര്യങ്ങളാണ് പറയാൻ പോകുന്നത്. നമ്മുടെ രാജ്യത്ത് തെങ്ങിന്റെ ഉല്പാദനം വളരെ കുറഞ്ഞു. കാൻസറിനും എയ്ഡ്സിനുവരെ മരുന്നു കണ്ടുപിടിച്ച ഈ രാജ്യത്ത് 60 കൊല്ലമായി തെങ്ങിന്റെ രോഗത്തിന് ഇതുവരെ മരുന്ന് കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനോടകം കോടിക്കണക്കിന് രൂപ ചെലവാക്കി. കായംകുളം രാജാവിന്റെ ആസ്ഥാനമായ കൃഷ്ണപുരത്ത് അദ്ദേഹം പടയോട്ടം നടത്തിയ സ്ഥലത്താണ് തെങ്ങ് ഗവേഷണ കേന്ദ്രം സ്ഥാപിച്ചിരിക്കുന്നത്. ഇന്ന് അതുവഴി പോയാൽ അവിടെയുള്ള തെങ്ങിനാണ് ഏറ്റവും കൂടുതൽ രോഗമെന്ന് കാണാൻ സാധിക്കും. നമ്മൾ തെങ്ങുരോഗം നിയന്ത്രിക്കാൻ ലക്ഷങ്ങളും കോടികളും ചെലവാക്കി. പക്ഷേ നമുക്ക് നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ കൃഷി വകുപ്പുമന്ത്രി ആയിരുന്ന ആളാണ്. ഞങ്ങൾ ഒരുമിച്ച് മന്ത്രിസഭയിൽ ഉണ്ടായിരുന്നു. നമ്മൾ വളരെ ശ്രമിച്ചു. അന്നും നടന്നില്ല. ഇന്നും അതിന് കഴിഞ്ഞിട്ടില്ല. ഈ പണം എന്തിനാണ് ചെലവാക്കുന്നതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആലോചിക്കേണ്ടതാണ്. തെങ്ങുരോഗം നിയന്ത്രിക്കാൻ പണം ചെലവാക്കുന്നതല്ലാതെ ഫലപ്രദമായി ഒന്നും ചെയ്തില്ല. അവസാനമായി കണ്ടുപിടിച്ചത് തെങ്ങ് വെട്ടിമാറ്റി ചുട്ടാൽ രോഗം മാറുമെന്നാണ്. നമ്മൾ അതിൽ കക്ഷിരാഷ്ട്രീയം നോക്കരുത്. ഈ രാജ്യത്ത് തെങ്ങുകൃഷി അധഃപതിച്ചതുമൂലം തമിഴ്നാട്ടിൽനിന്നും കർണ്ണാടകയിൽനിന്നും തേങ്ങ കേരളത്തിലേയ്ക്ക് വരുന്ന സ്ഥിതിവിശേഷമുണ്ട്. തേങ്ങയുടെ ഉല്പാദനം തമിഴ്നാട്ടിനക്കാൾ കുറഞ്ഞു. ഇക്കാര്യം കൃഷി വകുപ്പ് വളരെ കാര്യമായി പരിശോധിക്കണം. അതിൽ കക്ഷിരാഷ്ട്രീയം കാണരുത്. ഇത് സർക്കാരിന്റെയോ ഏതെങ്കിലും മന്ത്രിയുടെയോ കുറ്റമാണെന്ന് പറയാൻ കഴിയുമോ? ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞ കാര്യം പരിഗണിക്കണം. ഞങ്ങളുടെ പ്രദേശത്ത് ജൈവവളം ഉപയോഗിക്കുകയും ജൈവമാർഗ്ഗങ്ങൾ വഴിയുമാണ് മണ്ഡരി ഇപ്പോൾ മാറ്റുന്നത്. ശർക്കര തെങ്ങിൽ വാരി പുരട്ടിയാൽ, ഒരു തരം ഉറുമ്പ്, ഞങ്ങളുടെ നാട്ടിൽ ചോനൻ ഉറുമ്പ് എന്നുപറയും, അത് തെങ്ങിൽ കയറിയാൽ തെങ്ങിൽ മണ്ഡരിരോഗം മാറുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞത് മറ്റൊരു മാർഗ്ഗമാണ്. ഈ മാർഗ്ഗങ്ങൾ പ്രയോഗിക്കണം. ആരുപറഞ്ഞു എന്നുള്ളതല്ല. നമ്മൾ കോടികൾ ചെലവാക്കുന്നതിനുപകരം ജൈവ മാർഗ്ഗം ഉപയോഗിച്ച് രോഗം പ്രതിരോധിക്കാനുള്ള നടപടിയെക്കുറിച്ച് ആലോചിക്കണം. ഇക്കാര്യം ധനകാര്യ വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. പണം വേസ്റ്റാക്കരുത്. തെങ്ങിന് മരുന്ന് അടിക്കാതെ അടിച്ചുവെന്നും കയറാത്ത തെങ്ങിന്റെ മണ്ടയിൽ കയറിയെന്നും കണക്കുകൾ അവതരിപ്പിച്ച് രാജ്യത്തെ ജനങ്ങളെ കൊള്ളയടിക്കുന്ന ഏർപ്പാട് നിർത്തണം. ഇനി നമുക്ക് വ്യവസായത്തിലേക്ക് വരാം. കഴിഞ്ഞ നാലര വർഷം കേരളത്തിൽ വ്യാവസായിക

LIBRARY ARCHIVES Kerala Legislative Assembly

അന്തരീക്ഷം ഉണ്ടാകുകയും വ്യവസായം തഴച്ചുവളരുകയുമുണ്ടായി. ഇത് ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? ഞാൻ സാധാരണക്കാരായ തൊഴിലാളികൾക്ക് ജോലി കിട്ടി എന്നല്ല പറയുന്നത്. നിരവധി യുവതീയുവാക്കൾക്ക് വിദ്യാഭ്യാസം നൽകിയതിന്റെ ഫലമായി അവർക്ക് ധാരാളം ജോലി സാധ്യതകൾ ഉണ്ടായി. അതിന്റെ കണക്കുകൾ ഞാൻ പറയുന്നില്ല. ഇവിടെ കേബിൾ കുഴിയെടുക്കാൻ ബീഹാറിൽനിന്ന് ആളുകൾ വരണം. കെട്ടിടം പണിക്ക് തമിഴ്നാട്ടിൽനിന്നും ബംഗാളിൽനിന്നും ആളുകൾ വരണം. നമ്മുടെ നാട്ടിലെ ചുടുകട്ട കമ്പനികളിൽ ജോലി ചെയ്യുന്നത് ബീഹാറിലും ബംഗാളിലുമുള്ളവരാണ്. ഇവിടെ പണിയെടുക്കാൻ ആളില്ല. തെങ്ങിൽ കയറാൻ തമിഴ്നാട്ടിൽനിന്നാണ് ആളുകൾ വരുന്നത്. കെട്ടിടം പണിക്ക് മുഴുവൻ ആളുകളും വരുന്നത് തമിഴ്നാട്, ബീഹാർ, ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽനിന്നാണ്. ഇവിടെ പണിയുണ്ട്, പക്ഷേ ചെയ്യാൻ തയ്യാറല്ല. ഇവിടെ ചെങ്ങന്നൂർ വരെ കെ.ടി.പി. നടക്കുകയാണ്. പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള ആളുകൾ ആ വഴിക്കു പോയി നോക്കണം. മലയാളം അറിയാവുന്ന ഒറ്റ തൊഴിലാളിപോലും അവിടെ പണിയെടുക്കുന്നില്ല. മലയാളികൾ പണിയെടുക്കാൻ തയ്യാറല്ല. നമ്മൾ ആ നിലയിലേക്ക് എത്തി. ദുബായിലും സൗദി അറേബ്യയിലുമൊക്കെപോയി എന്ത് ത്യാഗമനുഭവിച്ചും ജോലി ചെയ്യാനും നമ്മൾ തയ്യാറാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, അങ്ങ് പറഞ്ഞത് ശരിയാണ്. റോഡ് നഗര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ബീഹാറിൽനിന്നുള്ള ധാരാളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. എം.എൽ.എ. ഹോസ്റ്റലിനുമുന്നിലുള്ള അടിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് മരുന്നോ ചികിത്സയോ ശുദ്ധജലമോ ശുദ്ധവായുവോ ഇല്ലാതെ പട്ടിണി കിടന്ന് അടിമപ്പണി ചെയ്താണ് ഒരു തൊഴിലാളി മരിച്ചത് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, അങ്ങ് പറഞ്ഞതിനോട് എനിക്ക് യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. കേരളത്തിന്റെ പുരോഗമനപരമായ സാഹചര്യത്തിൽ ഇവിടെ പണി ചെയ്യുന്ന തൊഴിലാളികൾ, ഇൻഡ്യയുടെ ഏത് ഭാഗത്തുനിന്ന് വന്നവരായാലും ഇൻഡ്യൻ പൗരൻ എന്നുള്ള നിലയ്ക്ക് എല്ലാ ആനുകൂല്യങ്ങളും കൊടുപ്പിക്കാനുള്ള ബാധ്യത ഗവൺമെന്റിനുണ്ട് എന്നുള്ള കാര്യം ആരും നിഷേധിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് കുറെ കാര്യങ്ങളൊക്കെ ചെയ്തു എന്നാണ് മനസ്സിലാക്കുന്നത്. ഇവിടെ ഈ മാതിരിയുള്ള ജോലികൾ ചെയ്യാൻ ആരും തയ്യാറല്ല. കേരളത്തിലെ ആളുകൾക്ക് ജോലി ചെയ്യാൻ പറ്റിയ വ്യവസായശാലകളാണ് കണ്ടുപിടിക്കേണ്ടത്. എന്റെ തൊട്ടടുത്തിരിക്കുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അത് കണ്ടുപിടിച്ചു. എനിക്ക് അദ്ദേഹത്തെ കൊണ്ട് ഒന്നും നേടാനില്ല. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ സേവനം ആർക്കെങ്കിലും മറക്കാൻ സാധിക്കുമോ? ആ കുഞ്ഞാലിക്കുട്ടിയോട് നിങ്ങൾ കാണിച്ച ക്രൂരത ഈ രാജ്യത്ത് ആരോടെങ്കിലും കാണിച്ചിട്ടുണ്ടോ? അഴിമതിക്ക് കുഞ്ഞാലിക്കുട്ടി പുറത്തുപോയാൽ മനസ്സിലാക്കാം. സ്വത്ത് സമ്പാദിച്ചതിന് എന്തെങ്കിലും കേസ്സെടുത്ത് പുറത്തുപോയെങ്കിൽ മനസ്സിലാക്കാം. അദ്ദേഹത്തോട് ക്രൂരത കാണിച്ചവർ ഇപ്പോൾ ഇവിടെയില്ല. ക്രൂരതയല്ലേ കാണിച്ചത്? അദ്ദേഹത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഒരു കുടുംബം ഉണ്ടെന്ന് ആരെങ്കിലും കരുതിയോ? നിങ്ങളൊക്കെ മനുഷ്യരാണ്. എനിക്ക് കുറച്ച് പ്രായമുള്ളതുകൊണ്ട് ഞാൻ പറയുകയാണ്. നായനാർക്ക് പോലീസ് വകുപ്പിന്റെ ചുമതല ഉള്ളപ്പോൾ ചടയൻ ഗോവിന്ദനായിരുന്നു സി.പി.ഐ(എം)-ന്റെ സംസ്ഥാന സെക്രട്ടറി. ശ്രീ. വി. എസ്. അച്ചുതാനന്ദൻ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ കൺവീനറായിരുന്നു. അന്ന് നിയമിച്ച ശ്രീ. എം. വി. ദാമോദരൻപോലും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഏതെങ്കിലും കേസ്സിൽ പ്രതിയാണെന്ന് എഴുതിവച്ചിട്ടുണ്ടോ? നിങ്ങൾ ഇക്കാര്യം ആലോചിക്കണം. ഇവിടെയിരിക്കുന്ന പലരും അതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് എനിക്കറിയാം. ശ്രീ. എം. കെ. ദാമോദരൻ ഇക്കാര്യത്തിൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി നിരപരാധിയാണെന്ന് എഴുതിയതുമുതൽ നിരവധി കോടതി വിധികളുണ്ടായിട്ടുണ്ട്. ഞാൻ ചോദിക്കട്ടെ, കുടുംബവും കുഞ്ഞുകുട്ടികളും പ്രായമായ മക്കളുമുള്ള ഒരു മനുഷ്യനോട് കാണിച്ച ക്രൂരത, ആ ഡാമേജ് ആർക്കെങ്കിലും പരിഹരിക്കാൻ കഴിയുമോ? എല്ലാ കേസ്സുകളും ഇപ്പോൾ ഒരുമാതിരി തീർന്നു. കോഴിക്കോട് കോടതിയിൽ ഈ കേസ് വന്നു. മാർക്സിസ്റ്റുകാരായ രണ്ട് മേയർമാർ ആ കേസ്സിലുണ്ട്. അവരും മര്യാദക്കാരാണെന്നാണ് ഞാൻ മനസ്സിലാക്കിയത്. അവരും പെട്ടു. അവർക്കുണ്ടായ ഡാമേജ് ആർക്ക് പരിഹരിക്കാൻ കഴിയും? ഇവിടെ വ്യവസായം ഉണ്ടായില്ലെന്ന് പറയാൻ കഴിയുമോ? ഇവിടെ ജിം വന്നു. അതിന്റെ ഫലമായി ഒരുപാട് വ്യവസായങ്ങൾ ഉണ്ടായില്ലേ? ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് വ്യവസായം ഉണ്ടായതെന്ന് അംഗീകരിക്കാതിരിക്കാൻ നമുക്ക് കഴിയുമോ? അംഗീകരിക്കേണ്ട കാര്യങ്ങൾ അംഗീകരിക്കണം. അംഗീകരിക്കാൻ പറ്റാത്ത, നിങ്ങളോട് യോജിപ്പുള്ള പല കാര്യങ്ങളുമുണ്ട്. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒരുപാട് മാറ്റങ്ങൾ ഇല്ലേ? വൈദ്യുതി ഞാൻ കൈകാര്യം ചെയ്തിരുന്ന വകുപ്പാണ്. കഴിഞ്ഞ നാലര വർഷംകൊണ്ട് കെ.എസ്.ഇ.ബി-യുടെ നഷ്ടം നികത്തിയെന്നു മാത്രമല്ല ഇപ്പോൾ ലാഭകരമായി പോകുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ വിദ്യുച്ഛക്തി താരിഫ് കുറച്ച ഒരു കാലഘട്ടം ഒരിക്കലും ഉണ്ടായിട്ടില്ല. വിദ്യുച്ഛക്തി താരിഫ് കുറച്ചു. മീറ്റർ ചാർജ്ജ് കുറച്ചു. മിനിമം ഗ്യാരന്റി വേണ്ടെന്നുവച്ചു. ഇതൊക്കെ ഈ രംഗത്ത് ഉണ്ടായ മാറ്റങ്ങളാണ്. ഇനിയും മാറ്റങ്ങളുണ്ടാകും. പക്ഷേ ഒരു കുഴപ്പം പറ്റി. നമ്മുടെ ഇൻഡസ്ട്രിയൽ കൺസംപ്ഷൻ ഓരോ കൊല്ലവും കുറഞ്ഞുകുറഞ്ഞു വരികയാണ്. വിദ്യുച്ഛക്തിയുടെ ഇൻഡസ്ട്രിയൽ കൺസംപ്ഷൻ 1990-ൽ 50 ശതമാനവും ഹൗസ് കൺസംപ്ഷൻ 40 ശതമാനവും ആയിരുന്നത് ഇന്ന് നേരെ തിരിച്ച് എത്തി. ഇൻഡസ്ട്രിയൽ കൺസംപ്ഷൻ കുറഞ്ഞു. വിദ്യുച്ഛക്തി സുലഭമായി ലഭിക്കുന്ന സംസ്ഥാനമെന്നുള്ള നിലയിൽ ഈ രാജ്യത്ത് വന്ന ധാരാളം വ്യവസായങ്ങളുടെ ഫലമായി, അത് കറണ്ടുതീനി വ്യവസായമെന്നു പറയും, അതിന്റെ ഫലമായി ഇൻഡസ്ട്രിയൽ പവർ കൂടി, ഡൊമസ്റ്റിക് പവർ കുറഞ്ഞു. ഇപ്പോൾ എന്താണ് സ്ഥിതി? ഇൻഡസ്ട്രിയൽ പവർ കൂട്ടാനുള്ള ഇൻഡസ്ട്രിയല്ല വരുന്നത്. കംപ്യൂട്ടർ ഇൻഡസ്ട്രിക്കൊന്നും അധികം വിദ്യുച്ഛക്തി വേണ്ട. അത് വലിയ ഇൻഡസ്ട്രീസ് അല്ല. വലിയ ഇൻഡസ്ട്രീസ് വന്നാലേ സാധാരണക്കാരായ തൊഴിലാളികൾക്ക് ജോലി കിട്ടുകയുള്ളൂ. അതിന് വിദ്യുച്ഛക്തിയുടെ വില കുറയണം. എങ്ങനെയാണ് കുറയുന്നത്? അവിടെയാണ് പ്രശ്നം. നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

വളരെക്കാലമായി ആഗ്രഹിച്ചിരുന്ന ഹൈഡ്രോ പവറിലേയ്ക്ക് പോവുകമാത്രമേ മാർഗ്ഗമുള്ളൂ. ജലത്തിൽനിന്നും വൈദ്യുതി എടുക്കുന്നതിലേക്ക് പോകാതെ ഒരിക്കലും നമുക്ക് ഇൻഡ്യയിൽ വിദ്യുച്ഛക്തിയുടെ റേറ്റ് കുറയ്ക്കാൻ പറ്റില്ല. എട്ട് രൂപയ്ക്ക് കറണ്ട് വാങ്ങുന്ന ഒരു സംസ്ഥാനമായി കേരളം മാറിയാൽ നമ്മുടെ വ്യവസായം തകരും. 20 കൊല്ലത്തിനുശേഷം സൈലന്റ് വാലി തുടങ്ങാമെന്ന് പറഞ്ഞിട്ട് 25 കൊല്ലം കഴിഞ്ഞു. സൈലന്റ് വാലി, അതിരപ്പിള്ളി ഉൾപ്പെടെയുള്ള ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്താലേ എട്ട് രൂപയ്ക്ക് കറണ്ട് വാങ്ങി ആ കറണ്ട് മിക്സ് ചെയ്തിട്ട് രണ്ടുംകൂടി ചേർത്ത് ഒരു റേറ്റ് നിശ്ചയിച്ച് നമുക്ക് വ്യവസായങ്ങളെ ആകർഷിക്കാൻ കഴിയുകയുള്ളൂ. ചുരുങ്ങിയ ചെലവിൽ വൈദ്യുതി കിട്ടിയാൽ മാത്രമേ, കേരളം ഇൻഡ്യയുടെ തെക്കേ അറ്റത്താണ് എന്നുള്ളതുകൊണ്ട് വാഹനത്തിനും മറ്റു കാര്യങ്ങൾക്കും ഫിനിഷ്ഡ് പ്രോഡക്ടും റോ പ്രോഡക്ടും കൊണ്ടുവരുന്നതിനുള്ള ചെലവുകൾ ഉൾപ്പെടുത്തി സ്വാഭാവികമായും കുറഞ്ഞ നിരക്കിൽ വൈദ്യുതി കൊടുത്ത് വ്യവസായങ്ങളെ ആകർഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ വ്യാവസായിക സ്വപ്നം പൊലിഞ്ഞുപോകും എന്നുള്ളതിന് യാതൊരു സംശയവുമില്ല. അതുകൊണ്ട് എല്ലാ അഭിപ്രായവ്യത്യാസങ്ങളും മാറ്റി ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്താൽ മാത്രമേ കേരളത്തിന് രക്ഷയുള്ളൂ. പക്ഷേ ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കുന്ന മന്ത്രിമാരും ഉദ്യോഗസ്ഥരും മുഴുവൻ അപകടത്തിലാണ്. ശ്രീ. എം. എൻ ഗോവിന്ദൻ നായരുടെ കാലം മുതൽ തുടങ്ങിയതാണ് ഈ ആക്ഷേപം. പ്രതിപക്ഷ നേതാവ് ഇപ്പോഴും എന്നെ ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്, കോടതികളെല്ലാം വെറുതെയാണെന്ന് പറഞ്ഞിട്ടും ഒരുപാട് ദ്രോഹിച്ചു. ഇപ്പോഴും ദ്രോഹിക്കുന്നു. ശ്രീ. പത്മരാജൻ പെട്ടു, അതുകഴിഞ്ഞ് ഇപ്പോൾ പുതിയ പദ്ധതികളുടെ പേര് പറഞ്ഞ് പലരേയും പെടുത്താൻ ശ്രമിക്കുകയാണ്. ഇവിടെയുള്ള ഉദ്യോഗസ്ഥരെ അനാവശ്യമായി ദ്രോഹിക്കുന്നു. വിദ്യുച്ഛക്തി തൊട്ടവന്റെയെല്ലാം കൈ പൊള്ളിക്കുന്ന രീതിയിൽ നടപ്പിച്ചതുകൊണ്ടാണ് നമ്മുടെ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് പൂർത്തിയാകാതെ പോയത്. നമ്മുടെ രാജ്യത്ത് ഇതിന് ഒരു അറുതി വരുത്താൻ കഴിയുമോ എന്ന് ആലോചിക്കണം. എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്യാൻ പ്രോജക്ട് ഉണ്ടാക്കാൻ, ഉദ്യോഗസ്ഥർ ആരെങ്കിലും ശ്രമിച്ചാൽ അതിന് യാതൊരു ഉത്തരവാദിത്വവും ഇല്ലാത്ത മന്ത്രിയാണെങ്കിലും അതിൽ എല്ലാപേരുംപെടും. കേരളത്തിന്റെ വിദ്യുച്ഛക്തിരംഗത്ത് മരവിപ്പാണ്. കടലിലേക്ക് ഒഴുകിപ്പോകുന്ന വെള്ളം കാലാകാലങ്ങളിൽ ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയാത്തതിന്റെയടിസ്ഥാനത്തിൽ നമുക്കുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം കോടാനുകോടിയാണ്. ഞാൻ 1984-ൽ മന്ത്രിയായിരുന്നപ്പോഴാണ് അതിരപ്പിള്ളി പദ്ധതി തുടങ്ങിയത്. വർഷം 21 കഴിഞ്ഞു. അതിരപ്പിള്ളി പദ്ധതി ഇപ്പോഴും നടക്കുന്നില്ല. തർക്കം നടക്കുകയാണ്. ശ്രീ. കെ. പി. പ്രഭാകരൻ എന്നെ ഏൽപ്പിക്കുമ്പോൾ അതിരപ്പിള്ളി കേരളത്തിലെ ഏറ്റവും ചെലവുകുറഞ്ഞ പദ്ധതിയാണ് എന്ന് അദ്ദേഹം എഴുതിയിട്ടു. അതിന്റെ കാരണമെന്താണെന്ന് അറിയാമോ? തമിഴ്നാട് തുറന്നുവിടുന്ന വെള്ളം മതി നമുക്ക്. അതിന് വലിയ ഡാം വേണ്ട. അപ്പർ ഷോളയാറിലും ലോവർ ഷോളയാറിലും ജനറേറ്റ് ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞാൽ തുറന്നുവിടുന്ന വെള്ളമാണ് ഉപയോഗിക്കുന്നത്. അതിന് വലിയ ഡാം കെട്ടേണ്ട. സിവിൽ വർക്സ് കുറച്ചു മതി. അതുകൊണ്ട് ചെലവുകുറഞ്ഞ പദ്ധതിയാണ് എന്നു പറഞ്ഞ അതിരപ്പിള്ളി പദ്ധതി പോലും 30 കൊല്ലമായിട്ടും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. കോടാനുകോടി രൂപ നഷ്ടം വരികയാണ്. അതുകൊണ്ട് നമ്മുടെ രാജ്യത്ത് ഇതിന് ഒരു ഏർപ്പാട് ഉണ്ടാക്കണം. ഉണ്ടായില്ലെങ്കിൽ ബുദ്ധിമുട്ടാണ്. ഇവിടെ കെഎസ്ആർടിസി-യെപ്പറ്റി പറഞ്ഞു. കെഎസ്ആർടിസി-യുടെ നിലനിൽപ്പ് ശരിയാണെന്ന അഭിപ്രായം എനിക്കില്ല. കെ.എസ്.ആർ.ടി.സി. ഈ നിലയിൽ പോയാൽ ഇത് വളരെ അപകടമാണ്. അവിടത്തെ ജീവനക്കാർ തകരും. ജീവനക്കാരുടെ എണ്ണത്തേക്കാൾ പെൻഷൻ പറ്റുന്നവർ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. പെൻഷൻ പറ്റുന്നവരുടെ ജീവിതമാർഗ്ഗം മുട്ടും. ഇപ്പോൾ എടുത്തിരിക്കുന്ന നയങ്ങൾ പുനഃപരിശോധിക്കണമെന്നാണ് എന്റെ അഭിപ്രായം കെ.എസ്.ആർ.ടി.സി. സ്വകാര്യവൽക്കരിക്കുന്നതിലേയ്ക്ക് പോകണം എന്നാണ് ചില പെറ്റീഷനുകളിൽ കാണുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ സേവനം കുറയ്ക്കുന്ന നടപടിയിലേയ്ക്ക് ഗവൺമെന്റ് പോകാൻ പാടില്ല. സി. പി. രാമസ്വാമിയെപ്പോലുള്ള ഏകാധിപതിക്ക് ഈ സ്ഥാപനം വേണമെന്ന് തോന്നിയപ്പോൾ, ജനാധിപത്യ വ്യവസ്ഥയിൽ 57 കൊല്ലം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ഇതിന്റെ പ്രാധാന്യം കുറച്ചുകാണാൻ പാടില്ല എന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ദേശസാൽക്കരിക്കപ്പെട്ട റൂട്ടുകളിലേക്ക് സ്വകാര്യ ബസുകൾ കടത്തിവിടുന്ന ഒരു നിയമനിർമ്മാണവും മോട്ടോർ വാഹന നിയമത്തിൽ വരുത്താൻ പാടില്ല എന്ന് ഈ അവസരത്തിൽ കർക്കശമായി ആവശ്യപ്പെടാൻ ഞാൻ ആഗ്രഹിക്കുകയാണ്. കോട്ടയം-കുമിളി, കോട്ടയം-എറണാകുളം ഞാൻ കുറെയധികം ബുദ്ധിമുട്ടിയാണ് ദേശസാൽക്കരിക്കാനുള്ള അംഗീകാരം വാങ്ങിയത്. മുതലാളിമാർ കൊടുത്ത സുപ്രീം കോടതിയിലെ അപ്പീൽ, കക്ഷി ചേർന്ന് അത് നിഷ്ഫലമാക്കാൻ ശ്രമിക്കാതെ മുതലാളിമാരോട് കക്ഷി ചേരാൻ ശ്രമിക്കുന്നത് ആരായാലും അത് ശരിയല്ല എന്ന് ഈ അവസരത്തിൽ ഓർമ്മപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മോട്ടോർ വെഹിക്കിൾസ് ആക്ട് ഭേദഗതി ചെയ്യണമെങ്കിൽ ആദ്യമേ കൺകറൻസ് വാങ്ങിയിട്ട് ഇവിടെ കൊണ്ടുവന്ന് സഭ പാസ്സാക്കണം.

<u>ശ്രീ. എം. വി. ജയരാജൻ</u> : സർ, അങ്ങ് പറഞ്ഞു നിയമഭേദഗതിയിലൂടെ മാത്രമേ ദേശസാൽകൃത റൂട്ടുകൾ ഒഴിവാക്കാൻ കഴിയുകയുള്ളൂ എന്ന്. എന്നാൽ ഇപ്പോൾ നിയമഭേദഗതി ഇല്ലാതെ നിയമവിരുദ്ധമായി ഇത്തരം റൂട്ടുകളിലേക്ക് സ്വകാര്യ വാഹനങ്ങൾ മാടിക്കൊണ്ടിരിക്കുകയാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u> : സർ, അതാണല്ലോ ഏറ്റവും കൂടുതലുള്ളത്. പക്ഷേ എന്റെ കാലത്തുണ്ടായ ഒരു കോടതി വിധിയുണ്ട്. ആ വിധിയനുസരിച്ച് സ്റ്റാറ്റസ്കോ മെയിന്റെയിൻ ചെയ്യാനാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഒരു പുതിയ പെർമിഷനിൽ കോടതി ഇടപെട്ട് നാഷണലൈസ്ഡ് റൂട്ടുകളിൽ പ്രൈവറ്റ് ബസ് കൊടുക്കുന്നത് തെറ്റാണ് എന്നുപറഞ്ഞ്, റൂട്ടുകളിൽ നിലവിലുള്ള പെർമിറ്റുകൾ അല്ലാതെ ഒരു പെർമിറ്റും കൊടുക്കാൻ സുപ്രീം കോടതി

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ചിട്ടില്ല. സുപ്രീംകോടതിയുടെ സ്റ്റേ എന്നുപറയുന്നത് ഇന്ന് നിലവിലുള്ള റൂട്ടുകളിൽ ആ സ്റ്റാറ്റസ്കോ നിലനിൽക്കണം എന്നതും പുതിയ പെർമിറ്റ് കൊടുക്കരുത് എന്നുമാണ്. അങ്ങ് പറഞ്ഞകാര്യം അതിനുശേഷം ഉണ്ടായിട്ടില്ല. എന്നാൽ നാക്കണക്കൈസ് ചെയ്യാത്ത റൂട്ടുകളുണ്ട് ഉദാഹരണത്തിന് എറണാകുളം മുതൽ പറവൂർവഴി ഗുരുവായൂർവഴിയുള്ള റൂട്ടുകളിൽ പുതിയ പെർമിറ്റ് കൊടുക്കാൻ ആർ.ടി.ഒ.-മാർക്ക് അവകാശമുണ്ട്. ഇവിടെ ഒരു വലിയ തർക്കം നടക്കുന്ന വിഷയമാണ് ഹൈവേ പ്രതിപക്ഷത്തിരിക്കുന്ന എന്റെ സ്നേഹിതൻമാരോട് ചോദിക്കുകയാണ്, നമ്മൾ കാളവണ്ടി യുഗത്തിൽ ജീവിച്ചാൽ മതിയോ? ശ്രീ. എം. വി. ജയരാജൻ സ്വീകരിച്ച നിലപാട് മലയാളമനോരമയിൽ കണ്ടപ്പോൾ എനിക്ക് ജയരാജനെപ്പറ്റി വലിയ മതിപ്പ് തോന്നി. ഇനി മാറ്റി പറയരുത്. നമ്മുടെ രാജ്യത്ത് ആദ്യമായി ഇത് കൊണ്ടുവന്നത് ആരാണെന് അറിയാമോ? ലോകത്തിലെ ഏറ്റവും വലിയ, നമ്മളൊക്കെ വെറുക്കുന്ന ഏകാധിപതിയായ ഹിറ്റ്ലറാണ്, റോഡ് എന്ന സങ്കൽപ്പം ആദ്യമായി കൊണ്ടുവന്നത്. ജർമ്മനിയിൽ ആട്ടോവാൻ നിർമ്മിച്ചുകൊണ്ട് കൊണ്ടുവന്ന ഹിറ്റലർ വധിക്കപ്പെട്ടു, ആത്മഹത്യ ചെയ്തു എന്നാണ് പറയുന്നത്. ഹിറ്റ്ലറെ നമ്മളൊക്കെ വെറുക്കുന്നു. പക്ഷേ എന്താണ് ചെയ്തത്? അദ്ദേഹത്തെ തോൽപ്പിച്ച സഖ്യകക്ഷികൾ, ഇംഗ്ലണ്ട്, ജർമ്മനി, ഫ്രാൻസ്, അമേരിക്ക, റഷ്യ, സോവിയറ്റ് യൂണിയൻ ഇവരെല്ലാം സ്വീകരിച്ചത് എന്താണ്? ഹിറ്റ്ലർ അംഗീകരിച്ച ആട്ടോവാൻ അവരുടെ രാജ്യങ്ങളിലൊക്കെ ഉണ്ടാക്കി. ജർമ്മനിയുടെ ഒരറ്റം മുതൽ മറ്റേ അറ്റത്തുള്ള സോവിയറ്റ് യൂണിയന്റെ അതിർത്തിവരെ 40 ഡിഗ്രിയിൽ കൂടുതൽ കർവ് വരരുത് എന്നാണ് ഹിറ്റ്ലർ കൊടുത്ത ഇൻസ്ട്രക്ഷൻ. ആ പാത ഉണ്ടായതുകൊണ്ട് എന്താണ് സ്ഥിതിയെന്നറിയാമോ? ഹിറ്റ്ലറുടെ കണക്കുണ്ട്, ആ കണക്ക് ഇവിടെയും ബാധകമാണ്. 40 ശതമാനം ഇന്ധന ലാഭം, 90 ശതമാനം ആക്സിഡന്റിന്റെ കുറവ്. കാരണം ക്ലാഷ് ഇല്ല, ഹെഡ് പൊല്യൂഷൻ ഇല്ല. മൂന്നു കോടി ആളുകളുള്ള ഇൻഡ്യയിൽ വാഹനങ്ങളുടെ എണ്ണം 40 ലക്ഷമാണ്. കേരളത്തിൽ ഒന്ന്-ഒന്നര കൊല്ലം കഴിയുമ്പോൾ ആറ് ആളുകൾക്ക് ഒരു വാഹനം ആകാൻ പോകുകയാണ്. മൂന്നുകോടി ആളുകൾക്ക് 50 ലക്ഷം വാഹനങ്ങൾ ആകാൻ പോകുകയാണ്. മോട്ടോർ സൈക്കിൾ ഉൾപ്പെടെയാണ് ഞാൻ പറയുന്നത്. ഈ വാഹനങ്ങൾ ഓടാൻ റോഡ് വേണ്ടേ? ഇവിടെ ഈ പദ്ധതി കൊണ്ടുവന്നത് ആരാണ്? നായനാർ ഗവൺമെന്റല്ലേ? മലേഷ്യയുടെ സഹായത്തോടുകൂടി ഈ ഹൈവേ കൊണ്ടുവരാൻ തീരുമാനിച്ചത് ശ്രീ. പി. ജെ. ജോസഫ് മന്ത്രിയായിരുന്ന കാലത്താണ്. ഞങ്ങളാരും എതിർത്തില്ലല്ലോ? അന്ന് ഞങ്ങൾ നിയമസഭയിൽ പ്രതിപക്ഷത്തിരിക്കുകയാണ്. ഞങ്ങൾ നല്ലതാണെന്നാണ് പറഞ്ഞത്. എക്സ്പ്രസ്സ് ഹൈവേ എന്നുള്ള പേര് മാറ്റിക്കോ, വേണമെങ്കിൽ അലൈൻമെന്റ് മാറ്റിക്കോ, പക്ഷേ ആരെങ്കിലും പണം ചെലവാക്കി നമ്മുടെ റോഡ് നന്നാക്കണ്ടേ? ബി.ജെ.പി. ഉണ്ടാക്കിയ ഗോൾഡൻ സർക്കിൾ റോഡൊന്നും നമുക്ക് കിട്ടിയിട്ടില്ല. 50 ലക്ഷം വാഹനങ്ങളുള്ള ഈ രാജ്യത്ത്, ദിവസംതോറും അപകടങ്ങൾ നടക്കുന്ന ഈ രാജ്യത്ത് പെട്രോളും ഡീസലും പുറത്തുനിന്ന് ഇറക്കുമതി ചെയ്യുന്നതിന് അനേകായിരം കോടി രൂപ ചാരിക്കാമെന്നാണ് പറയുന്നത്. ഈ പദ്ധതി, പേര് എന്തുവേണമെങ്കിലും വച്ചോ, മുറിച്ചുണ്ടാക്കിയാലും

LIBRARY ARCHIVES Kerala Legislative Assembly

വിരോധമില്ല. ആൾതാമസമില്ലാത്ത സ്ഥലത്ത് കുറേയൊക്കെ ബുദ്ധിമുട്ടുള്ള സ്ഥലങ്ങൾ ഒഴിവാക്കിയാലും വിരോധമില്ല. ഈ വലിയ ഹൈവേ, ആറുവരിയോ എട്ടുവരിയോ പാതയുള്ള ഹൈവേ നമ്മൾ വേണ്ടെന്നുവയ്ക്കാൻ പാടില്ല. അത് ഈ രാജ്യത്ത് വരുന്ന തലമുറയോട് നമ്മൾ ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹമായിരിക്കും. ലോകം മുഴുവൻ കണ്ടുകൊണ്ട് നമ്മൾ ചെയ്യണം. എതിർപ്പ് അവിടംകൊണ്ടും തീരുന്നില്ല. മെട്രോ റെയിൽവേ-നമ്മൾ ആലോചിച്ചതിനുശേഷം ആലോചിച്ചതാണ് കൽക്കട്ടയിലും ഡൽഹിയിലും. 1985-ൽ കേരളത്തിലെ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് എന്നീ മൂന്ന് കോർപ്പറേഷനുകളിൽ മെട്രോ റെയിൽവേ ഉണ്ടാക്കാൻ ആലോചിച്ചു. നാറ്റ്പാക്കിന്റെ അന്നത്തെ റിപ്പോർട്ടനുസരിച്ച് തിരുവനന്തപുരത്ത് ഒരു സെന്റ് സ്ഥലംപോലും അക്വയർ ചെയ്യാതെ നമ്മുടെ ആമയിഴഞ്ചാൻ തോട് എന്നുപറയുന്ന തോടിനു മുകളിൽക്കൂടി റെയിൽവേ ഉണ്ടാക്കാം എന്നാണ്. ആരെയും മാറ്റേണ്ട. ഗവൺമെന്റിന്റെ സ്ഥലമുണ്ട്. തോടിനു മുകളിൽക്കൂടി ഉണ്ടാക്കാമെന്നാണ് നാറ്റ്പാക് പറഞ്ഞത് നമ്മൾ ഉണ്ടാക്കിയില്ല എന്നുമാത്രമല്ല, ഇപ്പോൾ ഏതാണ്ട് മെട്രോ റെയിൽവേ കൊച്ചിയിൽ വരാനുള്ള തീരുമാനം വന്നപ്പോൾ അതിനെയും കുറേ ആളുകൾ എതിർക്കുകയാണ്. പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം ഡവലപ് ചെയ്യണമെന്ന് നമ്മൾ പറഞ്ഞിട്ട്, കൊച്ചിയിൽ ഈ റെയിൽവേ വരുമ്പോഴും നമ്മൾ എതിർക്കുകയാണ്. എതിർക്കുന്നതിന് ന്യായം എന്താണ്? മുകളിൽക്കൂടിയാണ് പോകുന്നത്, ആരെയും ഡിസ്പ്ലേസ് ചെയ്യുകയോ ആരെയും ഉപദ്രവിക്കുകയോ ചെയ്യുന്നേ. എന്നിട്ടും അത് നമ്മൾ സ്കീമിൽ ചേർത്തെടുക്കാൻ നിൽക്കുമ്പോൾ അതിനെയും എതിർക്കുകയാണ്. അതുകൊണ്ട് ഈ എതിർപ്പുകൾ കേരളത്തിൽ നാളത്തെ സാഹചര്യങ്ങൾ എങ്ങനെ വരുന്നു എന്നും ഇൻഡ്യയുടെ മറ്റ് ഭാഗങ്ങളെപ്പോലെയും ലോകം പോലെയും നമ്മുടെ നാടും രക്ഷപ്പെടണമെന്ന് കരുതുന്ന രീതിയിലുള്ള സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ എതിർപ്പുമൂലം കോട്ടയം-എരുമേലി റെയിൽവേ ഇല്ലാതായില്ല? 30 പേരുടെ സ്ഥലം എടുക്കുന്നതാണോ മുന്നുകോടി ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതാണോ പ്രാധാന്യം എന്ന് ആലോചിക്കണം. നമ്മുടെ നയംമൂലം ഗവൺമെന്റ് അനുവദിച്ച, അന്നത്തെ റെയിൽവേ മിനിസ്റ്റർ ജാഫർ ഷെരീഫ് ഉൾപ്പെടെ പോയി കല്ലിട്ട കോട്ടയം-എരുമേലി റെയിൽവേ ഇന്നും കല്ല് തിരുനക്കര മൈതാനത്തിരിപ്പുണ്ട്. ആ റെയിൽവേ ലൈൻ നമുക്ക് ഉപേക്ഷിക്കേണ്ടിവന്നു. അങ്കമാലി-എരുമേലി അവിടെയും തുടങ്ങിയിരിക്കുന്നു എതിർപ്പ്. ഗുരുവായൂർ-കുറ്റിപ്പുറം റെയിൽവേ ഗുരുവായൂർ വരെ തീർന്നു, കുറ്റിപ്പുറത്തേക്കുള്ള സ്ഥലമെടുപ്പിന്റെ എതിർപ്പുമൂലം കഴിഞ്ഞ 15 വർഷമായി കുറ്റിപ്പുറത്തേക്ക് പോകുന്ന റെയിൽവേ ലൈൻ ഡിലേയാണ്. ഷൊർണ്ണൂർ-നഞ്ചൻകോട്; അവിടെയും പ്രശ്നമാണ്. ഇങ്ങനെ എതിർത്താൽ ഇവിടെ രാവിലെ ശ്രീ. വാഹീദ് പറഞ്ഞു ഐ.ടി. ഇൻഡസ്ട്രിക്കുവേണ്ടി സ്ഥലം എടുക്കുന്നു, വളരെ കൂടുതൽ ആളുകളെ ഒഴിപ്പിക്കുന്നില്ല എന്ന്. ആ സ്ഥലം ഇവിടെ എടുക്കാൻ പാടില്ല എന്ന് നമ്മൾ പറഞ്ഞാൽ ഇവിടെ ഐ.ടി. വ്യവസായം തുടങ്ങാൻ വന്ന പതിനായിരക്കണക്കിന് ജോലി കിട്ടുന്ന ആളുകൾക്ക് ജോലി കിട്ടാതെ വരും. അതുകൊണ്ട് ഇതുസംബന്ധിച്ച് എന്റെ ഒരു അഭിപ്രായം ഗവൺമെന്റിനാട് പറയാനുള്ളത് പ്രതിപക്ഷത്തെന്നോ ഭരണകക്ഷിയെന്നോ ഇല്ലാതെ ആളുകളെ പറഞ്ഞ് മനസ്സിലാക്കിക്കാൻ പ്രാവീണ്യമുള്ള നേതാക്കളെ വച്ചുകൊണ്ട് ഗവൺമെന്റ് ഈ കാര്യങ്ങൾ പരിഹരിക്കാനുള്ള ഒരു നയം സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, അങ്ങ് പറയുന്ന വികസന പ്രവർത്തനങ്ങളെല്ലാം കേരളത്തിൽ വേണം, പക്ഷേ അങ്ങ് ഗൗരവമായി പരിഗണിക്കപ്പെടേണ്ട ഒരു കാര്യം, കേരളംപോലെ ഇത്രയും കൂടുതൽ ജനസാന്ദ്രതയുള്ള ഒരു പ്രദേശത്ത് വികസനപ്രക്രിയയോടൊപ്പം വ്യക്തമായ ഒരു നിയമനിർമ്മാണത്തിലൂടെ ഇങ്ങനെ കുടിയൊഴിപ്പിക്കപ്പെടുന്ന ആളുകളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി കൂടിവേണം എന്നതുകൂടി വന്നാൽ ഈ ആശങ്ക ദൂരീകരിക്കാൻ കഴിയില്ലേ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ശ്രീ. ജയരാജൻ പറഞ്ഞത് 101 ശതമാനം ഞാൻ അംഗീകരിക്കുന്നു. അത് വേണം, ആശങ്ക പാടില്ല, കോംപൻസേഷൻ വേണമെങ്കിൽ ഇരട്ടിയാക്കുന്നതിനുകൂടി ഇഷ്ടമുള്ള ആളാണ് ഞാൻ. പൊന്നുമല എന്നുപറഞ്ഞാൽ ഇപ്പോൾ പൊന്നുമലയൊന്നുമല്ല. മാർക്കറ്റ് വാല്യൂ 5 ലക്ഷം ഉള്ളതിന് 50,000-ഉം, 30,000-വുമാണ് ഇപ്പോൾ വിലയിടുന്നത്. അവിടെയാണ് കുഴപ്പം വരുന്നത്. ശ്രീ. ജയരാജൻ പറഞ്ഞത് അക്ഷരംപ്രതി ശരിയാണ്, അതിലൊന്നും എനിക്ക് ആക്ഷേപമില്ല. റെയിൽവേയുടെ കാര്യത്തിൽ ഇപ്പോൾ വന്നിരിക്കുന്നത് താഴെക്കൂടിയും മുകളിൽക്കൂടിയും റെയിൽവേ ഒക്കില്ല എന്നാണ്. എറണാകുളത്ത് മുകളിൽ കൂടിയാണ് അതും ഒക്കില്ല എന്നാണ് പറയുന്നത്. വിഴിഞ്ഞം പോർട്ടിന്റെ കാര്യം ഇപ്പോൾ പിന്നെയും വന്നിരിക്കുകയാണ്. കുന്നിൻമേൽ കുരിശ് എന്നതുപോലെ. വിഴിഞ്ഞത്ത് ആരെയും ഒഴിപ്പിക്കുന്നില്ല, കടലിലാണ് പോർട്ട്. വിഴിഞ്ഞം പോർട്ടിലോട്ട് റെയിൽവേ ലൈൻ വരണം. കന്യാകുമാരി ലൈനിൽനിന്ന് വിഴിഞ്ഞത്തേക്ക് ഒരു റെയിൽവേ ലൈൻ വരണം. അവിടെ ചുരുക്കം ആളുകളെ ഒഴിപ്പിക്കേണ്ടിവരും. വിഴിഞ്ഞം പോർട്ടിന്റെ പ്രാധാന്യം, സേതുസമുദ്രം പ്രോജക്ട് വന്നുകഴിഞ്ഞാൽ ശ്രീലങ്കയിലെ, കൊളംബോയിലടുക്കുന്ന മുഴുവൻ കപ്പലുകളും അടുക്കാൻ പോകുന്നത് വിഴിഞ്ഞത്താണ്. അങ്ങനെയുള്ള ഒരു തുറമുഖം കേരളത്തിൽ ഉണ്ടാകരുത് എന്നുപറയുന്നത് കേരളത്തിന്റെയും ഇൻഡ്യയുടേയും ശത്രുക്കളാണ്, മിത്രങ്ങളല്ല. വികസനപ്രക്രിയ ഇങ്ങനെ നശിപ്പിച്ച് മുന്നോട്ടുപോകുന്നത് ശരിയല്ല എന്നതുകൊണ്ട് ഈ ക്രൂരമായ നയം വച്ചുപുലർത്തരുത് എന്ന് ആഗ്രഹിക്കുന്നു. നരേന്ദ്രൻ കമ്മീഷനിൽ മുൻകാല റിക്രൂട്ട്മെന്റ്-ഇവിടെ മുസ്ലീം ലീഗ് പറഞ്ഞു, ഒരു സമരത്തിലിറങ്ങുമ്പോൾ പറയുന്ന 100 ശതമാനം കാര്യങ്ങളും ഈ രാജ്യത്ത് നടക്കാം എന്ന് അവർക്ക് മനസ്സിലായി. എനിക്ക് കിട്ടാനുള്ള ജോലി വേറെ ഒരു സമുദായത്തിന് പോയി എന്നുള്ളതുകൊണ്ട് ആ ജോലി അക്കാരണത്താൽ എന്റെ വിഭാഗത്തിൽ റിസർവ്വേഷനുള്ള മറ്റൊരു ആളിന് ഭാവിയിൽ ഒരു സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ കിട്ടാമെന്നുള്ളത് നമ്മുടെ രണ്ടംഘടന ഉള്ളിടത്തോളംകാലം ആർക്കും മാറ്റാൻ സാധ്യമല്ല. വളരെ സ്റ്റഡീഡായി ഞാൻ ഈ നിയമസഭയിൽ ഇതിനെപ്പറ്റി നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ പറഞ്ഞതാണ്. പിന്നെ നടക്കുന്നതെന്താണ്? ഈ രാജ്യത്ത് സാമൂഹ്യപ്രതിബദ്ധത നടപ്പിലാക്കാൻ, ഇന്ന് സമ്പന്നതയോടെ ഉണ്ടാക്കിയിരിക്കുന്ന, അതാത് സമുദായങ്ങൾക്ക് റൊട്ടേഷനും സബ് റൊട്ടേഷനും ഇല്ലാതെ, അതാത് സമുദായങ്ങൾക്ക് നീക്കിവച്ചിരിക്കുന്ന ജോലി അവർക്കുതന്നെ കിട്ടാൻ കഴിയുന്ന സാഹചര്യം ഉണ്ടാക്കുന്ന നിയമനിർമ്മാണവും നിയമങ്ങളും അല്ലാതെ അപ്രായോഗികമായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് ആ വടികൊണ്ട് ആളുകളെ അടിക്കാൻ ശ്രമിച്ചിട്ട് കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ കുറ്റപ്പെടുത്തുകയല്ല. പലരുടെയും നിലപാട് അതാണ്. ഓരോ ന്യായങ്ങൾ കണ്ടുപിടിച്ച് മുന്നോട്ട് പോകുകയല്ലാതെ അത് അപ്രായോഗികമാണ്. അതുകൊണ്ട് നമ്മുടെ കമ്മീഷൻ റിപ്പോർട്ട് ഒരു സമവായത്തോടുകൂടി നടത്താൻ തീരുമാനിച്ചിട്ട് ഒരു അഭിപ്രായസമന്വയം ഉണ്ടാക്കി നടത്താൻ തീരുമാനിച്ച ഗവണ്മെന്റിനെയും യു.ഡി.എഫ്-നെയും സംബന്ധിച്ചിടത്തോളം അത് അഭിനന്ദനാർഹം തന്നെയാണ്. ആർക്കും ഇതിനെതിരായി ഒന്നും പറയാനില്ല എന്നാണ് ഇതിനെപ്പറ്റിയുള്ള എന്റെ അഭിപ്രായം. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇവിടെ പറഞ്ഞ പല കാര്യങ്ങളുമുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഈ ഗവണ്മെന്റ് 100 ശതമാനം വിജയമാണെന്നും പ്രശ്നങ്ങൾക്ക് പരിഹാരമാണെന്നും എനിക്ക് അഭിപ്രായമില്ല. കഴിഞ്ഞ നാലര കൊല്ലം ഗവണ്മെന്റ് ഒരുപാട് പ്രസംഗം നടത്തി. ഏറ്റവും അവസാനം ഈ രാജ്യത്തെ 25 ലക്ഷം കുടുംബങ്ങളെ അന്ത്യോദയ പദ്ധതിയിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. പാവപ്പെട്ടവർക്ക് വളരെയേറെ നേട്ടങ്ങൾ ഉണ്ടാക്കിയ ഈ ഗവണ്മെന്റ് കഴിഞ്ഞ കാര്യങ്ങൾ പറഞ്ഞു. മേയ് മാസത്തിനുശേഷം നയപ്രഖ്യാപനം നടത്താൻ ഈ രാജ്യത്ത് ഗവർണർക്ക് അവകാശമില്ല. പുതിയ മാൻഡേറ്റ് കിട്ടിയിട്ടുവേണം അതു നടത്തേണ്ടത്. അതുകൊണ്ട് ഈ നയപ്രഖ്യാപനപ്രസംഗം നടത്തിയ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു. ഗവർണർ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണപിള്ള, അദ്ദേഹം ഞങ്ങളുടെ പഴയ നേതാവാണ്. അദ്ദേഹം കഴിഞ്ഞ ആറു മാസത്തിനുമുമ്പ് ഈ സഭയിൽ പറഞ്ഞത് ഓർമ്മിക്കാതിരിക്കുന്നത് ശരിയല്ല. അദ്ദേഹം പറഞ്ഞു; ഞാൻ ഛർദ്ദിച്ചത് കക്കിക്കാറില്ല. രണ്ടാമതായി അദ്ദേഹം പറഞ്ഞത് ശ്രീ. ഉമ്മൻ ചാണ്ടി രാജിവയ്ക്കുന്ന ദിവസം ഞാൻ പമ്പാമല പള്ളിയിൽപ്പോയി തിരി കത്തിക്കും. ശ്രീ. ആർ. ബാലകൃഷ്ണ പിള്ള ഈ സഭയിൽ പറഞ്ഞത് തൊട്ടടുത്തിരിക്കുന്ന ശ്രീ. ടി. എം. ജേക്കബ് കേട്ടു എന്നുപറഞ്ഞാൽ മതി. എന്തായാലും അങ്ങനെ പ്രസംഗിച്ച ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് ഓന്തിന് നിറം മാറാൻ സമയം എടുക്കും ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് ആ സമയം വേണ്ട നിറം മാറാൻ, എന്നിട്ട് പ്രസംഗിക്കുകയാണ്. എന്തൊരു ഗതികേടാണ്. ഇതൊക്കെ കേൾക്കേണ്ട ഗതികേട് ഈ സഭയ്ക്കുണ്ടായല്ലോ ദൈവം തമ്പുരാനേ! എന്നേ എനിക്ക് പറയാനുള്ളൂ. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നിട്ട് നാലേമുക്കാൽ കൊല്ലമായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ കാലിന് പരിക്കുപറ്റി വിശ്രമത്തിലാണ്. എവിടെവച്ചാണ് ബ്ലാക്ക് സ്നോയിൽ തട്ടി തെന്നിവീഴാൻ ഇടയായത്? സമ്പന്ന രാജ്യങ്ങളുടെ വാണിജ്യകാര്യങ്ങൾ മുൻനിർത്തി എല്ലാ വർഷവും സിറ്റ്സർലൻഡിലെ ദാവോസിൽ ചേരുന്ന ലോക സാമ്പത്തിക വേദിയിലേയ്ക്കാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ക്ഷണം സ്വീകരിച്ചു പോയത്. അത് മനസ്സിലാക്കണം. 1980-കളിൽ ഏറ്റവും പ്രസക്തമായിരുന്ന കേരള മോഡൽ മുഴുവനും തകർത്തതിനുള്ള പാരിതോഷികമായിട്ടാണ് ശ്രീ. ഉമ്മൻ ചാണ്ടിയെ ദാവോസിലേക്ക് ക്ഷണിച്ചതെന്ന് പറഞ്ഞാൽ നിഷേധിക്കാൻ പറ്റുമോ? ആലോചിക്കേണ്ട പ്രശ്നമല്ലേ? ഈ സമയത്ത് വെനിസ്വേലയിൽ ലോക സോഷ്യൽ ഫോറത്തിന്റെ യോഗം നടക്കുകയാണ്. ലോകസാമ്രാജ്യത്വ അധിനിവേശത്തെ എതിർക്കുന്ന ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള പുരോഗമന കക്ഷികളും പരിസ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തകരും യുദ്ധവിരുദ്ധ പ്രവർത്തകരും ഇറാക്കിൽ കൊല്ലപ്പെട്ട അമേരിക്കൻ സൈനികരുടെ ബന്ധുക്കളും അടക്കം എൺപതിനായിരത്തോളം ആളുകൾ പങ്കെടുത്ത യോഗത്തിലേക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പോയിരുന്നെങ്കിൽ കേരളത്തിലെ ജനങ്ങൾ അദ്ദേഹത്തെ അഭിനന്ദിക്കുമായിരുന്നു. അങ്ങ് പോയത്, ഈ കേരള മോഡൽ തകർത്തുകൊണ്ട് കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ മുഴുവൻ തകർത്തു തരിപ്പണമാക്കി യു.ഡി.എഫ്. ഗവണ്മെന്റിന് കൊടുത്ത, മുതലാളിത്ത രാഷ്ട്രങ്ങളുടെ സംഭാവന എന്ന നിലയിൽ ദാവോസിലേക്ക് പോയിട്ട് അദ്ദേഹം തിരികെ വന്നിരിക്കുകയാണ്. അദ്ദേഹത്തിന് പരിക്ക് പറ്റിയതിൽ ദുഃഖമുണ്ട്. ദുഃഖത്തോടുകൂടി തന്നെയാണ് ഞാൻ ഇത് പറയുന്നത്. പക്ഷേ, അങ്ങ് പോകേണ്ടിയിരുന്നത് അവിടെയായിരുന്നില്ല. പോകേണ്ടിയിരുന്നത് വെനിസ്വേലയിലേക്കായിരുന്നു എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. മന്ത്രിമാർ എത്രയെണ്ണം പോയി? എത്രയെണ്ണം വന്നു? മുൻമന്ത്രിമാരുടെ പരേതാത്മാക്കളുടെ ഒരു ഗവണ്മെന്റല്ലേ ഇത്? എന്തൊരു ഗതികേടാണ് ഈ രാജ്യത്ത്. ഈ ഗവണ്മെന്റിലെ മന്ത്രിമാർ തമ്മിൽ മൽസരമാണ്. എന്തിനാണ്? ഇവിടെ പല മന്ത്രിമാരും മൽസരിക്കുന്നത് പിരിവ് ആരാണ് കൂടുതൽ നടത്തുന്നതെന്ന് നോക്കാനാണ്. ഞാൻ ചോദിക്കട്ടെ. (.....ബഹളം.....)

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ഒരു മന്ത്രിയുടെ പേരിൽ എന്തെങ്കിലും അഴിമതി ആരോപണം ഉന്നയിക്കണമെന്നുണ്ടെങ്കിൽ അത് കാലത്തുതന്നെ എഴുതി മന്ത്രിക്ക് കൊടുത്താൽ അദ്ദേഹം ഫയൽ വീണ്ടുപ്പിച്ച് മറുപടി പറയും. ഇപ്പോൾ ശ്രീ. പി. സി. ജോർജ് പ്രസംഗിക്കുന്നതിനു തൊട്ടുമുമ്പ് 12.35-പി.എം.-ന് ആരോപണം എഴുതി തന്നിട്ട് പറയണമെന്നു പറഞ്ഞാൽ അത് അനുവദിക്കാൻ ഒക്കില്ല. നേരത്തെ ഇവിടെയുള്ള മന്ത്രിക്ക് നോട്ടീസ് കൊടുക്കണം. മന്ത്രി മറുപടി പറയണം. ഇത് ചട്ടലംഘനമാണ്. ഇന്ന് കാലത്തുതന്ന ഒരു ആരോപണം ഈ സഭയിൽ അനുവദിക്കാൻ ഒക്കില്ല.

ശ്രീ. ടി. എം. ജേക്കബ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സാങ്കേതികമായ ഒരു കാര്യം പറഞ്ഞു. അങ്ങ്, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അവിശ്വാസപ്രമേയ ചർച്ച നടക്കുമ്പോൾ ഞാൻ ഇവിടെ പ്രസംഗിച്ചു കഴിഞ്ഞ് ഇരുന്ന് കഴിഞ്ഞപ്പോൾ എന്റെ പേരിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് ശ്രീ. ടി. എൻ. പ്രതാപൻ ഒരു കടലാസ് കൊണ്ടുതരികയും ഞാൻ അക്കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു, ഇവിടെ ഇങ്ങനെയാകാം, പെർമിറ്റ് ചെയ്യുന്നു എന്ന് പറഞ്ഞത് സഭയുടെ രേഖയിൽ ഉണ്ട്.(.....ബഹളം.....)

ശ്രീ. വക്കം പുരുഷോത്തമൻ: സർ, ഒരു ചട്ടത്തിന് ഒരു ഉദ്ദേശമുണ്ട്. അതിന്റെ കമന്ററിയിലുണ്ട്. ഒരു മന്ത്രിക്കെതിരായി ആരോപണം ഉന്നയിക്കണമെന്നുണ്ടെങ്കിൽ അത് കാലത്തുതന്നെ എഴുതിക്കൊടുക്കണമെന്ന് പറയുന്നതിന് കാരണം, അദ്ദേഹം ഫയൽ വരുത്തി അത് നോക്കി മറുപടി പറയാനാണ്. മന്ത്രി ഇല്ലല്ലോ? (.....ബഹളം.....) കാലത്തുതന്നെ എഴുതിക്കൊടുത്ത് പറയണമായിരുന്നു. ഇപ്പോൾ പ്രസംഗിക്കുന്നതിന് തൊട്ടുമുമ്പ് എന്റെ കയ്യിൽ കടലാസ് എഴുതിത്തന്നു. (.....ബഹളം.....)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരു ആരോപണം ഉന്നയിക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ എഴുതിക്കൊടുക്കണം. അത് രാവിലെതന്നെ എഴുതി കൊടുക്കണമെന്ന് റൂളിൽ പറയുന്നില്ല. ഒരു ആരോപണം ഉന്നയിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട മന്ത്രിക്ക് മറുപടി പറയാൻ സാധിക്കത്തക്കവിധത്തിൽ എഴുതിക്കൊടുക്കണമെന്നു മാത്രമേ റൂളിൽ പറയുന്നുള്ളൂ. ശ്രീ. പി. സി. ജോർജ് ഉന്നയിച്ച ആരോപണത്തിന് മറുപടി പറയാൻ ഈ ഗവണ്മെന്റിന് സാധിക്കാത്തതുകൊണ്ടും അത് വസ്തുത ആയതുകൊണ്ടുമാണ് അത് ഉന്നയിക്കുന്നത് തടയുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ ചാർജ് വഹിക്കുന്ന ശ്രീ. വക്കം പുരുഷോത്തമൻ ഇടപെട്ടു എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ എന്റെ ചേമ്പറിൽ ഇരുന്ന് കേട്ടു. എനിക്കെതിരെ ആരോപണം ഉന്നയിക്കാൻ പോകുന്നു. ഞാൻ ഇവിടെ ഇല്ലാത്തതുകൊണ്ട് ആരോപണം ഉന്നയിക്കാതിരിക്കണ്ട. ഞാൻ ഉണ്ട്. വന്നിരിക്കുന്നു. അങ്ങേക്ക് അനുവദിക്കാം. അദ്ദേഹം ഉന്നയിക്കട്ടെ!

ശ്രീ. പി. സി. ജോർജ്: സർ, എനിക്ക് അൽഭുതം തോന്നുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. ഗവർണർ സമൻസയച്ചു കഴിഞ്ഞാൽ സഭയിൽ വന്നിരിക്കേണ്ട ചുമതല മന്ത്രിക്കുണ്ട്. ഇവർക്ക് വേറെ എന്താ പണി? അത് പറയണ്ടേ? ഇവിടെ എം.എൽ.എ.-മാർ സഭയിൽ വന്നിരിക്കണം; പറയുന്നത് കേൾക്കണം. ഇല്ലാതെ പ്രമതി പറഞ്ഞുകൊണ്ട് വന്നിട്ട് അർത്ഥമില്ല. വ്യക്തമായി എഴുതിക്കൊടുത്തിട്ട് തന്നെയാണ് ആരോപണം ഉന്നയിക്കുന്നത്. (.....ബഹളം.....)ലെജിസ്ലേറ്റീവ് സ്റ്റാഫ് അതുംകൊണ്ട് ഓടിനടക്കുന്നു; മന്ത്രിമാർക്ക് കൊടുക്കാൻ. അത് ഞങ്ങളുടെ കുഴപ്പമാണോ? മന്ത്രിമാർ സഭയിൽ കാണണം. ഞാൻ ആരോപണം ഉന്നയിക്കുന്നു എന്നുപറഞ്ഞത് വെറുതെയല്ല. വ്യക്തമായ തെളിവിന്റെ അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ സഭയിൽ പറയാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. മാ ഡിപ്പാർട്ടുമെന്റിലെ അഡ്വക്കേറ്റുമാരെവച്ച് കൃത്രിമമായി തിരുമാനിച്ചാൽപ്പോലും തിരിമറി നടത്തിക്കൊണ്ട് കഴിവില്ലാത്ത വക്കീലൻമാരെ കൊണ്ട് ഹൈക്കോടതിയിൽ വച്ച് ഗവണ്മെന്റ് കേസ് മുഴുവനും തോറ്റു കൊടുക്കുന്ന പാരമ്പര്യമല്ലേ കഴിഞ്ഞ നാലേമുക്കാൽ കൊല്ലമായി നിങ്ങൾക്കുള്ളത്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് നിഷേധിക്കാമോ? ന്യായാധിപൻമാരുമായി അവിശുദ്ധബന്ധം ഉണ്ടാക്കിക്കൊണ്ട് നിയമ വകുപ്പിന്റെ ഭാഗത്തുനിന്നും വഴിവിട്ട നീക്കങ്ങൾ നടക്കുന്നു എന്ന ആരോപണം ഉണ്ട്, അതുപോലെ റവന്യൂ ടവർ മുന്നാറിലെ വാഗമൺ സർക്കാർ ഭൂമി കയ്യേറ്റം കണ്ടില്ലെന്ന് വയ്ക്കാൻ കഴിയുമോ? ഇവിടെ വ്യക്തമായി ഉദ്യോഗസ്ഥരുടെ റിപ്പോർട്ടില്ലേ? അനധികൃതമായി കള്ളപ്പട്ടയം കൊടുത്ത റിപ്പോർട്ടില്ലേ? സുപ്രീം കോടതി പറഞ്ഞിട്ടില്ലേ? സുപ്രീം കോടതിയുടെ എംപവേർഡ് കമ്മിറ്റി ഇവിടെവന്ന് പരിശോധിച്ചിട്ട് റിപ്പോർട്ട് ശരിയാണെന്ന് പറഞ്ഞില്ലേ? എന്ത് നടപടി സ്വീകരിച്ചു? പറയണം. കാര്യം പറയുമ്പോൾ മുതുകത്ത് കയറിയിട്ട് കാര്യമില്ല. നിങ്ങൾ മനസ്സിലാക്കണം. പ്ലാന്റേഷൻ കോർപ്പറേഷന്റെ വാനില കേസ് ആർക്കാണ് അറിയാത്തത്? ഹൗസിംഗ് ബോർഡ് താഴ്ന്ന വരുമാനക്കാർക്ക് വീട് വച്ച് കൊടുക്കുന്നുണ്ട്. എറണാകുളത്ത് റവന്യൂ ടവറിന്റെ നിർമ്മാണത്തിന് മാത്രം അടങ്കൽ തുക 9 കോടി രൂപയാണ്.

മി. സ്പീക്കർ: ആരോപണം ഉന്നയിക്കാൻ തടസ്സമില്ല. ഇപ്പോൾ എട്ട് മിനിട്ടായി.

ശ്രീ. പി. സി. ജോർജ്: സർ, എനിക്ക് നാല് മിനിട്ട് തരാമല്ലോ?

മി. സ്പീക്കർ: നാല് മിനിട്ടിന് എട്ട് മിനിട്ട് തന്നു. ആരോപണം ഉന്നയിച്ചോളൂ.

ശ്രീ. പി. സി. ജോർജ്: സർ, 24 കോടി രൂപ ചെലവഴിച്ചിട്ടും ആ റവന്യൂ ടവർ തീർന്നിട്ടില്ല.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട പി. സി. ജോർജ് ലീഗൽ മെട്രോളജി വകുപ്പിനെ സംബന്ധിച്ചാണ് എനിക്ക് എഴുതിത്തന്നിരിക്കുന്ന ആരോപണം. നോട്ടീസ് തരാതെ കാടടച്ച് അവിടെയും ഇവിടെയും അഴിമതിയുണ്ടെന്ന് പറഞ്ഞാൽ അത് അനുവദിക്കാൻ സാധിക്കില്ല. എനിക്ക് നോട്ടീസ് തന്നതിനാൽ വ്യക്തിപരമായി പറയണം. ഒറ്റകാര്യത്തിന് മാത്രമേ എനിക്കെതിരെ നോട്ടീസ് തന്നിട്ടുള്ളൂ.

ശ്രീ. പി. സി. ജോർജ്: സർ, ഈ ആരോപണം ഉന്നയിക്കുന്നത് ലീഗൽ മെട്രോളജി വകുപ്പിനെ പറ്റിയാണ്. അതാണ് എഴുതിക്കൊടുത്തത്. ഞാൻ പറഞ്ഞത്. ഈ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.....(ബഹളം).....അത് പറയാനുള്ള അവകാശമുണ്ട്.

മി. സ്പീക്കർ: ശ്രീ. പി. സി. ജോർജ്, പ്ലീസ്.....അങ്ങേക്ക് ചർച്ചയിൽ ഏത് വിഷയവും പറയാം. നാല് മിനിട്ടിന് എട്ട് മിനിട്ടെടുത്തു. ഞാൻ പറയുന്നത് കേൾക്കൂ, അങ്ങ് പ്രധാനപ്പെട്ട ഒരു ആരോപണമുന്നയിക്കാൻ എഴുതിക്കൊടുത്ത സാഹചര്യത്തിൽ അതിനുള്ള സമയം തരാം. പക്ഷേ ദീർഘിപ്പിച്ച് പ്രസംഗിക്കാൻ പറ്റില്ല. നാല് മിനിട്ടിന് ഒൻപത് മിനിട്ട് കഴിഞ്ഞു. അങ്ങ് ഏറ്റവും ഹ്രസ്വമായി ആരോപണങ്ങൾ ഉന്നയിക്കൂ.

ശ്രീ. പി. സി. ജോർജ്: സർ, ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥരെ ഉപയോഗിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി വ്യാപകമായ പണപ്പിരിവ് നടത്തുകയാണ്. 2001 മുതൽ 2006 വരെയുള്ള കാലഘട്ടത്തിൽ മാത്രമല്ല 1991-96 വരെ ഈ വകുപ്പ് ഭരിച്ചുകൊണ്ടിരുന്ന അങ്ങ് ഈ വകുപ്പിലെ ഉദ്യോഗസ്ഥരെ ഉപയോഗിച്ച് വ്യാപകമായ പിരിവ് നടത്തിയിട്ടുണ്ട്. 1992-ൽ ഏറ്റുമാനൂർ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ അവിടെയും പണപ്പിരിവ് നടത്തി എന്നതിന് വ്യക്തമായ തെളിവുകളാണ് എന്റെ കയ്യിലുള്ളത്. ഈ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിലും ഇതേ പിരിവ് നടത്തിക്കൊണ്ടിരുന്നു. ഞാനൊരു കത്ത് മാത്രം വായിക്കാം. കൂടുതൽ കത്ത് വായിക്കുന്നില്ല. തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ എല്ലാ അസിസ്റ്റന്റ് കൺട്രോളർമാരുടെയും സമ്മേളനത്തോടനുബന്ധിച്ച് വകുപ്പുമന്ത്രിയെ കണ്ട് നേരിട്ട് പണപ്പിരിവ് സംബന്ധിച്ച നിർദ്ദേശം നൽകി. സമാഹരിച്ച തുക ബന്ധപ്പെട്ട അസിസ്റ്റന്റ് കൺട്രോളർ കൺട്രോളറെ ഏൽപ്പിക്കുകയും തുക കൺട്രോളർ തിരുവനന്തപുരം കോർപ്പറേഷൻ കെട്ടിടത്തിൽ....(ബഹളം).....രേഖ ഏതാണെന്ന് പറയാൻ പോവുകയാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഒപ്പിട്ട കത്താണിത്. തിരുവനന്തപുരം കോർപ്പറേഷൻ കെട്ടിടത്തിലെ പാർട്ടി ഓഫീസിൽ കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പോയി കൊടുത്തിട്ടുണ്ട്, കൈമാറിയിട്ടുണ്ട്. പിന്നീടുള്ള കൈമാറ്റശൈലിയുടെ നിയന്ത്രണവും കൺട്രോളർ തന്നെയായിരുന്നു.....(ബഹളം)..... ആരുടെയാണെന്ന് വായിച്ചുകേൾപ്പിക്കാം. അപ്പോൾ എളുപ്പമുണ്ടല്ലോ? ഇത് ഒപ്പിട്ടിരിക്കുന്നത് ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി. ലീഗൽ മെട്രോളജി ഡെപ്യൂട്ടി കൺട്രോളറുടെ കത്താണിത്. അല്ലാതെ എന്റെ കത്തല്ല..... (ബഹളം).....ഞാൻ പറയാം, മസ്ക്കറ്റ് ഹോട്ടലിൽ, From ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി To ബഹുമാനപ്പെട്ട കൺട്രോളർ, ലീഗൽ മെട്രോളജി, തിരുവനന്തപുരം, ആ കത്തിൽ പറയുന്ന കാര്യമാണ്. ഉദ്യോഗസ്ഥർ പിരിച്ചു എന്നുള്ളതാണ്. ഇത് വെറുതെ പറയുന്നതല്ല.....(ബഹളം)..... മേശപ്പുറത്ത് വയ്ക്കണമെങ്കിൽ വച്ചുതരാം. വേറെ ഒന്നുകൂടി വായിക്കാം. പ്രേക്ഷിതൻ, പി. നാരായണൻ, ഇൻസ്പെക്ടർ അസിസ്റ്റന്റ്, സ്വീകർത്താവ്, സി. കെ. സന്തോഷ്കുമാർ, ഡെപ്യൂട്ടി കൺട്രോളർ. ഞാൻ ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റിൽനിന്ന് ഇൻസ്പെക്ടർ തസ്തികയിൽ മഞ്ചേരി സീനിയർ ഇൻസ്പെക്ടർ ഓഫീസിൽനിന്ന് 2002 ഏപ്രിൽ മാസം 30-ാം തീയതി പെൻഷൻ പറ്റി. അന്നത്തെ ചരിത്രമാണ്. 1991 നവംബർ മാസത്തിൽ മഞ്ചേരി സിവിൽ ഇൻസ്പെക്ടർ ഓഫീസിലായിരുന്നു. ടി സതീഷ് സാർ കൺട്രോളറായശേഷം അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ശ്രീ. സന്തോഷ്കുമാർ അവിടെ വരികയും വാങ്ങിയ തുക തിരികെ ഏൽപ്പിക്കുകയും ചെയ്തു. മന്ത്രിയുടെ നിർദ്ദേശപ്രകാരം പിരിച്ച പണം തിരികെ കൊടുക്കാൻ ഇടയായത് പകുതി മാത്രമേ പിരിച്ചിട്ടുള്ളു എന്നതുകൊണ്ടാണ്. ഉദ്യോഗസ്ഥർ എഴുതിയിരിക്കുകയാണ്, അടുത്തത് ശ്രീമതി കെ. എസ്. സരോജിനി എഴുതിയതാണ്. ഞാൻ ലീഗൽ മെട്രോളജി വകുപ്പിൽ നിന്നും അസിസ്റ്റന്റ് കൺട്രോളറായി 30-6-1997-ൽ .....

മി. സ്പീക്കർ: എല്ലാ കത്തുകളും ഇങ്ങനെ വായിച്ചാൽ, you come to the point.....(ബഹളം).....അതിൽ ആരുടെയൊക്കെ കത്തുണ്ടാകും.

ശ്രീ. പി. സി. ജോർജ്: സർ, ഈ കാലയളവിൽ വകുപ്പുമന്ത്രിക്ക് നൽകാനെന്ന പേരിൽ ജീവനക്കാരിൽനിന്നും നിർബന്ധമായും പണം പിരിച്ചു..... (ബഹളം).....അലി മുഹമ്മദ്, ...(ബഹളം).....ഇത് വായിക്കാൻ അനുവദിക്കണം. ഇതും ഒരു ഉദ്യോഗസ്ഥൻ വേറൊരു ഉദ്യോഗസ്ഥന് അയച്ചിരിക്കുകയാണ്. ഞാൻ ലീഗൽ മെട്രോളജി വകുപ്പിൽനിന്നും അസിസ്റ്റന്റ് കൺട്രോളറായി 1999-ൽ സർവ്വീസിൽനിന്നും പെൻഷൻ പറ്റി. സതീഷ് സാർ കൺട്രോളറായതിനുശേഷം 1992 മുതൽ 1996 വരെയുള്ള കാലയളവിൽ വകുപ്പുമന്ത്രിക്ക് നൽകാനെന്ന പേരിൽ ജീവനക്കാരിൽനിന്നും നിർബന്ധമായും പണം പിരിച്ചിട്ടുണ്ടെന്നുള്ള വസ്തുത ശരിയാണ്. അദ്ദേഹം ഒപ്പിട്ടിരിക്കുകയാണ്. മനസ്സിലായോ?.....(ബഹളം)..... ഒരെണ്ണം കൂടി വായിക്കാം. ശ്രീ. ഒ. എൻ. മുരളീധരൻ, ജോയിന്റ് സെക്രട്ടറി,..... (ബഹളം).....

Mr. Speaker: Please take your seat.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. ഒ. എൻ. മുരളീധരൻ എന്ന ജോയിന്റ് സെക്രട്ടറി കോടതിയിൽ കൊടുത്ത കടലാസ് കൂടി വായിക്കാം. Honourable Minister for Revenue and that the Controller of the Legal Metrology explained that the amount of so-called were handed over to the Honourable Minister, Party Leaders at Thiruvananthapuram. ഹൈക്കോടതിയിൽ കൊടുത്തിരിക്കുകയാണ്. ആരാണ്? ജോയിന്റ് സെക്രട്ടറി. എന്നിട്ടും ഇല്ലെന്ന് പറയുകയാണ് നിങ്ങളെന്തിനാണ് ബഹളം വയ്ക്കുന്നത്? കേൾക്കാനുള്ള സൻമനസ്സ് കാണിക്കണം. ഇതുപോലെ എബ്രഹാം കോശിയുടെ.....

Mr. Speaker: Please conclude.

ശ്രീ. പി. സി. ജോർജ്: സർ, ഇത് അച്ചടിച്ച കോപ്പിയാണ്. ഉദ്യോഗസ്ഥരെ ഉപയോഗിച്ചുകൊണ്ട് ഇതുപോലെ വ്യാപകമായ പിരിവ് നടത്തുകയാണ് എന്നു പറയുന്നത് ഈ സംസ്ഥാനത്തിനുതന്നെ അപമാനമല്ലേ? നീതികേടല്ലേ ഇത്? ഇതുപോലെ അപമാനകരമായ പ്രവർത്തനങ്ങൾ നടത്തുന്ന മന്ത്രി ഉത്തരം പറഞ്ഞേ മതിയാകൂ. ആ സ്ഥാനത്ത് തുടരാൻ അവകാശമില്ല. ഒറ്റ കാര്യം. അതിനെതിരായി അന്വേഷണം നടത്താൻ തയ്യാറുണ്ടോ? അന്വേഷണം നടത്താൻ മുഖ്യമന്ത്രി തയ്യാറുണ്ടോ? മുഴുവൻ തെളിവുകളും ഹാജരാക്കാൻ ഞാൻ തയ്യാറാണ്. കോടികൾ പിരിച്ചതിന്റെ കണക്കാണിത്. ചെറിയ തുകയല്ല. തെളിവുകൾ ഹാജരാക്കാൻ ഞാൻ തയ്യാറാണ്. ഈ വകുപ്പ് ഉപയോഗിച്ച് പിരിക്കുന്നത് എവിടെ നിന്നെല്ലാമാണ്. അതുകൂടി നിങ്ങൾ അറിഞ്ഞിരിക്കണം. അതുകൊണ്ട് പറയുകയാണ്. അത് മാത്രം.....(ബഹളം).....അതുപോലെ വ്യാപകമായ പിരിവ് നടത്തുകയാണ്. ഇതിനെതിരെ മുഖ്യമന്ത്രി ഒരു അന്വേഷണത്തിന് ഉത്തരവിടണം. ആ തെളിവുകൾ ഹാജരാക്കാൻ തയ്യാറാണെന്ന് പറഞ്ഞുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട പി. സി. ജോർജേ, ഇത്രയും ദുർബലമായ ഒരു കേസ് പി. സി. ജോർജ് ഏറ്റെടുക്കണ്ട കാര്യമില്ലായിരുന്നു. ഒന്ന്, ജോർജ് പറഞ്ഞത്, വളരെ താൽപര്യമുള്ള ഒരു കാര്യമാണ്. 1982-ൽ ഏറ്റുമാനൂർ തെരഞ്ഞെടുപ്പിൽ പണം പിരിപ്പിച്ചു. എന്റെ ജോർജേ ഇതുകഴിഞ്ഞ് 13 വർഷം ഇവിടത്തെ എം.എൽ.എ. ആയിരുന്നല്ലോ? നിങ്ങൾ എന്തെല്ലാം എനിക്കെതിരെ പറഞ്ഞു. നിങ്ങൾക്ക് ഒരു കടലാസ് കൊണ്ടുവരാമായിരുന്നില്ലേ ഈ 12 വർഷത്തിനിടയ്ക്ക്. കഴിഞ്ഞ 12 വർഷം എം.എൽ.എ. ആയിരുന്നിട്ടും അന്ന് ഇതിനെപ്പറ്റി അറിഞ്ഞിട്ട് ഈ നിയമസഭയിൽ ഉന്നയിക്കാതെ, ഇതിപ്പോൾ കാലഹരണപ്പെട്ടുപോയി. 12 വർഷം കഴിഞ്ഞപ്പോൾ, ഈ തെരഞ്ഞെടുപ്പ് വന്നപ്പോൾ പി. സി. ജോർജിന് ഭൂതോദയം. ഞാൻ 1982-ൽ ഏറ്റുമാനൂർ തെരഞ്ഞെടുപ്പിന് പണം പിരിപ്പിച്ചു എന്നുപറഞ്ഞു. അതൊന്നും പ്രസക്തമല്ല. അങ്ങനെയുണ്ടായിട്ടില്ല. അത് നിഷേധിക്കുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട ജോർജിന്റെ ആരോപണം bonafide അല്ല. 12 വർഷം കഴിഞ്ഞിട്ട് ഇതിനെപ്പറ്റി പരാമർശിക്കുന്നത് ശരിയല്ല. അടിസ്ഥാനരഹിതമാണ്. രണ്ടാമത്, ഇന്ന് ഈ വായിച്ച എഴുത്തെല്ലാം മേശപ്പുറത്ത് വയ്ക്കട്ടെ. ഈ എഴുത്ത് ആരുടേതാണെന്ന് അറിയാമോ? സസ്പെന്റ് ചെയ്യപ്പെട്ട ശ്രീ. സന്തോഷ്കുമാർ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്ത സാധനങ്ങളാണ് ഇവിടെ വായിക്കുന്നത്. നാണംകെട്ട ഏർപ്പാടാണ്. പണം പിരിപ്പിച്ചു എന്ന് പത്രത്തിൽ കൊടുത്തത് ആരാണെന്ന് അറിയാമോ? ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥനായ ശ്രീ. സന്തോഷ്കുമാറിനെ സസ്പെന്റ് ചെയ്തു. സസ്പെന്റ് ചെയ്യപ്പെട്ട ആ ഉദ്യോഗസ്ഥന്റെ അച്ഛനാണ് ഈ സസ്പെൻഷനുശേഷം പത്രത്തിൽ പ്രസ്താവന കൊടുത്തത്. ലീഗൽ മെട്രോളജി വകുപ്പിൽ ഇതാ പണം പിരിപ്പിച്ചു. പണപ്പിരിവ് നടത്തി എന്നുപറഞ്ഞ് പ്രസ്താവന നടത്തിയ അച്ഛന്റെ വക്കാലത്തുമായി വരുന്നത്. സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥന്റെ അച്ഛന്റെ പ്രസ്താവന പൊക്കിപ്പിടിച്ചുകൊണ്ട് ഈ നിയമസഭയിൽ വരുന്നത്. ഈ ഉദ്യോഗസ്ഥന്റെ പേരിൽ ഇപ്പോൾ ആറ് വിജിലൻസ് കേസുകൾ നടന്നുവരികയാണ് ഒന്ന്, വരുമാനത്തിൽ കവിഞ്ഞ് സ്വത്ത് സമ്പാദിച്ചതിന് വിജിലൻസ് വകുപ്പ് അന്വേഷണം നടത്തി ശിക്ഷയ്ക്ക് ശിപാർശ ചെയ്തു. രണ്ട്, ടാങ്കർ ലോറികളുടെ സീലുകൾ പൊട്ടിക്കാൻ കൂട്ടുനിന്നതിന് തൃശ്ശൂർ വിജിലൻസ് കോടതിയുടെ ഉത്തരവ് മൂന്ന്, പെട്രോൾ പമ്പുകളിൽ കൃത്രിമത്വത്തിന് കൂട്ടുനിന്നതിനും തടവു ശിക്ഷയുള്ള കേസുകൾ ഒതുക്കിയതിനും വിജിലൻസ് കേസ് അന്വേഷണം നടക്കുന്നു. നാല്, ഔദ്യോഗിക രേഖകൾ ചോർത്തിക്കൊടുത്തതിന് വിജിലൻസ് കേസ് നടക്കുന്നു. അഞ്ച്, കച്ചവട സ്ഥാപനങ്ങളിൽ നിന്ന് നിയമവിരുദ്ധമായി വസ്തുക്കൾ പിടിച്ചെടുത്തതിന് വിജിലൻസ് കേസ് നടക്കുന്നു. ആറ്, തടവുശിക്ഷമാത്രമുള്ള കേസ് കൈക്കൂലി വാങ്ങി ഒതുക്കിയെന്ന പരാതിയിൽ വിജിലൻസ് അന്വേഷണം നടക്കുന്നു. ഈ സീൽ പൊട്ടിക്കാൻ കൂട്ടുനിന്ന ഉദ്യോഗസ്ഥനുവേണ്ടിയാണ് ഇദ്ദേഹം ഇവിടെ വാദിക്കുന്നത്. ഇതാണ് ഞാൻ ചെയ്തത്. ഈയാളെ സസ്പെന്റ് ചെയ്തു. കേസ് പറയാം ഞാൻ-ടാങ്കർ ലോറികളുടെ സീലുകൾ; ടാങ്കർ ലോറികൾ വരുമ്പോൾ സേഫ്ടി സീലുണ്ട്. ആ സീൽ പൊട്ടിച്ചാൽ അവിടെ കൃത്രിമത്വം നടത്താം. വെള്ളം ഒഴിക്കാം. മറ്റുകാര്യങ്ങളുമുണ്ട്. സേഫ്ടി സീൽ പൊട്ടിക്കുകയോ അതിന് കൂട്ടുനിൽക്കുകയോ ചെയ്യുന്നത് ഗൗരവതരമായ കുറ്റമാണ്. അതാണ് ഇയാൾ ചെയ്തത്. ടാങ്കർ ലോറികളുടെ സീലുകൾ പൊട്ടിക്കുന്നതിനു കൂട്ടുനിന്നതിന് തൃശ്ശൂർ വിജിലൻസ് കോടതി ഉത്തരവ് പ്രകാരം വിജിലൻസ് ഡിപ്പാർട്ടുമെന്റ് അന്വേഷണം നടത്തി ശിപാർശ ചെയ്തപ്പോൾ ഞാൻ സസ്പെന്റ് ചെയ്തു. ആറ് മാസം കഴിഞ്ഞപ്പോൾ ഇയാളുടെ അച്ഛനും ഇയാളും എന്നെ കാണാൻ കരഞ്ഞുകൊണ്ടുവന്നു. ഞങ്ങൾ ദളിത് വിഭാഗത്തിൽപ്പെട്ട ആളാണ് രക്ഷിക്കണം ഇനി ഉദ്യോഗസ്ഥനെ തിരികെക്കയറ്റണം എന്നുപറഞ്ഞു. എനിക്ക് കരുണ തോന്നി. ശ്രീ. പി. സി. ജോർജിനോടുപോലും കരുണ കാണിക്കുന്നവനാണ് ഞാൻ. അപ്പോൾ എനിക്ക് കരുണ തോന്നി ഞാൻ ആ ഉദ്യോഗസ്ഥനെ റി-ഇൻസ്റ്റേറ്റ് ചെയ്തു. അതിനുശേഷം രണ്ടാമത്തെ കാര്യം എന്നുപറയുന്നത് അങ്കമാലിയിൽ 'പ്രിസം' എന്ന സ്ഥാപനത്തിൽ കയറി ഒഫിഷ്യൽ അല്ലാത്ത നിലയിൽ പ്രോപ്പർ മഹസറോ പ്രോപ്പർ രസീതോ കൊടുക്കാതെ അവിടെ റെയ്ഡ് നടത്തി നിർമ്മാണ സാധനവും മെഷിണറിയും എടുത്തുകൊണ്ടു വന്നു. വെബ്സൈറ്റ് ഇൻസ്പെക്ഷൻ നടത്തി. അതിനെപ്പറ്റി പരാതി വന്നപ്പോൾ ഡിപ്പാർട്ടുമെന്റ് അന്വേഷണം നടത്തി. ഡിപ്പാർട്ടുമെന്റിന് അയാൾ എഴുതിക്കൊടുത്തത് ഞാൻ ഒരു ട്രെയിനിംഗിനുവേണ്ടി നടത്തിയതാണെന്നാണ്. അതിന്റെ പേരിൽ അയാളെ വീണ്ടും സസ്പെന്റ് ചെയ്തിരിക്കുകയാണ്. ഇനി

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാമതെ കുറ്റത്തിന് മൂന്നാമതെ സസ്പെൻഷൻ വരും. എനിക്ക് ഒരു കാര്യം പറയാനുള്ളത് ഒരു ഡിപ്പാർട്ടുമെന്റിലെ മുഴുവൻ ഉദ്യോഗസ്ഥരും കേരള കോൺഗ്രസുകാർ അല്ലല്ലോ. ഇതിൽ രണ്ട് ഉദ്യോഗസ്ഥ സംഘടനകളുണ്ട്. അവർ ഈ ഇടയ്ക്ക് ഒരു പ്രസ്താവന കൊടുത്തു. മലയാള മനോരമയിൽ. അളവുതൂക്ക വകുപ്പിലെ ഉദ്യോഗസ്ഥരെക്കൊണ്ട് മന്ത്രി പണപ്പിരിവ് നടത്തുന്നു എന്ന കേരള പട്ടികജാതി സംരക്ഷണ സമിതി ഭാരവാഹിയായ അഡ്വ. കെ. വി. കുമാരന്റെ പ്രസ്താവന ദുരുപതിഷ്ടവും അപലപനീയവുമാണെന്ന് കേരള ലീഗൽ മെട്രോളജി ഓഫീസേഴ്സ് ഫോറം പ്രമേയത്തിൽ അഭിപ്രായപ്പെട്ടു. സത്യസന്ധരായ വകുപ്പുദ്യോഗസ്ഥരെ കരിവാരിതേച്ചു കാണിക്കുന്ന തന്ത്രത്തിന്റെ ഭാഗമാണിത്. അഡ്വ : കെ. വി. കുമാരന്റെ പ്രസ്താവനയിൽ കേരള ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റ് സ്റ്റാഫ് അസോസ്സിയേഷൻ പ്രതിഷേധിച്ചു. അവിടെ രണ്ട് അസോസിയേഷനുകളുണ്ട്. അവരും ഈ പ്രവൃത്തിയെ അപലപിക്കുകയും ഇങ്ങനെ ഒരു കാര്യം ഉണ്ടായിട്ടില്ല എന്നു അവർ പറഞ്ഞിരിക്കുകയാണ്. അതുപോലെ തന്നെ മറ്റൊരു പ്രസ്താവന, മംഗളം പത്രം വായിക്കുകയാണ്. മകന്റെ അഴിമതിക്ക് ചൂട്ടുപിടിക്കുന്ന അച്ഛൻ-ലീഗൽ മെട്രോളജി വകുപ്പ് ഉദ്യോഗസ്ഥരെക്കൊണ്ട് പണപ്പിരിവ് നടത്തിക്കുന്നുയെന്ന് കേരള പട്ടികജാതി സംരക്ഷണ സമിതി ഭാരവാഹി കുമാരന്റെ പിതാവായ അഡ്വ. കെ. വി. കുമാരന്റെതായി പത്രത്തിൽ വന്ന പ്രസ്താവനയിൽ കേരള ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റ് അസോസിയേഷൻ ശക്തിയായി പ്രതിഷേധിച്ചു. സംഘടനയിലെ അംഗങ്ങളായ ആരും ഇത്തരം ഒരു പണപ്പിരിവ് നടത്തിയിട്ടില്ല. ശ്രീ. കെ. സന്തോഷ് കുമാറിനെക്കുറിച്ചുള്ള വിജിലൻസ് കോടതിയുടെ ഉത്തരവിന്റെയും മറ്റും പേരിലാണ് ടിയാനെതിരെ ശിക്ഷണ നടപടിയുണ്ടായത്. അന്വേഷണം പൂർത്തിയാക്കി സർവ്വീസിൽ തിരികെ പ്രവേശിച്ച സന്തോഷ് കുമാർ തുടർന്ന് നടത്തിയ ജനദ്രോഹ നടപടികളുടെ അടിസ്ഥാനത്തിൽ വീണ്ടും സസ്പെന്റ് ചെയ്തിരിക്കുകയാണ്. ജനദ്രോഹ നടപടികൾക്ക് സ്റ്റാഫ് അസോസിയേഷൻ പിന്തുണ നൽകാത്തതു കൊണ്ടാണ് സംഘടനയ്ക്കെതിരെ അച്ഛൻ രംഗത്ത് വന്നിട്ടുള്ളതെന്ന് അസോസ്സിയേഷൻ പറഞ്ഞു. അസോസിയേഷൻ അയാളെ സഹായിക്കാത്തതു കൊണ്ട് അച്ഛൻ അസോസ്സിയേഷനെയും എന്നെയും പെടുത്തിക്കൊണ്ട് പണം പിരിച്ചുവെന്ന് പറഞ്ഞാൽ ഇത് എവിടെ ചെന്നു തീരും? ഒരു കാര്യം ബഹുമാനപ്പെട്ട പി. സി. ജോർജിനോട് പറയാം. ശ്രീ. പി. സി. ജോർജ് വലിയ ആളാണല്ലോ, ഇതുപോലെയുള്ള അസത്യ പ്രസ്താവന നടത്താൻ ഇങ്ങേരെപ്പോലെ വേറൊരുത്തൻ ഉണ്ടോ. ഈ നിയമസഭയ്ക്ക് പുറത്ത് അസത്യ പ്രസ്താവന നടത്തിയത് എന്തിനാണെന്നറിയാമോ. അവിടെ മുന്നാറിൽ വ്യാജ പട്ടയം ഒരുത്തൻ നിർമ്മിച്ചു. കെ. എം. മാണിയുടെ ബന്ധു എന്നുപറഞ്ഞു. അയാൾ തൊടുപുഴയിൽ കേസ് കൊടുത്തിട്ട് തൊടുപുഴ കോടതിയിലുള്ള ക്രിമിനൽ കോടതിയിൽനിന്ന് ശിക്ഷിക്കപ്പെട്ട പ്രതിയാണ് ഈ ഇരിക്കുന്ന ശ്രീ. പി. സി. ജോർജ്. ശിക്ഷിക്കപ്പെട്ട പ്രതി നിങ്ങൾ രാജിവയ്ക്കണം. അന്തസ്സുണ്ടെങ്കിൽ രാജിവയ്ക്കണം. ക്രിമിനൽ കോടതിയിൽ നിന്ന് ശിക്ഷിക്കപ്പെട്ട ഒരു പ്രതി. ഇയാളുടെ ക്രെഡിബിലിറ്റി എന്താണ്? അതുകൊണ്ട് ഈ ഒരു ക്രെഡിബിലിറ്റിയും ഇല്ലാത്ത ഒരാൾ, എന്തും ഏതും വർത്തമാനം പറയുന്ന ആൾ, വഴിയെ നടക്കുന്ന എന്തും പറയുന്ന ആൾ, യാതൊരു ക്രെഡിബിലിറ്റിയും ഇല്ലാത്ത ശിക്ഷിക്കപ്പെട്ട ഒരു പ്രതിയായി ഈ നിയമസഭയിൽ ഇരിക്കുന്ന ശ്രീ. പി. സി. ജോർജാണ് എന്റെ ക്രെഡിബിലിറ്റിയെ ചോദ്യം ചെയ്യുന്നത്. ശിക്ഷിക്കപ്പെട്ട പ്രതി.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ..... ബഹുമാനപ്പെട്ട അംഗം പി. സി. ജോർജ് ഇവിടെ എഴുതിക്കൊടുത്ത്, ഉത്തരവാദപ്പെട്ട ഒരു അംഗം എന്ന നിലയിൽ ഒരു മന്ത്രിക്കെതിരെ ആരോപണം ഉന്നയിച്ചു. മന്ത്രിക്ക് അതുസംബന്ധിച്ച് മറുപടി ഇവിടെ പറയാം. അത് ഞങ്ങൾ എല്ലാവരും കേൾക്കുകയും ചെയ്തു. അത് പറഞ്ഞതിനുശേഷവും ബഹുമാന്യനായ ഒരു മെമ്പറെ ഇടിച്ചുതാഴ്ത്തത്തക്ക വിധത്തിൽ അദ്ദേഹം ഒരു ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ട ആളാണെന്നും പറഞ്ഞു. കേസിൽ ശിക്ഷിക്കപ്പെട്ട ഒരാൾക്ക് നിയമസഭാംഗം ആയിരിക്കാനും സഭയിൽ ആരോപണം ഉന്നയിക്കാനും പാടില്ലെന്നുണ്ടോ ? ശ്രീ. പി. സി. ജോർജ് എന്നു പറയുന്ന മെമ്പറെ അദ്ദേഹത്തിന്റെ കൃത്യനിർവ്വഹണത്തെപ്പോലും തടസ്സപ്പെടുത്തുന്ന തരത്തിൽ ബഹുമാനപ്പെട്ട മന്ത്രി കെ. എം. മാണി ഇങ്ങനെ ഒരു പരാമർശം നടത്തിയത് ശരിയല്ല. മെമ്പറെ ഇടിച്ചു താഴ്ത്തുന്ന വിധത്തിലുള്ള സംസാരം പരിണിതപ്രജ്ഞനായ ശ്രീ. കെ. എം. മാണിയിൽ നിന്നുണ്ടായത് ശരിയല്ല; അത് സഭയുടെ അന്തസിന് യോജിച്ചതല്ല. അദ്ദേഹം അത് തിരുത്തണം, പിൻവലിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. എം. മാണി : സർ, അദ്ദേഹത്തിന് പ്രസംഗിക്കാനും മെമ്പറായിരിക്കാനും അവകാശമുണ്ട്. ഇലക്ഷൻ കമ്മീഷൻ അസ്ഥിരപ്പെടുത്താത്ത കാലത്തോളം ഇരിക്കാം. ഞാൻ പറഞ്ഞതിൽ വല്ല വേദനയും ഉണ്ടെങ്കിൽ എനിക്ക് വലിയ പ്രയാസമുണ്ട്. ഞാൻ ഉദ്ദേശിച്ചത് ഒന്നേയുള്ളൂ. കോടതി ശിക്ഷിക്കപ്പെട്ട, കോടതി വിധി വന്നാൽ ഞാനാണ് അവിടെ ഇരിക്കുന്നതെങ്കിൽ ഞാൻ രാജിവയ്ക്കും. അത് മാത്രമേ ഞാൻ പറഞ്ഞുള്ളൂ. അന്തസ്സുണ്ടെങ്കിൽ രാജിവയ്ക്കണം എന്നുമാത്രമേ ഞാൻ പറഞ്ഞുള്ളൂ.

ശ്രീ. എം. എ. വാഹീദ് : സർ,. ഞാൻ നന്ദിപ്രമേയത്തെ ശക്തിയായി അനുകൂലിക്കുകയാണ്. ഇവിടെ ..... (ബഹളം) .....നന്ദിപ്രമേയ ചർച്ചയിൽ ശ്രീ. പി.സി. ജോർജ് രാജിവയ്ക്കുകയാണെങ്കിൽ അതുകഴിഞ്ഞ് സംസാരിക്കാം. രാജിക്കത്താണെങ്കിൽ അത് വാങ്ങിയിട്ട് സംസാരിക്കാമായിരുന്നു.....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്.....വൺ മിനിറ്റ്....എന്താണ് ശ്രീ. പി. സി. ജോർജേ....

ശ്രീ. പി. സി. ജോർജ് : സർ, എന്നെ പറയാൻ അനുവദിക്കാതെ ശ്രീ. കെ. എം. മാണിക്ക് പറയാനുള്ളത് അനുവദിക്കുക. ഈ സഭയിൽ പേഴ്സണൽ എക്സ്പ്ലനേഷൻ പറയേണ്ടത് എപ്പോഴാണ്. മന്ത്രി മറുപടി പറയേണ്ടത് നാളെയാണ്. ഇന്നുതന്നെ കയറി മനഃപൂർവ്വം നുണ പറയുകയാണ്. സത്യവിരുദ്ധമായ കാര്യം മാത്രം പറയുക. ബഹുമാനപ്പെട്ട കെ. എം. മാണിയെ ഞാൻ വെല്ലു വിളിക്കുന്നു. ഇതുസംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ശ്രീ. കെ. എം. മാണി തയ്യാറാണോ .....(ബഹളം).....

മി. സ്പീക്കർ : ടേക് യുവർ സീറ്റ്, ഇരിക്ക്, നിയമസഭയിൽ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ മറുപടി കേൾക്കാനുള്ള സന്നദ്ധത വേണം. പിന്നെ കൈയിൽ വന്ന കടലാസുകൾ, ആരോപണങ്ങൾ വന്നാൽ നിയമപ്രകാരം നടപടിക്ക് അവരവർ തന്നെ ഒരു അന്വേഷണം നടത്തി സ്വയം ബോദ്ധ്യപ്പെടണം. ഞാൻ അതിന്റെ

വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ശ്രീ. പി. സി. ജോർജിന് ധാരാളം സമയം ഉന്നയിക്കാൻ കൊടുത്തു. അദ്ദേഹം മറുപടി പറഞ്ഞു. അദ്ദേഹത്തിന്റെ മറുപടിയിൽ വികാരപരമായ പ്രകടനം കൊണ്ട് എന്തോ അദ്ദേഹത്തെ വേദനിപ്പിക്കുന്ന കാര്യം പറഞ്ഞപ്പോൾ ദുഃഖം രേഖപ്പെടുത്തി. ഇനി മറുപടിയും ആയിട്ട് നടക്കില്ല.

ശ്രീ. എം. എ. വാഹിദ് സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. കഴിഞ്ഞ 56 മാസക്കാലം ഈ സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിക്കുവേണ്ടി പ്രവർത്തിച്ച ഒരു സർക്കാരിന്റെ റെക്കോർഡുമായിട്ടാണ് ഈ സർക്കാർ നയപ്രഖ്യാപന പ്രസംഗവുമായി നിയമസഭയിൽ വന്നത്. നമ്മൾ പറയാറുണ്ട്, ഉടുതുണിക്ക് മറുതുണിയില്ല എന്ന്. ഒരു എയർ ടിക്കറ്റുപോലും മുഖ്യമന്ത്രിക്ക് ലഭ്യമല്ലാതിരുന്ന ഒരു സാഹചര്യത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. അവിടെ നിന്നാണ് ജന ജൈത്രയാത്ര തുടങ്ങുന്നത്. ഈ അഞ്ചുവർഷംകൊണ്ട് സംസ്ഥാനത്തെ സാമ്പത്തിക നില മെച്ചപ്പെടുത്താനും വിഷൻ 2010, വരുന്ന അഞ്ച് വർഷക്കാലത്തെ വികസന പ്രവർത്തനങ്ങൾ എങ്ങനെ ആയിരിക്കണമെന്നുള്ള ലക്ഷ്യബോധത്തോടുകൂടിയാണ് ഈ സർക്കാർ നിയമസഭയെ അഭിമുഖീകരിച്ചത്. ആ സ്ഥലത്ത് ശ്രീ. പി. സി. ജോർജ് എന്തും ആകാമെന്ന നിലയിലുള്ള ഒരു പ്രസംഗമാണ് ഇവിടെ നടത്തിയത്. ശ്രീ. പി. സി. ജോർജിന് രാജാവിനേക്കാൾ വലിയ രാജഭക്തിയാണ്. ശ്രീ. പി. സി. ജോർജ് ഇടതു മുന്നണിക്ക് അകത്താണോ പുറത്താണോ എന്ന് ആർക്കും നിശ്ചയമില്ല ജനമുന്നണിക്കും നിശ്ചയമില്ല....ഡെയിലി വേജസ് ആണ് ബദൽ പണിയാണ് ഇപ്പോൾ പി. സി. ജോർജ് നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു കൂട്ടുകുടുംബ സമ്പ്രദായത്തിൽ കുടുംബങ്ങൾ പിരിയുമ്പോൾ ഭാഗം വയ്ക്കാറുണ്ട്. കേരളാ കോൺഗ്രസ്സിൽനിന്ന് ഇങ്ങനെ പിരിഞ്ഞു പോയി അവസാനം ഭാഗംവയ്ക്കാൻ ഒന്നുമില്ലാതെ വരുമ്പോൾ കിണ്ടിയും കോളാമ്പിയുമൊക്കെ ഭാഗം വയ്ക്കും. ഇതിന്റെയൊക്കെ അവകാശി മാത്രമാണ് ശ്രീ. പി. സി. ജോർജ്. കേരളാ കോൺഗ്രസ്സിലെ കിണ്ടിയുടേയും കിണ്ണത്തിന്റേയും അവകാശി മാത്രമാണ് ശ്രീ. പി. സി. ജോർജ്. ഏതെങ്കിലും പാർട്ടിയിലൂടെ ഇടതുമുന്നണിക്കകത്ത് പ്രവേശിക്കുവാനുള്ള ആവേശത്തിലാണ് സർക്കാരിനെതിരായി പരിണിതപ്രജ്ഞനായ, ഏറ്റവും കൂടുതൽ കാലം മന്ത്രിയായിരുന്ന ശ്രീ. മാണി സാറിനെതിരേ എവിടെയോ കിടന്ന ഒരു വിലയുമില്ലാത്ത ഒരു പേപ്പർ. എന്നും ഒരു പേപ്പർ; പി. സി. ജോർജിന് ഇതാണ് ജോലി. എവിടെ നിന്നെങ്കിലും ഒരു പേപ്പർ എടുത്തുകൊണ്ടുവരും. നിയമസഭയിൽവന്ന് ഏതെങ്കിലും ഒരു ആരോപണം ആർക്കെങ്കിലും എതിരെ പറയും. പ്രധാനമായി പറയുന്നത് ശ്രീ. മാണി സാറിനെതിരേയാണ്. ശ്രീ. പി. സി. ജോർജ് കഴിഞ്ഞ അഞ്ചുവർഷം ഈ സംസ്ഥാനത്ത് നടന്ന വികസനപ്രവർത്തനങ്ങളുടെ പോരായ്മയെ കുറിച്ച് പറഞ്ഞിട്ടില്ല. ഇന്നുവരെ ഈ നിയമസഭയിൽ പോരായ്മയെക്കുറിച്ച് പറഞ്ഞിട്ടില്ല. അഴിമതി ആരോപണം മാത്രമേ അദ്ദേഹത്തിനുള്ളൂ. കഴിഞ്ഞ ഇടതുപക്ഷ മുന്നണിയുടെ ഭരണകാലത്ത് നമ്മുടെ പ്ലസ് ടു കച്ചവടം നടത്തിയതിൽ പ്രധാന പങ്ക് വഹിച്ച ആളാണ് അദ്ദേഹം എന്നാണ് എല്ലാവരും പറയുന്നത്. അദ്ദേഹം നിഷേധിച്ചിട്ടുമില്ല. പ്രീ-ഡിഗ്രി ബോർഡ് ഡീ-ലിങ്ക് ചെയ്യുന്ന ആ പദ്ധതിയെ തുരങ്കം വച്ച എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ പ്ലസ് ടു എന്ന ഓമനപ്പേരിൽ അത് വീണ്ടും കൊണ്ടുവരികയും അതിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

കോടിക്കണക്കിന് രൂപ കൊള്ളയടിക്കപ്പെട്ട ഒരു സാഹചര്യം ഉണ്ടാകുകയും വിദ്യാഭ്യാസ രംഗംതന്നെ താറുമാറാകുന്ന ഒരു സ്ഥിതി വിശേഷം ഉണ്ടാക്കുകയും ചെയ്തു. പ്ലസ് ടു അദ്ധ്യാപകർക്ക് ശമ്പളവും പ്ലസ് ടു വിദ്യാലയങ്ങളിൽ ലൈബ്രറിയും ലാബും സ്ഥാപിച്ചുകൊണ്ടും വിദ്യാഭ്യാസ രംഗത്തെ സമ്പുഷ്ടമാക്കാനുള്ള പ്രവർത്തനം നടത്തിക്കൊണ്ടുമാണ് യു.ഡി.എഫ്. സർക്കാർ മുന്നോട്ടു പോയത്. എന്ത് കുറ്റമാണ് അവർക്ക് അതിനെക്കുറിച്ച് പറയാനുള്ളത്? ഒരുപാട് കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടത്തുന്നതിനു വേണ്ടിയുള്ള വികസന പ്രക്രിയയിലാണ് നമ്മുടെ യു.ഡി.എഫ്. സർക്കാർ നിൽക്കുന്നത്. സാമൂഹ്യനീതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ശ്രീ.പിണറായി വിജയൻ ജാഥ നടത്തിയത്. സാമൂഹ്യനീതി നടപ്പിലാക്കാൻ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഈ സഭയിൽ കൊണ്ടുവരും. എല്ലാവരുടേയും അഭിപ്രായം; ശ്രീ. പിണറായി വിജയന്റേതൊഴികെയുള്ള അഭിപ്രായങ്ങൾ സമന്വയിപ്പിച്ചുക്കൊണ്ട്, ശ്രീ. പിണറായി വിജയൻ ഒരു കാരണവുമില്ലാതെ എതിനേയും എതിർക്കുന്ന ആളാണ്. സാമൂഹ്യനീതി നടപ്പിലാക്കാൻ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയവരാണ് യു.ഡി.എഫ്. സർക്കാർ. എങ്ങനെ ആക്ഷേപിക്കാൻ കഴിയും? എന്തെല്ലാം എന്തെല്ലാം കാര്യങ്ങളാണ്, കുടുംബശ്രീ, ആശ്രയ, പ്രത്യാശ പദ്ധതി, അതിന്റെ വിജയം കണ്ടു തുടങ്ങിയിരിക്കുകയാണ്. 25 ലക്ഷം കുടുംബങ്ങളെ ലക്ഷ്യമിട്ടുകൊണ്ടുള്ള സമഗ്ര insurance പദ്ധതി സാധുക്കൾക്ക് വേണ്ടിയുള്ളത്. വ്യവസായമേഖലയിൽ ജിം, നിക്ഷേപ അനുകൂല അന്തരീക്ഷം കൊണ്ടുവന്നു. എൽ.എൻ.ജി. ടെർമിനൽ, പ്രകൃതിവാതക പൈപ്പ്ലൈൻ എന്നിവ കൊണ്ടുവരുന്നു. Smart city, Petro chemical complex, ടെക്നോസിറ്റിക്കുവരെ ഇപ്പോൾ സമരമാണ്. സ്മാർട്ട് സിറ്റിക്ക് സമരം, എന്തിനാണ് സമരം ചെയ്യുന്നത്? തൊഴിൽ നേടാനായി പടയണി ഉണ്ടാക്കിയവരാണ് സി.പി.എം.-ലെ ചെറുപ്പക്കാർ. അഞ്ചു വർഷം ഈ സംസ്ഥാനത്ത് തലങ്ങും വിലങ്ങും സമരം നടത്തിയവരാണ്. സ്മാർട്ട് സിറ്റി കൊണ്ടുവന്നാൽ പതിനായിരക്കണക്കിന് ചെറുപ്പക്കാർക്ക് തൊഴിൽ കിട്ടും. ടെക്നോസിറ്റി വന്നാൽ പതിനായിരക്കണക്കിന് ചെറുപ്പക്കാർക്ക് തൊഴിൽ കിട്ടും. ആ സ്ഥലത്ത് സമരം നടത്തുകയാണ്. ഇവർ മുക്കുമുറിച്ച് സമരം നടത്തുകയാണ്. ഇവരുടെ പ്രവർത്തനം ഈ സംസ്ഥാനത്തിന്റെ പുരോഗതിയെ തടസ്സപ്പെടുത്തുന്നതാണ്. പുരോഗതിയെ തടസ്സപ്പെടുത്താൻ ശ്രമിക്കുന്ന ശക്തികൾക്കെതിരെയുള്ള ശക്തമായ പരിപാടികളുമായി മുന്നോട്ടു പോകുന്ന ഈ സർക്കാരിന്റെ നയപ്രഖ്യാപനത്തെ, അതിന്റെ നന്ദി പ്രഖ്യാപനത്തെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:</u> സർ, ബഹുമാന്യനായ ഗവർണർ ഈ സഭയിൽ നടത്തിയ പ്രസംഗത്തിന് ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. രേണപക്ഷത്തിരിക്കുന്നതു കൊണ്ട് ഇപ്രകാരം പറയാൻ ബാധ്യസ്ഥനായതുകൊണ്ട് മാത്രമല്ല ഈ നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങാൻ തീരുമാനിച്ചത്. ജനാഭിലാഷത്തിന്റെ ജെറ്റിലേറി ജനങ്ങൾക്ക് ആശ്വാസം നൽകുന്ന സർക്കാരാണ് കേരളം കഴിഞ്ഞ 56 മാസമായി ഭരിച്ചുകൊണ്ടിരിക്കുന്നത്. ന്യായമായ എല്ലാംതന്നെ എന്ത്

LIBRARY ARCHIVES Kerala Legislative Assembly

പ്രലോഭനങ്ങളുണ്ടായാലും നേടിക്കൊടുക്കാൻ ഈ സർക്കാരിന് ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ സംഘടിതമായ എതിർപ്പിനെ, ഗൂഢാലോചനകളെ തുടക്കം മുതൽതന്നെ ഈ സർക്കാരിന് നേരിടേണ്ടി വന്നിട്ടുള്ളതും ഈ സർക്കാരിന്റെ ഒരു വിധിയായി തുടർന്നിരിക്കുകയാണ്. ജനങ്ങൾ നല്കുന്ന സഹകരണവും വിശ്വാസവുമാണ് ഈ ഗവൺമെന്റിന്റെ മുതൽമുടക്ക്. ഇത് കൂടുതൽ പ്രാവർത്തികമാക്കാൻ ഗവൺമെന്റിന് കരുത്തേകിക്കൊണ്ടിരിക്കുകയാണ്. മുൻ എൽ.ഡി.എഫ് സർക്കാരിന്റെ അവസാന നാളുകൾ നമ്മൾ ഓർക്കുന്നുണ്ട്. ഒറ്റി ഒഴിപ്പിക്കുന്നതിനു മുമ്പ് പാട്ടക്കാരൻ നടത്തുന്ന വെള്ളയ്ക്കാവെട്ടുപോലെ എല്ലാം വെട്ടി വെളുപ്പിച്ചല്ലേ അവർ പോയത്. അതുപോലെ കഴുകി കമഴ്ത്തി വച്ച കലങ്ങളിരിക്കുന്ന അടുക്കള പോലെയായിരുന്നില്ലേ നമ്മുടെ ഖജനാവ്. ആശയപരമായ ദാരിദ്ര്യവും ആശയപരമായ കുശലതയുംകൊണ്ട് അഞ്ചു വർഷം കേരളത്തെ അവർ പതിനഞ്ച് വർഷം പിറകോട്ടടിച്ചിട്ടല്ലേ അധികാരം വിട്ടൊഴിഞ്ഞത്. ഇവിടെ ശ്രീ. വാഹീദ് സൂചിപ്പിച്ചതുപോലെ മുഖ്യമന്ത്രിക്ക് ഒരു വിമാന ടിക്കറ്റു പോലും നിഷേധിക്കപ്പെട്ടതുപോലെ ആയിരുന്നില്ലേ അന്നത്തെ സാഹചര്യം. നൂറ് രൂപയുടേയും 200 രൂപയുടേയും ബില്ലുകളുമായി ട്രഷറിയിൽ കയറിയിറങ്ങി ഈ നാട്ടിലെ പട്ടിണിപ്പാവങ്ങളായ ജനങ്ങൾക്ക് ചെറുപ്പ് തേഞ്ഞില്ലേ? ആ ചെക്കുകളെല്ലാം ട്രഷറിയുടെ മുമ്പിൽ വലിച്ചുകീറിയിട്ട് വിധിയെ പഴിച്ചുകൊണ്ട് അവരെല്ലാം മടങ്ങി പോയില്ലേ? എന്താണ് സർ ഇന്നത്തെ നില? ആ നിലയിൽ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയെ എത്ര പ്രശംസിച്ചാലും മതിയാകുകയില്ല. അതിന്റെ പ്രശംസ ശ്രീ. വക്കം പുരുഷോത്തമനു മാത്രമല്ല ശ്രീ. ശങ്കരനാരായണനും കൂടി കൊടുക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് വില്പന നികുതി 2001 മേയിലെ ഇടതുപക്ഷ മുന്നണി അധികാരം വിട്ടൊഴിഞ്ഞപ്പോഴുള്ളതിനേക്കാൾ വില്പന നികുതി വർദ്ധനവ് ഈ മാർച്ച് 31 ആകുമ്പോൾ 100 ശതമാനമാണ്. അയ്യായിരം കോടി രൂപയുടെ വരുമാന വർദ്ധനവ് ഈ 2006 മാർച്ച് 31-ാം തീയതി ഉണ്ടാകാൻ പോകുന്നു. ചരിത്ര സംഭവമാണ്. എൽ.ഡി.എഫ് ഇറങ്ങുമ്പോൾ റബ്ബറിന് 20 രൂപ. ഇപ്പോൾ 80 രൂപ. തേങ്ങയ്ക്ക് രണ്ട് രൂപയായിരുന്നത് ഇന്ന് 8 രൂപയാണ്. നെല്ലിന് 500 രൂപയായിരുന്നത് ഇപ്പോൾ 750 രൂപയാണ്. ഇതുകൊണ്ട് എല്ലാവർക്കും തൃപ്തിയായി എന്ന അഭിപ്രായം എനിക്കുമില്ല. ബാക്കി പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു ഒറ്റമൂലി മാത്രമേയുള്ളൂ. യു.ഡി.എഫ്.-നെ വീണ്ടും അധികാരത്തിൽ കയറ്റുക. ബാക്കി പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ ഇത്രയും ഇച്ഛാശക്തിയോടും പ്രതിബദ്ധതയോടും പ്രവർത്തിക്കുന്ന യു.ഡി.എഫ്. സർക്കാരിനെ അധികാരത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി ജനം ഒറ്റക്കെട്ടായി യു.ഡി.എഫ്.-ന് മുന്നിൽ അണിനിരക്കുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. ഈ ഗവൺമെന്റിന്റെ ഏറ്റവും നല്ല തിരുമാനമായി ഞാൻ കാണുന്നത് ഇവിടെ സൂചിപ്പിച്ചതുപോലെ 25 ലക്ഷം കുടുംബങ്ങൾക്ക് ആരോഗ്യ സുരക്ഷാ പദ്ധതി പ്രഖ്യാപിച്ചതാണ്. പക്ഷേ ഒരു so called ധനകാര്യ വിദഗ്ദ്ധൻ, എൽ.ഡി.എഫ്. അധികാരത്തിൽ വന്നാൽ ധനകാര്യ വകുപ്പുമന്ത്രിക്ക് ഇടാനുള്ള ജുബ്ബയും തയ്പ്പിച്ചു നടക്കുന്ന ഒരു വ്യക്തി. ഒരു ടി.വി. ചാനലിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത് ഞാൻ കേട്ടു. 33 രൂപയ്ക്ക് 30,000 രൂപ എങ്ങനെ കിട്ടും എന്നാണ് അദ്ദേഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യം. വളരെ നിഷ്കളങ്കമായി ടി.വി.-യിൽ കൂടെ ചോദിക്കുന്നതുകേട്ടാൽ നമുക്ക് ശരിയാണെന്ന് തോന്നിപ്പോകും. പക്ഷേ അദ്ദേഹം ഒരു കാര്യം മറന്നുപോയി. ഗുണഭോക്താക്കൾക്ക് പണം കൊടുക്കുന്നത് ഗവൺമെന്റല്ല, ഇൻഷ്വറൻസ് കമ്പനിയാണ്. നമ്മൾ ഗുണഭോക്താവിന്റെ വിഹിതമായി 33 രൂപ അടച്ച് ഈ പദ്ധതിയിൽ അംഗമായി കഴിഞ്ഞാൽ പണം കൊടുക്കാൻ ഉത്തരവാദിത്വമുള്ളത് ഇൻഷ്വറൻസ് കമ്പിക്കാണെന്നുള്ളത് അറിയാത്ത ആളല്ല ഈ ചർച്ചയിൽ പങ്കെടുത്ത വിദഗ്ധൻ. പക്ഷേ എനിക്ക് ഒരു കാര്യം പറയാനുള്ളത് അദ്ദേഹം മാത്രമല്ല എൽ.ഡി.എഫ്. ഭരിക്കുന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇത് മറച്ചു പിടിക്കാൻ ശ്രമിക്കുന്നു. ഇതിന്റെ വിശദാംശത്തെപ്പറ്റി വേണ്ടതുപോലെ ഞാൻ അറിഞ്ഞിട്ടുമില്ല. പദ്ധതിയിൽ ചേരാനുള്ള തീയതി ഫെബ്രുവരി 10 എന്നുള്ളത് നീട്ടിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. അതുപോലെ ഇതിനെപ്പറ്റി പത്രപ്പരസ്യം നൽകണം. ചേരാനുള്ള ഫോറങ്ങൾ വീടുവീടാന്തരം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഈ പദ്ധതികൾ പരാജയപ്പെടുത്തുന്ന പഞ്ചായത്തുകളുടെ ഗ്രാന്റ് തടയണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ഇത് പ്രത്യേകം ശ്രദ്ധിക്കണം. അവർ സഹകരിക്കാത്തത് ഇത് വിജയിച്ചാലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഓർത്താണ്. 2.48 ലക്ഷം കുടുംബങ്ങൾക്ക് മൂന്നുരൂപയ്ക്ക് 25 കിലോ ഭക്ഷ്യസാധനങ്ങൾ നൽകുന്ന ഒരു പദ്ധതിയാണ്. ഇത് നടപ്പാക്കുന്ന ഇൻഡ്യയിലെ ഏക സംസ്ഥാനം കേരളമാണ്. ഇത് ആനന്ദൻമാരുടെ പാർട്ടിക്ക് ഒട്ടും ആനന്ദമുള്ള നടപടിയല്ല. നമുക്കറിയാം മാർക്സിസ്റ്റ് പാർട്ടിയിൽ ഒത്തിരി ആനന്ദൻമാരുണ്ട്. അച്ചുതാനന്ദൻ, ചന്ദ്രാനന്ദൻ, ബാലാനന്ദൻ, ആനത്തലവട്ടം ആനന്ദൻ വരെയുള്ളവർക്ക് ഈ പദ്ധതി ഒട്ടും ആനന്ദം പകരുന്നില്ല. പക്ഷേ അതിന്റെ ഉദ്ഘാടന സമ്മേളനം വർക്കലയിൽ ശ്രീ. വർക്കല കഹാറിന്റെ മണ്ഡലത്തിൽ നടക്കുമ്പോൾ ഞാൻ കാണാൻ പോയി. അന്നത്തെ ആ സായാഹ്നത്തിൽ ആയിരക്കണക്കിന് വീട്ടമ്മമാരുടെ മുഖത്തെ നിർവൃതിയും സന്തോഷവും ശ്രീ. വക്കം പുരുഷോത്തമൻ വിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്യുമ്പോഴുണ്ടായ ആവേശവും നേരിട്ട് കണ്ട് മനസ്സിലാക്കിയതിൽനിന്ന് എനിക്ക് മനസ്സിലായത് പട്ടിണിക്ക്, അവരുടെ ദാരിദ്ര്യത്തിന് ഒരു കൈ സഹായമായി സർക്കാർ നീട്ടിയ ഈ സഹായത്തിന് അവരെല്ലാം വളരെ നന്ദിയോടുകൂടി സർക്കാരിനെ സ്മരിക്കുന്ന കാഴ്ചയാണ്. അതുപോലെ കറണ്ട് ചാർജ്, ഇവിടെ വൈദ്യുതി വകുപ്പുമന്ത്രിമാരായിരുന്നവരെല്ലാം ഷോക്കടിച്ചാണ് മാറിയത്. വൈദ്യുതി വകുപ്പുമന്ത്രിമാരായിട്ടുള്ള ഒത്തിരിപേർ ആ കമ്പിയിൽ പിടിച്ച് 11 കെ.വി. ലൈനിന്റെ വോൾട്ടേജിൽ ഷോക്കടിച്ചിട്ടുണ്ട്. പക്ഷേ ഷോക്കടിക്കാതെയും ജനങ്ങളെ ഷോക്കടിപ്പിക്കാതെയും ഏതെങ്കിലും മന്ത്രി ഇവിടെ അധികാരം വിട്ടൊഴിയുന്നെങ്കിൽ അത് ശ്രീ. ആര്യാടൻ മുഹമ്മദ് മാത്രമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ചരിത്രത്തിൽ ആദ്യമായി കറണ്ട് ചാർജ് കുറയ്ക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. എൽ.ഡി.എഫ് സർക്കാർ നാല് തവണയായി 78% ചാർജ് വർദ്ധിപ്പിച്ചു. ഈ സർക്കാർ മൂന്നുവർഷം മുൻപ് ഒരിക്കൽ മാത്രമാണ് ചാർജ് വർദ്ധനവ് നടപ്പിലാക്കിയത്. അത് വെറും 25%. അതുപോലെ കെ.എസ്.ആർ.ടി.സി.-യുടെ നിത്യേനയുള്ള വരുമാനം

LIBRARY ARCHIVES Kerala Legislative Assembly

1,60,00,000-ൽനിന്നും 2,62,00,000 ആയില്ലേ. അതുപോലെ നഷ്ടം 18 കോടി രൂപയിൽനിന്നും 8 കോടി രൂപയാക്കി കുറച്ചു. ഹൈടെക് ബസ് 1024 അടക്കം മൊത്തം 1469 പുതിയ ബസ്സുകൾ ഇറക്കിയില്ലേ? ഇതെല്ലാം ഈ നാട്ടിലെ സാധാരണക്കാർക്ക് വേണ്ടിയല്ലേ? ജപ്പാൻ കുടിവെള്ള പദ്ധതി ആരംഭിക്കാൻ കഴിഞ്ഞില്ലേ? ഒന്നരവർഷം കഴിയുമ്പോൾ ഇൻഡ്യയിൽ ഏറ്റവും വലിയ ബൃഹത്തായ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കിയതിന്റെ ക്രെഡിറ്റ് മുഴുവൻ യു.ഡി.എഫ്. സർക്കാരിനല്ലേ കിട്ടാൻ പോകുന്നത്. അതുപോലെ ഇപ്പോൾ ഇവിടെ മന്ത്രിമാർക്കെതിരെ ഹീനമായ ഗൂഢാലോചനകളും സ്വഭാവഹത്യയും നടത്തുന്നു; ലോകായുക്തയെക്കുറിച്ച് എനിക്ക് പറയാതിരിക്കാൻ കഴിയില്ല. 1986 ജനുവരി 26-ാം തീയതി സന്നത് എടുത്ത ഒരു അഭിഭാഷകൻ കൂടിയാണ് ഞാൻ. ലോകായുക്ത ആക്ട് അനുസരിച്ച് 9-ാം വകുപ്പ് 2 ഉപവകുപ്പിൽ പറയുന്നത് ഓരോ പരാതിയും സത്യവാങ്മൂലം പിൻതാങ്ങപ്പെടണമെന്നാണ്. Every complaint should be supported by an affidavit. പക്ഷേ ഇവിടെ ആരോഗ്യ വകുപ്പുമന്ത്രിക്കെതിരായി പരാതിയിൽ അഫിഡവിറ്റോ ഒരു ഒപ്പുപോലും ഉണ്ടായിരുന്നില്ല. അവരല്ല അയച്ചതെന്ന് KGMA-യുടെ ആളുകൾ ലോകായുക്തയെ അറിയിച്ചു. പക്ഷേ ലോകായുക്ത വിടുമോ? ആക്ടിന്റെ 9, 5 ഉപവകുപ്പിൽ 'എ' ഖണ്ഡത്തിൽ പറയുന്നത് frivolous എന്നോ vexatious എന്നോ ഗുഡ് ഫെയിത്ത് ഉള്ളതല്ല എന്ന് തോന്നിയാൽ ലോകായുക്ത അന്വേഷണം നിർത്തണം എന്നാണ്. ഒപ്പില്ലാത്തതും അഫിഡവിറ്റ് ഇല്ലാത്തതുമായ പരാതിയാണോ good faith-ൽ ഉള്ളത്. ആക്ടിനെതിരെ പ്രവർത്തിക്കാൻ ലോകായുക്തയ്ക്ക് എന്തധികാരമുള്ളത്? ലോകായുക്തയ്ക്ക് writ jurisdiction ഉണ്ടോ? അവർക്ക് Public interest litigation-നുള്ള അധികാരം ഉണ്ടോ? ഉണ്ടെങ്കിൽ ഒപ്പോ, അഫിഡവിറ്റോ ഇല്ലാതെ അന്വേഷണം നടത്താം. പക്ഷേ ആക്ടിൽ ഏത് വകുപ്പനുസരിച്ചാണ് ലോകായുക്തയ്ക്ക് writ jurisdiction-നുള്ള അധികാരം ഉള്ളത്. അതുപോലെ തന്നെ public interest litigation-നുള്ള അധികാരം വ്യക്തമാക്കണം. ഓടുന്ന പട്ടിക്ക് ഒരുമുഴം മുൻപേ എന്നുള്ള മട്ടിൽ അടുത്ത ഭരണം എൽ.ഡി.എഫ്.-നാണെങ്കിൽ അവരെ മണിയടിച്ച് അവർ നല്ല പിള്ള ചമയാനുള്ള തീരുമാനത്തിന്റെ ഭാഗമായിട്ടാണോ ഈ തീരുമാനം ഉണ്ടാകുന്നത്. സി.ഐ.ടി.യു./എ.ഐ.ടി.യു. ഓഫീസിൽനിന്നെല്ലാം നമുക്ക് സഖാവുണ്ടല്ലോ എന്നു പറഞ്ഞ് പരാതിയുമായി ഓടുകയാണ്. ഇത്തരം പ്രവണത അവസാനിപ്പിക്കണം. ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ അന്ന് ചാരക്കേസ് നടന്ന സന്ദർഭത്തിൽ ഇതുപോലുള്ള വിധിയുണ്ടായി. അന്ന് വിധിച്ച ആൾ ഇന്ന് ഡിജിപി ആയിരിക്കുകയാണ്. ഇതേ വ്യക്തികളൊക്കെത്തന്നെ അന്നും വിധിച്ചു ചില വിധികൾ. ആരോഗ്യ വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിക്കെതിരെയുള്ള ആരോപണത്തിന് 12-ാം വകുപ്പ് അനുസരിച്ചുള്ള റിപ്പോർട്ടാണ് അന്ന് ലോകായുക്ത നൽകേണ്ടിയിരുന്നത്. പക്ഷേ കൊടുത്തത് ഒരു പേപ്പറും നൽകിയത് മുഖ്യമന്ത്രിക്കും. മുഖ്യമന്ത്രിക്ക് ഇങ്ങനെ ഒരു പേപ്പർ നൽകാൻ ലോകായുക്തക്ക് അധികാരമില്ല. കാരണം രണ്ടാം വകുപ്പ് 'ഡി' ഉപവകുപ്പ് 4-ാം ഖണ്ഡം അനുസരിച്ച് കോമ്പീറ്റന്റ് അതോറിറ്റിക്ക് മാത്രമാണ് അത് കൊടുക്കേണ്ടിയിരുന്നത്. അതായത് കോമ്പീറ്റന്റ്

LIBRARY ARCHIVES Kerala Legislative Assembly

അതോറിറ്റി എന്നുപറയുന്നത് ഗവൺമെന്റാണ്. Government should be represented by the Chief Secretary. ചീഫ് സെക്രട്ടറിക്കാണ് കൊടുക്കേണ്ടിയിരുന്നത്. കൊടുത്തതോ മുഖ്യമന്ത്രിക്ക്; അങ്ങനെ കൊടുക്കാൻ പാടില്ല. അതുതന്നെ ഒരു anomaly ആണ്. പക്ഷേ ഇതിനേക്കാൾ പ്രത്യേകതയുള്ള മറ്റൊരു സംഭവമുണ്ട്. ഇതിനെല്ലാം വമ്പിച്ച പരസ്യവും നൽകി. സെക്ഷൻ 17 അനുസരിച്ച് ഏതെങ്കിലും അന്വേഷണ സംബന്ധമായി കിട്ടുന്ന ഏതൊരു കാര്യവും കോൺഫിഡൻഷ്യലാണ്. പക്ഷേ അന്വേഷണസമയത്ത് കിട്ടിയ വിവരങ്ങളെല്ലാം അപ്പപ്പോൾ പുറത്തുവന്നുകൊണ്ടിരുന്നു. ഫോണിൽക്കൂടി സംസാരിച്ചത് ടേപ്പിൽ പിടിച്ചെടുത്തതുപോലും കേൾപ്പിച്ചുകൊണ്ടേയിരുന്നു. ഇത് ഒരു ഗൂഢാലോചനയുടെ ഭാഗമല്ലെങ്കിൽ മറ്റെന്താണ്.. ഇവിടെയാണ് വേലി തന്നെ വിളവ് തിന്നത് നമ്മൾ കണ്ടത്. പാവം ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ രാജിവച്ച് ഒഴിഞ്ഞു. ഞാൻ സഭയുടെ ശ്രദ്ധ 10-ാം കേരള നിയമസഭയുടെ കാലത്തേക്ക് കൊണ്ടുപോകുകയാണ്. 1999-2000-2001-കളിലെ കാലഘട്ടത്തിൽ കേരളത്തിൽ പത്തു-മുന്നൂറ് പ്ലസ് ടു സ്കൂളുകൾ അനുവദിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതി ലിസ്റ്റ് ഒന്നടങ്കം റദ്ദാക്കി. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങളെ വേർതിരിച്ചറിയാൻ കമ്മിറ്റിയെ വച്ചു. ഡി.ഡി-യും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും അടങ്ങിയ ഒരു കമ്മിറ്റി. അന്ന് ശ്രീ. പി. ജെ. ജോസഫ് രാജിവച്ചോ? സംസ്കൃത സർവ്വകലാശാല നിയമനങ്ങൾ മൊത്തം നടത്തി ആരോപണം ഉണ്ടായി. അന്ന് രാജിവച്ചോ? പണ്ട് 1969-ൽ ഇമ്പിച്ചിബാവ സിഗററ്റിന്റെ കവറിൽ എഴുതി നിയമനം നടത്തി. കേരളത്തിൽ അന്നൊന്നും അവർക്ക് അഴിമതിയെക്കുറിച്ച് ഒരു ബോധവും ഇണ്ടായിരുന്നില്ല. ഇപ്പോൾ എന്താണ്? ഇവിടെ മന്ത്രി രാജിവയ്ക്കുന്നു. മന്ത്രിമാരുടെ രക്തം ഇനിയും ദാഹിക്കുന്നു. തങ്ങളുടെ അഴിമതിയൊന്നും അഴിമതിയല്ല. പ്ലസ് ടു കേസിൽ ഗസറ്റഡ് അദ്ധ്യാപകനെ കോഴ വാങ്ങി നിയമിച്ചത് അഴിമതിയല്ല. പാർട്ട് ടൈം സ്വീപ്പറെ നിയമിച്ചത് ശുംഭത്തരവുമായിപ്പോയി. ഇരട്ടത്താപ്പാണ് അവർ നടത്തിയിരിക്കുന്നത്. 2001-ലെ രണ്ടാം സമ്മേളനകാലത്ത് എന്റെ ആദ്യത്തെ ശ്രദ്ധ ക്ഷണിക്കൽ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവച്ച് ചർച്ചചെയ്യണമെന്നുള്ളതായിരുന്നു; ചർച്ച നടന്നു. ഞാൻ ആവശ്യപ്പെട്ടതുകൊണ്ട് പറയുന്നതല്ല. സമവായത്തിലൂടെ നടപ്പാക്കിയ ഈ ഗവൺമെന്റ് ചെയ്ത ഏറ്റവും ശ്ലാഘനീയമായ നടപടി അതുതന്നെയാണ്. ഇലയ്ക്കും മുള്ളിനും കേടില്ലാതെ പ്രശ്നം പരിഹരിച്ചു. ഞാൻ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചപ്പോൾ മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആളുകൾക്ക് 10% എങ്കിലും ആനുകൂല്യം നൽകുന്ന നടപടി സ്വീകരിക്കണമെന്ന് അന്നും പ്രസംഗിച്ചിരുന്നു. അതും ഗവൺമെന്റ് അംഗീകരിച്ചതിൽ ഞാൻ അതിയായി ആഹ്ലാദിക്കുകയാണ്. എന്താണ് ശ്രീ. പിണറായി വിജയൻ പറയുന്നത് അവർ ഭരിച്ചാൽ മാത്രം 56 മാസം സമഗ്ര വികസനം എന്നാണ് നിലപാട്. പുല്ലുകൂട്ടിലെ നായയുടെ നിലപാട്. തിന്നുകയുമില്ല തീറ്റിക്കുകയുമില്ല. പട്ടി ഒന്നും തിന്നുകയുമില്ല പശുവിനെ പുല്ല് തിന്നാൻ സമ്മതിക്കുകയുമില്ല. അങ്ങനെയല്ലേ സംഭവിച്ചത്. നായയുടെ രീതി. അതുപോലെ സമൂഹ്യനീതി വി. എസ്. അച്ചുതാനന്ദൻ ഒഴികെ ഇതാല്ല നടന്നത്. ശ്രീ. പിണറായി വിജയൻ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സമ്മേളനം നടത്തി. കട്ടൗട്ടും ഫ്ളക്സും ഒക്കെ വച്ചതിന് വെളിയം ഭാർഗ്ഗവൻ എതിർത്തതിന് ശ്രീ. പിണറായി വിജയൻ പറയുകയാണ്-വെളിയം ഭാർഗ്ഗവന് വെളിവില്ലെന്നും വെളിയം ഭാർഗ്ഗവൻ അതിരു കടക്കുന്നു എന്നുമാണ്. അതുപോലെ പറയുന്നത് കാലാനുസൃതമായ മാറ്റമാണ് മാർക്സിസ്റ്റ് പാർട്ടി ചെയ്തതെന്നാണ്. ഇപ്പോൾ എനിക്ക് സിപി.ഐ.യോട് പറയാനുള്ളത് ആട്ടും തൂപ്പും ചവിട്ടുമേറ്റിട്ടും പിന്നെയും വാലാട്ടുന്ന സ്വഭാവമുണ്ടല്ലോ അതാണ് നിന്റെ ശത്രു എന്ന് മാർക്സ് പറഞ്ഞിട്ടുണ്ട്. അത് സി.പി.ഐ.ക്കാർ ഒന്ന് ശ്രദ്ധിച്ചാൽ കൊള്ളാം ശ്രീ. കെ. പി. രാജേന്ദ്രൻ സഖാവേ. അതുപോലെ ശ്രീ. പിണറായി വിജയൻ ഇപ്പോൾ പാടുന്നത്... യൂജിയൻ പോർട്ടർ എന്ന ഫ്രഞ്ച് വിപ്ലവകാരിയുടെ ഒരു കവിതയുണ്ട്.

We shall overcome

We shall overcome

We shall overcome someday

We will never surrender എന്നാണ്.

പക്ഷേ ശ്രീ. പിണറായി വിജയൻ പാടുന്നത്

കാറ്റേ നീ വീശരുതിപ്പോൾ

കാറേ നീ പെയ്യരുതിപ്പോൾ

ആരോമൽ തോണിയിലെന്റെ

ജീവന്റെ ജീവനിരിപ്പൂ.

പക്ഷേ പാടുമ്പോൾ വ്യത്യാസമുണ്ട്.

ചുടൻസാർ മിണ്ടരുതിപ്പോൾ

വെളിയൻചേട്ടൻ ചിലയ്ക്കരുതിപ്പോൾ

ലീഡറും മുരളിയുമെന്റെ

ജീവന്റെ ജീവനാണിപ്പോൾ. എന്നാണ്.

സി.പി.ഐ.-ക്കാർക്ക് ഹാലിളകി. ശ്രീ. വെളിയം ചിലതൊക്കെ വെളിപ്പെടുത്തി. ഇവിടെ ആകെ പുലിവാലായി. പക്ഷേ ഞങ്ങൾക്ക് പറയാനുള്ളത് ഈ പഴയ നേതാക്കന്മാരുടെ ഗതികേടിൽ സത്യത്തിൽ സങ്കടമുണ്ട്. അതുപോലെ എനിക്ക് പറയാനുള്ളത് ശ്രീ. പിണറായി വിജയൻ യാത്രയ്ക്കിടയിൽ ഒരു പുതിയ കണ്ടുപിടുത്തം നടത്തി. കേരളത്തിൽ ക്രമസമാധാനനില ആകെ തകർന്നു പോയി എന്നതാണ്. ഞാൻ രണ്ടായിരമാണ്ട് ഡിസംബറിലേയ്ക്ക് പോവുകയാണ്. അഞ്ചു വയസ്സുള്ള ഒന്നാം ക്ലാസ് വിദ്യാർത്ഥിയെ നമ്മൾ കണ്ണുതുറിച്ച് മുഖത്തേക്ക് നോക്കിയാൽ നിക്കറിൽ മുള്ളും ആ പ്രായത്തിൽ, ആ കുഞ്ഞുങ്ങളുടെ മുന്നിൽവച്ച് ഒരു അദ്ധ്യാപകനെ ഇറച്ചിവെട്ടുകാരൻ അറവുമാടിനെ പീസ് പീസ്

LIBRARY ARCHIVES Kerala Legislative Assembly

ആക്കി വെട്ടിനുറുക്കിയ സംഭവമുണ്ടായല്ലോ. അതുപോലെ രാവിലെ സി.പി.എം. ഒരു തല വെട്ടിയാൽ ഉച്ചയ്ക്ക് ആർ.എസ്.എസ്. ഒരു തല വെട്ടും. വൈകുന്നേരം സി.പി.ഐ. വെട്ടും. രാത്രി പതിനൊന്ന് മണിക്ക് കടത്തിവെട്ടും. പുഴിക്കടകൻ വെട്ട് സഹിതം പിറ്റേന്ന് രാവിലെ പത്രത്തിൽ വരുമ്പോൾ അഞ്ച് തല. ഇങ്ങനെ തലകൾ ഉരുളുന്ന ഒരുകാലം ഓർമ്മയില്ലേ? എന്തിനേറെ പറയുന്നു. എന്റെ മണ്ഡലത്തിലെ കല്ലുവാതുക്കൽ. സായിപ്പൻമാർ ആ സ്ഥലം കാണാൻ വന്നിട്ട് ബോർഡ് കണ്ട് ചോദിച്ചത് ഓ... കള്ള് വാതുക്കൽ. കാരണം ഇംഗ്ലീഷ് പറയുമ്പോൾ അവർ അങ്ങനെയാണ് വായിക്കുന്നത്. ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ മണ്ഡലത്തിലെ പട്ടാഴി-പട്ട ആഴി. ഇവിടെയെല്ലാം വിഷമദ്യ ദുരന്തമുണ്ടായി. നൽപ്പത് പേർ മരിച്ചില്ലേ? അന്ന് നടന്ന ഇത്തരം കാര്യങ്ങളൊന്നും ശ്രീ. പിണറായി വിജയൻ ഇപ്പോൾ ഓർക്കുന്നില്ല. മനുഷ്യൻ എല്ലാം മറന്നുപോകുമെന്നുള്ളതാണ് അദ്ദേഹത്തിന്റെ നിലപാട്. എന്നിട്ട് എന്താണ് നടന്നത്? ഫ്യൂഡൽ പ്രഭുക്കൻമാരുടെ പാനോപചാര സായാഹ്നങ്ങളെപ്പോലെ പ്രഭാതക്ഷേണം ഇസ്തലിയും ചമന്തിയും പുഴുങ്ങിയ പഴവും മാത്രമേ ഉണ്ടായിരുന്നുള്ളു; പ്രാതലിന് പങ്കെടുത്തവർ നടത്തിയ ചർച്ച പ്രാതൽ മഹാൽസവങ്ങൾ. തീഷ്ണമായ സാമൂഹ്യ യാഥാർത്ഥ്യങ്ങൾ മുഖാമുഖം കേരളത്തിൽ ഇന്ന് അരങ്ങോട്ടുമിങ്ങോട്ടും. പ്രശ്നങ്ങൾ ഇന്നും പ്രശ്നമായി അവശേഷിക്കുകയാണ്. അവർക്കുവേണ്ടിയാണ് ഈ ഗവൺമെന്റ്.

ശ്രീ. ബി. വിജയകുമാർ : സർ, തിരുവനന്തപുരത്ത് ശ്രീ. പിണറായി വിജയൻ നടത്തിയ പ്രാതലിൽ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശ്രീ. ഒ. രാജഗോപാലിനു വേണ്ടി നിലപാട് സ്വീകരിച്ച ചില ആളുകളും അവിടെയുണ്ടായിരുന്നു എന്ന സത്യം അങ്ങേക്കറിയാമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, തീർച്ചയായും ഉണ്ട്. അവർ പണ്ടേ കൂട്ടുകാരാണ്. ഓടുന്ന പട്ടിക്ക് ഒരുമുഴം മുമ്പ് എന്ന് പറയുന്നതുപോലെ ഇങ്ങനെയൊക്കെ പലപ്പോഴും പറയുകയും ചെയ്യുകയും ചെയ്യും. നമ്മൾ നമേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കി എന്ന് പറയുമ്പോൾ ഇൻഡ്യ എന്തിനാണ് ഇറാന് എതിരായി വോട്ട് ചെയ്തത് എന്ന് അവർ ചോദിക്കും. അരി എത്ര എന്ന് ചോദിച്ചാൽ പയർ അഞ്ഞാഴി എന്ന് പറയും. അതുപോലെ അവർക്ക് ഇഷ്ടമുള്ളവരെയെല്ലാം അവർ കൂട്ടിരുത്തും. രാത്രിയിൽ അവർ തല മുണ്ടിട്ട് കൊണ്ടുപോയി കാണും. അത് എല്ലാവരും ചെയ്യും. എനിക്ക് ഇപ്പോൾ പറയാനുള്ളത് അയരാജൻമാർക്ക് ബുദ്ധിയുദിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. അവർ ഇപ്പോൾ പറയുന്നത് എക്സ്പ്രസ്സ് ഹൈവേ എന്നുള്ള പേര് മാറ്റിയാൽ മതി ഞങ്ങൾ സമ്മതിക്കാം എന്നാണ്. എനിക്ക് ചോദിക്കാനുള്ളത്-പഞ്ചസാര തരണിക്ക് മുകളിൽ തേയില എന്ന് എഴുതി ഒട്ടിച്ചാൽ ഉറുമ്പ് അരിക്കാതിരിക്കുമോ? ഇങ്ങനെ ഇത്തരം കാര്യങ്ങളെ പുറകോട്ട് വലിക്കുന്ന, 45 വർഷമായി ഈ വികസനത്തെ പുറകോട്ട് വലിച്ച ഇവർക്ക് ഇപ്പോഴെങ്കിലും ബുദ്ധിയുണ്ടായതിൽ പ്രത്യേകമായി ഞാൻ ഇവർക്ക് ഓരോ ഐസ് ക്രീം വാങ്ങിക്കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. നല്ല കാര്യമാണ് ഇവർ ചെയ്തിരിക്കുന്നത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഒരു കാലത്ത് പ്രീഡിഗ്രി ബോർഡിനെ എതിർത്തു. പ്ലസ് ടു എന്ന പേര് നടപ്പാക്കി കോടികൾ കൊയ്തു. അതുപോലെ എ.ഡി.ബി. വായ്പ എടുക്കുമെന്ന് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഇവർ അത് എടുക്കാൻ സമ്മതിച്ചില്ല. നമ്മൾ അത് വാങ്ങി. അതുപോലെ ജപ്പാൻ കുടിവെള്ള പദ്ധതിയെ ഇവർ എതിർത്തു. നമ്മൾ ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പാക്കി. ഇനിയും പുരോഗമനത്തിന്റെയും ബഹുദൂരം പുരോഗതിയുടേയും പാതയിൽ കേരളത്തെ ബഹുദൂരം അതിവേഗം നയിക്കാൻ പ്രതിജ്ഞാബദ്ധമായ ഈ സർക്കാരിനു വേണ്ടി ഗവർണർ അവതരിപ്പിച്ച നന്ദിപ്രമേയ ചർച്ചയ്ക്ക് ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് എന്റെ പ്രസംഗം ചുരുക്കുന്നു.

ശ്രീ. വി. ജെ. പൗലോസ് : സർ, ഗവർണർ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള ശ്രീ. കടവൂർ ശിവദാസന്റെ നന്ദിപ്രമേയത്തെ ഞാൻ ശക്തിയായി പിന്താങ്ങുകയാണ്. പതിനൊന്നാം കേരള നിയമസഭയുടെ അവസാന സമ്മേളനമായിട്ടാണ് ഇതിനെ കണക്കാക്കിയിട്ടുള്ളത്. സംഭവബഹുലമായ പല സംഭവങ്ങളും ഈ കഴിഞ്ഞ അഞ്ചു വർഷത്തിനിടയ്ക്ക് കേരളത്തിലും ഈ സഭയിലുമുണ്ടായി. അതിൽ പ്രധാനപ്പെട്ട ഒരു കാര്യമെന്ന് പറയുന്നത് നിയമസഭയിലെ ഒരു കക്ഷി ലയിച്ച് ഇല്ലാതായി എന്നതാണ്. ശ്രീ. ടി. എം. ജേക്കബിന്റെ കേരളാ കോൺഗ്രസ്. മറ്റൊരു കക്ഷി നമ്മുടെ നിയമസഭയിൽ അംഗീകാരം കിട്ടാതെ പ്രവർത്തിച്ചു. നമ്മുടെ സംസ്ഥാനത്ത് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഡി.ഐ.സി. എന്നു പറയുന്ന മാഷ്ടിയ പാർട്ടിയുടെ ഏതാനും ചില എം.എൽ.എ-മാർ, കോൺഗ്രസ്സിൽനിന്ന് കുറുമാറിയ ഏതാനും ചില എം.എൽ.എ-മാരും ഔദ്യോഗികമായി അംഗീകരിക്കപ്പെടുകയാണെങ്കിലും ഈ സഭയിൽ ഉണ്ടായിരുന്നു. അവരും കൂറുമാറ്റ നിരോധന നിയമം മറികടക്കാൻ കഴിയാത്തതുകൊണ്ട് രാജിവച്ച് പുറത്തു പോയി. അങ്ങനെ കുറെ അംഗങ്ങൾ ഈ സഭയിൽ ഇന്ന് ഇല്ല എന്നുള്ള കുറവ് നമ്മുടെ സഭയുടെ കാലാവധി അവസാനിക്കുന്ന സന്ദർഭത്തിൽ ഈ സഭയെ സംബന്ധിച്ചിടത്തോളം ഉണ്ട്. തെരഞ്ഞെടുപ്പ് വളരെ അടുത്ത് പടിവാതിൽക്കലാണ്. അതുകൊണ്ടുതന്നെ ഈ സഭയിൽ ഓരോ കക്ഷിയുടേയും നേതാക്കൻമാരും അംഗങ്ങളുമൊക്കെ സംസാരിക്കുന്നത് രാഷ്ട്രീയമായ ലക്ഷ്യം തന്നെ മനസ്സിൽ സൂക്ഷിച്ചുകൊണ്ടാണ്. അപ്പുറത്തിരിക്കുന്നവരെല്ലാം ഈ സർക്കാരിന്റെ പരാജയം ചൂണ്ടിക്കാണിക്കുന്നതിന് തന്നെയാണ് ഏറ്റവും കൂടുതൽ ശ്രമിക്കുന്നത്. പക്ഷേ പരാജയം അവർക്കുതന്നെ കണ്ടെത്താൻ കഴിയുന്നില്ല. എന്നാലും ഈ സർക്കാർ ഒരു പരാജയമാണെന്ന് അവർ ആവർത്തിക്കുകയാണ്. ഈ ഗവൺമെന്റിന്റെ പ്രതിനിധികളായ ഞങ്ങൾ, ഇപ്പുറത്തുള്ളവർ ഈ ഗവൺമെന്റിന്റെ നേട്ടങ്ങൾ എണ്ണിയെണ്ണി പറയുന്നതിനാണ് ഞങ്ങളും ശ്രമിക്കുന്നത്. പക്ഷേ ഞങ്ങൾക്ക് ഒരു ബുദ്ധിമുട്ടുണ്ട്. ഞങ്ങൾ ഏത് നേട്ടങ്ങളാണ് പറയേണ്ടത് ? നേട്ടങ്ങളാണ് മുഴുവൻ. അതുകൊണ്ട് എവിടെ തുടങ്ങണം, എവിടെ അവസാനിപ്പിക്കണം എന്ന ബുദ്ധിമുട്ട് ഞങ്ങൾക്കുള്ളതുകൊണ്ട് മൊത്തത്തിലുള്ള നേട്ടങ്ങളിൽക്കൂടി കടന്നു പോകാനേ ഞങ്ങൾക്ക് കഴിയുന്നുള്ളൂ. ഈ ഗവൺമെന്റ് നേട്ടം കൈവരിക്കാത്ത ഒരു മേഖലയും ഇല്ല. ഈ ഗവൺമെന്റ് തീരുമാനം എടുക്കുന്ന കാര്യത്തിൽ ഒരിക്കലും അറച്ചുനിന്നിട്ടില്ല. തീരുമാനം എടുക്കേണ്ട കാര്യങ്ങളിലെല്ലാം ധീരമായ തീരുമാനങ്ങളെടുത്തു. അതിൽ ഏറ്റവും ഒടുവിലെടുത്ത തീരുമാനം ആരുമറിഞ്ഞില്ല. കൊല്ലനും അറിഞ്ഞില്ല, കൊല്ലത്തിയും അറിഞ്ഞില്ല. തിത്തെയ് എന്നൊരു കൊച്ചമ്മിവാൾ എന്നുപ്പറയുന്നതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ തീരുമാനിച്ച് ജനങ്ങളുടെ അംഗീകാരവും വാങ്ങി. പ്രശ്നം വളരെ ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാക്കും എന്നുവിചാരിച്ച് പലരും തൊടാൻ മടിച്ച കാര്യം. അത് ഏതുമാകട്ടെ അതിലെല്ലാം ഈ സർക്കാർ കൈവച്ചു. അതിലെല്ലാം തീർപ്പുമുണ്ടായിട്ടുണ്ട്. അതിൽ ഞങ്ങൾക്ക് അഭിമാനമുണ്ടെങ്കിൽ അപ്പുറത്തിരിക്കുന്നവർക്ക് വിസ്മയമാണ്. ഒരു വിസ്മയ ലോകത്ത് വിരാജിക്കുന്ന ഇവരെ സംബന്ധിച്ചിടത്തോളം അവർക്ക് ഈ നിലയിൽ വികലമായി ഈ ഗവൺമെന്റ് പരാജയമാണ്, ഈ ഗവൺമെന്റ് പോയേ തീരൂ എന്നുള്ള നിലയിൽ സമരങ്ങളും പ്രക്ഷോഭങ്ങളുമായി മുന്നോട്ടു പോകാനല്ലാതെ മറ്റൊന്നും അവർക്ക് ചെയ്യാനില്ലാത്തതുകൊണ്ട് എക്കാലത്തേയും പരിപാടി ഈ കാലഘട്ടത്തിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും അവരുടെ സഖ്യ കക്ഷികളും സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകുകയാണ്. തിരുവനന്തപുരം ഉപതെരഞ്ഞെടുപ്പ് നടക്കുന്നതിനുമുമ്പ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഘടകകക്ഷികൾക്ക് ശ്രീ. കെ. കരുണാകരനോട് എന്തൊരു പ്രതിബദ്ധതയായിരുന്നു. എന്തൊരു താൽപ്പര്യമായിരുന്നു. അദ്ദേഹത്തിന്റെ കൂടെ ആളുകളുണ്ട്. അദ്ദേഹത്തിന്റെ പിന്നിൽ വോട്ടർമാരുണ്ട്. അതുകൊണ്ട് ശ്രീ. കെ. കരുണാകരനെ ഞങ്ങളുടെ മുന്നണിയിൽ ചേർത്തുകളയും എന്ന് തോന്നത്തക്ക രീതിയിലുള്ള പ്രസ്താവനകളും നടപടികളുമൊക്കെ സ്വീകരിച്ചുകൊണ്ടിരുന്നവർ ഈ പുതിയ വർഷം ജനുവരി മാസം മുതൽ ശ്രീ. കെ. കരുണാകരനോട് സ്വീകരിച്ചു കൊണ്ടിരിക്കുന്ന സമീപനമെന്താണ്? ശ്രീ. കെ. കരുണാകരനോട് നിങ്ങൾ എന്ത് നടപടി സ്വീകരിച്ചാലും ഞങ്ങൾക്ക് വിരോധമില്ല. കാരണം ശ്രീ. കെ. കരുണാകരൻ ഞങ്ങളുടെ പാർട്ടിയെ പിന്നിൽ നിന്ന് കുത്തി വഞ്ചിച്ചു പോയതാണ്. ശ്രീ. കെ. കരുണാകരനോട് ഒരു പരിഗണനയും ഞങ്ങൾക്ക് അക്കാര്യത്തിലില്ല. പക്ഷേ അദ്ദേഹത്തെ ഈ പരുവത്തിലാക്കിയതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് നിങ്ങൾക്കൊഴിയാൻ കഴിയുമോ? ശ്രീ. കെ. കരുണാകരനോട് നിങ്ങളെന്താണ് പറഞ്ഞത്? ആദ്യകാലങ്ങളിലൊക്കെ പറഞ്ഞത് നിങ്ങളുടെ കൂടെ 40 എം.എൽ.എ.-മാർ ഉണ്ടെന്നാണ്. അതൊരു ഫിക്സഡ് ഡെപ്പോസിറ്റാണ്. ബ്ലാങ്ക് ചെക്ക് ശ്രീ. കെ. കരുണാകരനും. ബാക്കിയുള്ള എം.എൽ.എ.-മാരെക്കൂടെ കൂറുമാറ്റിക്കൊണ്ട് ഞങ്ങളുടെകൂടെ വന്നാൽ ആ വില്ലെടുത്തുകുലച്ച് ഒരു മന്ത്രിസഭയുണ്ടാക്കി നിങ്ങൾക്ക് ശിഷ്ടകാലം ഭരിക്കാം വിരോധമില്ലെന്നുപറഞ്ഞ് അദ്ദേഹത്തെ പ്രലോഭിപ്പിച്ച് അദ്ദേഹം കോൺഗ്രസ്സിൽ നിന്നു പുറത്തുവന്ന് ഒരു പുതിയ പാർട്ടിയുണ്ടാക്കി; ഇപ്പോൾ നിങ്ങൾ അദ്ദേഹത്തെ പെരുവഴിയാധാരമാക്കുകയാണ് ചെയ്തിരിക്കുന്നത്. ഇപ്പോൾ നിങ്ങൾക്ക് ശ്രീ. കെ. കരുണാകരനോടുള്ള സമീപനമെന്താണ്? ഇപ്പോൾ ഡി.ഐ.സി. പാർട്ടി ഇടതുപക്ഷ പ്രതിച്ഛായ തകർത്തു, ഇത് പറഞ്ഞത് ഇന്ത്യൻ കമ്മ്യൂണിസ്റ്റ്. ഡി.ഐ.സി.-യെ പുറത്തുനിർത്തണം, ഇത് പറഞ്ഞതും സി.പി.ഐ-കാരാണ്. ശ്രീ. വെളിയം ഭാർഗ്ഗവൻ നാവടക്കണം ഇത് പറഞ്ഞത് ശ്രീ. കെ. കരുണാകരനാണ്. ഇടതുമുന്നണിയുടെ കുടുംബ കാര്യങ്ങളിൽ വഴിപോക്കനിടപെടേണ്ട എന്നുപറഞ്ഞത് ശ്രീ. വെളിയം ഭാർഗ്ഗവൻ. അദ്ദേഹം ശ്രീ. കെ. കരുണാകരനെ വഴിപോക്കനാക്കി. ശ്രീ. കെ. കരുണാകരൻ നടത്തുന്നത് തിരിച്ചുപോകാനുള്ള നീക്കം-ശ്രീ. വെളിയം ഭാർഗ്ഗവൻ. ശ്രീ. കെ. കരുണാകരന്റെത് തിരിച്ചുപോകാനെന്നുള്ള സൂചന. ആളില്ലാ പാർട്ടി സംശയം തീർക്കാമെന്ന്;

LIBRARY ARCHIVES Kerala Legislative Assembly

സി.പി.ഐ. അല്ലിലാ പാർട്ടി എന്നു പറഞ്ഞത് ശ്രീ. പിണറായി വിജയൻ. ആരെക്കുറിച്ചാണ് പറഞ്ഞത്? ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെക്കുറിച്ച് അതിനെക്കുറിച്ച് സംശയവും തീർക്കാൻ തയ്യാറാണെന്ന് സി.പി.ഐ. സി.പി.എമ്മിലെ വിവരമുള്ളവർ എ.ഡി.ബി.-യെ എതിർക്കുന്നു ശ്രീ. വെളിയം ഭാർഗ്ഗവൻ. അപ്പോൾ എ.ഡി.ബി-യെ എതിർക്കുന്നത് സി.പി.എം.-ലെ നമ്മുടെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ തുടങ്ങിയവർ. എ.ഡി.ബി.-യെ അനുകൂലിക്കുന്നത് ശ്രീ .പിണറായി വിജയനും. അപ്പോൾ ശ്രീ. വെളിയം ഭാർഗ്ഗവന്റെ ഭാഷയിൽപ്പറഞ്ഞാൽ ശ്രീ. വി. എസ്. അച്ചുതാനന്ദനും കൂട്ടർക്കും വിവരമുണ്ട്. ശ്രീ. പിണറായി വിജയനും ശ്രീ. കോടിയേരി ബാലകൃഷ്ണനും വിവരമില്ലെന്നാണ് ഈ പറഞ്ഞതിനർത്ഥം. ഇതിന് നിങ്ങൾതന്നെ മറുപടി പറഞ്ഞാൽമതി. ആരെ ഉദ്ദേശിച്ചാണ് ശ്രീ.വെളിയം ഭാർഗ്ഗവൻ ഇങ്ങനെ പറഞ്ഞതെന്നതിന് ശ്രീ. കെ. പി. രാജേന്ദ്രനും അതിനുള്ള മറുപടി ശ്രീ. കോടിയേരി ബാലകൃഷ്ണനും പറയുക. കാരണം ശ്രീ. പിണറായി വിജയനും ശ്രീ. വെളിയം ഭാർഗ്ഗവനും ഇവിടെയില്ലല്ലോ. അവരിവിടെ ഇല്ലാത്ത സാഹചര്യത്തിൽ അതിനുള്ള മറുപടി നിങ്ങൾ പറയുക. അതുസംബന്ധിച്ച് നിങ്ങളാരും പറഞ്ഞു കേൾക്കുന്നില്ല. നമ്മുടെ നിയമസഭയിൽ 2 പേർ ചേട്ടൻ ബാവയും, അനിയൻ ബാവയുമാണ് ശ്രീ. ടി. എം. ജേക്കബും, ശ്രീ. ജോണി നെല്ലൂരും. അദ്ദേഹം നിയമസഭാംഗത്തിലുണ്ടായിരുന്നത് കേരള കോൺഗ്രസ്സ് ജേക്കബിന്റെ പാർലമെന്ററി പാർട്ടിയുടെ നേതാവും ഉപനേതാവുമായിട്ടുണ്ട്. ഇപ്പോഴും നേതാവും ഉപനേതാവുമാണ്. പക്ഷേ ഏത് പാർട്ടിയിലൂടെയാണ്? അവരുടെ പാർട്ടി പിരിച്ചുവിട്ട് ഡി.ഐ.സി.-യിൽ ചേർന്നു. ഡി.ഐ.സി.-യിൽ ചേർന്നിട്ടുണ്ടെങ്കിൽ അതിന്റെ പാർലമെന്ററി പാർട്ടിയുടെ നേതാവാണ് ശ്രീ. ടി. എം. ജേക്കബും, ശ്രീ. ജോണി നെല്ലൂരും എങ്കിൽ ഇന്നലേയും ഇന്നും രണ്ടുപേരുടേയും പ്രസംഗം ഞാൻ സാകൂതം ശ്രദ്ധിച്ചു. കാരണം ശ്രീ. കെ. കരുണാകരനെ വഴിയിൽകെട്ടിയ ചെണ്ടപോലെ കൊട്ടിക്കൊണ്ടിരുന്ന സമയത്ത് ഈ സഭയിൽ ഡി.ഐ.സി.-യുടെ നയം വ്യക്തമാക്കാൻ 2 വരിയെങ്കിലും പറയുമെന്ന് ഞാൻ പ്രതീക്ഷിച്ചതാണ്. കാരണം ഒരു പാർലമെന്ററി പാർട്ടിയുടെ പാർലമെന്ററി വിഭാഗം നിയമസഭയിൽ പോകുന്നത് അവരുടെ പാർട്ടിയുടെ നയങ്ങൾ നിയമസഭയിൽ പറയാനാണ്. അങ്ങനെ പറയുമെങ്കിൽ നിയമസഭയിൽ നോട്ടീസ് കൊടുത്തതിനുശേഷം, നിയമസഭ സമ്മേളിക്കാൻ തുടങ്ങിയശേഷം ഗവർണറുടെ നയപ്രഖ്യാപനം ഉണ്ടായതിനുശേഷം, നയപ്രഖ്യാപനത്തെക്കുറിച്ച് ചർച്ചകൾ നടക്കുന്ന ദിവസങ്ങളിലെല്ലാം ഞങ്ങളുടെ പഴയ നേതാവ് ഇപ്പോഴത്തെ ഡി.ഐ.സി.-യുടെ നേതാവ് ശ്രീ. കെ. കരുണാകരനെ വഴിയിൽ കൊട്ടിയ ചെണ്ട പോലെ കൊട്ടിക്കൊണ്ടിരിക്കുന്നത് കണ്ടില്ലെന്ന് നടിക്കുന്ന ഒരു പാർലമെന്ററി പാർട്ടി നേതാവാണ്. ശ്രീ. ടി. എം. ജേക്കബ് എങ്കിൽ അദ്ദേഹം ഇപ്പോൾ ഏത് പാർട്ടിയിലെ നേതാവാണ് ഇന്നല്ലെങ്കിൽ നാളെയെന്നറിയാൻ ഞങ്ങൾക്കാഗ്രഹമുണ്ട്. അദ്ദേഹം ഇവിടെയുണ്ടായിരുന്നെങ്കിൽ ഇത് ചോദിക്കാമായിരുന്നു. പക്ഷേ അദ്ദേഹം ഇല്ല. എന്റെ സംശയം അദ്ദേഹം ഡി.ഐ.സി.-യുടെ പാർലമെന്ററി നേതാവല്ലെന്നാണ് ജേക്കബൊക്കെയാണ് ശ്രീ. കെ. കരുണാകരനെ ഈ കുളത്തിലാക്കിയത്. ശ്രീ. കെ. കരുണാകരനോടും രാജ്യസഭാ ഇലക്ഷനിലും മറ്റുമൊക്കെ സ്ഥാനാർത്ഥിയെ നിർത്തിയ്ക്കാ ഞങ്ങൾ പിൻതുണച്ചോളാം എന്നൊക്കെ പ്രചോദനം കൊടുത്ത് അവസാനമിങ്ങനെ കലാശിച്ചത്. ശ്രീ. കെ. കരുണാകരൻ പാർട്ടിവിട്ട് പുറത്തു

LIBRARY ARCHIVES Kerala Legislative Assembly

പോയി, ബഹുമാനപ്പെട്ട ജേക്കബിന് മന്ത്രിസ്ഥാനവും പോയി. ശ്രീ. ടി. എം. ജേക്കബിനെ കൂട്ടുചേർക്കണോ, വേണ്ടയോ, അദ്ദേഹം ലയിക്കാൻ കാരണം ഒരു കക്ഷി എന്ന രീതിയിൽ നിങ്ങൾ അംഗീകരിക്കാത്തതു കൊണ്ടല്ലേ. അപ്പോൾ ഒരു കക്ഷി എന്ന നിലയിൽ നിങ്ങളോടുകൂടി വരാൻ ശ്രമിക്കുന്ന ശ്രീ. ടി. എം. ജേക്കബിന് കരുണാകരനിപ്പോൾ ഒരു തടസ്സമാകുമോയെന്നുള്ള കാര്യത്തിൽ ആശങ്കയുള്ളതുകൊണ്ടാകാം. ഡി.ഐ.സി.-യുടെ പാർലമെന്ററി പാർട്ടി നേതാവായ ശ്രീ. ടി. എം. ജേക്കബ് ആ ചുമതല ഈ സഭയിൽ മനഃപൂർവ്വം നിർവ്വഹിക്കാത്തതെന്ന് ഞാൻ വിചാരിക്കുകയാണ്. ഇപ്പോൾ തെരഞ്ഞെടുപ്പ് പ്രഖ്യാപനം പടിവാതിൽക്കൽ വന്നുനിൽക്കുകയാണ്. എപ്പോൾ വേണമെങ്കിലും ഒരു കള്ളനെപ്പോലെ കയറിവരാം. എന്ന് വരുമെന്ന് നിശ്ചയമില്ലാത്തതുകൊണ്ടാണ് കള്ളനെപ്പോലെ എന്ന് പറഞ്ഞത്. ഇത് ശ്രീ. പിണറായി വിജയന്റെ ഈ പുതിയ ലക്കത്തെ കേരളശബ്ദമാണ്. അദ്ദേഹത്തിന്, ഒരു മാർക്സിസ്റ്റ് നേതാവിന് കൊടുക്കുന്ന ഒരു വലിയ സ്വീകരണം കണ്ടിരുന്നു? അദ്ദേഹത്തിന്റെ കഴുത്തുമുതൽ നിലത്തുവരെ മുട്ടുന്ന രോസാപുഷ്പം കൊണ്ടുള്ള രക്തപുഷ്പ മാല, തലയിൽ കിരീടം, വാൾ, പിന്നെയെന്തൊക്കെയാണ് കൊടുത്തിരിക്കുന്നതെന്നറിയില്ല.

ശ്രീ. കെ. ബാബു: സർ, ശ്രീ. പിണറായി വിജയന് വാൾ കൊടുത്തത് ശ്രീ.വി. എസ്. അച്ചുതാനന്ദനെ വെട്ടാൻ വേണ്ടിയാണെന്നുള്ള കാര്യമറിയാമോ?

ശ്രീ. വി. ജെ. പൗലോസ്: സർ, അത് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മാത്രമല്ല, വേണമെങ്കിൽ പിണറായിയുടെ കഴുത്തിലുമാവാം. ആരെയാണ് ഉദ്ദേശിക്കുന്നതെന്നറിയില്ല. ഏതായാലും ഞാൻ വാൾ,തൊപ്പി, പരിച, കിരീടം എന്നൊക്കെ പറഞ്ഞ് മാർക്സിസ്റ്റ് പാർട്ടിയെക്കുറിച്ച് ഒരു സങ്കൽപ്പമുണ്ടല്ലോ. ബൂർഷ്വാ, പ്രോളിറ്റേറിയൻ എന്നീ രണ്ട് പാർട്ടികളുണ്ട്. അതായത് ഇവിടെ തൊഴിലാളി പാർട്ടിയും മുതലാളി പാർട്ടിയുമുണ്ട്. ഇപ്പോൾ ഇതുരണ്ടിലുമുള്ള വ്യത്യാസമെന്താണ്? ഇപ്പോൾ തൊഴിലാളി പാർട്ടികൾ എന്നവകാശപ്പെടുന്ന ആളുകൾ ഇവിടത്തെ ബൂർഷ്വാപാർട്ടികളെപ്പോലും ലജ്ജിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളല്ലാതെ മറ്റ് എന്താണവർക്ക് കാഴ്ചവയ്ക്കാനുള്ളത്. ഇതാണ് ശ്രീ. പിണറായി വിജയന്റെ കാസർഗോഡുനിന്നും തിരുവനന്തപുരത്തേക്കുള്ള അരങ്ങേറ്റം-മുഖ്യമന്ത്രിയുടെ ഒരു യാത്രയായി വന്നത്. ഇതിൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ധാരണ എൽ.ഡി.എഫ്.-ന് ഭൂരിപക്ഷം കിട്ടിയാൽ പ്രതിപക്ഷനേതാവ് അദ്ദേഹമായതുകൊണ്ട് അദ്ദേഹം മുഖ്യമന്ത്രിയാകുമെന്ന് വിചാരിച്ചാണ് അദ്ദേഹത്തിന്റെ നയപ്രഖ്യാപനവും. എന്നാൽ അതിനെ മറിച്ചുകൊണ്ടാണ് ശ്രീ. പിണറായിയുടെ വരവ്. ആരെങ്കിലുമാകട്ടെ ഞങ്ങൾക്ക് വിരോധമില്ല. പക്ഷേ കേരളത്തിലെ ജനങ്ങൾ ഇന്ത്യയിലെ മറ്റേതൊരു സംസ്ഥനത്തെ അപേക്ഷിച്ചും ഏറ്റവും കൂടുതൽ വിവരമുള്ളവരാണ്. എല്ലാ കാര്യങ്ങളും മനസ്സിലാക്കാൻ കഴിവുള്ള ജനങ്ങൾ; അനുഭവത്തേക്കാൾ വലിയൊരാശാൻ ഇല്ലെന്ന് വിശ്വസിക്കുമ്പോൾ ഇടതുപക്ഷജനാധിപത്യമുന്നണിയെ ഇനിയും പരീക്ഷിച്ചു നോക്കി ഈ നാടിനെ കുട്ടിച്ചോറാക്കാൻ കേരളത്തിലെ ജനങ്ങൾ തയ്യാറാകുമെന്ന് ഞാൻ ലവലേശം സംശയിക്കുന്നില്ല. നമ്മുടെ നാട്ടിൽ ഏതൊരു തെരഞ്ഞെടുപ്പ് വരുമ്പോഴും ജനങ്ങളൊന്ന് പുറകോട്ട് നോക്കുമായിരുന്നു. കഴിഞ്ഞ 5 വർഷംമുമ്പ് ഈ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വരുമ്പോൾ എന്തായിരുന്നു? ഇവിടെ പലരും പറഞ്ഞതുപോലെ ഒരു വിമാന ടിക്കറ്റ് മുഖ്യമന്ത്രിക്ക് കിട്ടിയില്ല. മുഖ്യമന്ത്രിയുടെ ചേമ്പറിൽ ചർച്ചയ്ക്കുവരുന്ന അതിഥികൾക്ക് ചായയും ബിസ്ക്കറ്റും പറഞ്ഞാൽ കിട്ടാത്ത അവസ്ഥ. എന്നുപറഞ്ഞാൽ എന്തായിരുന്നു നിങ്ങൾ ഭരണത്തിൽനിന്നും ഇറങ്ങിപ്പോകുന്ന സമയത്തുണ്ടായിരുന്ന സാമ്പത്തിക സ്ഥിതി? ഉപ്പുവച്ച കലം പോലെയായിരുന്നു ഖജനാവിന്റെ അവസ്ഥ. അക്കാര്യം കേരളത്തിലെ ജനങ്ങളോട് വെട്ടിത്തുറന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞതാണ്. ഒരു ധവളപത്രംതന്നെ അതിന് പുറപ്പെടുവിച്ചു. വളരെ കടുത്ത സാമ്പത്തിക നടപടികൾ സ്വീകരിച്ചു. വളരെയധികം എതിർപ്പുകൾ ക്ഷണിച്ചുവരുത്തി. വേറെ മാർഗ്ഗമില്ല. കടുത്ത നടപടികൾ സ്വീകരിക്കാൻ അദ്ദേഹം നിർബന്ധിതമായി. ഇന്ന് നമ്മുടെ സംസ്ഥാനത്തെ സ്ഥിതി എന്താണ്? ഇതുപോലെ സംസ്ഥാനം പുരോഗമിച്ചിരുന്ന ഒരു കാലഘട്ടമുണ്ടായിട്ടുണ്ടോ? സംസ്ഥാനത്ത് ഇതുപോലുള്ള പുരോഗതി കൈവരിക്കുന്ന കാര്യത്തിൽ പ്രതിപക്ഷത്തിന്റെ എന്തെങ്കിലും ഒരു സംഭാവനയുണ്ടോ? ഇതിനെല്ലാം വഴിമുടക്കുന്ന സമരങ്ങളുമായി മുന്നോട്ടുപോയിട്ടുള്ളതല്ലാതെ എന്തെങ്കിലുമൊരു നല്ല സമീപനം എൽ.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നോ? സി.പി.എം.-ന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ടോ? കേരളം ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാണെന്ന് മറ്റു സംസ്ഥാനങ്ങളിലും ലോകത്തിലുമുള്ള ജനങ്ങൾക്ക് കാണിച്ചുകൊടുക്കുന്നതിന് ശ്രീ. എ. കെ. ആന്റണി നടത്തിയിട്ടുള്ള ഉദ്യമങ്ങൾ മുഴുവൻ പരാജയപ്പെട്ടു. എത്ര സമരങ്ങളാണ്, ഐതിഹാസിക സമരങ്ങളെന്ന് നിങ്ങൾ വിശേഷിപ്പിക്കുന്ന എത്ര സമരങ്ങളാണ് ഇവിടെ നടന്നത്? ആ സമരങ്ങളുടെയൊക്കെ ലക്ഷ്യം ശ്രീ. എ. കെ. ആന്റണിയുടെ പുരോഗമന നടപടികളെ ചോരയിൽമുക്കിക്കൊന്ന് പരാജയപ്പെടുത്തുകയാണ് ഇവിടെ നിക്ഷേപത്തിന് ആരും വരരുത്. ഇവിടെ അതിനനുകൂലമായ ഒരു കാലാവസ്ഥ അല്ലെന്നുള്ളത് മറ്റുള്ളവർ അറിയണം. നമ്മുടെ സംസ്ഥാനം പഴയതുപോലെ ദാരിദ്ര്യത്തിലും ദുരിതത്തിലുമായിരിക്കണമെന്നുള്ള നിർബന്ധ ബുദ്ധിയോടുകൂടി അതിനെതിരായ നിലപാട് സ്വീകരിച്ചതിനെ അതിജീവിച്ചുകൊണ്ട് ശ്രീ. എ. കെ. ആന്റണി മുന്നോട്ടുപോകാൻ തീരുമാനിച്ചതുകൊണ്ടാണല്ലോ ശ്രീ. എ. കെ. ആന്റണി മാറി ശ്രീ. ഉമ്മൻ ചാണ്ടി വന്നതിനുശേഷവും ഈ നേട്ടങ്ങളെല്ലാമുണ്ടായത്? എത്ര ആകോടി രൂപയുടെ വികസനമാണ്, എന്തുമാത്രം തൊഴിലില്ലായ്മയ്ക്ക് പരിഹാരം, ഏതെല്ലാം മേഖലയിലാണ് സർക്കാർ കടന്നു പ്രവർത്തിച്ചിട്ടുള്ളത്? ലക്ഷക്കണക്കിന് അല്ലുകളെ, പട്ടിണിപ്പാവങ്ങളെ സഹായിക്കുന്നതിനു വേണ്ടി, ധാരാളം ആരോഗ്യ സുരക്ഷാപദ്ധതി, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് മൂന്നുരൂപ വച്ച് 25 കിലോഗ്രാം അരി ഓരോ കുടുംബത്തിനും കൊടുക്കുന്ന പദ്ധതി, അങ്ങനെയുള്ള നിരവധി പദ്ധതികൾ. ഏതു മേഖലയിലാണ് ഈ ഗവൺമെന്റ് ശ്രദ്ധിക്കാത്തത്? എല്ലാ മേഖലയിലും ഈ ഗവൺമെന്റിന് ശ്രദ്ധയുണ്ട്. എല്ലാ മേഖലയിലും ആശ്വാസ നടപടികളുണ്ട്. എല്ലാ മേഖലയിലും വളരെയേറെ നിക്ഷേപങ്ങളുമുണ്ട്. ഇക്കാര്യങ്ങളുമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ സാമൂഹ്യനീതി, സമഗ്രവികസനം എന്ന മുദ്രാവാക്യവുമായി ഭരണത്തിൽ കയറാൻ നിങ്ങൾ ശ്രമിക്കുന്നു. എന്നുപറഞ്ഞാൽ ഞങ്ങൾ പഴയ കൊല്ലും കൊലയും കൊലപാതക രാഷ്ട്രീയവുമെല്ലാം ഉപേക്ഷിച്ചു എന്നുള്ള സൂചനയാണ് സാമൂഹ്യനീതി സമഗ്ര വികസനം. സമഗ്ര വികസനത്തിന് നിലപാട്

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചു കൊണ്ടിരിക്കുന്ന ശ്രീ. പിണറായി വിജയന്റെ ആ ജാഥ അവസാനിച്ച് അതിന്റെ ആവേശം കെട്ടടങ്ങുന്നതിനുമുമ്പ് ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റ് എറണാകുളത്ത് നടത്തിയപ്പോൾ അതിനോടുള്ള സമീപനമെന്തായിരുന്നു? മാർക്സിസ്റ്റ് പാർട്ടിയുടെ, ഡി.വൈ.എഫ്.ഐ.-യുടെ രണ്ടാം കക്ഷിയായ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും അവരുടെ യുവജന വിഭാഗങ്ങളുടേയും സമീപനമെന്താണ്? ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് പരാജയപ്പെടുത്താൻ ഇവിടേയ്ക്ക് മൂലധനം നിക്ഷേപിക്കുന്നതിന് ആരും വരാതിരിക്കാൻ നിങ്ങൾ സ്വീകരിച്ച നടപടികൾപോലെതന്നെ സമഗ്രവികസനമെന്നുള്ള ആശയവുമായി കേരളത്തിലുടനീളം പര്യടനം നടത്തി അവസാനിപ്പിച്ച് നിങ്ങൾക്ക് ഞങ്ങളെ വിശ്വസിക്കാം, ഞങ്ങൾ പഴയ കമ്മ്യൂണിസ്റ്റുകാരല്ല.....

ശ്രീ. മാജു എബ്രഹാം: സർ, ബഹുമാനപ്പെട്ട മെമ്പർ ആഗോള വിദ്യാഭ്യാസ സംഗമത്തിൽ ഡി.വൈ.എഫ്.ഐ.-ക്കാരും എസ്.എഫ്.ഐ.-ക്കാരും എടുത്ത നിലപാടുകളല്ലേ അങ്ങ് ചൂണ്ടിക്കാണിക്കുന്നത്? എസ്.എഫ്.ഐ.-യുടെ മുൻ സംസ്ഥാന പ്രസിഡന്റായിരുന്ന സഖാവ് പുത്തലത്ത് ദിനേശന്റെ ഭാര്യ സ്ഥിരമായി ഇന്നലെ നാഗാപുരം ആശുപത്രിയിൽ കയറി ഡിവൈഎഫ്ഐ.-ക്കാർ ആക്ഷേപിക്കുകയും പീഡിപ്പിക്കുകയും ഉപദ്രവിക്കുകയും ചെയ്തുവെന്ന് അവർ നേരിട്ട് പരാതിപ്പെട്ടിരിക്കുന്നത്, അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടില്ലേ?

ശ്രീ. വി. ജെ. പൗലോസ്: സർ, ഇതെല്ലാം നമ്മുടെ എല്ലാവരുടേയും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്; ഇതെല്ലാം ഈ പരിപാടി പൊളിക്കാനാണ്. ഈ സംസ്ഥാനത്തെ രക്ഷപ്പെടുത്താനല്ല അവരുടെ ഉദ്ദേശ്യം. സംസ്ഥാന ഭരണം കിട്ടിയാൽ ഞങ്ങൾ വളരെ നീതിപൂർവ്വം ഭരണത്തിന് നേതൃത്വം കൊടുക്കും; ഞങ്ങളുടെ ലക്ഷ്യം ശ്രീ. എ. കെ. ആന്റണിയും ശ്രീ. ഉമ്മൻ ചാണ്ടിയുമൊക്കെ നടത്തിയതുപോലെയുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും അതുപോലെ തന്നെ വിദേശ മൂലധന നിക്ഷേപത്തിനും വേണ്ടിയുള്ള സൗഹൃദ സമീപനങ്ങളുമെല്ലാം ഞങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന് പറയുന്നത് അധികാരത്തിൽ കയറാൻ, ജനങ്ങളുടെ വോട്ട് വാങ്ങാൻ വേണ്ടിയുള്ള അടവുമാത്രമാണ്. എന്നുപറഞ്ഞാൽ ശ്രീ. പിണറായി വിജയന്റെ ഈ ദൗത്യമെന്നു പറയുന്നത് ആട്ടിൻതോലിട്ട ചെന്നായ്ക്കുട്ടിയുടെ സമീപനം തന്നെയാണ്. ആ ആട്ടിൻതോൽ മാറ്റിയാൽ അവിടെ കാണുന്നത് ശ്രീ. പിണറായി വിജയനെയല്ല, ചെന്നായയുടെ തലയുള്ള ബാക്കി ഉടലൊക്കെ പിണറായി വിജയന്റെയാണ്, അതായിരിക്കും അവിടെ കാണുക. ആ ഒരു സമീപനമാണ് ഇന്നിവിടെ സ്വീകരിച്ചിട്ടുള്ളത്. ഇതൊക്കെ തിരിച്ചറിയാനുള്ള കഴിവ് കേരളത്തിലെ ജനങ്ങൾക്ക് 2006-ൽ ഉണ്ടെന്നാണ്, ഇല്ലെന്ന് ഞാൻ പറയുന്നില്ല, ഉണ്ടെന്നാണ്. അത് ജനങ്ങൾ തിരിച്ചറിയും. ജനങ്ങൾക്ക് ചിലപ്പോൾ ചില കാര്യങ്ങളിൽ മറവിയുണ്ടാകും. മറവി ചില കാര്യങ്ങളിൽ നല്ലതാണ്, പക്ഷേ മറവിയുടെ മറാല വലിച്ചുമാറ്റി ഇതൊക്കെ കാണാനുള്ള കഴിവ് കേരളത്തിലെ ജനങ്ങൾക്കുണ്ടെന്നുള്ളത് കാലം തെളിയിച്ചിട്ടുള്ളതാണ്. അത് 2006-ൽ തെളിയിക്കും. അത് മാർക്സിസ്റ്റ് പാർട്ടിയുടെ കണ്ണ് തുറപ്പിക്കും. അപ്പോൾ മുതലെങ്കിലും കേരളത്തിൽ അവർ നന്നാകാനുള്ള തുടക്കമുണ്ടാകും. അതുവരെ അവരുടെ ഭാഗത്തു നിന്നും ആരുമത് പ്രതീക്ഷിക്കേണ്ടതില്ല. ഞങ്ങളുടെ ബൈബിളിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

വെളിപാട് പുസ്തകമുണ്ട്, ആ വെളിപാട് പുസ്തകത്തിലെപ്പോലെ ശ്രീ. വെളിയം ഭാർഗ്ഗവൻ ഇടയ്ക്കിടയ്ക്ക് ദീർഘദൃഷ്ടിയായ ശ്രീ. വെളിയം ഭാർഗവൻ വെളിപാട് പ്രസംഗത്തിൽ വെളിവില്ലാതെ ശ്രീ. പിണറായി വിജയനുവേണ്ടി വെളിപ്പെടുത്തിയതെന്തെന്നാൽ എന്നുപറഞ്ഞിട്ട് ഞാൻ കുറച്ച് വായിച്ചില്ലേ ആ വെളിപാടൊക്കെ തന്നെയാണ്. ഇപ്പോൾ നടത്തുന്ന വെളിപാട് നമ്മുടെ സംസ്ഥാനത്തിന് ഗുണമുള്ളതല്ല, ഈ കേരളത്തെ കൂടുതൽ പിന്നാക്കം കൊണ്ടുപോകുന്നതിന് മാർക്സിസ്റ്റ് പാർട്ടിയേക്ട് മത്സരിക്കുന്ന ഒരു സമീപനമാണ് ഇപ്പോൾ വെളിവുള്ളതാകട്ടെ, വെളിവില്ലാത്തതാകട്ടെ ശ്രീ. ഭാർഗ്ഗവൻ ചെയ്തുകൊണ്ടിരിക്കുന്നു. മാർക്സിസ്റ്റു പാർട്ടി പറയും അത് വെളിവില്ലാത്തതാണെന്ന്. ശ്രീ. പിണറായിയെക്കുറിച്ച് ശ്രീ. വെളിയം ഭാർഗ്ഗവനും പറഞ്ഞത് അതുതന്നെയാണ്. വെളിവില്ലാത്തവരാണെന്ന് പറയുന്നു. ഏതായാലും മാർക്സിസ്റ്റ് പാർട്ടിയോട് മത്സരിച്ച് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ദയവായി ഈ സംസ്ഥാനത്തെ നാശത്തിലേയ്ക്ക് കൊണ്ടുപോകാൻ കൂട്ടുനിൽക്കരുതേയെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന നന്ദിപ്രമേയം അവതരിപ്പിച്ച ശ്രീ. കടവൂർ ശിവദാസനെ ഞാൻ പിന്താങ്ങുകയാണ്. ജനക്ഷേമകരമായ പ്രവർത്തനവും വികസനോൻമുഖമായ ദിശാബോധവും പ്രകടിപ്പിച്ചുകൊണ്ട് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് കഴിഞ്ഞ നാലേമുക്കാൽ കൊല്ലം ഈ സംസ്ഥാനത്ത് സർഭരണം കാഴ്ചവച്ചതു സംബന്ധിച്ച് വളരെ വിശദമായ ചർച്ചകൾ ഇവിടെ നടക്കുകയാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഗവൺമെന്റ് നടത്തിയ വിജയകരമായ പ്രവർത്തനങ്ങളെക്കുറിച്ച് ഞാൻ ദീർഘമായി സംസാരിക്കാൻ ആഗ്രഹിക്കുന്നില്ല. അതിവിടെ പലവട്ടം വെളിപ്പെടുത്തിയിട്ടുള്ളതാണ്. സാമൂഹ്യ നീതി ഉറപ്പാക്കുന്നതിനുള്ള നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയ ആ വിപ്ലവകരമായ തീരുമാനമുൾപ്പെടെയുള്ള കാര്യങ്ങൾ ഈ ഗവൺമെന്റിന്റെ കാര്യക്ഷമതയും ജനങ്ങളോടുള്ള പ്രതിബദ്ധതയും വെളിവാക്കുന്നവയാണ്. ദാരിദ്ര്യവും കഷ്ടപ്പാടും അനുഭവിക്കുന്ന ആളുകൾക്കും അവരുടെ ദുഃഖത്തിൽ പങ്കാളിയാകുന്നതിനും അവരുടെ കണ്ണീരൊപ്പുന്നതിനും വേണ്ടി നടത്തുന്ന നിരവധിയായിട്ടുള്ള പ്രവർത്തനങ്ങൾ നമ്മുടെ മുമ്പാകെയുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുള്ളത്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് മൂന്നു രൂപ നിരക്കിൽ 25 കിലോ അരി കൊടുക്കാനുള്ള തീരുമാനമെടുത്തത്, ക്ഷേമപെൻഷനുകൾ കൃത്യമായി എത്തിച്ചു കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചത്, പരമ്പരാഗത വ്യവസായ മേഖലകളായ കയർ, കശുവണ്ടി, കൈത്തറി ഇവയ്ക്കാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുത്തത്, വൈദ്യുതി ചാർജിൽ കുറവു വരുത്തിയത്, സുനാമി മേഖലയിൽ കഷ്ടപ്പെടുന്ന ആളുകൾക്ക് ആശ്വാസം എത്തിക്കുന്നതിനുവേണ്ടി യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചത്, ക്ഷീര കർഷകരുടെ ദീർഘകാലമായിട്ടുള്ള ക്ഷേമപദ്ധതി എന്ന ആവശ്യം അംഗീകരിച്ച് നൽകിയത്, മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലും നൂറുദിന പരിപാടിയിലുമായി പതിനായിരക്കണക്കിന് കെട്ടിക്കിടന്ന പരാതികൾക്ക് പരിഹാരം ഉണ്ടാക്കിയത്, ഒരു ചരിത്രസംഭവമായി മാറിയിട്ടുള്ള റവന്യൂ അദാലത്ത് സംഘടിപ്പിച്ച് പതിനായിരക്കണക്കിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾക്ക് ആശ്വാസം നൽകുന്ന നടപടികൾ സ്വീകരിച്ചത്. ആ അദാലത്തുകളിലൂടെ ഏതാണ്ട് രണ്ട് ലക്ഷത്തോളം പ്രശ്നങ്ങൾക്ക് തീർപ്പു കല്പിച്ചത്, പട്ടയം ലഭിക്കാത്ത പതിനായിരക്കണക്കിന് ആളുകൾക്ക് പട്ടയം നൽകിയതുമെല്ലാം പാവപ്പെട്ട ആളുകളുടെ കണ്ണീരൊപ്പാൻ വേണ്ടിയാണ്. ഇതെല്ലാം ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള വിപ്ലവകരമായ നടപടികളിൽ ചിലത് മാത്രമാണ്. അതുപോലെ ഈ നാടിനെ വികസനത്തിന്റെ പാതയിലേക്ക് കൊണ്ടുപോകാൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി ഇന്ന് ലോകത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മൂന്നാമത്തെ സ്ഥാനം ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ സംസ്ഥാനത്തിനുണ്ട്. അത് നേടിത്തന്നത് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റാണ്. അതുപോലെ വിപ്ലവകരമായ നേട്ടങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ നാം കൈവരിച്ചിട്ടുള്ളത്. എട്ട് മെഡിക്കൽ കോളേജുകൾ സ്ഥാപിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. 1957 മുതൽ 2005 വരെയുള്ള കാലഘട്ടത്തിൽ അഞ്ച് മെഡിക്കൽ കോളേജുകൾ മാത്രമാണ് നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നതെങ്കിൽ, കേവലം മൂന്നു വർഷം കൊണ്ടാണ് എട്ട് മെഡിക്കൽ കോളേജുകൾ സ്ഥാപിച്ചത് എന്നു പറയുമ്പോൾ വിദ്യാഭ്യാസ രംഗത്ത് ഈ ഗവൺമെന്റ് കൈവരിച്ച നേട്ടം എത്ര വലുതാണെന്ന് മനസ്സിലാക്കാൻ കഴിയും. 52 എൻജിനീയറിംഗ് കോളേജുകൾ സ്ഥാപിക്കുകയുണ്ടായി. 42 നഴ്സിംഗ് കോളേജുകൾ, പാരാമെഡിക്കൽ കോളേജുകൾ, എം.ബി.എ., ബി.എഡ്. കോളേജുകൾ തുടങ്ങിയവ സ്ഥാപിച്ചുകൊണ്ട് വിദ്യാഭ്യാസ മേഖലയിൽ കുതിച്ചുചാട്ടം നടത്തിയത് ഐക്യജനാധിപത്യമുന്നണിയുടെ കാലത്താണ്. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള വളർച്ച ഒട്ടും നിസ്സാരമല്ല. ബഹുമാന്യനായ ജോണിനെല്ലൂർ ഇവിടെ സംസാരിച്ചപ്പോൾ കാർഷിക വിളകൾക്ക് വില വർദ്ധനവുണ്ടായിട്ടുണ്ട്, പക്ഷേ അതൊന്നും ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സംഭാവനയല്ല എന്ന് പറയുകയുണ്ടായി. നമുക്കറിയാം കാർഷിക മേഖലയിൽ കാർഷികോല്പന്നങ്ങൾക്ക് വില തകർന്നാൽ അതിനുള്ള ആരോപണങ്ങൾ മുഴുവൻ സഹിക്കേണ്ടി വരിക സംസ്ഥാനം ഭരിക്കുന്ന ഗവൺമെന്റിനാണ് എന്ന്, പക്ഷേ റബ്ബറിനും നെല്ലിനും നാളികേരത്തിനും നല്ല വില ലഭിക്കുകയും കർഷകർ ആശ്വാസത്തിൽ എത്തുകയും ചെയ്തപ്പോൾ, അതിന്റെതായ നേട്ടങ്ങളുടെ ഒരുപങ്കും ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിനില്ല എന്നുള്ള ആക്ഷേപം എത്രയോ ബാലിശവും പെറുതുമാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. കാർഷിക മേഖല ഇന്ന് സംതൃപ്തമാണ്. പ്ലസ് ടു മേഖലയിലെ കുതിച്ചുചാട്ടം നമ്മുടെ സംസ്ഥാനത്തെ എത്രയോ വലിയ നിലയിൽ എത്തിച്ചിരിക്കുകയാണ്. വ്യാവസായിക മേഖലയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ്, നിക്ഷേപങ്ങൾ കൊണ്ടുവരാൻ വിദേശ രാജ്യങ്ങളിലുള്ള ആളുകൾക്ക് കഴിയുന്ന സാഹചര്യം ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞു. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, എൽ.എൻ.ജി. ടെർമൽ പദ്ധതികൾ തുടങ്ങിയവയൊക്കെ നമ്മുടെ വികസനത്തിന്റേതായ വെള്ളിവെളിച്ചം തരുന്ന കാര്യങ്ങളാണ്. കരിപ്പൂർ വിമാനത്താവളത്തിന് അന്താരാഷ്ട്ര പദവി നൽകിയത് ഏറ്റവും ശ്രദ്ധേയമായ കാര്യമാണ്. ഏറ്റവും മികച്ച പഞ്ചായത്തീ രാജ് സംവിധാനം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളമെന്ന സൽപ്പേര് നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞു. ഇങ്ങനെ നിരവധി മേഖലകളിൽ വലിയ മുന്നേറ്റം നടത്തിക്കൊണ്ടുപോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ്. തീർച്ചയായും കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റിന്റെ മുന്നോട്ടുള്ള പോക്ക് ജനങ്ങൾ ആഗ്രഹിക്കുന്നു. അതിന് തടയിടാനുള്ള ശ്രമങ്ങൾ ഏത് ഭാഗത്തുനിന്നുണ്ടായാലും അത് നേരിടാൻ മറ്റാരെക്കാളും ജനങ്ങൾ കക്ഷിരാഷ്ട്രീയത്തിനതീതമായി മുന്നോട്ടുവരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇങ്ങനെ ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് മുന്നോട്ടു പോകുന്ന ഗവൺമെന്റിന്റെ നടപടികളെയും ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാര്യങ്ങളെയും സംബന്ധിച്ച്, ഗവർണർ ഈ സഭയിൽ നടത്തിയ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദിപ്രമേയവുമായി ബന്ധപ്പെട്ട്, ഇടതുപക്ഷ സുഹൃത്തുക്കൾ സംസാരിച്ചപ്പോൾ, ആ സംസാരത്തിൽ നിന്നും അവർ പലതും അംഗീകരിക്കുന്നുണ്ട് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അങ്ങനെ നല്ല നിലയിൽ കാര്യങ്ങൾ അവർ സംസാരിക്കട്ടെ. ആരോഗ്യകരമായ സംസാരങ്ങൾ അവർക്കും സഭയ്ക്കും നല്ലതാണ്. പക്ഷേ അതിന്റെയൊക്കെ അതിർവരമ്പുകൾ ലംഘിച്ചുകൊണ്ട്, ചില മെമ്പർമാർ ആവശ്യമില്ലാത്ത ആരോപണങ്ങളുമായി രംഗത്ത് വരികയാണ്. ബഹുമാന്യനായ പി. സി. ജോർജ്, അദ്ദേഹത്തിനെ ഒരു നിയമസഭാ സാമാജികനെന്നുള്ള നിലയിൽ ഞാൻ ബഹുമാനിക്കുകയാണ്. പക്ഷേ അദ്ദേഹം ഒവണ്ടിടത്തും വേണ്ടാത്തിടത്തുമൊക്കെ ആവശ്യമില്ലാത്ത ആരോപണങ്ങളുമായി വരികയാണ്. നമ്മുടെ നിയമസഭയുടെ തനതായിട്ടുള്ള മഹത്വത്തെ കളങ്കപ്പെടുത്തുന്ന രീതിയിലുള്ള എന്തു പറഞ്ഞാലും അവസാനം ശ്രീ. കെ. എം. മാണിയെക്കുറിച്ച് എന്തെങ്കിലും പറഞ്ഞില്ലെങ്കിൽ തൃപ്തിവരാത്ത നിലയിലാണ് അദ്ദേഹം പ്രസംഗിക്കുന്നത്. എപ്പോഴും അനാവശ്യമായ ആരോപണങ്ങളാണ് ഉന്നയിക്കുന്നതെന്ന് നമുക്കറിയാം. അര നൂറ്റാണ്ടിലേറെയായി, കേരള സംസ്ഥാനത്ത് നിറഞ്ഞുനിൽക്കുന്ന, ഈ സംസ്ഥാനത്തിന് പ്രാഗത്ഭ്യമായ ഭരണം നൽകാൻ കഴിയുന്ന, ഇന്ന് ഏവരാലും അംഗീകരിക്കപ്പെടാൻ കഴിഞ്ഞിട്ടുള്ള, സംശുദ്ധ രാഷ്ട്രീയത്തിന്റെ പ്രതീകമായിട്ടുള്ള, ശ്രീ. കെ. എം. മാണിയെക്കുറിച്ച് ആരോപണങ്ങൾ ഉന്നയിച്ചിരിക്കുകയാണ്. ഈ ആരോപണങ്ങളെ സംബന്ധിച്ച് ബഹുമാന്യനായ കെ. എം. മാണി മറുപടി പറഞ്ഞു. വളരെ വ്യക്തമായി കാര്യങ്ങൾ എല്ലാവർക്കും മനസ്സിലായി. ഏറ്റവും കള്ളനും കൊള്ളക്കാരനുമായിട്ടുള്ള, തന്റെ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ ചെവിക്കു പിടിച്ച് പുറത്താക്കി. അയാൾ എഴുതിക്കൊടുത്ത ചില കാര്യങ്ങളുമായിട്ടാണ് ശ്രീ. പി. സി. ജോർജ് ഇവിടെ വന്നിട്ടുള്ളത്. സംശുദ്ധമായ രാഷ്ട്രീയ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്ന ഒരാൾക്കെതിരെ മാലിന്യങ്ങൾ വിതറുമ്പോൾ അവരുടെ കൈകൾ ശുദ്ധമാകണ്ടേ? ബഹുമാന്യനായ പി. സി. ജോർജിനെക്കുറിച്ച് പറയാൻ എനിക്ക് കുറച്ച് വിഷമമുണ്ട്. ശ്രീ. പി. സി. ജോർജിന്റെ സ്ഥിതി പരിശോധിച്ചാൽ മ്ലേച്ചവും ദുഃഖകരവുമാണ്. ഒരു നിയമസഭാ സാമാജികൻ എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ ഇരിപ്പിടത്തിൽ അദ്ദേഹം ഇരിക്കുന്നത് കാണുമ്പോൾ, അദ്ദേഹത്തിന്റെ ക്ളാരിറ്റി, ഒരു ആരോപണം ഉന്നയിക്കുമ്പോൾ അതിന് ഒരു ക്ളാരിറ്റി ഉണ്ടാകണ്ടേ? വ്യക്തിപരമായി അദ്ദേഹത്തിന് ക്ളാരിറ്റി ഉണ്ടാകണ്ടേ? തൊടുപുഴ മജിസ്ട്രേട്ട് കോടതി, മൂന്ന് മാസത്തെ കഠിനതടവിന് ശിക്ഷിക്കപ്പെട്ടയാളാണ് ശ്രീ. പി. സി. ജോർജ്. 2002-03-ലെ കേസിലാണ് അദ്ദേഹത്തിന് കോടതി ശിക്ഷ വിധിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

12-4-2005-ൽ ആന്റി പ്രിവെൻഷൻ അദ്ദേഹം നടത്തുകയുണ്ടായി. അതുസംബന്ധിച്ച് അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ പ്രോസിക്യൂട്ട് ചെയ്യണമെന്ന് അഴിമതി നിരോധന കമ്മിഷൻ വിധിയെഴുതുകയുണ്ടായി. ലോകായുക്തയെക്കുറിച്ചൊക്കെ വളരെയധികം സംസാരിക്കുന്നുണ്ടല്ലോ. കോടതി വിധി മാനിക്കുന്നതിനെക്കുറിച്ച് സംസാരിക്കുന്നുണ്ടല്ലോ? അദ്ദേഹത്തെ പ്രോസിക്യൂട്ട് ചെയ്യേണ്ടത് ആരാണ്? ഐക്യജനാധിപത്യമുന്നണി ഗവൺമെന്റാണ്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഉദാര സമീപനം സ്വീകരിച്ചതിന്റെയും കാരുണ്യം നൽകിയതിന്റെയും പേരിലാണ് ശ്രീ. പി. സി. ജോർജ് ഇന്ന് ഈ സഭയിൽ ഇരിക്കുന്നത് എന്ന് മനസ്സിലാക്കാൻ തയ്യാറാകണം. ആഡിയോ വിഷ്വൽ നിരപ്രാഗ്രാഫിക് സെന്ററിനെ സ്വാധീനിച്ച് അദ്ദേഹത്തിന്റെ പാർട്ടിയുടെ ഭരണകാലത്ത്, കാശ് കൊടുക്കാതെ, അദ്ദേഹത്തിന്റെ ഫോട്ടോവച്ച് പോസ്റ്റർ അടിച്ചിറക്കിയതിന്റെ തെളിവുകളാണ് എന്റെ കയ്യിൽ ഇരിക്കുന്നത്. (പോസ്റ്റർ ഉയർത്തിക്കാട്ടി) വ്യാജ രജിസ്ട്രേഷൻ എടുത്ത് പിടി നടത്തിയതിന്റെ പേരിൽ ആരോപണമുണ്ട്. അങ്ങനെ പറഞ്ഞാൽ തീരാത്ത കാര്യങ്ങളാണുള്ളത്. പക്ഷേ അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. പക്ഷേ ഒരു കാര്യം മനസ്സിലാക്കണം, ഇങ്ങനെയുള്ള നിയമസഭാ സാമാജികന്മാർ ഈ സഭയിൽ വന്നിരിക്കുക എന്നു പറയുന്നതുതന്നെ നിയമസഭാ രംഗത്ത് പ്രവർത്തിക്കുന്ന ഏത് ആൾക്കും കളങ്കം ഉണ്ടാക്കുമെന്ന തോന്നൽ ഞങ്ങൾക്ക് ഇല്ലാഞ്ഞിട്ടല്ല. പക്ഷേ ഒരു സഹോദരതുല്യമായ സ്നേഹം ഉള്ളതുകൊണ്ടുമാത്രമാണ് അദ്ദേഹം ആ സ്ഥാനത്തിരിക്കുന്നത്. അങ്ങനെയുള്ള ആളുകൾ അവരുടെ പരിമിതികൾ മനസ്സിലാക്കണം. ഇന്ന് അദ്ദേഹത്തിന്റെ സ്ഥിതിയെന്താണ്? അദ്ദേഹം എൽ.ഡി.എഫ്.-ന്റെ ആളാണ്. അദ്ദേഹം എൽ.ഡി.എഫ്.-നുവേണ്ടി വാതോരാതെ സംസാരിക്കുകയാണ്. എൽ.ഡി.എഫ്.-ന്റെ യോഗംചേരുന്ന സ്ഥലത്ത് അദ്ദേഹത്തെ പുറത്ത് കസേരയിൽ പിടിച്ചിരുത്തിയിരിക്കുകയാണ്. പുറത്ത് നിന്നാളാൻ പറയുകയാണ്. അദ്ദേഹത്തിന് സീറ്റില്ല. അദ്ദേഹത്തിന് അവിടെ ഇരിക്കാൻ അർഹതയില്ല. എന്നിട്ടും അദ്ദേഹം കൂലിക്ക് അവർക്കുവേണ്ടി വാദിക്കുകയാണ്. എത്ര പരിതാപകരമായ ഒരു അവസ്ഥയാണ്. എത്ര ദുഃഖകരമായ ഒരു അവസ്ഥയാണ്. ഇതൊന്നും കേരള രാഷ്ട്രീയത്തിന് ഭൂഷണമല്ല. ഈ രീതിയിലുള്ള ആരോപണങ്ങളുമായിട്ടല്ല ഒരു നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കേണ്ടത്. നല്ലനിലയിൽ, വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന, ഈ ഗവൺമെന്റിനെതിരായിട്ടുള്ള ആരോപണങ്ങളോ ഗവൺമെന്റിന്റെ വികസനപ്രവർത്തനങ്ങളെ അട്ടിമറിക്കുന്ന നടപടികളോ ഇവിടെ അംഗീകരിക്കാൻ പോകുന്നില്ല. എ.ഡി.ബി. വായ്പയുടെ പേരിൽ നടത്തുന്ന ഇരട്ടത്താപ്പ് നയം, എത്ര മോശമായ ഒരു അവസ്ഥയാണ്. കേരളം എഡി.ബി.-യിൽനിന്നും പണം വാങ്ങുന്നതിനെ സംബന്ധിച്ച് ഇവിടെ ചർച്ച നടന്ന സന്ദർഭത്തിൽ, ഇടതുപക്ഷ ജനപ്രതിനിധികൾ കൂട്ടത്തോടെ നിയമസഭാ കവാടത്തിൽനിന്നും പ്രകടനമായി പോയി സെക്രട്ടേറിയറ്റ് പടിക്കൽ സമരം നടത്തുകയുണ്ടായി. ആ സമരം ഉദ്ഘാടനം ചെയ്തത് ആരായിരുന്നു? ശ്രീ. വി. എസ്. അച്ചുതാനന്ദൻ. സമരം ഉദ്ഘാടനം ചെയ്തു കൊണ്ട് അദ്ദേഹം പറഞ്ഞതെന്താണ്? അദ്ദേഹം പറഞ്ഞത്, "കേരളത്തെ എ.ഡി.ബി.-ക്ക് പണയപ്പെടുത്തുന്നതിൽ പ്രതിഷേധിച്ചാണ്" അദ്ദേഹം സെക്രട്ടേറിയറ്റിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

പോയത് എന്നാണ്. എം.എൽ.എ.-മാർ അവിടെ രാവിലെ 10 മണി മുതൽ വൈകിട്ട് അഞ്ച് മണി വരെ സമരം നടത്തി. എൽ.ഡി.എഫ്. കൺവീനർ ശ്രീ. പാലൊളി മുഹമ്മദ് കുട്ടി അധ്യക്ഷത വഹിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രാവിലെ എം.എൽ.എ. കാർട്ടേഴ്സിന് മുന്നിൽനിന്നും പ്രകടനമായിട്ടാണ് സെക്രട്ടേറിയറ്റ് പടിക്കൽ എത്തിയത്. "എ.ഡി.ബി.-യിലെ വ്യവസ്ഥകൾ നാടിന് ആപത്താണ്. പൊതുമുതൽ വിറ്റുതുലയ്ക്കാതിരിക്കുക. എ.ഡി.ബി.-യിലെ വ്യവസ്ഥകൾ ജനദ്രോഹകരം എന്നീ മുദ്രാവാക്യങ്ങൾ മുഴക്കിയാണ് സമരം നടത്തിയത്. ഇപ്പോൾ സ്ഥിതി എന്താണ്? ഇപ്പോൾ കോർപ്പറേഷൻ മുഴുവൻ എ.ഡി.ബി. വായ്പ വാങ്ങുകയാണ്. അതിന് എതിര് പറയുന്ന സി.പി.ഐ.-ക്കെതിരായി ആരോപണമുന്നയിക്കുന്നു. സി.പി.ഐ. എന്നുപറയുന്ന രാഷ്ട്രീയ സംഘടന ഇവിടെ നട്ടെല്ലോടുകൂടി നിൽക്കുന്നുണ്ടോ എന്ന് സംശയമാണ്. എത്രയോ ആക്ഷേപം സഹിച്ചുകൊണ്ട് അവർ നിൽക്കുന്നു. ഒരു മടിയുമില്ല. സഹകരിച്ചുകൊണ്ട് മുന്നോട്ടു പോകുകയാണ്. അതുകൊണ്ട് നിങ്ങൾ ഈ ഇരട്ടത്താപ്പുനയം അവസാനിപ്പിക്കണം. കേരളത്തിലെ വികസനത്തെ തകർക്കുന്ന ഒരു നയം കുറെ നാളുകളായി ഇവിടെ നടന്നുവരികയാണ്. കാർഷിക മേഖലയിൽ ഇരുപത്തിയഞ്ച്-മുപ്പത് വർഷങ്ങൾക്ക് മുൻപ് യന്ത്രവൽക്കരണം വന്നപ്പോൾ അതിനെ എതിർത്തു. അങ്ങനെ കാർഷിക മേഖലയിൽ തകർച്ചയുണ്ടായി. അതുപോലെ കംപ്യൂട്ടർ വന്നപ്പോൾ അതിനെ എതിർത്തു. എല്ലാ വികസനത്തെയും എതിർക്കുക, എല്ലാ കാര്യങ്ങൾക്കും എതിർ നിൽക്കുക അവസാനം നയംമാറ്റുക. ഇത് കേരളത്തിന് നോക്കിനിൽക്കാൻ കഴിയുമോ? കേരളത്തിന് മുൻപോട്ട് പോകണ്ടേ? കേരളത്തിലെ വികസനത്തെ എത്രയോ മേഖലയിൽ എതിർക്കേണ്ടതായിട്ടുണ്ട്. അതിനെയൊക്കെ തകർക്കുന്ന നയവുമായി പോകുന്ന സി.പി.എം.-ന് ഈ സംസ്ഥാനത്തെ എങ്ങനെയാണ് രക്ഷിക്കാൻ കഴിയുക? അടുത്ത ഭരണം കിട്ടിയെന്നുള്ള ഒരു തോന്നലാണ് എൽ.ഡി.എഫ്.-നുള്ളത്, സി.പി.എം.-നുള്ളത് അത് മിഥ്യാധാരണയാണ്. അതിന് യാതൊരു സംശയവും വേണ്ട. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ഇവിടെ ഒരു കാര്യം പറയുകയുണ്ടായി ഞങ്ങൾ ഇടക്കാല തെരഞ്ഞെടുപ്പിൽ വിജയിച്ചു. പാർലമെന്റ് ബൈ ഇലക്ഷനിൽ വിജയിച്ചു. ത്രിതല പഞ്ചായത്ത് ഇലക്ഷനിൽ വിജയിച്ചു. ജനങ്ങൾ മുഴുവൻ ഞങ്ങൾക്കനുകൂലമായി മാറിയിരിക്കുന്നുവെന്ന്. കേരളത്തിൽ ജില്ലാ കൗൺസിലിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ 14 ജില്ലാ പഞ്ചായത്തുകളിൽ 13 പഞ്ചായത്തുകളിലും എൽ.ഡി.എഫ്. വിജയിച്ചു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. മുരളി)

മി. ചെയർമാൻ : അങ്ങ് പ്രസംഗം അവസാനിപ്പിക്കണം. സമയം കഴിഞ്ഞു.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഓരോ നിയോജക മണ്ഡലത്തിന്റെയും സ്ഥിതി പരിശോധിച്ചാൽ 97 നിയോജകമണ്ഡലങ്ങളിൽ എൽ.ഡി.എഫ്. ഭൂരിപക്ഷം നേടുകയുണ്ടായി. കേവലം 43 മണ്ഡലങ്ങളിൽ മാത്രമാണ് യു.ഡി.എഫ്.-ന് വിജയിക്കാൻ കഴിഞ്ഞത്. എന്നാൽ അതിന്റെ അടിസ്ഥാനത്തിൽ അഹങ്കാരം പൂണ്ട് അവർ നിയമസഭ പിരിച്ചുവിടുകയുണ്ടായി. 1991-ൽ നടന്ന തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. 91 സീറ്റിൽ വൻപിച്ച ഭൂരിപക്ഷത്തോടെ വരികയുണ്ടായി. അന്ന് കേവലം 50 സീറ്റുകളിൽ എൽ.ഡി.എഫ്.-ന് ഒതുങ്ങേണ്ടി വന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: അങ്ങ് ഈ ഒരു പോയിന്റുകൂടി പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, അങ്ങനെയുള്ള ചരിത്രം ഇവിടെയുണ്ട്. ഇവിടത്തെ ജനങ്ങൾ എല്ലാം കണ്ടുകൊണ്ടിരിക്കുന്നവരും മനസ്സിലാക്കി കൊണ്ടിരിക്കുന്ന ആളുകളുമാണ്. അതുകൊണ്ട് കേരളത്തിലെ ജനങ്ങളെ രക്ഷിക്കാൻ കേരളത്തെ വികസന പാതയിലേക്ക് കൊണ്ടുപോകാൻ ഐക്യജനാധിപത്യ മുന്നണിക്ക് മാത്രമേ കഴിയൂ. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച പ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ് : സർ.....സർ.....എനിക്ക്.....

മി. ചെയർമാൻ : ശ്രീ. തോമസ് ഉണ്ണിയാടൻ നടത്തിയ പ്രസംഗത്തിൽ അങ്ങയെക്കുറിച്ച് ഒരു ആരോപണവും നടത്തിയില്ല. അദ്ദേഹം കോടതി ശിക്ഷിച്ചെന്നല്ല പറഞ്ഞത്.....

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ ഒരു പത്രസമ്മേളനത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ബന്ധുക്കൾ മൂന്ന് കയ്യേറ്റം നടത്തിയെന്ന് പറഞ്ഞതിന്റെ പേരിൽ ശ്രീ. കെ. എം. മാണിയുടെ ബന്ധുവായ മിസ്റ്റർ മാത്യു ഒരു മാനനഷ്ടകേസ് കൊടുത്തു. രാജൻ മധുക്കർ റിപ്പോർട്ടിൽ പേര് പരാമർശിക്കപ്പെടുന്ന ഒരു വ്യക്തിയാണ്. ഇത് കയ്യേറ്റമാണ്. ഭൂമി കയ്യേറിയെന്ന് പറഞ്ഞതിന്റെ പേരിൽ മാനനഷ്ടകേസ് കൊടുത്തപ്പോൾ തൊടുപുഴ കോടതി എന്നെ മൂന്നുമാസം തടവിന് ശിക്ഷിച്ചു; ശരിയാണ്. ഞാൻ അപ്പീൽ കൊടുത്തിരിക്കുകയാണ്. രാജൻ മധുക്കർ റിപ്പോർട്ടിൽ ശ്രീ. മാത്യു ഭൂമി കയ്യേറിയതായിട്ടുണ്ട്. എന്നെ മൂന്ന് മാസമല്ല മുപ്പത് മാസമല്ല മൂന്ന് കൊല്ലം ശിക്ഷിച്ചാലും ശ്രീ. കെ. എം. മാണിയുടെ ബന്ധുക്കൾ ഭൂമി കയ്യേറുന്നത് ഞാൻ തടഞ്ഞുകൊണ്ടേയിരിക്കും. അതിന് യാതൊരു സംശയവുമില്ല.

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സർക്കാർ നടപ്പാക്കിയ നയപരിപാടികളും കൈവരിച്ച നേട്ടങ്ങളും പ്രതിപാദിക്കുന്നുണ്ട്. ജനങ്ങളോടൊപ്പംനിന്ന ഒരു കർമ്മപരിപാടിയാണ് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പ്രഖ്യാപിച്ചത്. നൂറ് ദിനപരിപാടി, ഒരു വർഷത്തെ കർമ്മപരിപാടി, പൊതുജനസമ്പർക്ക പരിപാടി, സുതാര്യ കേരളം എന്നീ പദ്ധതികൾ വിജയം കണ്ടു. ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന നിരവധി പദ്ധതികൾ പൂർത്തിയാക്കി നിരവധി വെല്ലുവിളികളുണ്ടായിട്ടും ഈ സംസ്ഥാനത്തെ വളർച്ചയുടെ പാതയിലൂടെ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചു. ജനങ്ങളുടെ ജീവിത നിലവാരം ഉയർന്നിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ കൈവരിച്ച വളർച്ചയും ഭൗതിക നേട്ടങ്ങളും എടുത്തുപറയേണ്ടതാണ്. ഇത്തവണത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ കാർഷിക മേഖലയ്ക്കാണ് ഊന്നൽ

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിരിക്കുന്നത്. സർക്കാരിന് സാമ്പത്തിക ഞെരുക്കമുണ്ടായിട്ടും ദുർബല വിഭാഗങ്ങൾക്ക് ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയത് അവരോടുള്ള സർക്കാരിന്റെ പ്രതിബദ്ധതയ്ക്ക് തെളിവാണ്. ക്ഷേമ പെൻഷനുകൾ മുടക്കം കൂടാതെ യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ പേരിൽ രാഷ്ട്രീയ മുതലെടുപ്പ് നടത്താനും സമുദായങ്ങൾ തമ്മിൽ സ്പർദ്ധയുണ്ടാക്കാനുമുള്ള ശ്രമങ്ങളെ ചെറുത്തു തോൽപ്പിച്ചുകൊണ്ട് സാമൂഹ്യനീതി ഉറപ്പാക്കാൻ ഐക്യജനാധിപത്യമുന്നണി സർക്കാർ സമന്വയത്തിലൂടെയുള്ള സമീപനമാണ് സ്വീകരിച്ചത്. സംവരണത്തിനർഹതയുള്ള സമുദായങ്ങൾക്ക് സർക്കാർ സേവന മേഖലയിൽ 40 ശതമാനം തസ്തികകൾ നീക്കിവയ്ക്കുന്നതിന് ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ തീരുമാനിച്ചു. ചരിത്രപരമായ ഈ തീരുമാനം വഴി ഭാവിയിൽ ഒരു പിന്നോക്ക സമുദായത്തിനും ലഭിക്കേണ്ട അവസരങ്ങൾ നിഷേധിക്കപ്പെടില്ലെന്ന് ഉറപ്പുവരുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ ഡയറക്ട് റിക്രൂട്ട്മെന്റ് നടത്താനും തീരുമാനമെടുത്തു. ആഗോള നിക്ഷേപ സമ്മേളനത്തെത്തുടർന്ന് സംസ്ഥാനത്ത് നിക്ഷേപ അന്തരീക്ഷമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനകം 22,000 കോടി രൂപയുടെ നിക്ഷേപങ്ങളുടെ നിർദ്ദേശങ്ങൾ ലഭിക്കുകയുണ്ടായി. ഇൻഫോപാർക്ക്, വല്ലാർപാടം കണ്ടെയ്നർ, പ്രകൃതി വാതക പൈപ്പ് ലൈൻ, എൽ.എൻ.ജി. ടെർമിനൽ, പെട്രോകെമിക്കൽ കോംപ്ലെക്സ്, സ്മാർട്ട് സിറ്റി, ടെക്നോസിറ്റി എന്നിവയ്ക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു. ഇതുവഴി പതിനായിരക്കണക്കിനാളുകൾക്ക് തൊഴിൽ ലഭിക്കും. വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി ഇതുമായി ബന്ധപ്പെട്ടും അല്ലാതെയും മൂന്ന് ലക്ഷത്തിലേറെ തൊഴിലവസരങ്ങൾ ഉണ്ടാകുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. കേരളത്തിന്റെ സമഗ്ര വികസനത്തിന് പുതിയ ദിശാബോധം നൽകുന്ന രാഷ്ട്രപതിയുടെ ദർശനരേഖയുടെ അടിസ്ഥാനത്തിൽ അഞ്ചു വർഷംകൊണ്ട് 13,495 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുമെന്നാണ് ഗവർണറുടെ പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുള്ളത്. കാർഷിക മേഖലയുടെ ദുരവസ്ഥ ഉൾക്കൊണ്ടുകൊണ്ടുള്ള പ്രഖ്യാപനങ്ങളാണ് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. കർഷകർക്ക് സഹകരണ മേഖലയിൽനിന്നുള്ള വായ്പ ഇരട്ടിയാക്കാനും കാർഷിക കടങ്ങളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ജൂൺ വരെ നീട്ടാൻ തീരുമാനിച്ചതും കൃഷിക്കാർക്ക് ആശ്വാസം നൽകുന്നുണ്ട്. കൃഷിഭവൻ വഴി കാർഷിക സേവന കേന്ദ്രങ്ങൾ തുടങ്ങി കൃഷിക്കാരന് ഏകജാലക സംവിധാനം ലഭ്യമാക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. സ്കൂളുകളിൽ ഐ.ടി പാഠ്യവിഷയമാക്കി 2005-ൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സംവിധാനമേർപ്പെടുത്തിക്കൊണ്ട് വിപ്ലവകരമായ മാറ്റം വിദ്യാഭ്യാസ രംഗത്തുണ്ടാക്കി. 2006-ൽ ഹയർ സെക്കണ്ടറി പരീക്ഷയ്ക്കും ഗ്രേഡിംഗ് നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള എഡ്യൂസാറ്റ് പദ്ധതിയും സ്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള പ്രത്യേക ചാനലും സവിശേഷതകളർഹിക്കുന്ന തീരുമാനങ്ങളാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തുമുണ്ടാക്കിയ നേട്ടങ്ങൾ നിരവധിയാണ്. രാജ്യത്തെ ഏറ്റവും നല്ല പഞ്ചായത്തീ രാജ് സംവിധാനമുള്ള സംസ്ഥാനമായി

LIBRARY ARCHIVES Kerala Legislative Assembly

കേരളം തെരഞ്ഞെടുക്കപ്പെട്ടതും അഭിമാനിക്കാൻ വകയുള്ള കാര്യമാണ്. സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്താനുള്ള വിജയകരമായ ശ്രമങ്ങളുടെ അംഗീകാരംകൂടിയാണിത്. അഗതികൾക്കും അധഃസ്ഥിതർക്കും അടിച്ചമർത്തപ്പെട്ടവർക്കും കഴിയുന്നതെല്ലാം ചെയ്തു. ദുർബല വിഭാഗങ്ങളെ ശാക്തീകരിക്കാൻ കുടുംബശ്രീ, പ്രത്യാശ, ആശ്രയ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കി. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 25 ലക്ഷം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഇൻഷ്വറൻസ് പദ്ധതിക്കും തുടക്കംകുറിക്കാൻ കഴിഞ്ഞു. എ.ഡി.ബി. വായ്പ സ്വീകരിക്കുന്നതിനെതിരെ കഴിഞ്ഞവർഷം പ്രക്ഷോഭണങ്ങൾക്ക് നേതൃത്വം കൊടുത്ത സി.പി.എം. ഇപ്പോൾ അവർ ഭരിക്കുന്ന തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, എറണാകുളം കോർപ്പറേഷനുകളിൽ എ.ഡി.ബി.-യുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുകയാണ്. ലോകബാങ്കിന്റെ സഹായത്തോടെയുള്ള കേരള സംസ്ഥാന ട്രാൻസ്പോർട്ട് പ്രോജക്ട് വഴി സംസ്ഥാനത്തെ 1600 കിലോമീറ്റർ റോഡുകളേയും ഉൾനാടൻ ജലപാതകളേയും ശക്തിപ്പെടുത്തുന്നതിനും പരിപാലിക്കുന്നതിനും 1612.8 കോടി രൂപയുടെ പദ്ധതി ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. പാലങ്ങളുടേയും മേൽപ്പാലങ്ങളുടേയും റോഡുകളുടേയും കാര്യത്തിൽ സർവ്വകാല റിക്കാർഡ് സ്ഥാപിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. വൈദ്യുതി രംഗത്ത് വലിയ മുന്നേറ്റം നടത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഉൽപ്പാദന പ്രസരണ വിതരണ രംഗങ്ങളിൽ ഒരുപോലെ നേട്ടങ്ങളുണ്ടായി. 2002-നുശേഷം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചില്ലെന്ന് മാത്രമല്ല സംസ്ഥാനത്ത് ആദ്യമായി 2006 ജനുവരി മുതൽ വൈദ്യുതി ചാർജ്ജ് കുറയ്ക്കാനും തീരുമാനിച്ചു. രണ്ട് വർഷംകൊണ്ട് മുഴുവൻ വീടുകളിലും വൈദ്യുതി നൽകാനുള്ള ഏറ്റവും സമഗ്രമായ തീരുമാനവും ഗവർണർ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രവാസികൾക്ക് വോട്ടവകാശം നൽകാൻ കഠിനാദ്ധ്വാനം ചെയ്ത ഒരു ഗവൺമെന്റാണിത്. വിദേശങ്ങളിലുള്ള തൊഴിൽ സാദ്ധ്യതകളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കാനും പരിശീലനം നൽകാനും ഫിനിഷിംഗ് സ്കൂളുകൾവഴി സമഗ്രമായ തൊഴിൽ മാപ്പിംഗ് എന്ന പദ്ധതി നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്. 3-1-2006-മുതൽ 20-1-2006 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ സംസ്ഥാനത്ത് 1566 വില്ലേജാഫീസുകൾ കേന്ദ്രീകരിച്ച് നടത്തിയ റവന്യൂ അദാലത്ത് വഴി രണ്ടുലക്ഷത്തി പതിനൊന്നായിരത്തി എൺപത്തിയേഴ് ഹർജികളിൽ തീർപ്പ് കൽപ്പിക്കാൻ കഴിഞ്ഞത് സർക്കാരിന്റെ നേട്ടംതന്നെയാണ്. കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ 400 ബസ്സുകൾ വാങ്ങാനുള്ള തീരുമാനമുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രയോജനത്തിന് മാത്രമായി ഒരു നഴ്സിംഗ് കോളേജ് നടത്താനുള്ള തീരുമാനമുണ്ട്. സംസ്ഥാനത്തെ കായിക താരങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനുംവേണ്ടി ദേശീയ സ്പോർട്സ് നിധിയുടെ മാതൃകയിൽ സംസ്ഥാന സ്പോർട്സ് ക്ഷേമനിധി രൂപീകരിക്കാനുള്ള തീരുമാനവും ആ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് വളരെയധികം സന്തോഷം ഉണ്ടാക്കുന്ന കാര്യമാണ്. അതോടൊപ്പം പുതിയ പരിസ്ഥിതി വകുപ്പ് തുടങ്ങാനുള്ള തീരുമാനവും ഗവർണറുടെ പ്രസംഗത്തിലുണ്ട്. കാലാവധി പൂർത്തിയാക്കാൻ മൂന്നു മാസം മാത്രം ശേഷിച്ചിരിക്കെ ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗം ധീരവും സുതാര്യവും സത്യസന്ധവും തികച്ചും വേറിട്ടതുമായ അജണ്ടകളുമായി വികസനത്തിന്റെയും വളർച്ചയുടേയും പടവുകൾ ഒന്നൊന്നായി താണ്ടി മുന്നോട്ടു പോകുന്ന സർക്കാരിന്റെ ചിത്രമാണ് വരച്ചുകാട്ടുന്നത്. ഈ സർക്കാരിനുവേണ്ടി ഗവർണർ നടത്തിയ പ്രസംഗത്തേയും അതോടൊപ്പം ശ്രീ.കടവൂർ ശിവദാസൻ അവതരിപ്പിച്ച പ്രമേയത്തേയും ഞാൻ ശക്തമായി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : സർ, ശ്രീ. കടവൂർ ശിവദാസൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. വികസനവും സാമൂഹ്യക്ഷേമവുമാണ് ഈ സർക്കാരിന്റെ മുഖമുദ്രകൾ. ബഹുമാന്യനായ ഗവർണർ യു.ഡി.എഫ്. സർക്കാരിന്റെ അവസാന വർഷത്തിൽ നടത്തിയ നയപ്രഖ്യാപനത്തിൽ കഴിഞ്ഞ നാല് വർഷത്തെ യു.ഡി.എഫ്. സർക്കാരിന്റെ നേട്ടങ്ങളുടേയും ഈ സംസ്ഥാനത്തിന് കൈവന്ന പുരോഗതിയുടേയും ഒരു ചിത്രം വരച്ചു കാണിക്കുയാണ് ചെയ്തിട്ടുള്ളത്. വികസനവും സാമൂഹ്യക്ഷേമവും അതുകൊണ്ടുതന്നെ ഈ നയപ്രഖ്യാപനത്തിൽ ഏറ്റവും ഉജ്ജ്വലമായ രണ്ട് ഘടകങ്ങളായി ഉയർന്നു നിൽക്കുകയാണ്. കേരളത്തിൽ ഇന്ന് ഉണ്ടായിട്ടുള്ള മാറ്റങ്ങൾ കണ്ണ് തുറന്നുകാണാൻ കെൽപ്പുള്ളവരാണ് പ്രതിപക്ഷത്തുള്ള സുഹൃത്തുക്കളെന്നത് അവരുടെ ഏറ്റവും ഒടുവിലത്തെ നിലാപാട് മാറ്റങ്ങൾ സൂചിപ്പിക്കുകയാണ്. കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുക, നിക്ഷേപം വർദ്ധിപ്പിക്കുകവഴി സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക, നിക്ഷേപം വർദ്ധിപ്പിക്കാൻ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുക, വ്യാവസായിക-കാർഷിക വികസനം ത്വരിതപ്പെടുത്തുക, വിദ്യാഭ്യാസ രംഗത്ത് സമൂലമായ മാറ്റങ്ങൾ വരുത്തുക, ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ബഹുമുഖമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുക എന്നീ കാര്യങ്ങൾക്ക് നയപ്രഖ്യാപനത്തിൽ മുൻഗണന കൊടുത്തിട്ടുണ്ട്. ഈ നയപ്രഖ്യാപനത്തിൽ ഗവർണർ ഒരു കാര്യം എടുത്തുപറഞ്ഞിട്ടുണ്ട്. ദരിദ്രർ, അഗതികൾ, പാർശ്വവത്കരിക്കപ്പെട്ടവർ, അധഃസ്ഥിതർ, അടിച്ചമർത്തപ്പെട്ടവർ, എന്നിവരുടെ ഉന്നമനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഒന്നൊന്നായി എടുത്തുപറഞ്ഞിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി കുടുംബശ്രീ, ആശ്രയ, പ്രത്യാശ തുടങ്ങിയ പദ്ധതികളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചിട്ടുണ്ട്. ആശ്രയ പോലുള്ള പദ്ധതികൾ ദേശീയ മാതൃകയാകുകയാണ്. പാവപ്പെട്ടവരും കഷ്ടപ്പെടുന്നവരും ദുരിതമനുഭവിക്കുന്നവർക്കുംവേണ്ടി സാമൂഹ്യ പെൻഷനുകൾ എല്ലാ മാസവും സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളത്തോടൊപ്പംതന്നെ വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇൻഡ്യയ്ക്ക് മാതൃകയായി ബി.പി.എൽ. കുടുംബങ്ങളിൽപ്പെട്ട പാവപ്പെട്ടവർക്കുവേണ്ടി ആരോഗ്യ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി. ഇലക്ട്രിസിറ്റി ചാർജ്ജ് 20 പൈസ കുറച്ചത് ഈ നാട്ടിലെ പാവങ്ങൾക്കുവേണ്ടിയാണ്. പാവപ്പെട്ട കുടുംബങ്ങൾക്ക് കിലോഗ്രാമിന് മൂന്നു രൂപ നിരക്കിൽ അരി കൊടുക്കാൻ തീരുമാനിച്ചു. ശ്രീ. പി. സി. ജോർജിന് പരാതി നാലേമുക്കാൽ കൊല്ലം ആയിട്ടാണല്ലോ കൊടുക്കുന്നത് എന്നാണ്. എന്ന് കൊടുത്താലും അത് പാവപ്പെട്ടവർക്ക് ആശ്വാസമാണ്. കിലോഗ്രാമിന് മൂന്നു രൂപയ്ക്ക് അരി കിട്ടുകയെന്നുപറഞ്ഞാൽ 10 - 15 ലക്ഷം കുടുംബങ്ങൾക്ക് ആശ്വാസമാണ്. പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി, മത്സ്യബന്ധനം എന്നീ മേഖലകളിൽ പ്രത്യേക ഊന്നൽ നൽകി. വിപണന സഹായം എത്തിക്കാനും ഗുണനിലവാരം മെച്ചപ്പെടുത്താനുമുള്ള ഉദ്യമം ഗവർണർ നയപ്രഖ്യാപനത്തിൽ പ്രത്യേകമായി എടുത്തുപറഞ്ഞിട്ടുണ്ട്. വ്യവസായ-വികസന രംഗത്ത് കൂടുതൽ നിക്ഷേപങ്ങൾ കൊണ്ടുവരുന്നതിന് ഇവിടെ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികളെ സംബന്ധിച്ച് എന്റെ സ്നേഹിതൻ ശ്രീ. തോമസ് ഉണ്ണിയാടൻ ഒന്നൊന്നായി എടുത്തുപറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് തികഞ്ഞ

സാമൂഹ്യ നിയന്ത്രണത്തോടുകൂടി കൊണ്ടുവന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ ദൂരവ്യാപകമായ മാറ്റങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്. വിദ്യാഭ്യാസ രംഗത്ത് ഗ്രേഡിംഗ് നടപ്പിലാക്കിയത് വളരെ ചെറിയ കാര്യമാണോ? വമ്പിച്ച പരിവർത്തനമല്ലേ ഉണ്ടാക്കിയിട്ടുള്ളത്? ആഗോള നിലവാരത്തിലേക്ക് നമ്മുടെ വിദ്യാഭ്യാസത്തെ എത്തിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് വളരെ ദൂരകാഴ്ചയോടുകൂടിയുള്ള പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതുപോലെ ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസ രംഗത്തും പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇവിടെ ആഗോള വിദ്യാഭ്യാസ സമ്മേളനത്തെ പ്രതിപക്ഷത്തുള്ള യുവജന വിദ്യാർത്ഥി സംഘടനകൾ എതിർത്തു. എസ്.എഫ്.ഐ. ആണോ ഡി.വൈ.എഫ്.ഐ. ആണോ എ.ഐ.വൈ.എഫ്. ആണോ മുൻപന്തിയിലുള്ളത് എന്ന് നോക്കിയിട്ടാണ് അവർ ഇത്തരത്തിലുള്ള എതിർപ്പുകൾ പ്രകടിപ്പിക്കുന്നത്. ഇവർ എന്തിനാണ് ആഗോള വിദ്യാഭ്യാസ സമ്മേളനത്തെ എതിർത്തത്? ഞാൻ ശ്രീ. കോടിയേരിയോട് ചോദിക്കട്ടെ, നിങ്ങൾക്ക് ആഗോള വിദ്യാഭ്യാസ സമ്മേളനത്തെ എതിർക്കാൻ ധാർമ്മികമായ അവകാശമുണ്ടോ? നിങ്ങളുടെ പലരുടേയും മക്കൾ അമേരിക്കയിലും ഇംഗ്ലണ്ടിലുമൊക്കെയുണ്ട്. നിങ്ങളുടെ നേതാക്കൻമാരുടെ മക്കൾ എവിടെയുണ്ടെന്ന് കൃത്യമായി പറയണമെങ്കിൽ പറയാം. ഇംഗ്ലണ്ടിലും അമേരിക്കയിലും പഠിക്കുന്നത് ആരാണ്? നിങ്ങളെപ്പോലെ വ്യക്തിഹത്യയ്ക്ക് ഒരുങ്ങുന്ന ആളല്ല ഞാൻ. ബർമിങ്ഹാം യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നത് ആരാണെന്ന് നിങ്ങൾക്കറിയാം. നിങ്ങൾ അന്വേഷിക്കണം. സ്വന്തം മക്കളെ ലോകത്തിന്റെ ഉന്നത നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അയച്ച് പഠിപ്പിക്കാം. ലോക വിദ്യാഭ്യാസ നിലവാരത്തിലേയ്ക്ക് കേരളം എത്തുന്നതിൽ നിങ്ങൾക്ക് വിരോധമാണ്. അങ്ങനെയുള്ള നയ പ്രഖ്യാപന പ്രസംഗത്തെ നിങ്ങൾക്ക് എതിർക്കാൻ കഴിയുകയില്ല. നമ്മുടെ പ്രതിപക്ഷ നേതാവ് ഇന്ന് ഇവിടെ പ്രസംഗം നടത്തി. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ സിംഹഭാഗവും അപഹരിച്ചത് ഇറാൻ പ്രശ്നവും വിമാനത്താവളത്തിന്റെ സ്വകാര്യവൽക്കരണവും ആധുനികവൽക്കരണവുമൊക്കെയാണ്. അദ്ദേഹം ഹോങ്കോങ് സമ്മേളനത്തെ കുറിച്ചും പറയുകയുണ്ടായി. മാർക്സിസ്റ്റ് പാർട്ടിയുടെ കേന്ദ്ര കമ്മിറ്റിയിലേക്ക് അദ്ദേഹത്തിന് എഴുതിക്കൊടുത്ത പ്രസംഗം സ്വലംതെറ്റി ഇവിടെ പ്രസംഗിച്ചതാണ്, ആ പ്രസംഗത്തിൽ ഒരു ഗുണമുണ്ടായി. ബഹുമാനപ്പെട്ട സ്പീക്കർ ബഡ്ജറ്റും നയ പ്രഖ്യാപനവുമൊക്കെ ലൈവായി ടെലികാസ്റ്റ് ചെയ്യുമെന്ന് പ്രഖ്യാപിച്ചു. എല്ലാ ദൃശ്യ-മാധ്യമക്കാരും വിഷമിച്ചു. കാരണം ക്രിക്കറ്റൊക്കെ ലൈവായി കാണുന്നതുപോലെ ഇത് കേൾക്കാനും കാണാനും ആളുണ്ടാകുമോയെന്ന് സംശയിച്ചു. പക്ഷേ ഇന്ന് നമ്മുടെ ടെലിവിഷൻ ആസ്വാദകരെല്ലാം നന്നായി ആസ്വദിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസംഗം ഇല്ലായിരുന്നെങ്കിൽ ലൈവ് ടെലികാസ്റ്റ് നഷ്ടപ്പെടുമായിരുന്നു. അത്രയ്ക്ക് ആസ്വദിക്കാനുള്ള വക ഇന്ന് കിട്ടിയെന്നുള്ളതൊഴിച്ചാൽ അദ്ദേഹം വേറെയൊന്നും പറഞ്ഞില്ല. അദ്ദേഹം പറഞ്ഞത് പ്രൊഫ. ഗുപ്തൻ നായർക്ക് എഴുത്തച്ഛൻ പുരസ്കാരം കൊടുക്കുന്നതിൽ അതിവേഗം ബഹുദൂരം പായുന്ന സർക്കാർ വേഗത കാണിച്ചില്ലെന്നാണ്. പ്രൊഫ. ഗുപ്തൻ നായർക്ക് ഈ സർക്കാർ എഴുത്തച്ഛൻ അവാർഡ് കൊടുത്തതിൽ അദ്ദേഹത്തിന് സന്തോഷമുണ്ട്. അദ്ദേഹത്തിന്റെ സർക്കാർ ഇവിടെ ഭരിച്ചപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. ഗുപ്തൻ നായർ ജീവിച്ചിരിപ്പുണ്ടായിരുന്നു. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തിന് അവാർഡ് കൊടുത്തില്ലെന്നാണ് പരാതി. അദ്ദേഹം മരിച്ചുപോയി. മരിക്കുന്നതിനുമുമ്പ് എന്തുകൊണ്ട് കൊടുത്തില്ലെന്നാണ് ചോദിച്ചത്. എനിക്ക് ബഹുമാനപ്പെട്ട കോടിയേരിയോട് ഒരു കാര്യം ചോദിക്കാനുള്ളത്, ശ്രീ. വി. എസ്. അച്ചുതാനന്ദൻ ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഉദ്ഘടമായ ആഗ്രഹം യാഥാർത്ഥ്യമാക്കാൻ നിങ്ങൾ നടപടി സ്വീകരിക്കുമോ? എന്നിട്ട് പ്രതിപക്ഷ നേതാവും മറ്റ് പ്രതിപക്ഷ നേതാക്കളും എന്താണ് പറഞ്ഞത്? ഗവർണറുടെ പ്രസംഗം അരസികവും ആവർത്തന വിരസവുമായിരുന്നു. സരസസാമ്രാട്ടായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ അരസിക പ്രസംഗമല്ല കാഴ്ചവച്ചത്. അദ്ദേഹം ആവർത്തനവിരസതയുള്ള ഒന്നും പറഞ്ഞില്ല. ഞങ്ങൾക്ക് സ്ഥിരതയില്ലായെന്നുള്ളതാണ് നിങ്ങളുടെ പ്രശ്നം. ഭരണപക്ഷത്തിന് സ്ഥിരതയില്ല, നയമില്ല എന്നാണ് പറയുന്നത്. ഞങ്ങൾക്കാണോ സ്ഥിരത ഇല്ലാത്തത്? അസ്ഥിരത നിങ്ങൾക്കല്ലേ? നയമില്ലായ്മ നിങ്ങൾക്കല്ലേ? അപ്പുറത്തിരിക്കുന്ന പ്രതിപക്ഷത്തിന് ഏത് കാര്യത്തിലാണ് നയപരമായി യോജിപ്പുള്ളതെന്ന് പറയാമോ? വരാൻ പോകുന്ന രാഷ്ട്രീയ സംഭവ വികാസങ്ങളെക്കുറിച്ച് എന്റെ സുഹൃത്തുക്കൾ ഇവിടെ പറയുകയുണ്ടായി. കേരളത്തിന്റെ രാഷ്ട്രീയ ഭാവി എന്തായിരിക്കുമെന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ രാഷ്ട്രീയ ജ്യോത്സ്യൻമാർ ഇവിടെ പ്രവചിച്ചുകഴിഞ്ഞു. ആരൊക്കെയാണ് അടുത്ത തെരഞ്ഞെടുപ്പിൽ നിങ്ങളോടൊപ്പം മത്സരിക്കാൻ പോകുന്നത് എന്നത് സംബന്ധിച്ച് നിങ്ങൾക്ക് യോജിപ്പുണ്ടോ? ശ്രീ. കെ. കരുണാകരൻ ഞങ്ങളുടെ പഴയ നേതാവാണ്. അദ്ദേഹത്തിന്റെ പ്രതിച്ഛായ മോശമായതുകൊണ്ട് അദ്ദേഹവുമായി കൂട്ടുകൂടാൻ പാടില്ലെന്ന് ശ്രീ. വെളിയം ഭാർഗ്ഗവൻ പറഞ്ഞു. ശ്രീ. കെ. കരുണാകരന്റെ പ്രതിച്ഛായയ്ക്ക് ഒരു കുഴപ്പവുമില്ല. ശ്രീ. കെ. കരുണാകരനുമായി എന്തുവന്നാലും കൂട്ടുകൂടുമെന്ന് പറഞ്ഞ് തമിഴ്നാട് മുഖ്യമന്ത്രി കുമാരി ജയലളിത മുന്നോട്ടുവന്നത് കണ്ടില്ലേ? പ്രതിച്ഛായ കുമാരി ജയലളിതയ്ക്ക് പ്രശ്നമല്ല, നിങ്ങൾക്ക് പ്രശ്നമാണ്. ശ്രീ. വെളിയം ഭാർഗ്ഗവൻ ഒരു ഏകാധിപതിയെപ്പോലെ സംസാരിക്കുന്നുവെന്ന് ശ്രീ. കെ. കരുണാകരൻ പറഞ്ഞു. ഏകാധിപത്യം തൊട്ടുതീണ്ടിയിട്ടില്ലാത്ത ശ്രീമതി ജയലളിതയ്ക്ക് കരുണാകരനെ ഇഷ്ടമാണ്. ഏകാധിപത്യം തൊട്ടുതീണ്ടിയിട്ടില്ലാത്ത ശ്രീ. പിണറായി വിജയനെ ശ്രീ. കുരണാകരന് ഇഷ്ടമാണ്. മാർക്സിസ്റ്റ് പാർട്ടിക്കാർ കേട്ടുകൊണ്ടിരിക്കുമ്പോഴാണ് കരുണാകരൻ ശ്രീ. വെളിയം ഭാർഗ്ഗവനോട് നാവടക്കാൻ പറഞ്ഞത്. അപ്പോൾ ശ്രീ. ബിനോയ് വിശ്വത്തിന്റെ നാവ് എവിടെപ്പോയി? ശ്രീ. കെ. പി. രാജേന്ദ്രനെ കാണുന്നില്ല. അവശിഷ്ട ഡി.ഐ.സി.(കെ)-യുടെ നേതാക്കൻമാരെ ഈ സഭയിൽ കാണുന്നില്ല. അവർ ആരെങ്കിലും അതിന് ഉത്തരം പറഞ്ഞോ? ശ്രീ. ബിനോയ് വിശ്വത്തിന്റെ നേതാവ് പറഞ്ഞത് താമസിയാതെ കുരണാകരൻ പോകും എന്നാണ്. ശ്രീ. കെ. കരുണാകരൻ പറഞ്ഞത് പ്രിയങ്കാഗാന്ധി വരുന്നതുവരെ ഞാൻ ഇടതുപക്ഷവുമായി കാത്തുകൊള്ളുമെന്നാണ്. ആർ.എസ്.പി.-ക്കാർ ശ്രീ. കെ. കുരണാകരന്റെ പാർട്ടിയെ പ്രവേശിപ്പിക്കുന്നതിൽ എന്താണ് നിലപാട്? നിങ്ങൾക്ക് ഏതെങ്കിലും കാര്യത്തിൽ ഒരു വ്യക്തതയുണ്ടോ? ശ്രീ. ഇ. പി. ജയരാജൻ സി.പി.ഐ.-ക്കാരെ നോക്കി പറഞ്ഞു ആളില്ലാ പാർട്ടിയെന്ന്. ശ്രീ. ടി. വി. തോമസ് ശ്രീ. എം. എൻ. ഗോവിന്ദൻ നായർ എന്നിവരെ

LIBRARY ARCHIVES Kerala Legislative Assembly

ആളില്ലാ പാർട്ടി എന്നുപറഞ്ഞിട്ട് ഈ സഭയിൽ ആരെങ്കിലും പ്രതികരിച്ചോ? നാണംകെട്ടാലും മാനം കെട്ടാലും നാല് കാശ് കിട്ടിയാൽ മതി എന്ന അവസ്ഥയാണെങ്കിൽ ഇപ്പോൾ അവരെക്കുറിച്ച് എന്താണ് പറയാനുള്ളത്? നാണംകെട്ടും മാനംകെട്ടും മുന്നണിയിൽ തുടരുന്ന ഒരു കക്ഷിയാണ് സി.പി.ഐ. പക്ഷേ കരുണാകരനും സി.പി.ഐ.യും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പറയുമ്പോൾ ഒന്ന് പറയണമല്ലോ. നാണക്കേടേ നിന്റെ പേരാണോ സി.പി.ഐ എന്ന് ഡി.ഐ.സി. ചോദിച്ചാൽ അതിന് എന്തെങ്കിലും ഉത്തരമുണ്ടോ? പാലം കടക്കുവോളം നാരായണാ.....നാരായണാ..... പാലം കടന്നുചെന്നാൽ കുരുണാകരാ.... കുരുണാകരാ..... എന്നല്ലേ? ലോക്സഭാ തെരഞ്ഞെടുപ്പിൽ ഉണ്ടായ സംവേം എന്താണ്? ശ്രീ. പന്ന്യൻ രവീന്ദ്രനും ശ്രീ. കെ. കരുണാകരനും ചെവിയോട് ചെവി ചേർന്നിരുന്ന് സംസാരിക്കുന്ന ചിത്രങ്ങൾ കണ്ട് ഹരം കൊണ്ടവരാണ് തിരുവനന്തപുരത്തെ ഡി.ഐ.സി.-യുടെ നേതാക്കൾ. ഇങ്ങനെയൊരു നന്ദികേടുണ്ടോ? ഒരു പാർലമെന്റ് ഉപതെരഞ്ഞെടുപ്പിൽ ജയിക്കാൻ അഭിപ്രായം അടിയറ വയ്ക്കുക, ആദർശം അടിയറ വയ്ക്കുക. അവസരവാദം കാണിക്കുന്ന സി.പി.ഐ. ഞങ്ങളും സി.പി.ഐ.-യും ഒരുമിച്ചിരുന്ന കാലത്ത് അന്തഃസ്സുള്ള പാർട്ടിയായിരുന്നു. സി.പി.ഐ.-ക്കാർ അത്തരത്തിലുള്ളവരായിരുന്നു. ഇപ്പോൾ ഇങ്ങനെ ഒരു അവസ്ഥ വന്ന് ഭവിച്ചതിൽ ഞങ്ങൾക്ക് ദുഃഖമുണ്ട്. ഇവിടെ ഗവർണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞ വികസന പ്രവർത്തനവും സാമൂഹ്യക്ഷേമവും എല്ലാം ഞങ്ങൾ ഇവിടെ നടപ്പിലാക്കിയത് പ്രതിപക്ഷം ഇവിടെ ഇങ്ങോടിങ്ങ് പോരാടുമ്പോൾ അതിനെ എതിർത്ത് പരാജയപ്പെടുത്താൻ ശ്രമിച്ച പശ്ചാത്തലത്തിലാണ് സമരങ്ങളേയും ഉപരോധങ്ങളേയും ഹർത്താലിനേയും ബന്ദിനേയും എല്ലാം അതിജീവിച്ചു കൊണ്ടാണ് ഞങ്ങൾ ഇവിടെ വികസനപ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കിയത്. ഈ വികസനപ്രവർത്തനങ്ങളെ അട്ടിമറിക്കാൻ ശ്രമിച്ചാൽ പിന്നെ എന്തിനാണിരിക്കുന്നത്? പെട്ടെന്ന് ഒരു മലക്കം മറിച്ചിൽ. ഞങ്ങൾ വികസനത്തിന് എതിരല്ല. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ഇപ്പോൾ 25 ദിവസം കേരളാ മാർച്ച് നടത്തി. സഖാക്കൾ പറഞ്ഞത് എന്താണെന്നറിയാമോ? പിണറായി തമ്പുരാന്റെ എഴുന്നെള്ളത്ത് കണ്ടില്ലേ എന്നാണ്. മുത്തുക്കുട, ആലവട്ടം, വെഞ്ചാമരം, ആന, അമ്പാരി, അതിന്റെയൊക്കെ അകമ്പടിയോടുകൂടി ശ്രീ. പിണറായി വിജയനെ ആനയിച്ചു. ബൂർഷ്വാ പാർട്ടികൾ പോലും ലജ്ജിക്കുന്ന രൂപത്തിൽ ധാമാളിത്തവും വർണ്ണശോഭയും കണ്ട് ഇൻഡ്യൻ എക്സ്പ്രസ് പത്രം എഴുതി. 25 കോടി രൂപ ചെലവാക്കി. ഞങ്ങളാരും പറഞ്ഞതല്ല. മാർക്സിസ്റ്റ് പാർട്ടിയുടെ സെക്രട്ടറിയുടെ പ്രാതലിന് പ്രഭുക്കൻമാരേയും പ്രമാണിമാരേയും ക്ഷണിച്ചു. പാവപ്പെട്ടവന് ക്ഷണമില്ല. ആര് മാർച്ച് നടത്തിയാലും ഞങ്ങൾ അതിനെയൊന്നും എതിർക്കുന്നവരല്ല. പക്ഷേ എല്ലാറ്റിനുമില്ലേ ഒരു അതിര്. എന്നിട്ട് എന്താണ് പറഞ്ഞത്? ഒരു കോർപ്പറേറ്റ് കമ്മൂണിസ്റ്റ് പാർട്ടിയായി അപ്പുറത്തിരിക്കുന്ന സി.പി.ഐ.-ക്കാർ. ഒരു ദിവസം ശ്രീ. പിണറായി വിജയൻ പ്രഖ്യാപിച്ചു ഞങ്ങളാരും ഇനിമേലാൽ വികസനത്തെ എതിർക്കുകയില്ല ഞങ്ങൾ വികസന ദാഹികളാണ്, വികസന മോഹികളാണ് എന്ന്. നാട്ടിൻപുറത്തുള്ള ചില ആളുകൾ പറയും നാളെ മുതൽ ഞാൻ കള്ള് കുടിക്കില്ല എന്ന്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അർത്ഥമെന്താണ്? ഇന്നലെ വരെ കള്ള് കുടിച്ചിരുന്നു എന്നല്ലേ? കള്ളു കുടിയൻമാരുടെ പ്രഖ്യാപനം പോലെയാണ്. എന്നാലും ചില ആളുകൾ കണ്ടാൽ അറിയാതെ കൈ നീട്ടിപ്പോകും. അതാണ് നിങ്ങൾ സ്മാർട്ട് സിറ്റിയിൽ കാണിച്ചത്. പന്തീരാണ്ട് പട്ടിയുടെ വാൽ സർണ്ണ കുട്ടിലിട്ട് അടച്ചാലും വളഞ്ഞിരിക്കുമെന്ന് കുഞ്ഞൻനമ്പ്യാർ പാടിയിട്ടുണ്ട് അതല്ലേ നിങ്ങളുടെ അവസ്ഥ? അധികാരത്തിലിരിക്കുമ്പോൾ വികസന ദാഹം; അധികാരം വിട്ടിറങ്ങുമ്പോൾ വികസന വിരുദ്ധം അതല്ലേ നിങ്ങളുടെ നിലപാട്? സാമൂഹ്യനീതി, സമഗ്ര വികസനം അതായിരുന്നല്ലോ നിങ്ങളുടെ മുദ്രാവാക്യം. ഈ സംസ്ഥാനത്ത് സാമൂഹ്യനീതി ലക്ഷ്യമാക്കി ഉണ്ടാക്കിയ ഏറ്റവും വലിയ വിസ്മയകരമായതല്ലേ നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിനെ സംബന്ധിച്ചുള്ള തീരുമാനം. അതിൽ നിങ്ങളെടുത്ത നിലപാട് എന്താണ്? പിന്നാക്ക സമുദായത്തിലെ അർഹതപ്പെട്ട തസ്തികകൾ നഷ്ടപ്പെടാതിരിക്കാൻ അവരിൽ അർഹതയുള്ളവർ ഉണ്ടാകുന്നതുവരെ അത് ഒഴിച്ചിടാൻ ഗവൺമെന്റ് എടുത്ത തീരുമാനത്തെ, എൻ.എസ്.എസ്. പോലും അംഗീകരിച്ച ആ തീരുമാനത്തെ നിങ്ങൾ എതിർക്കുകയാണ്. തിരുവിതാംകൂറിന്റെ രാഷ്ട്രീയ ചരിത്രം പരിശോധിച്ചാൽ സംവരണത്തിനുവേണ്ടി നടത്തിയിട്ടുള്ള പോരാട്ടങ്ങൾ അറിയാം. ആ സംവരണത്തിനുവേണ്ടി നടന്ന പഴയകാല പോരാട്ടങ്ങളുടെ പരിസമാപ്തിയായി ഇ.എം.എസ്. നമ്പൂതിരിപ്പാട് കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കാലത്തുണ്ടായിരുന്ന സംഭവം നിങ്ങൾ മറന്നിട്ടില്ലല്ലോ? ഞാൻ ഓർമ്മിപ്പിക്കുന്നു. നെട്ടൂർ കമ്മീഷൻ എന്ന ഒരു റിപ്പോർട്ട് ഉണ്ടായിരുന്നു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ തന്നെ അഡ്മിനിസ്ട്രേറ്റീവ് റീഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് സാമ്പത്തിക സംവരണമാണ് അന്ന് പ്രഖ്യാപിച്ചിട്ടുള്ളത്. കുളത്തൂരിൽ വച്ച് യശഃശ്ശരീരനായ കേരളകൗമുദി പത്രാധിപൻ കെ. സുകുമാരൻ നടത്തിയ പ്രസിദ്ധമായ കുളത്തൂർ പ്രസംഗം നിങ്ങളാരും മറന്നിട്ടുണ്ടാവില്ല. അത് കേരളത്തിന്റെ സാമൂഹ്യ ചരിത്രത്തിലെ സുപ്രധാന രേഖയാണ്. അന്നും ഇന്നും ഒരുപോലെ നിങ്ങൾ പിന്നാക്ക സമുദായക്കാരന് എതിരാണ്. ശ്രീ. ബിനോയ് വിശ്വത്തിന്റെ നേതാവ് സഖാവ് ടി. വി. തോമസ് ഈ നിയമസഭയിൽ നിന്നുകൊണ്ട് യശഃശ്ശരീരനായ നമ്പൂതിരിപ്പാടിന്റെ മുഖത്തുനോക്കി പറഞ്ഞത് പുണൂൽ അങ്ങ് പൊട്ടിച്ചെങ്കിലും അങ്ങയുടെ ആത്മാവിൽ ആ പുണൂൽ ഇപ്പോഴും അവശേഷിക്കുന്നു എന്നാണ്. എൻ.എസ്എസ്. പോലും അംഗീകരിച്ച നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ നിങ്ങൾ എതിർക്കുന്നു. ആ സവർണ്ണ ജന്മിത്വത്തിന്റെ അംശം. നിങ്ങൾ ഇന്ന് പിന്നാക്ക സംവരണത്തിന് എതിരാണ്. ഉച്ചനീചത്വം മാറണം. എങ്കിൽ മാത്രമേ പുരോഗതി ഉണ്ടാകുകയുള്ളൂ. ഉദ്യോഗസ്ഥ സംവരണം എന്തിനാണ്? തൊഴിലില്ലായ്മ പരിഹരിക്കാനാണോ? അല്ല. അധികാരത്തിൽ പങ്കാളിത്തം നൽകാനാണ്. പിന്നാക്ക സമുദായക്കാരനെ മുഖ്യമന്ത്രിയാക്കുമെന്ന് വാഗ്ദാനം ചെയ്ത് ജനങ്ങളെ കബളിപ്പിച്ച പാർട്ടിയാണ്. ഇന്നോളം കേരളത്തിൽ ഒരു പിന്നാക്ക സമുദായക്കാരനേയും അധികാരത്തിൽ, ഉന്നതസ്ഥാനങ്ങളിൽ ഉയർത്താത്തവരാണ് ഇവർ. എന്നും പിന്നാക്കക്കാർ ഇവരുടെ പിന്നിലാണ്. ഉദ്യോഗ സംവരണത്തിന്റെ കാര്യത്തിലും അധികാരത്തിൽ പിന്നോക്കക്കാരുടെ കൈപിടിച്ച് ഉയർത്തുന്നതിലും ഇവർ എന്നും പിന്നോക്കക്കാർക്ക് എതിരാണ്.

LIBRARY ARCHIVES Kerala Legislative Assembly

ജന്മിത്വത്തിന്റേയും സമ്പന്ന മേധാവിത്വത്തിന്റേയും അംശങ്ങൾ ഇവരുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുകയാണ്. അതുകൊണ്ട് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ പേരിൽ ഒളിച്ചുകളി നടത്തുന്നതായും ഞങ്ങൾ ജനങ്ങളെ കബളിപ്പിക്കുന്നു എന്ന് പറയുന്നതിലും അത്ഭുതമില്ല. ഒന്നുകൂടി പറയട്ടെ ശ്രീ. ഉമ്മൻചാണ്ടിയേയും ഈ സർക്കാരിനെയും ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുന്നു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് പിന്നാക്ക സമുദായത്തിലെ പാവപ്പെട്ടവർക്ക് ഉദ്യോഗം നഷ്ടപ്പെടാതിരിക്കാനുള്ള ഒരു വലിയ സുരക്ഷാ നടപടിയാണെങ്കിലും കേരളത്തിന്റെ സാമുദായിക സൗഹാർദ്ദത്തിൽ ഉണ്ടാകുന്ന വൻപിച്ച മാറ്റം നിങ്ങൾ കാണുന്നുണ്ടോ? ശ്രീ. അച്ചുതാനന്ദൻ ഇവിടെ പറഞ്ഞു ബി.ജെ.പി. എന്ന പഹയൻമാരെ കേന്ദ്രത്തിൽനിന്നും ഒഴിവാക്കാൻ വേണ്ടിയാണ് ഞങ്ങൾ അവിടെ നിങ്ങളെ പിൻതാങ്ങുന്നതെന്ന്. വർഗ്ഗീയതയുടെ ജാതിപ്പിശാചുക്കളിൽനിന്ന് ഈ സംസ്ഥാനത്തെ രക്ഷിക്കാൻ മതസൗഹാർദ്ദത്തിന്റെ സാമൂഹ്യമായ സമന്വയത്തിന്റെ രജതരേഖയാണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് എന്ന് നിങ്ങൾ മനസ്സിലാക്കണം. ഈ രാജ്യത്തെ മുന്നാക്ക-പിന്നാക്ക സമുദായങ്ങളെ പരസ്പരം യോജിപ്പിക്കുന്ന ഒരു വലിയ ഡൈവേർഷൻ നിങ്ങൾ കാണുന്നില്ല. ശ്രീ. ഉമ്മൻചാണ്ടിയെ ഞാൻ അഭിനന്ദിക്കുന്നു. ഇന്നലെ ശ്രീ. കെ. എൻ. എ. ഖാദർ ഇവിടെ പറഞ്ഞു, കഴിഞ്ഞ 50 വർഷത്തിനുള്ളിൽ കേരളത്തിൽ ഉണ്ടായിട്ടുള്ള സാമൂഹ്യ മാറ്റത്തിലെ രജതരേഖ ഏതാണെന്ന് ചോദിച്ചാൽ ഞാൻ പറയും മുന്നാക്ക-പിന്നാക്ക സമുദായങ്ങൾ ഒരുപോലെ അംഗീകരിച്ച നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടാണ്. അത് ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടങ്ങളിൽ ഒന്നാണ്. അതിന്റെ ചരിത്രം വായിക്കണം, തിരുവിതാംകൂറിൽ നടന്ന സംവരണപ്രക്ഷോഭം വായിക്കണം. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ഇവിടെ ശ്രീ. വി. പി. സിംഗ് പ്രഖ്യാപിച്ചപ്പോൾ എത്ര ആത്മഹത്യയുണ്ടായി, എത്ര ചോരച്ചൊരിച്ചിൽ ഉണ്ടായി. ഒരുതുള്ളി ചോര ചൊരിയാതെ ഒരു ആത്മാഹുതിയില്ലാതെ, ഒരു അപശബ്ദമില്ലാതെ ഒരു തരത്തിലുള്ള അത്യാഹിതവും ഉണ്ടാകാതെ ഈ സർക്കാർ നടപ്പിലാക്കിയതാണ്. (ബഹളം..... ബഹളം)

പിന്നാക്ക ജനവിഭാഗങ്ങളെ എന്നും വഞ്ചിച്ചിട്ടുള്ള നിങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലും പിന്നാക്ക ജനവിഭാഗങ്ങളെ തള്ളിപ്പറഞ്ഞിരിക്കുന്നു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ഒരുകാര്യം മാത്രം ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇവിടെ സ്വാഗതം ചെയ്തു. അത് ഞങ്ങളുടെ വിവിധ സമുഹങ്ങളുമായുള്ള സമവായത്തിന്റെ ഭാഗമാണ് മുന്നാക്ക സമുദായത്തിൽപ്പെട്ട പാവപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസ സംവരണം നൽകാനുള്ള തീരുമാനം അത് ഈ സർക്കാർ സമന്വയത്തിന്റെ ഭാഗമായി ഉണ്ടാക്കിയതാണ്. അതിന് നിങ്ങൾ സർക്കാരിനെ അഭിനന്ദിക്കുകയാണ് ചെയ്തത്. അതുമാത്രം ഞങ്ങൾ ഉൾക്കൊള്ളുന്നു. ആ അഭിനന്ദനം സ്വീകരിക്കുന്നു. നിങ്ങളെ സംബന്ധിച്ച് ഞാൻ പറയുന്നു പിന്നാക്കക്കാരനെ മുഖ്യമന്ത്രിയാക്കാത്ത, പിന്നാക്കക്കാരനെ അധികാരത്തിന്റെ നാല് അയലത്ത് അടുപ്പിക്കാത്ത നിങ്ങൾ പിന്നാക്കക്കാർക്ക് ഉദ്യോഗ തസ്തികകൾ നഷ്ടപ്പെടാതിരിക്കാൻ ഞങ്ങൾ എടുത്ത സുരക്ഷാ നടപടികൾ പിൻതാങ്ങുന്ന നിങ്ങൾ, നിങ്ങൾ ജന്മം നൽകിയ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെയാണ് തള്ളിപ്പറയുന്നത്. (ബഹളം.....ബഹളം.....)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: Sri. Devakumar, Please take your seat. (ബഹളം... ബഹളം.....)

ശ്രീ. എം. എം. ഹസ്സൻ: സർ, കഴിഞ്ഞ നാലേമുക്കാൽ കൊല്ലത്തെ ഭരണം കേരളത്തിലെ ജനങ്ങളുടെ മുമ്പിലുണ്ട്, മൂന്നുമാസം കഴിയുമ്പോൾ ഈ സംസ്ഥാനത്ത് തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. വരാൻപോകുന്ന തെരഞ്ഞെടുപ്പ് കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ അഭിമാനത്തോടുകൂടി ഈ നയപ്രഖ്യാപനത്തിൽ അടക്കമുള്ള ഈ സർക്കാരിന്റെ നേട്ടങ്ങൾ അവതരിപ്പിച്ചു കൊണ്ട് ജനങ്ങളോട് ഞങ്ങൾ മാൻഡേറ്റ് ചോദിക്കും. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അടുത്ത നിയമസഭാ തെരഞ്ഞെടുപ്പ് കുരുക്ഷേത്രത്തിലേക്ക് പോകുകയാണ് നാം. അവിടെ ഏറ്റവും സുപ്രധാനമായ ഒരു രാഷ്ട്രീയ പ്രശ്നം ഉയർന്നുനിൽക്കുന്നു, അത് എന്താണെന്നറിയാമോ? സ്വാഭാവികമായും പ്രതിപക്ഷത്തിന് നേതൃത്വം നൽകുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഞങ്ങളുടെ ദൃഷ്ടിയിൽ അദ്ദേഹം തന്നെയാണ് ഭാവിയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ നയിക്കാൻ പോകുന്നത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ കേരളത്തിന്റെ മുഖ്യമന്ത്രിയാകണമോ ശ്രീ. ഉമ്മൻചാണ്ടി വീണ്ടും കേരളത്തിന്റെ മുഖ്യമന്ത്രിയായി തുടരണമോ എന്ന ചോദ്യമാണ് കേരളത്തിന്റെ കുരുക്ഷേത്രത്തിൽ ഉയരാൻ പോകുന്ന ചോദ്യം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, നമുക്ക് കുരുക്ഷേത്രത്തിൽ വച്ച് കാണാം. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മിണ്ടിയാലും ഇല്ലെങ്കിലും ശ്രീ. വി. എസ്. അച്ചുതാനന്ദൻ കേരളത്തിന്റെ മുഖ്യമന്ത്രിയാകണമോ, ഉമ്മൻചാണ്ടി തുടരണമോ എന്ന ചോദ്യത്തിന് കേരളത്തിലെ ജനങ്ങൾ ഉത്തരം പറയും. നമുക്ക് കുരുക്ഷേത്രത്തിൽവച്ച് കാണാം. (ബഹളം.....ബഹളം.....)

ശ്രീ. എൻ. രാജൻ: സർ, ഞാൻ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. എം. എം. ഹസ്സൻ കമ്മ്യൂണിസ്റ്റ് പാർട്ടിയേയും സി.പി.ഐ. യേയും കുറിച്ച് വളരെ നിശിതമായൊക്കെ ഇവിടെ പറയുകയുണ്ടായി. അങ്ങേക്കറിയാം 1980-ലാണ് ഈ സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി നിലവിൽ വന്നത്. എൽ.ഡി.എഫ്. വന്നതിനുശേഷം അന്നുമുതൽ ഇന്നുവരെ സി.പി.ഐ-യും, സി.പി.എം.-ഉം ഒരുമിച്ച് നിന്നുകൊണ്ട് ഈ രാജ്യത്തെ കോൺഗ്രസ്സിനേയും വർഗ്ഗീയശക്തികളേയും എതിർത്ത ഒരു പ്രസ്ഥാനമായി തന്നെയാണ് നിൽക്കുന്നത്. കഴിഞ്ഞ നാലേമുക്കാൽ കൊല്ലമായി നിങ്ങൾക്ക് അത് മനസ്സിലായിരുന്നില്ലേ? എറണാകുളം തുടങ്ങി തിരുവനന്തപുരം പാർലമെന്റ് തെരഞ്ഞെടുപ്പ് അവസാനിക്കുന്നതുവരെ നിങ്ങൾക്ക് അത് മനസ്സിലായിരുന്നില്ലേ? പാർലമെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ 18 കോൺഗ്രസ്സ് എം.പി.-മാരേയും ഇടതുപക്ഷ ജനാധിപത്യ മുന്നണി പരാജയപ്പെടുത്തിയിരുന്നില്ലേ? ഞങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കുന്നു, മൂന്നുമാസം കൂടി കഴിയുമ്പോൾ ഈ സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സി.പി.ഐ.-യും സി.പി.എം.-ഉം ഒരു കാലത്തും ഇല്ലാത്ത തരത്തിലുള്ള ഐക്യത്തോടു കൂടി കോൺഗ്രസ്സ് എന്നുപറയുന്ന പ്രസ്ഥാനത്തെ അതിശക്തമായി കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽനിന്ന് മാറ്റുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. (ബഹളം.....ബഹളം.....) ശ്രീ. കടവൂർ ശിവദാസന്റെ പ്രസംഗം കേട്ടു, അണയാൻ പോകുന്ന തീ ആളിക്കത്തുന്നത്

LIBRARY ARCHIVES Kerala Legislative Assembly

സ്വാഭാവികം തന്നെയാണ് ശ്രീ. കടവൂരിന്റെ ഭാഷയിൽ പറഞ്ഞാൽ ഇവിടെ വികസനത്തിന്റെ വിസ്ഫോടനം ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. വികസനം ഏത് തലത്തിൽ ആണെന്ന് ഇവിടെ ഇന്നും ഇന്നലെയുമായി പല ഇടതുപക്ഷ നേതാക്കൻമാരും സൂചിപ്പിച്ചു കഴിഞ്ഞിരിക്കുകയാണ്. കെ.എസ്.ടി.പി. സ്മാർട്ട് സിറ്റിയുടെ പ്രോജക്ട് അങ്ങനെയുള്ള വൻകിട പ്രോജക്ടുകൾ നമ്മുടെ സംസ്ഥാനത്ത് നടത്താൻ ഐക്യ ജനാധിപത്യ മുന്നണി വളരെ വ്യഗ്രത കാണിക്കുന്നു. മുൻ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. വിജയനുണ്ണിയുടെ പഠനസ്യ പ്രസ്താവന വളരെ ശ്രദ്ധേയമായി തോന്നുന്നു. മന്ത്രിമാരും ഉദ്യോഗസ്ഥരും കൂട്ടുകച്ചവടക്കാരെന്നും നാടിന്റെ സമ്പത്ത് കൊള്ളയടിക്കുന്നതിൽ മൽസരിക്കുകയാണെന്നുമാണ് പറയുന്നത്. ഇതിൽപ്പരം എന്താണ് ആക്ഷേപം? ഈ മന്ത്രിസഭയിലെ രണ്ട് മന്ത്രിമാർ ലോകായുക്തയുടെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടേയും പരാമർശങ്ങളെ തുടർന്ന് രാജിവച്ചത് എന്തിനാണ്? ഇനിയും പല മന്ത്രിമാരും അവരുടെ ഊഴവും കാത്ത് ഇരിക്കുന്നതായിട്ടാണ് പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. ഒരു നയപ്രഖ്യാപനം നടത്തുമ്പോൾ നമ്മുടെ സമ്പദ്ഘടനയെക്കുറിച്ച് സൂചിപ്പിക്കണം. നമ്മുടെ സമ്പദ്ഘടനയെക്കുറിച്ച് ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചതാണ്. ഈ സംസ്ഥാനം കഴിഞ്ഞ നാലേമുക്കാൽ വർഷംകൊണ്ട് 29,000 കോടി രൂപയുടെ പൊതുകടം ഉണ്ടാക്കിവച്ചിരിക്കുന്നു എന്നുപറഞ്ഞാൽ എന്താണ്? കേരളത്തിലെ ജനസംഖ്യ മുന്നേകാൽ കോടി മാത്രമാണ്. ഇവിടെ കർഷകത്തൊഴിലാളികളും പാവപ്പെട്ടവരും നമ്മളും അടക്കമുള്ള ഒരു പൗരന് കടം വരുത്തിവച്ചത് 10,000-ത്തോളം രൂപ ഇത് നാലേമുക്കാൽ വർഷം കൊണ്ട് ഉണ്ടാക്കിവച്ചതാണ്. കഴിഞ്ഞ 44 വർഷംകൊണ്ട്, 2001 വരെ 23,000 കോടി രൂപ പൊതുകടം ഉണ്ടായപ്പോൾ ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് മുമ്പുള്ള ചർച്ചകൾ, ധവളപത്രങ്ങൾ, ബഡ്ജറ്റ് പ്രസംഗങ്ങളിലൊക്കെ എന്താണ് സൂചിപ്പിച്ചത്? ഇപ്പോൾ എന്താണ് നിങ്ങൾക്ക് പറയാനുള്ളത്. ഒരു സാധാരണ കർഷകത്തൊഴിലാളിക്ക് 10,000 രൂപയുടെ കടം വരുത്തിവച്ച സർക്കാരാണ് ഐക്യജനാധിപത്യ മുന്നണി സർക്കാർ എന്നുപറയുന്നതിൽ തർക്കമുണ്ടോ? ഇവർ ഇത്രയും കോടി രൂപ കടം വരുത്തിവച്ചപ്പോൾ കേരളത്തിലെ 50-ലക്ഷത്തോളം വരുന്ന പരമ്പരാഗത അസംഘടിത കർഷകത്തൊഴിലാളികളെ കുറിച്ച് ഇവർ ചിന്തിച്ചിട്ടുണ്ടോ? അവരുടെ കുടുംബങ്ങളെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? കേരളത്തിലെ ജനസംഖ്യയുടെ പകുതിയോളം വരുന്നവരാണവർ. അസംഘടിതരും പരമ്പരാഗത വ്യവസായ തൊഴിലാളികളും അടങ്ങുന്ന പകുതിയോളം വരുന്ന ജനസംഖ്യയുടെ ക്ഷേമപദ്ധതികളെക്കുറിച്ച് ശ്രീ. ഹസ്സൻ ഇവിടെ സൂചിപ്പിച്ചു. സാമൂഹ്യസുരക്ഷാ പദ്ധതികൾ വളരെ കാര്യക്ഷമമായി നടക്കുന്നു. ഇവിടെ സാമൂഹ്യസുരക്ഷാ പദ്ധതികളെക്കുറിച്ച് എന്താണ് പറഞ്ഞത്? മാസംതോറും ഒന്നാംതീയതി എന്ന ഒന്നുണ്ടെങ്കിൽ അവരുടെ ക്ഷേമപെൻഷൻ കൊടുക്കുമെന്ന് പറഞ്ഞു. കർഷകത്തൊഴിലാളികൾക്ക് എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്? 27 മാസത്തെ പെൻഷൻ കുടിശ്ശികയാണുള്ളത്. സാമൂഹ്യ സുരക്ഷാ പദ്ധതിയെ കുറിച്ച് പറയുമ്പോൾ, വികലാംഗർക്കുള്ള ക്ഷേമപദ്ധതികളുടെ നടത്തിപ്പിൽ കോടികളുടെ അഴിമതിയാണ്. വികലാംഗരെ പറ്റിക്കുന്ന ഒരു സർക്കാർ. നയപ്രഖ്യാപന പ്രസംഗത്തിൽ കേരളത്തിലെ 39 ലക്ഷത്തോളം വരുന്ന തൊഴിലില്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെക്കുറിച്ച് ഒരു വാക്ക് സൂചിപ്പിച്ചോ? നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ 15 ലക്ഷംപേർക്ക് തൊഴിൽ കൊടുക്കുമെന്ന് പറഞ്ഞു. എവിടെ നിങ്ങൾ തൊഴിൽ കൊടുത്തു? അവരേയും നിങ്ങൾ പറ്റിച്ചു. ഞാൻ നേരത്തെ സൂചിപ്പിച്ച പത്ത്-അമ്പത് ലക്ഷം വരുന്ന തൊഴിലാളികൾ, അവരുടെ കുടുംബങ്ങളെ സംരക്ഷിക്കാൻ പത്തു-പതിനെട്ട് ക്ഷേമപദ്ധതികൾ നമ്മുടെ നാട്ടിൽ നിലവിലുണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധി ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെയില്ല. 19 ലക്ഷം പേർ അംഗങ്ങളായുണ്ട്. അവരെ സഹായിക്കാൻ ഒരു പദ്ധതിയില്ല. കശുവണ്ടിത്തൊഴിലാളികളുടെ കാര്യം ഇന്നലെ സൂചിപ്പിച്ചു, തോട്ടം തൊഴിലാളികളുടെ കാര്യം ഇന്നലെ സഭയിൽ വന്നതാണ്. 34 തോട്ടങ്ങൾ ഹൈറേഞ്ച് മേഖലയിൽ പൂട്ടിക്കിടക്കുന്നതിനാൽ പതിനായിരത്തോളം തൊഴിലാളികളും അവരുടെ കുടുംബങ്ങളും പട്ടിണി കിടക്കുന്നു. മൂന്നുരൂപയ്ക്ക് 25 കിലോ അരി വിതരണം ചെയ്യുമെന്ന് അവസാന നിമിഷം പറയുന്നു. നമ്മുടെ ആദിവാസി ഊരുകളിൽ പട്ടിണിമരണം നിരന്തരം സംഭവിക്കുന്നു.

രമണിക്ക് റേഷൻപോലും ഇല്ലായിരുന്നു. കൊടുംപട്ടിണിയിൽ വീട്ടമ്മ മരിച്ചു. രണ്ട് മക്കൾ ആശുപത്രിയിൽ. കമ്മട്ടി മരിച്ചു; ക്ഷണവും വെള്ളവും ഇല്ലാതെ ദളിത് യുവതി മരിച്ചു. പട്ടിണി കിടന്ന ആദിവാസി മരിച്ചു ഈ തിരുവനന്തപുരത്ത്. തിരുവനന്തപുരം ജില്ലയിൽ ഒരു ആദിവാസി മരിച്ചപ്പോൾ ശവശരീരം മറവുചെയ്തത് അടുക്കളയിൽ. ശവശരീരം മറവുചെയ്യാൻ ഒരുതുണ്ട് ഭൂമിയില്ല. ഇവിടെ എന്താണ് നടക്കുന്നത്? ഏലമലക്കാടുകൾ വനഭൂമിയാണോ റവന്യൂ ഭൂമിയാണോയെന്നാണ് തർക്കം. ആദിവാസിക്ക് കയറിക്കിടക്കാൻ ഭൂമിയില്ല. ഇന്നത്തെ പത്രത്തിൽ ഹൈക്കോടതിയുടെ ഒരു വിധി വന്നിരിക്കുന്നു. ആറ് മാസത്തിനകം ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യണം; എവിടെ വിതരണം ചെയ്തു? 3500 ഹെക്ടർ വാസയോഗ്യമല്ലാത്ത ഭൂമി കൊടുത്തു. അവർക്ക് ഭൂമി കൊടുത്തു എന്ന് ഈ സഭയിൽ പ്രഖ്യാപിച്ചു. ഇതേ സഭയിൽ അത് വാസയോഗ്യമല്ലെന്ന്, ഭൂരഹിത ആദിവാസികൾക്ക് നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ച 3500 ഹെക്ടർ ഭൂമി വിതരണം ചെയ്യാനാകില്ലെന്ന് ആദിവാസി പുനരധിവാസ കമ്മീഷൻ കണ്ടെത്തി. അത് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ സെക്രട്ടറിയറ്റ് നടയിൽ ശ്രീമതി ജാനു അടക്കം, ശ്രീ. എ. കെ. ആന്റണി അടക്കം എഗ്രിമെന്റ് ഉണ്ടാക്കി. അത് എന്റെ കയ്യിൽ ഇരിപ്പുണ്ട്. അഞ്ച് ഏക്കർ ഭൂമി കൊടുക്കുമെന്ന്. അവർ എന്താണ് മുത്തങ്ങയിൽ ചെയ്തത്? ആദിവാസി ജോഗിയെ വെടിവച്ചു കൊന്നില്ലേ? മരിച്ച ആദിവാസി ജോഗിയുടെ കുടുംബത്തെ സഹായിക്കുമെന്ന് ഈ സഭയിൽ ഉറപ്പ് നൽകിയിട്ട് ഇതുവരെ ചെയ്തില്ല. ആദിവാസികൾക്കെതിരെ എത്രയോ കള്ള കേസുകൾ ഇപ്പോൾ നിലനിൽക്കുന്നു. അവരുടെ ഊരുകളിൽനിന്നും അവർക്ക് പുറത്തുപോകാൻ കഴിയുന്നില്ല. ശ്രീ. എ. കെ ആന്റണി മുത്തങ്ങ സംഭവത്തിൽ ഇപ്പോഴെങ്കിലും ദുഃഖിക്കുന്നു എന്നുപറഞ്ഞു. വൈകിവന്ന ബുദ്ധിയെന്നു പറയും പോലെ, അവർക്ക് പരിക്ക് സംഭവിച്ചത് ഞാൻ അറിഞ്ഞിട്ടില്ല, അവഗണന പറ്റിയ വിവരം ഞാൻ അറിഞ്ഞിട്ടില്ല എന്ന് അവരുടെ കേന്ദ്രത്തിൽ ചെന്ന് പറഞ്ഞിരിക്കുന്നു. മെമ്മോറാണ്ടം കൊടുത്താൽ സഹായം കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. ഇന്നലെ ശ്രീ. കടവൂർ ശിവദാസൻ ഇവിടെ പ്രസംഗിച്ചപ്പോൾ സ്വാശ്രയ വിദ്യാഭ്യാസ രംഗത്ത് 8 മെഡിക്കൽ കോളേജുകൾ, 55 എഞ്ചിനീയറിംഗ് കോളേജുകൾ, 6 ഡെന്റൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകൾ, 18 ഫാർമസി കോളേജുകൾ, 81 നഴ്സിംഗ് കോളേജുകൾ. ഇങ്ങനെ സ്വാശ്രയ കോളേജുകൾ ഇവിടെ സ്ഥാപിച്ചത് നേട്ടമായി കാണുന്നു. കഴിഞ്ഞ നാലു വർഷം ഈ സംസ്ഥാനത്തെ വിദ്യാർത്ഥി സമൂഹം അനുഭവിച്ച പോലീസ് പീഡനം പത്രമാദ്ധ്യമങ്ങളിൽക്കൂടി നമ്മൾ കണ്ടതല്ലേ? അവസാനം എവിടെ എത്തി? ഈ ജില്ലയിലെ രജനി എസ്. ആനന്ദിന് കൊക്കിലൊതുങ്ങാത്ത ഒരു ആഗ്രഹം വന്നതുകൊണ്ട് ആ കുട്ടി അവസാനം എങ്ങനെയായി? അതുപോലെ ഫാസില, അമ്പാടി, വേളാങ്കണ്ണി ഇവരൊക്കെ നിങ്ങളുടെ വിദ്യാഭ്യാസകച്ചവട നയത്തിന്റെ ഇരകളാണ്. 55 എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ടാകുമ്പോൾ എത്ര പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാൻ കഴിയും? അഥവാ പഠിക്കുന്ന ദളിത് കുട്ടികൾക്ക് ഫീസ് നിഷേധിക്കുന്നു. ആദിവാസി വിദ്യാർത്ഥികളുടെ ഫീസ് ആനുകൂല്യം മുടങ്ങിയിട്ട് രണ്ടുവർഷമായി. ഇതൊക്കെ പത്രങ്ങളിൽ വരുന്ന വാർത്തകളാണ്. ഈ നയപ്രഖ്യാപനത്തിൽ കേരളത്തിലെ ജനസംഖ്യയുടെ പകുതിയിലധികം വരുന്ന തൊഴിലാളികളെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? 39 ലക്ഷത്തോളം വരുന്ന തൊഴിലില്ലാത്ത ചെറുപ്പക്കാരെക്കുറിച്ച് നിങ്ങൾക്ക് പറയാനില്ല. മാജ്യത്ത് സ്മാർട്ട് സിറ്റി വേണം. നിങ്ങൾക്ക് കെ.എസ്.ടി.പി. പദ്ധതി വേണം. വൻകിട അഴിമതി അതിന്റെ പിന്നിലുണ്ടെന്നാണ് മുൻ ചീഫ് സെക്രട്ടറി ശ്രീ. വിജയനുണ്ണി ഇവിടെ സൂചിപ്പിച്ചത്. കേരളത്തിലെ ജനത്തെ നിങ്ങൾക്ക് കാണണ്ട. അവർക്കു വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കാൻ കഴിയില്ല. പിന്നെ എന്ത് വികസനമാണ് മുന്നോട്ടുകൊണ്ടുപോകുന്നത്? എന്ത് സാമൂഹ്യ സുരക്ഷാ പദ്ധതിയാണ് മുന്നോട്ട് കൊണ്ടുപോകുന്നത്? വികലാംഗ പെൻഷൻ മുതൽ വിധവാ പെൻഷൻ വരെ, മന്ദബുദ്ധികളെ സഹായിക്കുന്ന സംസ്ഥാനമാണ് കേരളം. അതവർക്ക് യഥാസമയം കിട്ടുന്നുണ്ടോ? കുഷ്ഠരോഗികളെ സഹായിക്കുന്ന സംസ്ഥാനമാണ് കേരളം. നിങ്ങൾ ആരെയാണ് സഹായിച്ചത്? അതുപോലെ ഭൂമിയില്ലാത്ത ആദിവാസികൾക്ക് ഭൂമി കൊടുക്കാൻ എത്രയും പെട്ടന്ന് നടപടി ഉണ്ടാകണം. കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ് – അതിന്റെ സൃഷ്ടാവ് ശ്രീ. വക്കം പുരുഷോത്തമൻ തന്നെയാണ്. 19 ലക്ഷം അംഗങ്ങളുള്ള ക്ഷേമനിധി ബോർഡിൽ ഒരു ആനുകൂല്യവും കൊടുക്കുന്നില്ല. കർഷകതൊഴിലാളികളിൽനിന്നും ഒരു മാസം അഞ്ച് രൂപവച്ച് പിരിച്ച തുക ക്ഷേമനിധി ബോർഡിന്റെ 14 ജില്ലാ ഓഫീസുകളിലും പ്രവർത്തിക്കുന്ന 50 ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്നതിന് മാത്രമാണ് ഉപയോഗിക്കുന്നത്. ആ നയത്തിൽ പറഞ്ഞിരിക്കുന്ന ആനുകൂല്യങ്ങളും സഹായ പദ്ധതികളും ഇന്ന് നടപ്പിലാക്കുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് ഈ സംസ്ഥാനത്ത് അധികാരത്തിൽ വന്നപ്പോൾ 10 കോടി രൂപ ഗ്രാന്റായി ആ ക്ഷേമപദ്ധതിക്കു വേണ്ടി കൊടുത്തു എന്ന് ഇവിടെ ഉത്തരവാദിത്വത്തോടുകൂടി പറയുകയാണ്. ആ സമയത്ത് ഞാൻ ആ ക്ഷേമനിധി ബോർഡിന്റെ ചെയർമാനായിരുന്നു. അഞ്ച് വർഷം കൊടുത്ത പൈസ എടുത്താണ് ക്ഷേമനിധി ബോർഡിലെ കുട്ടികൾക്ക് ആനുകൂല്യങ്ങളും സ്കോളർഷിപ്പും പ്രസവകാല സഹായം, ചികിത്സാ സഹായം എന്നിവ കൊടുക്കുന്നത്. യു.ഡി.എഫ്. സർക്കാർ ഒരുരൂപ പോലും കൊടുത്തിട്ടില്ല. അഞ്ച് ബഡ്ജറ്റുകൾ ഈ സഭയിൽ വച്ചു. 19 ലക്ഷം അംഗങ്ങളുള്ള ആ ക്ഷേമ നിധി ബോർഡിന് ഒരു രൂപപോലും നീക്കിവച്ചിട്ടില്ല. ഞാൻ ഈ നന്ദിപ്രമേയത്തെ വളരെ ശക്തമായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2006 ഫെബ്രുവരി 8-ന് രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചകഴിഞ്ഞ് 3.20-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly